# സ്വാമി ധർമ്മതീർത്ഥർ

## ആത്മകഥ

# സ്വാമി ധർമ്മതീർത്ഥർ

## ആത്മകഥ

# വിഷയാനുക്രമണിക


അവതാരിക 5

ആമുഖം 9

വീട്ടിലും കളരിയിലും 17

ബന്ധങ്ങൾ ബന്ധനങ്ങൾ 51

സന്യാസത്തിന്റെ പാതയിൽ 68

ഭിക്ഷു എന്ന നിലയിൽ 78

ഉപസംഹാരം 139


## അനുബന്ധം


സ്വാമി ജോൺ ധർമ്മതീർത്ഥരുടെ കൃതികൾ 142

ബോധാനന്ദ സ്മരണകൾ 143

# സ്വാമി ധർമ്മതീർത്ഥർ

## ആത്മകഥ

ഗ്രന്ഥകർത്താ :

**സ്വാമി ജോൺ ധർമ്മതീർത്ഥർ**

Complements
S.N. Public Library
S.N. Nagar. Irinjalakuda.

S.N. Public Library & Reading Room ★ Thaluk Reference Library
IRINJALAKUDA
PIN - 680125

പ്രസാധകൻ :

**സി. ആർ. കേശവൻ വൈദ്യർ**

**SWAMI DHARMATHEERTHAR**
(Autobiography)

First Impression: September 1987

Copies: 1000


Author:
SWAMI JOHN DHARMATHEERTHAR

Publisher:
C. R. KESAVAN VAIDYAR
Chandrika Bhavan, Irinjalakuda

Printed at:
Chandrika Printers, Irinjalakuda

Distributors:
Vivekodayam Books, Irinjalakuda
Kerala, Pin: 680 121

Price: Rs. 15/-



ശ്രീ. സി. ആർ. കേശവൻ വൈദ്യരും
ബ്രഹ്മശ്രീ സ്വാമി ജോൺ ധർമ്മതീർത്ഥരും

# അവതാരിക

ശ്രീനാരായണ ഗുരുദേവൻെറ ജീവിതവും ദർശനവും സന്ദേശങ്ങളും മാനവികതയുടെ സമസ്ത തലങ്ങളേയും സമാശ്ലേഷിച്ച് അതിന് പുതിയ മാനം നല്കുന്നവയാണ്. അഗ്നിയുടെ സ്ഫുലിംഗങ്ങൾ പോലെയാണ്, മഹാന്മാരുടെ ദർശനവും സന്ദേശങ്ങളും. അവരിൽ ജ്ഞാനാഗ്നി പ്രദീപ്തമാകുമ്പോൾ, അതിൻെറ സ്വാഭാവിക പരിണാമമായി ദർശനവും സന്ദേശങ്ങളും ജനിക്കുന്നു.

ആധുനിക യുഗത്തിൻെറ മനോമണ്ഡലത്തിലും വിചാരമേഖലയിലും പടർന്നുപിടിച്ചിരുന്ന അജ്ഞാനതിമിരാന്ധതയെ ജ്ഞാനാഞ്ജനശലാകകൊണ്ട് അകററിയ മഹാപ്രകാശമായിരുന്ന ശ്രീനാരായണ ഗുരുദേവൻ. ഗുരുദേവൻെറ ദർശനവും ജീവിതവും വാഗർത്ഥങ്ങൾപോലെ സംപൃക്തമാണ്. ദർശനവും ജീവിതവും അമേയമായ പ്രഭാവത്തോടെ സന്ധിക്കുന്ന അലൗകികമായ തലത്തിലാണ്, ഗുരുദേവൻെറ ജീവിത മഹിമ അതിൻെറ പൂർണ്ണപ്രഭാവത്തോടുകൂടി പരിലസിക്കുന്നത്. ഗുരുദേവൻെറ ഔന്നത്യവും ആഴവും അതിൻെറ സമഗ്രതയിൽ ആവാഹിക്കണമെങ്കിൽ, വികാരവും വിചാരവും സമഞ്ജസമായി സമ്മേളിച്ചു നില്ക്കുന്ന മൗലികമായ വീക്ഷണം നാം സ്വരൂപിക്കേണ്ടതുണ്ട്.

ഈ വിധത്തിൽ ശാസ്ത്രീയമായ നിഷ്കർഷകൊണ്ട് വീക്ഷണ ചക്രവാളത്തെ വികസ്വരമാക്കി ഗുരുദേവനെ

നോക്കിക്കാണുവാൻ വളരെ കുറച്ചുപേർക്കു മാത്രമേ സാധിച്ചിട്ടുള്ളു.

അന്ധമായ ഭക്തിവിചാരം സൂക്ഷ്മതയിൽ വിഹരിക്കുന്ന ദർശനത്തിൻെറ അഗാധതയിൽ പ്രവേശിക്കുന്നതിനു് പ്രതിബന്ധമായി തീരാറുണ്ടു്. ശുഷ്ക്കമായ ജ്ഞാനം അനുഭൂതി സാന്ദ്രമായ ദർശനത്തിൻെറ അത്യഗാധമായ അത്ഥതലത്തിൽ നിന്നും നമ്മെ അകററിക്കളയുന്നു. ഭക്തികൊണ്ടു പവിത്രമാക്കിയ മനസ്സും, ജ്ഞാനംകൊണ്ടു പ്രബുദ്ധമാക്കിയ ബുദ്ധിയുമാണു്, മഹാന്മാരെ യഥാതഥമായി മനസ്സിലാക്കുവാനുള്ള വിശ്വാസ്യമായ ഉപകരണങ്ങൾ.

ഗുരുദേവനു് നിരവധി ശിഷ്യന്മാരുണ്ടായിരുന്നു. ചിലർ വികാരതീക്ഷ്ണതയാൽ ഗുരുദേവനെ ആരാധിച്ചവരാണു്. മററു ചിലരാകട്ടെ യുക്തിയുടെ മാത്രം വെളിച്ചത്തിൽ ഗുരുദേവനെ നോക്കിക്കാണുവാൻ ശ്രമിച്ചവരും.

ഭക്തികൊണ്ടു വിശുദ്ധമാക്കിയ ജ്ഞാനവും, ജ്ഞാനംകൊണ്ടു് വിശിഷ്ടമാക്കിയ ഭക്തിയും സൃഷ്ടിക്കുന്ന സമതുലിതമായ സമീപനം ഗുരുദേവനെ സമഗ്രമായി മനസ്സിലാക്കുവാൻ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഇത്തരത്തിലുള്ള, ശാസ്ത്രീയ മനോഭാവത്തോടു കൂടി, ഗുരുദേവനെ സമീപിച്ച അംഗുലീപരിമിതരായ സംന്യാസിശിഷ്യന്മാരിൽ അഗ്രേസരനായിരുന്നു യശഃശരീരനായ ധമ്മതീത്ഥ സ്വാമികൾ. ദശ്നമഹിമയുടെ പരിവേഷത്തിൽ ഗുരുദേവൻെറ പരമപാവനമായ ജീവിതത്തെ ദശിക്കുവാനും ഉൾക്കൊള്ളുവാനും ധർമ്മതീർത്ഥ സ്വാമിയ്ക്കു കഴിഞ്ഞിരുന്നു.

മഹാദൗത്യ നിർവ്വഹണത്തിന അവതാരപുരുഷന്മാരുടെ നിമിത്തങ്ങളായിത്തീരുവാൻ അംശാവതാരങ്ങൾ ഉണ്ടാകാറുണ്ട്. അതുപോലെ ഗുരുദേവൻ ഇവിടെ തുടക്കം കുറിച്ച ജാതിഭേദവും മതദ്വേഷവും തീണ്ടാത്ത, മനുഷ്യസാഹോദര്യത്തിന്റെ പ്രഭാവം പ്രസരിക്കുന്ന, മാതൃകാ ലോകസൃഷ്ടിക്ക സഹചരന്മാരായി വർത്തിച്ച നിരവധി മഹാപ്രാജ്ഞന്മാർ ഉണ്ടായിരുന്നു. അവരെ യഥാർഹം വിലയിരുത്തുവാനോ മനസ്സിലാക്കുവാനോ നമുക്ക് സാധിച്ചിട്ടില്ല. ഗുരുദേവന്റെ ജീവചരിത്രത്തോടനുബന്ധമായി നിർവ്വഹിക്കപ്പെടേണ്ട, അനിവാര്യമായ ഘടകമായി ഇത്തരം മഹാശയന്മാരുടെ മഹിമ അവശേഷിക്കുന്നു.

അക്കൂട്ടത്തിലും പ്രഥമഗണനീയനാണ് ധർമ്മതീർത്ഥസ്വാമികൾ. ഗുരുദേവന്റെ ദർശനത്തിന്റേയും സന്ദേശങ്ങളുടേയും ആധികാരിക പ്രചാരണത്തിൽ, പ്രതിജ്ഞാബദ്ധരായുള്ള ശ്രീനാരായണ ധർമ്മസംഘത്തിന്റെ രൂപീകരണത്തിൽ, ധർമ്മതീർത്ഥസ്വാമികൾ വഹിച്ച പങ്ക് അവിസ്മരണീയമാണ്.

ഗുരുദേവന്റെ മഹാസമാധിക്കു ശേഷം, ധർമ്മസംഘത്തെ അടിത്തറയുള്ള ഒരു സംഘടനയാക്കുന്നതിനും ശിവഗിരി മഠത്തിന്റെ പുരോഗതിയുടെ വഴിത്താര വെട്ടിത്തുറന്നതിലും ധർമ്മതീർത്ഥ സ്വാമികൾ അദ്വിതീയമായ പങ്കു വഹിച്ചിരുന്നു.

സ്വാമികളുടെ ഏററവും ശ്രദ്ധേയവും സ്മരണീയവുമായ ഒരു മഹാകൃത്യമാണ്, ഗുരുദേവ കൃതികളുടെ സമാഹരണം. അതുവരെ പല അജ്ഞാത ഹസ്തങ്ങളിലും, ചിന്നിച്ചിതറി കിടന്നിരുന്ന ഗുരുദേവ കൃതികളെ ഗവേഷണബുദ്ധിയോടുകൂടി അന്വേഷിക്കുകയും അവയെ ക്രോഡീകരിക്കുകയും ചെയ്തതു ധർമ്മതീർത്ഥസ്വാമികൾ ആയിരുന്നു.

നിഷ്ക്കാമ ഭക്തൻ, ധർമ്മപ്രചാരകൻ, നിസ്വാർത്ഥ സേവകൻ, അനുഗൃഹീതനായ ഗ്രന്ഥകാരൻ, വശ്യവചസ്സായ പ്രഭാഷകൻ, നിയമജ്ഞൻ, ഭരണാധികാരി എന്നീ നിലകളിൽ ശോഭിച്ചിരുന്ന ബഹുമുഖ പ്രതിഭനായിരുന്നു ധർമ്മതീർത്ഥ സ്വാമികൾ. സ്വാമികളുടെ ആത്മകഥയെ വിസ്മൃതിയുടെ കയത്തിൽനിന്നും മുങ്ങിത്തപ്പിയെടുത്തു പ്രകാശിപ്പിക്കുവാനുള്ള വൈദ്യരുടെ ശ്രമം അങ്ങേയററം അഭിനന്ദനാർഹമാണ്. വൈദ്യരും സ്വാമികളുമായുള്ള ഹൃദയബന്ധത്തിൻേറയും സ്നേഹാദരങ്ങളുടേയും നിത്യസ്മരണീയമായ അനർഘ സംഭാവന കൂടിയായി തീർന്നിരിക്കുന്നു ഈ ഗ്രന്ഥത്തിൻെറ പ്രകാശനം. ഗുരുദേവ ശിഷ്യന്മാരിൽ പലരുമായി വളരെ അടുത്ത ഹൃദയബന്ധം സ്ഥാപിക്കുവാനും ദീർഘകാല സൗഹൃദം പുലർത്തുവാനും വൈദ്യർക്കു സാധിച്ചിട്ടുണ്ട്. ഗുരുദേവ സാഹിത്യ മണ്ഡലത്തെ വികസ്വരവും സമ്പന്നവുമാക്കുവാൻ ഈ ഗാഢപരിചയത്തെ വൈദ്യർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. അവയിൽ, എന്തുകൊണ്ടും പ്രശംസനീയമാണ് പുതിയ ഈ പ്രസാധനം. വൈദ്യരുടെ ഔദാര്യവും വിവേകവും ഇതിലൂടെ ചരിതാർത്ഥമായി തീർന്നിരിക്കുകയാണ്. അയത്നലളിതവും മനോഹരവുമായ ശൈലിയിൽ ധർമ്മതീർത്ഥ സ്വാമികൾ നിർവ്വഹിച്ചിരിക്കുന്ന ഈ ആത്മകഥാകഥനം ത്യാഗത്തിൻേറയും, ഭക്തിയുടേയും, നിശ്ചയദാർഢ്യത്തിൻേറയും വിവേകത്തിൻേറയും സന്ദേശം ഉൾക്കൊള്ളുവാൻ നമുക്കു പ്രചോദനം നൽകട്ടെ. അതിനായി പ്രാർത്ഥിച്ചുകൊണ്ട് ഗുരുദേവ ശിഷ്യന്മാരിൽ പ്രമുഖനായ ത്യാഗധനനും പാവനചരിതനുമായ ധർമ്മതീർത്ഥ സ്വാമികളുടെ ഈ വിശിഷ്ട ഗ്രന്ഥം സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ശിവഗിരി,

16—9—1987. സ്വാമി ശാശ്വതീകാനന്ദ

# ആമുഖം

സ്വാമി ജോൺ ധർമ്മതീർത്ഥരുടെ ആത്മകഥയാണി തു്—സ്വതന്ത്രനായ ഒരു സത്യാന്വേഷിയുടെ തീർത്ഥാടന ചരിത്രം.

1974-ലാണെന്നു തോന്നുന്നു, ഇതിൻെറ കൈയെഴുത്തു പ്രതി സ്വാമികൾ എന്നെ ഏല്പിച്ചതു്. താമസിയാതെ അതു് പ്രസിദ്ധീകരിക്കണമെന്നു് ഞാനാഗ്രഹിച്ചിരുന്നു. പക്ഷെ പല അസൌകര്യങ്ങൾ മൂലം അതിന്നു സാധി ച്ചില്ല. 1976-ൽ സ്വാമി സമാധിയടഞ്ഞപ്പോൾ പ്രസി ദ്ധീകരണം ഇനിയും താമസിപ്പിക്കുന്നതു ശരിയല്ലെന്നു തോന്നി. പക്ഷെ അച്ചടിശാലയിലേല്പിക്കുവാൻ വേ ണ്ടി നോക്കിയപ്പോൾ പുസ്തകം കാണാനില്ല! വളരെ കുണ്ഠിതം തോന്നി.

യാദൃശ്ചികമായി എൻെറ പഴയ ഡയറികളും നോട്ടു പുസ്തകങ്ങളും ഈയിടെ ഒന്നു് പരിശോധിച്ചപ്പോൾ അത്ഭുതമെന്നു പറയട്ടെ നഷ്ടപ്പെട്ടു എന്നു വിചാരിച്ച ആ പുസ്തകം അവയ്ക്കിടയിലിരിക്കുന്നു !

സ്വാമി ധർമ്മതീർത്ഥരുമായുള്ള എൻെറ അടുപ്പം ആരം ഭിച്ചതു് 1933-ലാണു് (കൊല്ലവർഷം 1109). വ്യക്തമാ യി ഉരുത്തിരിഞ്ഞുകഴിഞ്ഞിട്ടില്ലാത്ത കുറെ സ്വപ്ന ങ്ങൾ മനസ്സിലൊതുക്കി, ശ്രീനാരായണ ഗുരുവുമായി ബ ന്ധപ്പെട്ട സ്ഥലങ്ങളിൽ ഒരു പര്യടനം നടത്താനിറങ്ങിയ തായിരുന്നു ഞാൻ. ആദ്യം എത്തിയതു് ചെമ്പഴന്തിയി

ലാണ്. അവിടത്തെ ചുമതല നോക്കിയിരുന്നത് ധർമ്മ തീർത്ഥ സ്വാമികളായിരുന്നു. ഞാനദ്ദേഹത്തിന്റെ കൂടെ ആശ്രമത്തിൽ താമസമാക്കി. ശ്രീനാരായണ സന്ദേശം പ്രചരിപ്പിക്കുവാൻ പ്രഭാഷണങ്ങൾ നടത്തുകയായിരുന്നു സ്വാമികളുടെ മുഖ്യ പ്രവർത്തനം. പ്രഭാഷണത്തിനു ഒരു പുതുമയുണ്ടായിരുന്നു. ഒരു മാജിക് ലാന്റേണിൽ സ്ലൈഡുകൾ പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു പ്രസംഗങ്ങളും വിശദീകരണങ്ങളും നടത്തിയിരുന്നത്. ആ പ്രഭാഷണ പര്യടനങ്ങളിൽ ഞാൻ സ്വാമികളെ അനുഗമിച്ചിരുന്നു.

കൊല്ലവർഷം 1110-ലെ ശ്രീനാരായണ ജയന്തി ഞാൻ പ്രത്യേകം ഓർക്കുന്നു. ചെമ്പഴന്തിയിൽ ധർമ്മതീർത്ഥസ്വാമികൾ അന്നുസംഘടിപ്പിച്ച ആഘോഷങ്ങൾ ഗംഭീരമായിരുന്നു. പുലയരുടെ ചെണ്ടമേളമാണ് സ്വാമികൾ ഏർപ്പെടുത്തിയത്. ക്ഷേത്രപ്രദക്ഷിണം ആരംഭിച്ചപ്പോൾ മേളക്കാർ പുലയരാണെന്നു് സ്ഥലത്തെ ഈഴവപ്രമാണിമാർ മനസ്സിലാക്കുകയും ക്ഷോഭിച്ച് അവരെ അടിച്ചോടിക്കുകയും ചെയ്തു. ഓടിപ്പോയ പുലയരെ സ്വാമികൾ തിരികെ കൊണ്ടുവന്നു്, അവരുടെ കാൽക്കൽ ദണ്ഡനമസ്കാരം ചെയ്യുകയും മാപ്പപേക്ഷിക്കുകയും ചെയ്തു. പണ്ഡിതനായ ഒരു ശ്രീനാരായണ ഭക്തന്റെ ഈ പ്രവൃത്തി ഗുരുദേവന്റെ ജന്മനാട്ടിലെ യാഥാസ്ഥിതികരായ ഈഴവപ്രമാണിമാരിൽ എന്തു പ്രതികരണമാണുളവാക്കിയതെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

ഒരു മാസക്കാലം ഞാൻ സ്വാമി ധർമ്മതീർത്ഥരുടെ കൂടെ പച്ചരിച്ചോറും നാളികേരച്ചമ്മന്തിയും പച്ചവെള്ളവും കഴിച്ച് സന്തുഷ്ടനായി കഴിഞ്ഞുകൂടി. പിന്നീട് സ്വാമികളുടെ അനുഗ്രഹത്തോടെ അരുവിപ്പുറത്തേയ്ക്കു പോയി.

ബ്രഹ്മശ്രീ രാമാനന്ദസ്വാമികളുടെ ശിഷ്യനായി വൈദ്യം പഠിക്കുവാൻ എന്നെ നിർബ്ബന്ധിച്ചതു് ധർമ്മതീർത്ഥർ സ്വാമികളായിരുന്നു. സത്യത്തിൽ വൈദ്യം പഠിച്ചാൽ കൊള്ളാമെന്ന ആഗ്രഹത്തോടെത്തന്നെയാണു് ഞാൻ 1110 വൃശ്ചികമാസത്തിൽ രാമാനന്ദസ്വാമികളുടെ ക്രൂക്ക്ഞ്ചേരിയിലുള്ള സിദ്ധവൈദ്യാശ്രമത്തിൽ എത്തിയതു്. പക്ഷെ സ്വാമികളുടെ സ്വീകരണം വളരെ തണുപ്പനായിരുന്നു. അദ്ദേഹത്തിനു് തിരുവിതാംകൂറുകാരെപ്പററി പൊതുവേ നല്ല അഭിപ്രായമല്ല ഉണ്ടായിരുന്നതു് എന്നെനിക്കു് പിന്നീടു മനസ്സിലായി. നാലഞ്ചുദിവസം കഴിഞ്ഞപ്പോഠം ക്രൂക്ക്ഞ്ചേരി ആശ്രമം വിട്ടുപോകാൻ വിചാരിച്ചിരിക്കുന്ന സന്ദർഭത്തിലാണു് ധർമ്മതീർത്ഥസ്വാമികഠം അവിടെ വന്നതു്. തീർത്ഥസ്വാമികളും രാമാനന്ദസ്വാമികളും അന്യോന്യം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന രണ്ടു് ശ്രീനാരായണ ശിഷ്യരായിരുന്നു. ആശ്രമത്തിൽ എന്നെ കണ്ടപ്പോഠം തീർത്ഥസ്വാമികഠംക്കു സന്തോഷമായി. എന്തു ബുദ്ധിമുട്ടു സഹിച്ചും വൈദ്യം പഠിക്കണമെന്നു് അദ്ദേഹം എന്നെ ഉപദേശിച്ചു. സ്വന്തമായി ഒരു ജീവിതമാർഗ്ഗമില്ലാതെ ജനസേവനത്തിനിറങ്ങുന്നതു് ബുദ്ധിപൂർവ്വമല്ലെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. തീർത്ഥസ്വാമികളുടെ സന്ദർശനത്തിനുശേഷം ബ്രഹ്മശ്രീ രാമാനന്ദസ്വാമികളുടെ എന്നോടുള്ള പെരുമാററം വളരെ സൌഹാർദ്ദപരമായിത്തീർന്നു. താമസിയാതെ അദ്ദേഹത്തിനു ഞാൻ ഏററവും വലിയ വിശ്വസ്തനായിത്തീരുകയും ചെയ്തു.

ധർമ്മതീർത്ഥസ്വാമികഠം വടക്കേ ഇന്ത്യയിൽനിന്നു് തിരിച്ചുവന്നതിനുശേഷം അദ്ദേഹവുമായുള്ള ബന്ധം ഞാൻ പുനഃസ്ഥാപിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളിൽ കഴിവതു സഹകരിക്കുവാനും എനിക്കവസരം

ലഭിച്ചു. ക്രിസ്തുമതം അവലംബിച്ചതിന്നു ശേഷവും അദ്ദേഹത്തിൻെറ ശ്രീനാരായണഭക്തിക്ക് അശേഷം കുറവുവരികയുണ്ടായില്ല. എന്നുതന്നെയല്ല, ക്രിസ്ത്യൻ പണ്ഡിതന്മാരുമായി സ്വാമികൾ നടത്താറുള്ള ചർച്ചയാണ് ബൈബിൾ പഠിക്കാൻ തന്നെ പ്രേരിപ്പിച്ചതു് എന്നും സ്വാമികളുടെ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്ന സന്ദേശമാണ് ജ്ഞാനസ്നാനം ചെയ്യുവാൻ തനിക്കു ധൈര്യം നല്കിയതു് എന്നും സ്വാമികൾ പറയാറുണ്ട്. യേശുക്രിസ്തുവിൻെറ മഹത്തായ ത്യാഗവും ക്രിസ്ത്യൻ സഭകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുമാണ് സ്വാമികളെ ആകർഷിച്ചതെന്നു തോന്നുന്നു.

ഈ ഗ്രന്ഥത്തിൽ 'കുഞ്ഞപ്പു' എന്ന ഗുപ്തനാമമാണ് കഥാപുരുഷൻ സ്വീകരിച്ചിരിക്കുന്നതു്. എന്താണതിനു കാരണമെന്നറിഞ്ഞുകൂടാ. സന്യാസം സ്വീകരിക്കുന്നതിന്നു് മുമ്പുള്ള പേർ സി. പരമേശ്വരമേനോൻ എന്നായിരുന്നു.

ഗുരുവായൂരിനടുത്തുള്ള ചാത്തനാട്ട് എന്ന പ്രശസ്ത നായർ തറവാട്ടിലാണ് കൊല്ലവർഷം 1067 മേടമാസത്തിലെ രോഹിണി നക്ഷത്രത്തിൽ പരമേശ്വരമേനോൻ ജനിച്ചതു്. അച്ഛൻ കരുണാകര മേനോൻ. അമ്മ പാർവ്വതിഅമ്മ. അച്ഛൻ തൃശ്ശൂരിൽ അഭിഭാഷകനായിരുന്നു.

പരമേശ്വര മേനോൻ പഠിത്തത്തിൽ വളരെ സമർത്ഥനായിരുന്നു. നല്ല സ്വഭാവം. അച്ചടക്കമുള്ള പ്രകൃതി. ബി. എ., എൽ. എൽ ബി. പാസ്സായതിനുശേഷം തൃശ്ശൂർ കോടതിയിൽ പ്രാക്ടീസ്സാരംഭിച്ചു.

ചെറുപ്പനാൾ മുതൽ ആത്മീയ കാര്യങ്ങളിൽ തല്പരനായിരുന്നു പരമേശ്വര മേനോൻ. വടക്കാഞ്ചേരിക്കടു

ത്തു് പാർളിക്കാട്ടു് എന്ന സ്ഥലത്തു് ശ്രീനാരായണഗുരുദേവൻ എത്തിയിട്ടുണ്ടെന്നറിഞ്ഞു് പരമേശ്വര മേനോൻ അദ്ദേഹത്തെ ചെന്നു കണ്ടു. ഒരു രാത്രി മുഴവൻ അദ്ദേഹം ഗുരുദേവനുമായി സംസാരിച്ചു. അതോടെ പരമേശ്വര മേനോൻ ശ്രീനാരായണഗ്ഗുരുവിൻെറ ശിഷ്യനായിത്തീൎന്നു. അദ്ദേഹം അഭിഭാഷകവൃത്തി ഉപേക്ഷിച്ചു് ശിവഗിരിയിൽ എത്തി. ഗുരുദേവൻ അദ്ദേഹത്തെ മഠത്തിൻെറ മാനേജരായി നിയമിച്ചു.

ശ്രീനാരായണസന്ദേശങ്ങളുടെ ഉജ്ജ്വലപ്രചാരകനായിത്തീൎന്നു പരമേശ്വരമേനോൻ. കൊല്ലവഷം 1094-ൽ തന്നെ ഒരു സന്ന്യാസിസംഘം രൂപീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. എന്തുകൊണ്ടോ അതു സഫലമായില്ല. ഗുരുദേവന്നു് അതിലുള്ള താല്പര്യം മനസ്സിലാക്കിയ പരമേശ്വരമേനോൻ, ബോധാനന്ദ സ്വാമികളുമായി ചേൎന്നു്, സന്ന്യാസിസംഘം രജിസ്റ്റർ ചെയ്യാനുള്ള നടപടികൾ മുന്നോട്ടു കൊണ്ടുപോയി. അങ്ങിനെ 1928 ജനുവരി 9-ാംതീയതി (1103 ധനു 27)ക്കുൎക്കഞ്ചേരി ശ്രീമാഹേശ്വര ക്ഷേത്രത്തോടനുബന്ധിച്ചുള്ള അദ്വൈതാശ്രമത്തിൽ വെച്ചു് ഗുരുദേവൻെറ സാന്നിദ്ധ്യത്തിൽ ശ്രീനാരായണ ധൎമ്മസംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. സംഘത്തിൻെറ നിയമാവലി തയ്യാറാക്കുവാൻ മുൻകൈയെടുത്തു പ്രവൎത്തിച്ചതു് പരമേശ്വരമേനോനായിരുന്നു. അദ്ദേഹം ഗുരുദേവനിൽനിന്നു സന്ന്യാസം സ്വീകരിക്കുകയും ധർമ്മതീൎത്ഥർ എന്ന പേരിൽ ധൎമ്മസംഘത്തിൽ അംഗമാകുകയും ചെയ്തു. ഗുരുദേവൻ അദ്ദേഹത്തെ സെക്രട്ടറിയായി നിയമിച്ചു.

ശ്രീനാരായണ ധർമ്മസംഘത്തിൻെറ മുഖപത്രമായി ''ധർമ്മം'' എന്ന പേരിൽ ഒരു പ്രതിവാരപത്രിക ശിവഗിരിയിൽനിന്നു പ്രസിദ്ധീകരണം ആരംഭിച്ചതു് സ്വാമി ധർമ്മതീർത്ഥരുടെ നേതൃത്വത്തിലാണു്. നടരാജഗുരു, കെ. ആർ. ഭാസ്കരൻ എന്നിവർ സഹായികളായിരുന്നു. ഗുരുദേവൻെറ സംഭാഷണങ്ങളും വചനങ്ങളും ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിൽ ''ധർമ്മം'' അനുഷ്ഠിച്ചിട്ടുള്ള സേവനം കുറച്ചൊന്നുമല്ല. പലയിടത്തുമായി ചിതറിക്കിടന്നിരുന്ന ഗുരുദേവ കവനങ്ങൾ സമാഹരിച്ചു ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചതും ധർമ്മതീർത്ഥസ്വാമികളാണു്.

ശ്രീനാരായണ ധർമ്മസംഘത്തിന്നു് ഭദ്രമായ ഒരടിത്തറയുണ്ടാക്കുന്നതിന്നുവേണ്ടി സ്വാമി ധർമ്മതീർത്ഥർ പല പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. പലരും ശ്രീനാരായണ ഗുരുവിൻെറ പേരിൽ സ്വത്തുക്കളും സ്ഥാപനങ്ങളും ദാനമായി എഴുതിവെച്ചിരുന്നു. പക്ഷെ അവയുടെ ഭരണത്തിന്നു ഒരുവിധ സംവിധാനവുമുണ്ടായിരുന്നില്ല. ഗുരുദേവൻ ബോധാനന്ദസ്വാമികളെ അനന്തരാവകാശിയായി നിയമിച്ചിരുന്നു എങ്കിലും അദ്ദേഹത്തിന്നു് ഈ വക കാര്യങ്ങളിൽ ഒരു താല്പര്യവുമില്ലായിരുന്നു. എന്നുതന്നെയല്ല ഗുരുദേവൻ സമാധിയായി നാലാംദിവസം അദ്ദേഹം സമാധിയടയുകയും ചെയ്തുവല്ലൊ. കഴിയുന്നത്ര സ്വത്തുക്കൾ ധർമ്മസംഘത്തിൻെറ അധീനതയിൽ കൊണ്ടുവരുവാനും അവയുടെ ഭരണത്തിന്നു ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും സ്വാമി ധർമ്മതീർത്ഥർ അത്യദ്ധ്വാനം ചെയ്തു.

ഗുരുദേവൻെറ സമാധിക്കുശേഷം സ്വത്തുക്കളുടെ അവകാശത്തെപ്പററി ശ്രീനാരായണ ധർമ്മസംഘവും എസ്സ്.

എൻ. ഡി. പി. യോഗവും തമ്മിൽ നടന്ന ദീർഘമായ വ്യവഹാരങ്ങളിൽ സന്യാസിസംഘത്തെ വിജയത്തിലേയ്ക്ക് നയിച്ചത് സ്വാമി ധർമ്മതീർത്ഥരായിരുന്നു. ക്രമേണ സന്യാസിസംഘത്തിലും ചില വിള്ളലുകൾ അനുഭവപ്പെടാൻ തുടങ്ങി. അതിൽ മനസ്സു വേദനിച്ച ധർമ്മതീർത്ഥർ ശ്രീനാരായണഗുരുവിൻെറ ഏകജാതി സന്ദേശം പ്രചരിപ്പിക്കുന്നതിനായി വടക്കെ ഇന്ത്യയിലേയ്ക്കുപോയി. അക്കാലത്താണ് സമാധാന പ്രവാചകൻ (Prophet of Peace) തുടങ്ങിയ അനേകം ഇംഗ്ലീഷ് കൃതികൾ അദ്ദേഹം രചിച്ച് പ്രസിദ്ധീകരിച്ചത്. 1945_ൽ അദ്ദേഹം ശിവഗിരിയിൽ മടങ്ങിവന്നു. ചെമ്പഴന്തിയുടെ ജീർണ്ണോദ്ധാരണത്തിലാണ് അദ്ദേഹം വ്യാപൃതനായത്. പക്ഷെ ആ പ്രവൃത്തിയും സ്വൈരമായി മുന്നോട്ടു കൊണ്ടുപോകുവാൻ അധിക കാലം അദ്ദേഹത്തിനു കഴിഞ്ഞില്ല. ശ്രീനാരായണഗുരുവിനെ തൻെറ വെളിച്ചവും വഴിയുമായി സ്വീകരിച്ച്, ജാതിക്കെതിരെ പോരാടുവാൻ സ്വജീവിതം ഉഴിഞ്ഞുവെച്ച ആ സമദർശി താനുച്ചാടനം ചെയ്യുവാൻ ശ്രമിച്ച അതേ ജാതിചിന്തയുടെ ആക്രമണത്തിനു് ഇരയായിത്തീരുകയാണുണ്ടായത് എന്നു തോന്നുന്നു.

താൻ ഉയർത്തിപ്പിടിക്കുന്ന ധർമ്മം പ്രചരിപ്പിക്കുവാൻ ഏററവും സൌകര്യം ലഭിക്കുക ക്രിസ്തുമതത്തിലായിരിക്കും എന്നു സ്വാമി ധർമ്മതീർത്ഥർക്കു തോന്നി. അങ്ങിനെയാണദ്ദേഹം സി. എം. എസ്. സഭയിൽ ചേർന്നു ''സ്വാമി ജോൺ ധർമ്മതീർത്ഥർ'' ആയത്. തന്നെ സംബന്ധിച്ചിടത്തോളം ഈ മതപരിവർത്തനം തികച്ചും സ്വാഭാവികമായ ഒരു

പരിണാമം മാത്രമായിരുന്നു എന്നദ്ദേഹം പറയുന്നു. ശ്രീനാരായണ സന്ദേശം സ്വാംശീകരിച്ചതിന്റെ ഫലമായി ''പലമതസാരവുമേകം'' എന്നും ''മതമേതായാലും മനുഷ്യൻ നന്നായാൽ മതി'' എന്നും അദ്ദേഹം സാക്ഷാല്ക്കരിച്ചു കഴിഞ്ഞിരുന്നു. സാമൂഹികബന്ധങ്ങളിലും ചുററുപാടുകളിലും ഉള്ള ഒരു മാററം മാത്രമായേ അദ്ദേഹത്തിനു് മതം മാററം അനുഭവപ്പെട്ടുള്ളൂ. ''സ്വാമി ജോൺ ധർമ്മതീർത്ഥർ'' എന്ന പേർ തന്നെ അതു് വ്യക്തമാക്കുന്നു. താൻ ജോൺ എന്ന പുതിയ നാമം സ്വീകരിച്ചുവെങ്കിലും സ്വാമിയും ധർമ്മതീർത്ഥരും തന്നെയായി തുടരുകയാണു്. ഭഗവൽഗീത ഉപദേശിക്കുന്ന യോഗത്തിൽനിന്നു് അന്യമല്ല ക്രിസ്തുവിന്റെ സുവിശേഷം എന്നദ്ദേഹം കണ്ടു. സുവിശേഷത്തിൽ മനുഷ്യസേവനത്തിനുള്ള അക്ഷയമായ പ്രചോദനം നിറഞ്ഞു നില്ക്കുന്നതായും അദ്ദേഹം കണ്ടു. അങ്ങിനെ തികച്ചും നവീന മാതൃകയിലുള്ള ഒരു സുവിശേഷ പ്രചാരകനായി പ്രവർത്തിച്ചുകൊണ്ടിരിക്കെ 1976 ജൂലായ് 18-ാം തിയ്യതി തിരുവനന്തപുരത്തു്വെച്ച് സ്വാമി ജോൺ ധർമ്മതീർത്ഥർ നിര്യാതനായി.

ഈ ആമുഖത്തോടുകൂടി സ്വതന്ത്രവും ധീരവുമായ ഒരു മനസ്സിന്റെ സത്യാന്വേഷണ പര്യടനത്തിൽ പരോക്ഷമായി പങ്കുകൊള്ളുവാൻ അനുവാചകരെ ഞാൻ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ഇരിങ്ങാലക്കുട,

7—9—'87. സി. ആർ. കേശവൻ വൈദ്യർ

## വീട്ടിലും കളരിയിലും

അമ്മയുടെ സഹോദരി കിണററിൽനിന്നു് വെള്ളം കോരുന്നു. അടുക്കളെയ്ക്കു് സമീപം നീളത്തിൽ ഒരു കൊച്ചു മുറിയുണ്ടു്. അവിടെനിന്നാണു് തുടിയിൽ ചുററിയിട്ടുള്ള കയറുപിടിച്ചു വെള്ളം വലിച്ചെടുക്കുന്നതു്. ഒരു കുട്ടി നിലത്തു് മുട്ടുകുത്തി നടന്നു് പിന്നാലെ ചെല്ലുന്നുണ്ടു്. അമ്മാച്ചിയ്യാ, അമ്മാച്ചിയ്യാ എന്നു വിളിച്ചാണു് കരയുന്നതു്. ആ കുട്ടി കുഞ്ഞപ്പു ആയിരുന്നു. കുഞ്ഞപ്പുവിനു് ഇപ്പോഠം അൻപതിലധികം വയസ്സായി എങ്കിലും കരഞ്ഞുകൊണ്ടു് മുട്ടിന്മേൽ നടന്നതു് ഇപ്പോഴും ഓക്കുന്നു.

### കോണമുടുത്തു്

ഒന്നോ രണ്ടോ കൊല്ലങ്ങഠം കഴിഞ്ഞിരിക്കാം. ആ കുട്ടി നല്ലപോലെ നടന്നു തുടങ്ങിയിട്ടുണ്ടു്. ഒരു ചുവന്ന കൗപീനം ധരിച്ചു് ഓടിനടക്കാറായി. തൃശ്ശിവപേരൂരി

ലുള്ള വീടിന്റെ മുൻവശം താഴത്തെ തിണ്ണയിൽ ''കാശി രാമേശ്വരം, ഗോകർണ്ണം, ശ്രീരംഗം അമ്മാ ഭിക്ഷ കൊട്'' എന്നും മററും മലയാളവും തമിഴും കലർന്ന ഭാഷയിൽ സംസാരിക്കുന്ന ഒരു സ്ത്രീ വന്നുനില്ക്കുന്നു. അരിയിടുന്നതിനായി ഒരു വലിയ പിത്തളമൊന്ത നിലത്തുവെച്ചിട്ടുണ്ട്. കൗപീനധാരിയായ ഒരു കൊച്ചു കുട്ടി ഓടിവന്ന് ആ പിത്തള പാത്രത്തിനടുത്ത് നിലത്തിരുന്നു. ''അരി ഇല്ല പൊയ്ക്കോ, ഇല്ല. ഇല്ല'' എന്ന് കൈകൊണ്ട് ആംഗ്യം കാട്ടി ആ കൊച്ചുകുട്ടി പറഞ്ഞു. അകത്തുനിന്ന് ആരോ പറഞ്ഞതനുസരിച്ചാണ് കുട്ടി അങ്ങനെ ചെയ്യുന്നത്. 'അമ്മാ ഭിക്ഷ കൊട്' എന്ന് പല പ്രാവശ്യം പറഞ്ഞിട്ടും ആരും ഒന്നും കൊടുക്കായ്കയാൽ ആ ഭിക്ഷക്കാരിസ്ത്രീയ്ക്കു ദേഷ്യം വന്നു. അടുത്തിരുന്നു ആംഗ്യം കാട്ടുന്ന കുട്ടിയുടെ ചെകിട്ടത്ത് അവർ ഒരു അടികൊടുത്ത് ഇറങ്ങിപ്പോയി. കുട്ടി നിലവിളിക്കുവാനും തുടങ്ങി. ഉടനെ അകത്തുനിന്നു ആരോ വന്ന് കുട്ടിയെ വാരിയെടുത്തു. ആ പോയ ഭിക്ഷക്കാരി കുട്ടിയെ അടിച്ചു എന്നുപറഞ്ഞു കുറെ ബഹളം കൂട്ടി.

വർഷങ്ങൾ കുറെക്കൂടി കഴിഞ്ഞിരിക്കണം. കുട്ടികളെ നോക്കുന്ന ഒരു വേലക്കാരത്തിപ്പെണ്ണ് വീട്ടിൽ താമസിക്കുന്നുണ്ട്. ലക്ഷ്മി എന്നായിരുന്നു പേരെന്ന് തോന്നുന്നു. അവൾക്ക് കുഞ്ഞപ്പുവിനോട് വളരെ വാത്സല്യമാണ്. അനുജത്തിയായ കൊച്ചുകുട്ടിയെ നോക്കിയിരിക്കുന്ന അവസരത്തിൽ കുഞ്ഞപ്പു ലക്ഷ്മിയോടു കൂടിയിരുന്നു കല്ലു കളിക്കും. ഒരു ദിവസം രാത്രി ഏഴെട്ട് മണിയായിരിക്കുന്നു. ലക്ഷ്മി കുട്ടിയെ ഉറക്കിക്കിടത്തുകയാണ്. അവർ നിലത്ത് മുട്ടുകുത്തി നിൽക്കുന്നതുകണ്ട് കുഞ്ഞപ്പു ഓടി

ച്ചെന്നു് ആനപ്പുറത്തിരിക്കുന്നതുപോലെ അവളുടെ പുറത്തിരുന്നു. അവരം ദ്വേഷ്യപ്പെട്ടു അമ്മയോടു വിളിച്ചു പറഞ്ഞു. അപ്പോരം കുഞ്ഞു് അവളുടെ പുറത്തുനിന്നു ചാടി ഇറങ്ങി ഒരൊററ ഓട്ടം കൊടുത്തു.

(4)

കുഞ്ഞപ്പുവിനേയും അച്ഛന്റെ മരുമകളുടെ കുട്ടിയായ കൃഷ്ണനേയും ഒരു ട്യൂട്ടർ വീട്ടിൽ വന്നു പഠിപ്പിക്കാറുണ്ടു്. കൃഷ്ണൻ പഠിപ്പിൽ വലിയ അമാന്തമാണു്. ട്യൂട്ടർ അയാളെ വളരെ അടിക്കും. കുഞ്ഞപ്പു പഠിപ്പിൽ മിടുക്കനാണെന്നു പറയും. അങ്ങനെ ചെറുപ്പം മുതൽക്കു് താൻ മിടുക്കനാണെന്നു് കുഞ്ഞപ്പു ധരിച്ചുകഴിഞ്ഞു. ആരോഗ്യം കുറവായിരുന്നതിനാൽ എല്ലാവരും കുഞ്ഞപ്പുവിനെ പ്രത്യേകം ശ്രദ്ധയോടെ നോക്കിവന്നു. നല്ല സ്വഭാവം; പഠിപ്പിൽ മിടുക്കൻ; ആരോഗ്യക്കുറവു്—ഇതെല്ലാം ചേന്നപ്പോരം കുഞ്ഞപ്പു ആദ്യം മുതൽ ഒരു കൊച്ചു അഹംഭാവിയായിത്തുടങ്ങിയിരിക്കണം. ഏതായാലും കൃഷ്ണനുമായുള്ള കളികളിലും വഴക്കുകളിലും കുഞ്ഞപ്പുവിനു എപ്പോഴും വിജയം ആയിരുന്നു. കുഞ്ഞപ്പുവിന്റെ ഭാഗത്തു വാദിക്കാൻ ആളുണ്ടായിരിക്കും. കൃഷ്ണനെ അവർ കുററപ്പെടുത്തും. ഒരു ദിവസം അമ്മു അമ്മ — കൃഷ്ണന്റെ അമ്മയുടെ പേരാണതു് — കുഞ്ഞപ്പുവിനെ മുററത്തു നിർത്തി എണ്ണ തേപ്പിക്കുകയാണു്. മുണ്ടും കൌപീനവും എല്ലാം അഴിച്ചിട്ടിട്ടുണ്ടു്. കുഞ്ഞപ്പുവിനു് നാണമായി വഴക്കിടാൻ തുടങ്ങി. അപ്പോരം കൃഷ്ണനും അമ്മൂമ്മയും കൈകൊട്ടി പരിഹാസം തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോരം കൃഷ്ണനേയും അതുപോലെ നഗ്നനാക്കി എണ്ണ തേപ്പിച്ചു തുടങ്ങി.

അപ്പോഠം കുഞ്ഞപ്പു കൈകൊട്ടി കൃഷ്ണനെ പരിഹസിച്ചു. ഇങ്ങനെ രണ്ടു പേരും ഒരുമിച്ചു കളിച്ചും കുളിച്ചും പഠിച്ചും വളൎന്നു.

ഓണക്കാലത്തു നാട്ടിലുള്ള കുട്ടികളുടെ കൂത്തരങ്ങാണു് കുഞ്ഞപ്പുവിൻെറ വീടു്. അച്ഛൻ ഒരു വക്കീലും നാട്ടിൽ പ്രമാണിയും ആയിരുന്നു. അടുത്തുള്ള വീടുകളിൽ നിന്നെല്ലാം പെൺകുട്ടികഠം കുഞ്ഞപ്പുവിൻെറ വീട്ടിൽ വന്നുചേരും. ഓടിക്കളി, ഒളിച്ചുകളി, വട്ടുകളി, കൈകൊട്ടിക്കളി, പന്തടി ഇതൊക്കെയാണു് അന്നത്തെ കളികഠം. പകൽ മുഴുവൻ ഓട്ടവും ചാട്ടവും ബഹളവും തന്നെ. അതിലെല്ലാം കുഞ്ഞപ്പുവിനും പങ്കുണ്ടായിരുന്നു. നാരാണത്തു് വാഴ്ത്തു് നല്ല പാട്ടു പാടുന്ന ഒരു കുട്ടിയുണ്ടായിരുന്നു. കുട്ടിയുടെ പാട്ടു് കേഠക്കുന്നതു് മുഖ്യമായും കുഞ്ഞപ്പുവായിരുന്നു.

## പൂജക്കാരൻ

വീട്ടിൽ വെച്ചു് പഠിപ്പിച്ചതല്ലാതെ കുഞ്ഞപ്പുവിനെ ചെറുപ്പത്തിൽ സ്കൂളിൽ അയച്ചില്ല. രണ്ടു ജ്യേഷ്ഠന്മാർ സ്കൂളിൽ പഠിച്ചിരുന്നു. തനിക്കും സ്കൂളിൽ പോകണമെന്നു കുഞ്ഞപ്പുവിനു് മനസ്സിൽ വലിയ ആഗ്രഹമാണു്. അന്നു അമ്മയോടു പറഞ്ഞു കരയാറുണ്ടു്. പക്ഷെ കുഞ്ഞപ്പുവിനെ സ്കൂളിൽ അയക്കേണ്ടെന്നു അച്ഛൻ തീർച്ചയാക്കിയിരുന്നു. ജാതകം നോക്കിയിട്ടാണു് അങ്ങനെ ചെയ്തതു്. കുഞ്ഞപ്പുവിനെക്കൊണ്ടു് വീട്ടിലേക്കു് ഗുണമുണ്ടാവില്ല. അവൻ ഒരു ദൈവവിശ്വാസിയായി പോകും. അതുകൊണ്ടു് സംസ്കൃതവും വൈദ്യവും പഠിച്ചാൽ മതിയെന്നു് തീർച്ചയാക്കിയിരുന്നു. അച്ഛൻ തന്നെ കുഞ്ഞ

പ്പുവിനെ അമരകോശം ചൊല്ലിക്കും. അതു കാണാതെ ചൊല്ലുവാൻ പഠിക്കണം. കുഞ്ഞപ്പുവിനാണെങ്കിൽ അതിൽ അശേഷം രസമില്ല. മനഃപാഠമാക്കുന്നതിൽ അശേഷം താല്പര്യമില്ലായിരുന്നു. എളുപ്പത്തിൽ മറക്കുകയും ചെയ്യും. അക്കാര്യത്തിൽ അച്ഛൻ വളരെ ശ്രമിച്ചിട്ടും വലിയ ഗുണമുണ്ടായില്ല. എന്നാൽ ട്യൂട്ടർ പഠിപ്പിക്കുന്ന വിഷയങ്ങളിൽ, അതായതു് മലയാളം, ചരിത്രം, ഇംഗ്ലീഷ് മുതലായതിൽ, കുഞ്ഞപ്പു സമർത്ഥനായിരുന്നു. അക്കാലത്തു് ഒന്നാം പാഠത്തിൽ പഠിച്ച ഒരു വാചകത്തിന്റെ അർത്ഥം കുഞ്ഞപ്പുവിനു് ഒരിക്കലും മനസ്സിലായില്ല. യുവാവായി കോളേജിൽ പഠിക്കുന്ന കാലത്തും ആ വാചകത്തിന്റെ അർത്ഥം എന്താണെന്നു് ആലോചിക്കാറുണ്ടു്. പക്ഷെ പരിശ്രമം നിഷ്ഫലമായി. പിന്നെ കുറെ പ്രായമായശേഷമാണു് അതിന്റെ രഹസ്യം കണ്ടുപിടിച്ചതു്. ആ വാചകം ഇതാണു് ''പൈദാഹം പിടിച്ചു മരിച്ചു.'' എന്താണു് 'പൈദാഹം' എന്നാണു് കുഞ്ഞപ്പുവിനു് മനസ്സിലാകാതിരുന്നതു്. ദാഹം അറിയാം. പൈദാഹം എന്താണു്? ആരും പറഞ്ഞുകൊടുത്തുമില്ല. സായ്പിന്റെ മലയാളമായതുകൊണ്ടാണു് മനസ്സിലാവാഞ്ഞതു്. 'പൈ ദാഹം പിടിച്ചു മരിച്ചു' എന്നാണു് വാചകം. സാധാരണ വായിക്കാറു് 'പൈദാഹം' എന്നു് ഒന്നിച്ചായിരുന്നു. 'പൈ' എന്താണെന്നു് അറിയാതിരുന്നതുകൊണ്ടാണു് 'പൈദാഹം' എന്നു വായിച്ചിരുന്നതു്. അതു വല്ല രോഗവും ആയിരിക്കാമെന്നാണു് കുഞ്ഞപ്പു ധരിച്ചതു്. ആരോടും ചോദിച്ചതുമില്ല. എന്നാൽ ഈ സംശയം ഉള്ളിൽ മാറാതെ കിടന്നു. പ്രായമായി, വക്കീലായി. ഒരിക്കൽ ചെറുപ്പത്തിലെ സംശയത്തെപ്പററി ചിന്തിക്കാൻ തുടങ്ങി.

യപ്പോഠം തോന്നി 'പൈദാഹമല്ല' പൈ ദാഹം പിടിച്ചു മരിച്ചു എന്നായിരിയ്ക്കും എന്നു്. ഇവിടെ 'പൈ' എന്ന പദംകൊണ്ടു പശു അഥവാ 'പയ്യ്' എന്ന മൃഗത്തെയാണു് ഉദ്ദേശിച്ചിരിക്കുന്നതു്. ശരിയായ അത്ഥം മനസ്സിലായതു് അറുപതാമത്തെ വയസ്സിൽ ക്രിസ്ത്യാനികളുടെ പുതിയ നിയമം വായിച്ചപ്പോഴാണു്. അതിൽ 'വിശപ്പും ദാഹവും' എന്നതിനു് പൈദാഹം എന്നു് എഴുതിക്കണ്ടപ്പോഴാണു് കാൎയ്യം മനസ്സിലായതു്. സായ്പിൻെറ മലയാളം മനസ്സിലാക്കാൻ ഒരു പുരുഷായുസ്സു മുഴുവൻ വേണ്ടിവരും. അതു് ശരിയായ മലയാളപ്രയോഗമല്ല. തമിഴിൽ 'പൈ' എന്നു പറയുന്നതനുസരിച്ചു മലയാളത്തിലും അങ്ങനെ ചേൎത്തതായിരുന്നു. 'പൈ' എന്നാൽ 'പശു' അല്ല എന്നു മനസ്സിലാക്കാൻ അറുപതു വയസ്സാകേണ്ടിവന്നു. *

(5)

അച്ഛൻ വക്കീൽപണി നിൎത്തി യോഗാഭ്യാസം തുടങ്ങിയിരുന്നു. അതിലേക്കായി ഒരു പുതിയ കെട്ടിടം നിൎമ്മിച്ചു് ഒരു കുളവും കുഴിച്ചു. നേരം വെളുക്കുന്നതിനു മുൻപു് അച്ഛൻ എണീററു് അവിടേയ്ക്കുപോകും. പിന്നെ മടങ്ങിവരുവാൻ ഉച്ചയ്ക്കു് പന്ത്രണ്ടുമണിയാകും. അതിനിടയ്ക്കു് കുഞ്ഞപ്പുവിനു് ചില പ്രധാന ജോലികഠം ചെയ്തു തീൎക്കുവാനുണ്ടു്. കുളിച്ചു ശുദ്ധമായി പൂജയ്ക്കു് പൂവറുത്തു് ജലപാത്രവും മററും ഒരുക്കി പുതിയ കെട്ടിടത്തിൽ ഒരുങ്ങിയിരിക്കണം. അച്ഛൻ യോഗമുറകഠം കഴിഞ്ഞു പുറത്തുവരു

* 'പൈ' എന്നതിനു് വിശപ്പു് എന്നും പശു എന്നും ശബ്ദതാരാവലിയിൽ അത്ഥം കൊടുത്തിട്ടുണ്ടു്.

മ്പോൾ ഇതെല്ലാം ഒരുക്കി കൊടുക്കണം. അച്ഛൻ അതു വാങ്ങിച്ച് വീടിൻെറ മുകളിലേക്ക് വീണ്ടും പോകും. അപ്പോൾ കുഞ്ഞപ്പു മടങ്ങിപ്പോരും. ഇതൊരു നിർബന്ധ ജോലിയായി കുഞ്ഞപ്പു ചെയ്തിരുന്നു. അതിൽ സന്തോഷം അശേഷം ഇല്ലായിരുന്നു. സ്കൂളിൽ പോകണം എന്നാണ് അപ്പോഴും വിചാരം. പക്ഷേ വളരെ അനുസരണയോടും ഭക്തിയോടുംകൂടി ജോലി പതിവായി ചെയ്തുവന്നു. കുളി കഴിഞ്ഞാൽ പിന്നെ വഴിയിൽക്കൂടി നടക്കുന്നതു് വളരെ സൂക്ഷിച്ചായിരിക്കണം. തീണ്ടൽ ജാതിക്കാർ അടുത്തുവരാതെ നോക്കണം. അടുത്തുവന്നാൽ വീണ്ടും പോയി ഒന്നുകൂടി കുളിക്കും. മനസ്സിൽ ദൈവനാമം ജപിച്ചുകൊണ്ടിരിക്കണം. നെററിയിലും, മാറിലും. കൈകളിലും, ഭസ്മം നനച്ചു വരയിട്ടു് പൂശിയിരിക്കും. നനഞ്ഞ വസ്ത്രമുടുത്തു് ജോലിയെല്ലാം പൂർത്തിയായി. കണ്ടാൽ കുഞ്ഞപ്പു നല്ല ഒരു ഭക്തനായിരുന്നു. പോരെങ്കിൽ കഴുത്തിൽ ഒരു രുദ്രാക്ഷവും കൂടിയിട്ടു ആ ചെറുപ്പത്തിൽ തന്നെ.

നാലു് ക്ലാസ്സുവരെയുള്ള പാഠങ്ങൾ വീട്ടിൽവെച്ചു് പഠിച്ചു പൂർത്തിയാക്കി. സ്കൂളിൽ പോകണമെന്നുള്ള ആഗ്രഹം ബഹുശക്തിയായി വളൎന്നു. പഠിപ്പിച്ചിരുന്ന ട്യൂട്ടർ ബലമായി ശിപാൎശ ചെയ്തു. കുഞ്ഞപ്പു നല്ലപോലെ പഠിക്കും. സ്കൂളിൽ അയയ്ക്കണം. കൃഷ്ണനെ അയച്ചിട്ടു്, പ്രയോജനമില്ല എന്നു് അയാൾ പറയുമായിരുന്നു. അങ്ങനെ അവസാനം കുഞ്ഞപ്പുവിനെ ഒന്നാം ഫോറത്തിൽ ചേൎക്കുവാൻ തീൎച്ചയാക്കി. സി. എം. എസ്. ഹൈസ്കൂളിൽ ഹെൻറി മാസ്റ്ററുടെ ക്ലാസ്സിൽ ഒരു വിദ്യാൎത്ഥിയായി ചേൎക്കപ്പെട്ടു. ഉദ്ദേശം പത്തു് വയസ്സുണ്ടായിരിക്കും അപ്പോൾ.

അതുവരെ സ്കൂൾ കാണാതെ പഠിച്ചതുകൊണ്ടു് മററു കുട്ടികളോടൊപ്പം എത്തുവാൻ കുഞ്ഞപ്പുവിനു് ആദ്യവർഷത്തിൽ കുറെ പ്രയാസമുണ്ടായിരുന്നു. പക്ഷേ, പഠിപ്പിൽ നല്ല ശ്രദ്ധയുണ്ടായിരുന്നതിനാൽ വലിയ പരാജയം നേരിട്ടില്ല. കണക്കിൽ കുറെ മോശമായിരുന്നു. മററു വിഷയങ്ങളിൽ അധികം പ്രയാസമില്ലാതെ കഴിഞ്ഞുകൂടി. ഹെൻറിമാസ്റ്റർ നല്ലപോലെ ചൂരൽ ഉപയോഗിക്കുന്ന ഒരാളായിരുന്നു. പക്ഷേ, ചൂരൽ പൊക്കിയാൽ കുഞ്ഞപ്പു തേങ്ങിക്കരഞ്ഞുതുടങ്ങും. അടി കൊള്ളുന്നതു് വലിയ ദുഃഖവും ലജ്ജയുമായിരുന്നു. അടി കിട്ടിയ ദിവസം മുഴുവൻ മുഖം ചുവന്നു് ദുഃഖിതനായിരിക്കും. അതുകൊണ്ടു് കുഞ്ഞപ്പുവിനെ മാസ്റ്റർ അടിക്കാതെയായി. അടിക്കയാണെങ്കിൽതന്നെ വേദനയാകാതെ അടിക്കും. പക്ഷെ കുഞ്ഞപ്പു നല്ല കുട്ടിയായതിനാൽ ആക്കും പരാതിയും വഴക്കും ഉണ്ടായിരുന്നില്ല. അതും അടിക്കാതിരിക്കുന്നതിനു് ഒരു കാരണമായിരുന്നു.

സ്ക്കൂൾ വിട്ടാൽ ഉടനെ വീട്ടിൽ മടങ്ങി എത്തും. കുളിയും ഊണും കഴിയും, സന്ധ്യയ്ക്കുമുമ്പു് തന്നെ. പിന്നെ കുറച്ചു നേരം ഇരുന്നു പഠിക്കും. സന്ധ്യയായാൽ പ്രാർത്ഥനയായി. അതും കഴിഞ്ഞു കിടക്കുന്നതിനു മുൻപു് രാമായണം വായിക്കും. അച്ഛനും അമ്മയും കൂടിയാണു് വായിപ്പിക്കുക, അമ്മയ്ക്കു് രാമായണം വളരെ ഭംഗിയായി രാഗത്തിൽ വായിക്കാൻ അറിയാമായിരുന്നു. സംഗീതത്തിലും അമ്മയ്ക്കു് കുറെയൊക്കെ പരിശീലനം ഉണ്ടായിരുന്നു. താഴെയുള്ള സഹോദരിമാരെക്കൊണ്ടും രാമായണം വായിപ്പിക്കുമായിരുന്നു. ഇതെല്ലാം കഴിച്ചു് ഒമ്പതു മണി

യോടു കൂടി കിടക്കും. സ്കൂളിൽ ചേൎന്ന് ആദ്യത്തെ കൊല്ലം കണക്കിനു തോററു. മറെറല്ലാ വിഷയത്തിനും പാസ്സായിരുന്നു. അതുകൊണ്ടു് മദ്ധ്യവേനൽ ഒഴിവു കഴിഞ്ഞപ്പോൾ ഒന്നാംഫാറത്തിൽനിന്നും രണ്ടാം ഫാറത്തിലേയ്ക്ക് കയററം കൊടുത്തവരുടെ കൂട്ടത്തിൽ കുഞ്ഞപ്പുവിൻെറ പേർ ഇല്ലായിരുന്നു. അതു് സഹിക്കാൻ വയ്യാത്ത ഒരു ദുഃഖമായിത്തീൎന്നു. കുഞ്ഞപ്പു ക്ലാസിന്നു വെളിയിൽനിന്നു ധാരധാരയായി കണ്ണീരൊഴുക്കി കരഞ്ഞു തുടങ്ങി. അപ്പോൾ അതിലെ പോയ രണ്ടാം ഫാറത്തിലെ മാസ്റ്റർ ''കുഞ്ഞപ്പുവിൻെറ കാര്യം ഞാൻ നോക്കിക്കൊള്ളാം. അവൻ പഠിക്കും. അതുകൊണ്ടു് അവനു് കയററം കൊടുക്കണം'' എന്നു് ഹെഡ്മാസ്റ്ററോടു് ശുപാൎശ ചെയ്തു. അങ്ങനെ ആ കൊല്ലം തന്നെ കുഞ്ഞപ്പുവിനെ രണ്ടാം ഫാറത്തിൽ കയററിവിട്ടു. അതിനുശേഷം പരീക്ഷ പാസ്സാവുന്ന കാര്യത്തിൽ കുഞ്ഞപ്പുവിനു് സംശയം ഉണ്ടായിട്ടില്ല. എല്ലാ കൊല്ലവും നല്ലപോലെ പ്രയാസപ്പെട്ടു പഠിക്കും; പരീക്ഷ കഴിഞ്ഞാൽ പാസ്സാവുമെന്നുള്ള ധൈര്യത്തോടുകൂടി ഇരിയ്ക്കും.

രണ്ടും മൂന്നും ഫാറങ്ങളിൽ വെച്ചു തന്നെ കുഞ്ഞപ്പു വിദ്യാൎത്ഥികളുടെ ഇടയിൽ ഒരു പ്രധാനിയായിത്തുടങ്ങി. സാഹിത്യ സമാജങ്ങളിൽ ധൈര്യമായി പ്രസംഗിക്കും. കളികളിൽ പങ്കെടുക്കും. മൂന്നാം ഫാറത്തിൽ പഠിക്കുമ്പോൾ ഫുട്ബോൾ ടീമിൻെറ ക്യാപ്ററനായി തിരഞ്ഞെടുക്കപ്പെട്ടു. കുഞ്ഞപ്പുവിനു് ഫുട്ബോൾ കളിയിൽ വലിയ രസമോ സാമൎത്ഥ്യമോ ഉണ്ടായിരുന്നില്ല. എങ്കിലും കുട്ടികളുടെ ഇടയിൽ ഒരു പ്രമാണിയായിരുന്നതി

നാൽ ക്യാപ്റ്ററനാക്കിയതാണു്. പക്ഷേ, അതു താമസിയാതെ കുഞ്ഞപ്പു ഉപേക്ഷിച്ചു. ഒരു ദിവസം കളിക്കുമ്പോൾ പന്തു് വന്നു് നേരെ വയററിൽ ശക്തിയായി അടിച്ചു. അന്നു മുതൽ പന്തുകളിയിൽ വലിയ ഭയമായിത്തുടങ്ങി. ഒരിക്കൽ തലകൊണ്ടു് പന്തു് ഹെഡ്ഡ് ചെയ്യുവാൻ ശ്രമിച്ചു. അതും വലിയ വേദനയ്ക്കു കാരണമാക്കി. അങ്ങനെ ഫുട്ബോൾ കളി വേണ്ടെന്നു വെച്ചു.

പക്ഷേ പഠിപ്പിൽ ക്രമേണ ഉയൎന്നുവന്നു. മൂന്നു്, നാലു്, അഞ്ചു് ഈ ഫോറങ്ങളിലെ വാൎഷിക പരീക്ഷകളിൽ രണ്ടാമനായി ജയിച്ചതുകൊണ്ടു് സ്കോളർഷിപ്പു കിട്ടുകയും നാലു്, അഞ്ചു്, ആറു് ഫാറങ്ങളിൽ ഫീസു കൊടുക്കാതെ പഠിക്കാൻ സാധിക്കുകയും ചെയ്തു. ഈ കൊല്ലങ്ങളിൽ ഒന്നാമനായതു് പി. ജി. ഗോപാലകൃഷ്ണൻ എന്ന സ്നേഹിതനായിരുന്നു. സ്കോളർഷിപ്പിൽ ഫീസു കൊടുത്തു കഴിഞ്ഞ് കൊല്ലാവസാനത്തിൽ കുറച്ചു സംഖ്യ മിച്ചമുണ്ടായിരുന്നു. അതു കിട്ടിയാൽ ഉടനെ അമ്മയ്ക്കു് കൊണ്ടുകൊടുക്കുമായിരുന്നു. പണം കൈയിൽ വെക്കണമെന്നും സ്വന്തമായി ചിലവിടണമെന്നുമുള്ള വിചാരം അക്കാലങ്ങളിൽ ഉണ്ടായിരുന്നില്ല തന്നെ. ഹൈസ്കൂൾ ഫാറങ്ങളിൽ ആയപ്പോൾ സ്കൂളിനു പുറത്തും പല പരിശ്രമങ്ങൾ ആരംഭിച്ചു. ദിവസവും സ്കൂൾ വിട്ടാൽ കളി, ഊണ് എന്നിവ കഴിഞ്ഞു ടൗൺ വായനശാലയിൽ പോയി പത്രം വായിക്കുക പതിവാക്കി. വിവേകോദയം സമാജം ആരംഭിച്ചതു മുതൽ അതിലെ ഒരു സജീവ അംഗമായിരുന്നു. മതവിഷയങ്ങൾ പഠിക്കാനാണു് അതു് ആരംഭിച്ചതു്. അച്ഛൻ ഒരു തിയോസഫി മെമ്പർ ആയതിനുശേഷം ആ

സംഘത്തിൻെറ യോഗങ്ങരം ഞായറാഴ്ചതോറും കുഞ്ഞപ്പു വിൻെറ വീട്ടിൽവച്ചാണ് നടത്തിയിരുന്നത്. ആ യോഗങ്ങളിലെ പ്രസംഗങ്ങളും വാദങ്ങളും വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കും. അങ്ങിനെ ഗീതയെപ്പററി കുറെ പരിജ്ഞാനം ലഭിക്കുവാൻ സാധിച്ചു. അക്കാലത്തു് തിയോസഫി സംഘത്തിൻേറയും രാമകൃഷ്ണ മിഷ്യൻേറയും പ്രസിദ്ധീകരണങ്ങരം അനവധി വായിച്ചിട്ടുണ്ട്. അതിലെ വിഷയങ്ങളെപ്പററി പഠിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നതു് ഒരുത്സാഹമായിരുന്നു. ടൗണിലുള്ള ഹൈസ്കൂളുകളിലെ വിദ്യാൎത്ഥികരം സഹകരിച്ചു ഒരു Inter School സംഘം ആരംഭിക്കുകയും അതിൻെറ സെക്രട്ടറിയായി ചുമതല വഹിക്കുകയും ചെയ്തു. പക്ഷേ അതു് അധികം മാസങ്ങരം നടന്നില്ല. അന്നു് വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഡേവീസ് സായ്പിനു് അതു ഇഷ്ടമില്ലായിരുന്നു. പല സ്കൂളുകളിലെ വിദ്യാൎത്ഥികരം സഹകരിച്ചു പ്രവൎത്തിക്കുന്നതു് പാടില്ലെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ നേരിട്ടു കണ്ടു വിവരം പറഞ്ഞു സമ്മതം വാങ്ങുവാനായി കുഞ്ഞപ്പുവിനെ സംഘക്കാർ അയച്ചു. സായ്പിൻെറ ബങ്കളാവിൽ ചെന്നു് വിവരം അറിയിച്ചപ്പോരം, സായ്പ് വന്നു്, പാടില്ല, അങ്ങനെയൊരു സംഘം ആവശ്യമില്ല എന്നു പറഞ്ഞു കോവണി കയറി മുകളിലേക്കു് പോകയും കുഞ്ഞപ്പു വിഷണ്ണനായി മടങ്ങിപ്പോരുകയും ചെയ്തു. അതോടുകൂടി സംഘം നിന്നുപോയി. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തു് ഗാന്ധിയുടെ പ്രവൎത്തനങ്ങളിൽ വളരെ താല്പര്യമായിരുന്നു. കുഞ്ഞപ്പുവിൻെറ ചെറുപ്പകാലത്തു് സ്വഭാവരൂപീകരണത്തിനു കാരണമായിത്തീൎന്ന രണ്ടു മഹാവ്യ

ക്തികരം ആനിബസൻറ് മദാമ്മയും മഹാത്മാ ഗാന്ധി യുമാണ്. അഭിപ്രായത്തിലും പൊതു ജീവിതത്തിലും ആനിബസൻറും വ്യക്തിസ്വഭാവത്തിൽ ഗാന്ധിയും ശക്തിയായ മാതൃകകളായിത്തീൎന്നു.

ഈ വൎഷങ്ങളിൽ കുഞ്ഞപ്പുവിൻെറ ജീവിതത്തെ ഭരിക്കുന്ന പ്രധാന സ്വഭാവധൎമ്മങ്ങരം ഹൃദയത്തിൽ വേരുറച്ചു കഴിഞ്ഞു. അഗാധമായ ദൈവാശ്രയം, സത്യനിഷ്ഠ, മുടങ്ങാതെയുള്ള നിത്യപ്രാൎത്ഥന, മോഹങ്ങളിൽ വിരക്തി, ആഹാരാദികളിൽ നിയന്ത്രണം, പൊതുസേവനപരമായ കാൎയ്യങ്ങളിൽ നിരന്തര പരിശ്രമം, ആത്മീയ ഗ്രന്ഥങ്ങളുടെ പാരായണം ഇതെല്ലാം സ്ഥിരമായ ജീവിതത്തിലെ സ്വഭാവമായിത്തീൎന്നു. ദിവസവും രണ്ടുനേരം രഹസ്യമായി പ്രാൎത്ഥിക്കുന്നതു് പതിവായിത്തീൎന്നു. പരീക്ഷക്കു് എഴുതുവാൻ ഇരിക്കുമ്പോരം ചോദ്യക്കടലാസ്സ് കയ്യിൽ കിട്ടിയാൽ ഉടനേ കണ്ണടച്ച് കുറച്ചുനേരം പ്രാൎത്ഥിച്ചല്ലാതെ അതു വായിക്കുകതന്നെ ചെയ്യില്ല. മിഷ്യൻസ്കൂളിൽ ബൈബിരം പഠിപ്പിച്ചിരുന്നതിലും വളരെ ശ്രദ്ധയുണ്ടായിരുന്നു. Peter Cater എന്ന ബൈബിരം പരീക്ഷയിൽ ചേൎന്നു പാസ്സാകുകയും ചെയ്തു.

ഒരു ദിവസം ബൈബിരംക്ലാസിൽ ടി. സി. ജോൎജ്ജ് എന്ന മാസ്റ്റർ ''എല്ലാവരും എൻെറ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ രക്ഷിക്കും'' എന്നു് ക്രിസ്തു പറഞ്ഞതുപോലെ ലോകത്തിൽ ഒരാളും പറഞ്ഞിട്ടില്ലെന്നു വാദിച്ചു. അതു് കുഞ്ഞപ്പുവിനു സമ്മതമായില്ല. അന്നു് രാത്രി വളരെനേരം ഉറക്കമൊഴിച്ച് കുഞ്ഞപ്പു ഗീതാശ്ലോകങ്ങരം ആദ്യവസാനം തിരഞ്ഞുനോക്കി. ശ്രീകൃ

ഷ്ണൻ അതേപ്രകാരം പറഞ്ഞിട്ടുള്ള വാക്കു് കണ്ടു പിടിച്ചു. ''എല്ലാം ഉപേക്ഷിച്ചു് എന്നെ ശരണം പ്രാപിക്കുക; ഞാൻ നിന്നെ വിപത്തിൽനിന്നു രക്ഷിക്കും.'' എന്നു് കൃഷ്ണൻ പറഞ്ഞിട്ടുള്ളതിനെ പിറേറ ദിവസം ബൈബിൾ ക്ലാസ്സിൽ എടുത്തുകാണിച്ചു വായിച്ചു. ജോർജ്ജ് മാസ്റ്റർക്കു് അതത്ര ഇഷ്ടമായില്ല. എങ്കിലും അദ്ദേഹം എപ്പോഴും ഞങ്ങളുടെ ഒരു പ്രിയപ്പെട്ട മാസ്റ്റർ ആയിരുന്നു. ഞങ്ങൾ ചിലപ്പോൾ അദ്ദേഹത്തിൻെറ വീട്ടിൽ പോയി ചായ കുടിക്കാറുണ്ടു്. തിയോസഫി സംഘം വക പുസ്തകങ്ങൾ വായിച്ചിട്ടാണു് ക്രിസ്തുവിനെപ്പററി അധികം അറിവാനും ക്രിസ്തുവിനെ ഭക്തിയോടുകൂടി ഭജിക്കാനും ഇടയായതു്. അക്കാലത്തു് ദിവസവും ഈ പ്രാർത്ഥനകളിൽ '' ക്രിസ്തുവിനെപ്പോലെ എൻെറ ജീവിതം മുഴുവൻ മററുള്ളവരുടെ നന്മയ്ക്കായി കൊടുക്കുവാൻ സാധിക്കണമേ'' എന്നു പ്രാത്ഥിക്കുക പതിവായിരുന്നു. ഗീതാ പ്രസംഗങ്ങൾ കേട്ടിട്ടു് പഠിച്ച പ്രധാന സംഗതി ''രാഗ വിദ്വേഷങ്ങൾ'' ഇല്ലാതെ ജീവിക്കണമെന്നുള്ള തത്വമായിരുന്നു. സ്നേഹവും വിരോധവും പാടില്ലെന്നു പറഞ്ഞതിനാൽ മാതാപിതാക്കന്മാരോടും വീട്ടിലുള്ള മററുള്ളവരോടും സ്നേഹിതന്മാരോടും തന്നെ വലിയ സ്നേഹം പാടില്ലെന്നുകൂടി കുഞ്ഞപ്പ വിശ്വസിച്ചു. അതു് മനസ്സിൻെറ പ്രകൃതിയായിത്തീരുകയും ചെയ്തു. ലോകത്തോടു് പൊതുവിലുള്ള വൈരാഗ്യം ജീവിതത്തിലെ ഒരു മാറാസ്വഭാവമായിത്തീൎന്നു.

അക്കാലത്തു് മഹാത്മാഗാന്ധി ആരും കാപ്പി, ചായ, മദ്യം, സിഗരററു് മുതലായവ ഉപയോഗിക്കരുതെന്നു് പ്രക്ഷോഭണം നടത്തുകയായിരുന്നു. കുഞ്ഞപ്പ അതിൽ പൂൎണ്ണ

മായി വിശ്വസിച്ചു. അന്നുമുതൽ കാപ്പിയും ചായയും കുടിക്കാതെയായി. ആ നിശ്ചയത്തെ ജീവിതം മുഴുവൻ പാലിച്ചുപോന്നു. പുകവലിശീലം ഒരിക്കലും ഉണ്ടായിരുന്നില്ല. ഒരിക്കൽ ഒരു സിഗരററു വലിച്ചുനോക്കി. പക്ഷേ അതു് അശേഷം സുഖിച്ചില്ല. ആഹാരാദികളിൽ നിയന്ത്രണവും പഠിച്ചു. വീട്ടിലോ പുറത്തോ ആഹാരകാര്യങ്ങളിൽ കുഞ്ഞപ്പുവിനു് വാശിയോ വഴക്കോ ഒരിക്കലും ഉണ്ടായിട്ടില്ല. കിട്ടിയതു് കഴിക്കുക എന്നുള്ളതു് അന്നു മുതല്ക്കുള്ള ശീലമാണു്. പുളിയുള്ളതു്, ഉപ്പിലിട്ടതു്, പപ്പടം മുതലായവയും കുഞ്ഞപ്പു ഉപേക്ഷിക്കുകയോ കുറയ്ക്കുകയോ ചെയ്യുവന്നു. മഹാത്മാഗാന്ധിയുടെ സത്യാഗ്രഹപ്രസ്ഥാനത്തിലും വലിയ വിശ്വാസമായിരുന്നു. പക്ഷേ ഖദർ പ്രസ്ഥാനത്തിൽ അന്നും പിന്നീടൊരിക്കലും വിശ്വസിച്ചിട്ടില്ല. ഖദർ ധരിച്ചിട്ടുമില്ല. എന്നാൽ സ്വദേശി പ്രസ്ഥാനത്തോടു് അനുകൂലവും കഴിയുന്നത്ര സ്വദേശി സാധനങ്ങൾ ഉപയോഗിച്ചുവരികയും ചെയ്തു. അങ്ങനെ പഠിപ്പിലും, അറിവിലും, ഭക്തിയിലും, സ്വഭാവഗുണത്തിലും, പൊതുസേവനത്തിലും, പരിശ്രമങ്ങളിലും കുഞ്ഞപ്പു വിദ്യാത്ഥികളുടെ അനിഷേദ്ധ്യ നേതാവായിത്തീന്നു.

എല്ലാ ക്ലാസിലും ഒന്നാമനായി പാസ്സായിരുന്ന ഒരു സ്നേഹിതൻ ഉണ്ടായിരുന്നു. അയാൾ ഒരവസരത്തിൽ സ്കൂളിലെ ആഫീസ് മുറി കള്ളത്താക്കോൽ ഉപയോഗിച്ചു തുറന്നു് പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ്സു് മോഷ്ടിച്ചു. അതു പ്രമാദമായ ഒരു കേസ്സായി. വിവരം ഉടനെ വിദ്യാഭ്യാസ ഡയറക്ടർക്കു് റിപ്പോർട്ടു് ചെയ്യേണ്ടതാണു് അന്നത്തെ മുറ. എന്നാൽ ആ കുട്ടിയെ ഉടനെ സ്കൂളിൽനിന്നും ഡിസ്മിസ്

ചെയ്യും. പിന്നീട് മറെറാരു സ്ക്കൂളിലും ചേരാനോ പഠിക്കാനോ അയാറംക്ക് സാധിക്കുകയുമില്ല. അയാളുടെ ജീവിതം മുഴുവൻ നഷ്ടമായിപ്പോകും. പഠിപ്പിൽ അതി സമർത്ഥനായിരുന്ന അയാറം. ഇങ്ങനെ നശിക്കുന്നതു് കഷ്ട മാണെന്നു് സ്റ്റീഫൻമാസ്റ്റക്ക് തോന്നി. കേസ്സ് പരസ്യമാ ക്കാതെകഴിക്കാൻ നിശ്ചയിച്ചു. പിന്നീട് മാസ്റ്റർ തന്നേയും കുററക്കാരനായ ഗോപാലകൃഷ്ണനേയും വിളിച്ച് ചെയ്ത കുററത്തിൻെറ വലുപ്പത്തെപ്പററിയും അതിന്നു ലഭിക്കേണ്ട ശിക്ഷ എന്താണെന്നും പറഞ്ഞു മനസ്സിലാക്കിയശേഷം മാസ്റ്റർ കുഞ്ഞപ്പുവിനോടു പറഞ്ഞു ''ഇയാളെ ചെറിയ ഒരു അടി ശിക്ഷകൊടുത്തു രക്ഷിക്കണമെന്നാണു് വിചാരിക്കു ന്നതു്. പക്ഷേ ഒരു കാര്യം വേണം: കുഞ്ഞപ്പു ഈ കുട്ടിയ്ക്കു വേണ്ടി ജാമ്യം നില്ക്കണം. ഇനിമേൽ യാതൊരു കുററവും ചെയ്യുവാൻ ഇടയാക്കില്ല എന്നു് കുഞ്ഞപ്പു ജാമ്യം നി ല്ക്കണം. എന്നാൽ ഇപ്പോറം ക്ഷമിക്കാം.'' കുഞ്ഞപ്പു ഒരു പരമശുദ്ധനെപോലെ തൻെറ സ്നേഹിതനെ രക്ഷിക്കു വാനായി ജാമ്യം നില്ക്കാൻ സമ്മതിച്ചു. അതിൻെറ ഗൗരവ മോ തത്വമോ ഒന്നുംതന്നെ കുഞ്ഞപ്പുവിനു് അറിഞ്ഞു കൂടാ യിരുന്നു. സ്നേഹിതനെ സഹായിക്കാൻ മാത്രമായി അങ്ങ നെ ചെയ്തു. ആ കുട്ടി പിന്നീട് പഠിക്കയും എം. എ. പാസ്സാകുന്നതുവരെ സകല പരീക്ഷകളിലും ഒന്നാമനായി ജയിക്കയും ബമ്മയിൽ ഒരു പ്രൊഫസറായി ഉദ്യോഗം നോക്കയും ചെയ്തു.

ആ കാലത്തു് കുഞ്ഞപ്പുവിൻെറ ജീവിതം ഒരു പരി പാവന ജീവിതമായിരുന്നു. ജീവിതത്തിൽ യാതൊരു കുററവും കുറവും ഉണ്ടായിരുന്നില്ല. ലോകത്തിലെ കളങ്ക

ങ്ങളോ ദോഷങ്ങളോ ഒന്നും തന്നെ കുഞ്ഞപ്പുവിനെ ബാധിച്ചില്ല. പഠിപ്പിലും വിദ്യാൎത്ഥികളുടെ ഇടയിലുള്ള മററു പരിശ്രമങ്ങളിലും സദാ നിമഗ്നനായി കഴിഞ്ഞു. ഒരു നിമിഷമെങ്കിലും നഷ്ടമാക്കാതെ ഉപയോഗപ്പെടുത്തിക്കൊണ്ടിരുന്നു. ദൃഢമായ പല നിശ്ചയങ്ങൾ ചെയ്തു നടപ്പിൽ വരുത്തി. അങ്ങനെ എല്ലാ വിധത്തിലും ഒരു വിദ്യാൎത്ഥിയുടെ മാതൃകാജീവിതം നയിച്ചു. ആ കാലത്തു് മറെറാരു പ്രധാന നിശ്ചയം കുഞ്ഞപ്പു ചെയ്തു. അച്ഛൻ ഒരു പരിഷ്കാരിയായിരുന്നതിനാൽ ആഴ്ചയിലൊരിക്കൽ രഹസ്യമായി മാംസം കഴിച്ചിരുന്നു. അപ്പോൾ ആൺകുട്ടികളായ ഞങ്ങൾക്കും തരുമായിരുന്നു. പെൺകുട്ടികൾ ഒരിക്കലും മാംസം കഴിക്കയില്ല. ഒരു ദിവസം കുഞ്ഞപ്പു വീടിൻെറ പിൻവശമുള്ള മറപ്പുരയുടെ അടുത്തു ചെന്നപ്പോൾ അവിടെ ഒരു മുയലിനെ കെട്ടിത്തൂക്കി തോൽ ഉരിയുന്ന കാഴ്ച കാണ്മാൻ ഇടയായി. അതു കുഞ്ഞപ്പുവിനെ വല്ലാതെ ഭയപ്പെടുത്തുകയും മാംസം തിന്നുന്നതു ഒരു മഹാപാപമാണെന്നു തോന്നിക്കുകയും ചെയ്തു. അന്നുമുതൽ കുഞ്ഞപ്പു മാംസാഹാരം കഴിക്കയില്ലെന്നു നിശ്ചയിച്ചു. ആ നിശ്ചയം പിന്നീടു് എപ്പോഴും പാലിക്കയും ചെയ്തു.

തിയോസഫി സംഘവുമായുള്ള ബന്ധം മൂലം കുഞ്ഞപ്പു മനുഷ്യസാഹോദര്യത്തിൽ വലിയ വിശ്വാസിയായിത്തീൎന്നു. ജാതിവിചാരവും ഉച്ചനീചത്വങ്ങളും തെററാണെന്നും വിചാരിക്കാൻ തുടങ്ങി. അങ്ങനെ ആരംഭിച്ച വിപ്ലവമനഃസ്ഥിതിയാണു് ക്രമേണ വൎദ്ധിച്ചു് വളർന്നു ഹൈന്ദവ വിശ്വാസങ്ങളോടും സമുദായാചാരങ്ങളോടുമുള്ള എതിൎപ്പായി തീൎന്നതു്.

ഈ നല്ല ഗുണങ്ങളെല്ലാം ഉണ്ടായിരുന്നെങ്കിലും ആരും അറിയാതെ ഒരു ദുസ്സ്വഭാവം കുഞ്ഞപ്പുവിനെ പിടികൂടിത്തുടങ്ങി. തൻെറ പഠിപ്പിലും മററു ജോലികളിലും സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കുക എന്നല്ലാതെ കുടുംബത്തിലുള്ളവരെപ്പററി ചിന്തയോ സ്നേഹമോ ഇല്ലാതായിത്തുടങ്ങി. അവരെല്ലാം തനിക്കു വേണ്ടതു ചെയ്തുതരണമെന്നല്ലാതെ അവരോട് തനിയ്ക്കുള്ള ചുമതലയെപ്പററി ഒരു ബോധവും കുഞ്ഞപ്പുവിനുണ്ടായിരുന്നില്ല. ചില നിസ്സാര പ്രവൃത്തികൾ ചെയ്യുവാൻ അമ്മ ആവശ്യപ്പെട്ടാൽ പോലും കുഞ്ഞപ്പുവിനു അതു ചെയ്യുവാൻ മനസ്സില്ലാതെയായിത്തുടങ്ങി. താൻ മററു കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഈവക നിസ്സാര ജോലികൾ എടുക്കുന്നതു അഭിമാനകരമല്ലെന്നുള്ള ഒരു ചെറിയ ഡംഭ് കുഞ്ഞപ്പുവിനെ പിടികൂടി. അതെ താൻ മിടുക്കനും, നല്ലവനും ആണെന്നുള്ള ഒരു അഹംഭാവം തന്നെ.

## എറണാകുളം കോളേജിൽ

സ്കൂളിലുള്ള പഠിപ്പ് കഴിഞ്ഞു് എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാൎത്ഥിയായി ചേൎന്നു ഹോസ്റ്റലിൽ താമസമാക്കി. അവിടേയും പഠിപ്പിനുള്ള സാമൎത്ഥ്യത്തിനും സ്വഭാവത്തിനും പൊതുസേവനത്തിലുള്ള ശ്രദ്ധയ്ക്കും കുഞ്ഞപ്പു പ്രസിദ്ധനായിത്തീൎന്നു. കോളേജിലെ സാഹിത്യയോഗങ്ങളിലെ ഒരു പ്രധാന പ്രാസംഗികനായി അംഗീകരിക്കപ്പെട്ടു. കോളേജിനു് പുറത്തു് Ernakulam Library Association എന്നൊരു സമാജം നടന്നിരുന്നു. കുഞ്ഞപ്പു അതിൻെറ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. അവിടേയും പ്രശസ്തസേവനം നടത്തി. എറണാകുളത്തെ

ജീവിതകാലത്ത് കുഞ്ഞപ്പു ടെന്നീസ്കളി പഠിച്ചു. അതിൽ ഒരുവിധം നല്ല കളിക്കാരനായിത്തീൎന്നു. ബോട്ടുകളിയിലും കുഞ്ഞപ്പുവിനു് വലിയ ഇഷ്ടമായിരുന്നു. കോളേജ് വക ഒരു വള്ളത്തിൽ കയറി അപകടം നിറഞ്ഞ കായലിൽ കളിക്കുന്നതിനു് ഒരു ഭയവും തോന്നിയിരുന്നില്ല.

കൊച്ചിമഹാരാജാവിന്റെ ഷഷ്ടിപൂൎത്തി സ്മാരകമായി ഏററവും നല്ല വിദ്യാൎത്ഥിക്കു കൊല്ലംതോറും ഒരു സ്വൎണ്ണമെഡൽ സമ്മാനിക്കുവാൻ ഏൎപ്പാടുണ്ടായിരുന്നു. അതു് പരീക്ഷയിലെ മാൎക്കുനോക്കി ഏററവും നല്ല വിദ്യാൎത്ഥിക്കോ അതോ മററുവിധത്തിലുള്ള സ്വഭാവങ്ങളും നോക്കിയോ കൊടുക്കേണ്ടതെന്നു് പ്രിൻസിപ്പാളും പ്രൊഫസർമാരും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. പഠിപ്പിലുള്ള സാമൎത്ഥ്യം മാത്രമല്ല സ്വഭാവഗുണവും കണക്കാക്കണമെന്നു പ്രിൻസിപ്പാൾ നിശ്ചയിച്ചു. ഒരു ദിവസം പ്രിൻസിപ്പാൾ എല്ലാ വിദ്യാൎത്ഥികളേയും വിളിച്ചുകൂട്ടി അവരോടു പറഞ്ഞു: 'നാളെ നിങ്ങൾ എല്ലാവരും ഈ ഹാളിൽ വന്നുചേരും. അപ്പോൾ ഈ കോളേജിലുള്ള ഏററവും നല്ല വിദ്യാൎത്ഥി ആരാണെന്നു നിങ്ങൾ വോട്ടെടുത്തു തീൎച്ചയാക്കണം. പഠിപ്പിലുള്ള സാമൎത്ഥ്യം മാത്രമല്ല, സ്വഭാവഗുണവും മറെറല്ലാസംഗതികളും ആലോചിച്ചു നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തണം. ആരുംതന്നെ വോട്ടുപിടിക്കാൻ ശ്രമിക്കരുതു്, ശ്രമിച്ചാൽ അവൎക്കു് സമ്മാനം കൊടുക്കുന്നതല്ല.' ഇതു വിദ്യാൎത്ഥികളുടെ ഇടയിൽ വലിയ ഇളക്കം ഉണ്ടാക്കി. ഏററവും അഭികാമ്യമായ സ്വൎണ്ണമെഡൽ ലഭിക്കണമെന്നു ആഗ്രഹിക്കുന്നവരായി നാലഞ്ചു

വിദ്യാൎത്ഥി നേതാക്കന്മാർ ഉണ്ടായിരുന്നു. കുഞ്ഞപ്പുവും ആ കൂട്ടത്തിൽ ഒരാളായിരുന്നു. പക്ഷെ സത്യനിഷ്ഠ പരിപാലിക്കുവാൻ തന്നെ കുഞ്ഞപ്പു ഉറച്ചു. ആരുടെയും വോട്ടു കിട്ടുവാൻ ശ്രമിച്ചില്ല. എല്ലാ വിദ്യാൎത്ഥിനേതാക്കന്മാരും തങ്ങളുടെ സ്നേഹിതന്മാരുടെ വോട്ടു കിട്ടുന്നതിനു് കഴിയുന്ന ശ്രമമെല്ലാം ചെയ്തു. പ്രിൻസിപ്പാൾ പറഞ്ഞതിനെ അവർ അഗണ്യമാക്കി. കുഞ്ഞപ്പുവാകട്ടെ തൻെറ ഏററവും അടുത്ത സ്നേഹിതന്മാരോടുപോലും ഒരക്ഷരം പറഞ്ഞില്ല. പക്ഷേ മനസ്സുഴിഞ്ഞു ദൈവത്തോടു പ്രാൎത്ഥിച്ചു—തനിക്കു് ആ സമ്മാനം കിട്ടണമെന്നു്. അടുത്ത ദിവസം വിദ്യാൎത്ഥികളെല്ലാം ഹാളിൽ ഹാജരായി; വോട്ടിനു സമയമായി. അന്നു് നാടുവാഴുന്ന മഹാരാജാവിൻെറ പുത്രൻ കോളേജിൽ പഠിച്ചിരുന്നു. അയാൾ എണീററു നിന്നു് ഇപ്രകാരം പറഞ്ഞു: 'വോട്ടുപിടിക്കാൻ ആരും ശ്രമിക്കരുതെന്നു ഇന്നലെ പ്രിൻസിപ്പൽ പ്രത്യേകം കല്പിച്ചു. എങ്കിലും അതിനെ വകവെയ്ക്കാതെ പല വിദ്യാൎത്ഥികളും പ്രചരണം നടത്തിയതായി ഞാൻ അറിഞ്ഞു. നിങ്ങൾ ആരുംതന്നെ പ്രചരണം നടത്തിയവൎക്കുവേണ്ടി വോട്ടുചെയ്യരുതു്; നിങ്ങളുടെ അഭിപ്രായത്തിൽ ഏററവും നല്ല വിദ്യാർത്ഥിക്കു വോട്ടുചെയ്യണം എന്നാണു് ഞാൻ അപേക്ഷിക്കുന്നതു്. എൻെറ അഭിപ്രായത്തിൽ കുഞ്ഞപ്പുവാണു് ഈ സമ്മാനത്തിനു് അർഹനായ വിദ്യാൎത്ഥി.' ഈ രാജപുത്രൻ കുഞ്ഞപ്പുവിൻെറ വലിയ സ്നേഹിതനായിരുന്നില്ല. അക്കാലത്തന്യോന്യം പരിചയമുണ്ടായിരുന്നില്ല. പിന്നെ എങ്ങനെയാണു് അയാൾ ഈ വിധം പ്രവൎത്തിക്കാൻ ഇടയായതെന്നു് കുഞ്ഞപ്പുവിനു് അറിഞ്ഞുകൂടാ. എന്തായാലും വോട്ടെടുപ്പു് നടന്നു. ബഹുഭൂരിപക്ഷത്തോടെ കുഞ്ഞപ്പു

ഏററവും നല്ല വിദ്യാർത്ഥിയായി പ്രഖ്യാപിക്കപ്പെട്ടു. പ്രിൻസിപ്പൽ അതു സമ്മതിക്കുകയും സ്വർണ്ണമെഡലിനു് കുഞ്ഞപ്പു അർഹനായിത്തീരുകയുംചെയ്തു.

ഒന്നാംഫാറം മുതൽ കുഞ്ഞപ്പു സംസ്കൃതം ഐച്ഛിക വിഷയമായെടുത്തതിനാൽ മലയാളം പഠിക്കുവാൻ ഒരിക്കലും ഇടവന്നില്ല. പക്ഷേ സ്വയം വായിച്ചും എഴുതിയും മലയാളത്തിൽ കുഞ്ഞപ്പു നല്ല പ്രാസംഗികനും എഴുത്തുകാരനും ആയിത്തീൎന്നു. മഹാരാജാവിന്റെ ജീവചരിത്ര സംഗ്രഹം മലയാളത്തിൽ എഴുതുന്നതിന്നു ഒരു വിശേഷാൽ സമ്മാനം അക്കൊല്ലം ഏർപ്പാടു ചെയ്തിരുന്നു. ആ മത്സരത്തിൽ കുഞ്ഞപ്പു പങ്കെടുത്തു. സമ്മാനത്തുക കുഞ്ഞപ്പുവിനും മറെറാരു വിദ്യാൎത്ഥിക്കുംകൂടി തുല്യമായി വീതിച്ചുകൊടുക്കുവാൻ ജഡ്ജിമാർ തീർച്ചയാക്കുകയും ചെയ്തു. കോളേജിലെ സാഹിത്യ സമാജംവകയായി ഏററവും നല്ല മലയാള പ്രാസംഗികനു് ഒരു വെള്ളിമെഡൽ സമ്മാനിക്കുന്നുണ്ടായിരുന്നു. ആ മെഡലും കുഞ്ഞപ്പു കരസ്ഥമാക്കി.

അങ്ങനെ ഹൈസ്കൂൾകാലത്തുണ്ടായിരുന്ന ഗുണങ്ങളെല്ലാം കോളേജു ജീവിതത്തിലും കുഞ്ഞപ്പു പുലൎത്തികൊണ്ടു വന്നു. എറണാകുളത്തെ കോളേജുജീവിതം തന്റെ ജീവിതത്തിലെ ഏററവും ആനന്ദകരമായ ഒരു കാലമായിരുന്നു. തന്റെ ദൈവവിശ്വാസത്തിലും സത്യനിഷ്ഠയിലും പഠിപ്പിലുള്ള ശ്രദ്ധയിലും പൊതുസേവനത്തിലുള്ള താല്പര്യത്തിലും കുഞ്ഞപ്പു അദ്വിതീയനായി വിദ്യാർത്ഥികളുടെ മദ്ധ്യത്തിൽ പ്രശോഭിച്ചു. കുഞ്ഞപ്പുവിന്റെ അഭിപ്രായ ധീരതയെ കാണിക്കുന്ന ഒരവസരമുണ്ടായി.

കോളേജിലെ സെലക്ഷൻ പരീക്ഷയുടെ ഫലം നോക്കി കുറച്ചു വിദ്യാർത്ഥികളെ സർവ്വകലാശാലാ പരീക്ഷയ്ക്കു അയക്കുന്നില്ലെന്നു അധികൃതർ തീർച്ചയാക്കി. അവരെ ഡീറെറൻ ചെയ്തു. അവരിൽ ചിലർ പഠിക്കാതെ അലഞ്ഞുതിരിയുന്നവരും ആയിരുന്നു. ചിലർ പഠിപ്പിൽ മഹാ മോശക്കാരും ആയിരുന്നു ആരെയും പിടിച്ചു നിൎത്തുവാൻ പാടില്ല, എല്ലാ വിദ്യാർത്ഥികളേയും പരീക്ഷയ്ക്കു അയക്കണം എന്നൊരു പ്രക്ഷോഭണം വിദ്യാർത്ഥികളുടെ ഇടയിൽ ചില സ്ഥലങ്ങളിൽ നടന്നിരുന്നു. അങ്ങനെ ഒരു പ്രചരണവേല എറണാകുളത്തും ആരംഭിച്ചു. എല്ലാ വിദ്യാർത്ഥികളേയും പരീക്ഷയ്ക്കു അയക്കാത്ത പക്ഷം ക്ലാസ്സിൽ ആരും ഹാജരാവരുതെന്നു് അവർ തീരുമാനിച്ചു. സ്ട്രൈക്ക് തുടങ്ങി. കുഞ്ഞപ്പുവിനു ഈ പരിപാടി ശരിയാണെന്നു തോന്നിയില്ല. പിറേറ ദിവസം ക്ലാസ്സിൽ ചെന്നപ്പോൾ വിദ്യാർത്ഥികൾ ആരും ഹാജരില്ല. കുഞ്ഞപ്പുവും രണ്ടു വിദ്യാൎത്ഥിനികളും മാത്രമേ ക്ലാസ്സിൽ ഉണ്ടായിരുന്നുള്ളു. അങ്ങനെ തൻെറ ചങ്ങാതിമാരുടെ നിശ്ചയത്തിൽ ചേരാതെ സ്വതന്ത്രമായി ചിന്തിക്കാനും, സ്വന്തം അഭിപ്രായത്തെ മുറുകെപ്പിടിക്കാനുമുള്ള ധൈര്യം കുഞ്ഞപ്പുവിനു അന്നേ ഉണ്ടായിരുന്നു.

എറണാകുളത്തെ വിദ്യാൎത്ഥിജീവിതകാലത്തു് കുഞ്ഞപ്പുവിൻെറ ഹൃദയത്തിൽ ആരും അറിയാത്ത ഒരു കോളിളക്കം ഉണ്ടായി. അതുവരെ കുഞ്ഞപ്പുവിനു സ്ത്രീകളെപ്പററി യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. പെൺകുട്ടികളുടെ മുഖത്തു് നോക്കുക പോലും ചെയ്യാറില്ല. അവരെപ്പററി സംസാരിക്കുകയോ കളി പറയുകയോ ഒരിക്കലും ഉണ്ടാ

യിട്ടില്ല. എന്നാൽ എറണാകുളം കോളേജിൽ തൻെറ ക്ലാസ്സിൽ മാധവിയെന്ന ഒരു പെൺകുട്ടി പഠിച്ചിരുന്നു. ആ കുട്ടിയുമായി കുഞ്ഞപ്പു ഒരിക്കലും സംസാരിച്ചിട്ടില്ല. പക്ഷേ, തൻെറ മനസ്സിൽ ആ കുട്ടിയെപ്പററി വലിയ വിചാരമായി. കല്യാണം കഴിക്കണമെന്നും എന്തു ത്യാഗവും അതിനായി ചെയ്യണമെന്നും തീച്ച്യാക്കി. വളരെ മാസങ്ങഠം അതൊരു തീരാദുഃഖമായിരുന്നു. പക്ഷേ ആ സംഗതിയെപ്പററി ഒരക്ഷരംപോലും ഒരാളോടും പറഞ്ഞില്ല. അതു് മനസ്സിൽ ഒരു വലിയ കലക്കമായി ആരംഭിച്ചു് അവിടെത്തന്നെ കത്തിജ്ജ്വലിച്ചു് സാവധാനത്തിൽ അണഞ്ഞുപോയി.

മനസ്താപത്തിനു് ഇടയാക്കിയ മറെറാരു സംഭവംകൂടി അക്കാലത്തു് ഉണ്ടായി. തിരഞ്ഞെടുപ്പുപരീക്ഷ അടുത്തിരുന്നു. അതിനുള്ള പഠിപ്പു് ജാഗ്രതയായി നടക്കുകയാണു്. ആ അവസരത്തിൽ ഒരു ദിവസം രാത്രി എട്ടൊമ്പതുമണി സമയത്തു് ഒരു വിദ്യാത്ഥി ഹോസ്റ്റലിൻെറ ജനലിൽകൂടി ചാടിക്കടന്നു് കുഞ്ഞപ്പുവിൻെറ മുറിയിൽ പ്രവേശിച്ചു. കുഞ്ഞപ്പുവിനു് ഒരു മുന്നറിയിപ്പും ഉണ്ടായിരുന്നില്ല. അയാഠം തിരഞ്ഞെടുപ്പുപരീക്ഷയുടെ ഒരു ചോദ്യക്കടലാസ്സു് രഹസ്യമായി കൊണ്ടുവന്നിരുന്നു. അതു് കുഞ്ഞപ്പുവിനു കൊടുത്തു. രണ്ടുപേരുംകൂടി അതു് മുറിയിലിരുന്നു പഠിച്ചു. അങ്ങനെയിരിക്കുമ്പോഠം ഹോസ്റ്റലിലെ സൂപ്രണ്ടു് പതിവുപോലെ രാത്രി പത്തുമണിയ്ക്കു് പരിശോധനക്കായി വന്നു. കുഞ്ഞപ്പുവിൻെറ മുറിയിൽ മറെറാരു വിദ്യാത്ഥിയെ രഹസ്യമായി കടത്തിയതു് തെററായിരുന്നു. അങ്ങനെ ക്രമവിരുദ്ധമായി ഒരു കായ്യം മുമ്പൊരിക്കലും കുഞ്ഞപ്പു

ചെയ്തിട്ടില്ല. സൂപ്രണ്ടിനും വളരെ അത്ഭുതമായി. കുഞ്ഞപ്പു ഇങ്ങനെ ചെയ്യുമെന്നു താൻ ഒരിക്കലും കരുതിയില്ലെന്നു പറഞ്ഞു. വാസ്തവത്തിൽ കുഞ്ഞപ്പു അതിനു് ഉത്തരവാദിയല്ലായിരുന്നു. ആ സ്നേഹിതൻ മുന്നറിയിപ്പു് കൂടാതെ അകത്തു് പ്രവേശിച്ചതായിരുന്നു. പക്ഷേ കുഞ്ഞപ്പു അയാളെ സ്വീകരിച്ചു; അയാരം നല്കിയ ചോദ്യക്കടലാസ്സു വാങ്ങി. രണ്ടും തെററായിരുന്നു. അടുത്തദിവസം പരീക്ഷയ്ക്കു് ആ ചോദ്യങ്ങരം തന്നെ ലഭിക്കയും ചെയ്തു. ഈ രഹസ്യം വേറെ ആരും അറിയാൻ ഇടയായിട്ടില്ല. പക്ഷേ അതു് പലപ്പോഴും കുഞ്ഞപ്പുവിൻെറ മനസ്സിൽ ഒരു കളങ്കമായി തോന്നുകയും കുഞ്ഞപ്പു ദുഃഖിയ്ക്കാൻ ഇടയാകുകയും ചെയ്തിട്ടുണ്ടു്.

ലോകകാര്യങ്ങളിൽ ഒന്നിലും തന്നെ കുഞ്ഞപ്പു ശ്രദ്ധിച്ചില്ല. തൻെറ പഠിപ്പും പ്രവൃത്തികളും എന്നല്ലാതെ ഒരു വിചാരവുമില്ല. കള്ളമോ, സൂത്രമോ, സ്വാത്ഥതയോ, പണമോഹമോ, ലോകത്തിലെ മററു കളങ്കങ്ങളോ കുഞ്ഞപ്പുവിനെ സ്പശിച്ചിരുന്നില്ല. തനിയ്ക്കു് ലഭിച്ച സ്വർണ്ണമെഡൽ മുതലായ സമ്മാനങ്ങരം സൂക്ഷിക്കുന്ന കാര്യത്തിൽക്കൂടി കുഞ്ഞപ്പു ശ്രദ്ധിച്ചില്ല. അതെല്ലാം അമ്മയുടെ കൈവശം കൊടുത്തതല്ലാതെ പിന്നീടു കണ്ടിട്ടുണ്ടോ എന്നു പോലും സംശയമാണു്. അങ്ങിനെ ഒരു പരിപാവനമായ മനോരാജ്യത്തിലാണു് കുഞ്ഞപ്പു ജീവിച്ചതു്. ഒരു വിശുദ്ധമായ ആദശ്ലോകത്തിൽ തന്നെ. കുഞ്ഞപ്പു ഈ ലോകത്തിനു കൊള്ളരുതാത്തവനായി ഒരു സ്വർഗ്ഗരാജ്യത്തിൽ വളൻവന്നു.

## പ്രസിഡൻസി കോളേജിൽ

മദ്രാസിലെ പ്രസിഡൻസി കോളേജിലാണു് കുഞ്ഞപ്പു ബി. എ. ക്ലു പഠിച്ചതു്. ഡാ: രാധാകൃഷ്ണൻ ഒരു അസിസ്റ്റൻറ് പ്രൊഫസറായിരുന്ന അക്കാലത്തു്. തത്വശാസ്ത്ര വിഷയമാണു് കുഞ്ഞപ്പു പഠിച്ചതു്. അവിടെ കഴിച്ച രണ്ടു കൊല്ലത്തെ ജീവിതവും പഠിപ്പും കുഞ്ഞപ്പുവിനു് വലിയ ഒരു ഇച്ഛാഭംഗമായിരുന്നു. പഠിക്കുന്നതിനു വേണ്ടതായ നിർദ്ദേശങ്ങൾ തനിക്കു കിട്ടാത്തതിനാൽ ക്ലാസ്സിൽ പറഞ്ഞതല്ലാതെ വേറെ ഒന്നും താൻ പഠിച്ചില്ല. സ്വന്തമായി വായിച്ചു പഠിക്കേണ്ടു ഭാഗങ്ങൾ ഉണ്ടെന്നു് താൻ അറിഞ്ഞതുമില്ല. മദ്രാസ്സിലെ കാലാവസ്ഥയും തൻെറ ആരോഗ്യത്തെ കഠിനമായി ബാധിച്ചു. അങ്ങനെ മൂകനായി കൂട്ടുകെട്ടും ചങ്ങാതിമാരും ഇല്ലാതെ തൻെറ പാഠം മാത്രം പഠിച്ചുകൊണ്ടു കുഞ്ഞപ്പു കഴിച്ചുകൂട്ടി. അതു മനസ്സിൽ വലിയ ഒരു ഇടിവായിരുന്നു. എങ്കിലും തൻെറ ദൈവവിശ്വാസത്തിനും, നിത്യപ്രാർത്ഥനയ്ക്കും നിയന്ത്രിതമായ ദൈനംദിന ജീവിതത്തിനും ഒരു മാററവും ഉണ്ടായില്ല. അച്ഛൻ വക്കീൽപണി ഉപേക്ഷിച്ചു മട്ടിൽ ആയിരുന്നതിനാൽ മദ്രാസ്സിലെ ചിലവ് കഴിച്ചുകൂട്ടുന്ന കാര്യവും കുറെ പ്രയാസത്തിലായിരുന്നു. പണസംബന്ധമായ ഒരു ചുമതലയോ ബുദ്ധിമുട്ടോ അന്നുവരെ അറിയാത്ത കുഞ്ഞപ്പുവിനു അതൊരു വലിയ ദുഃഖമായിത്തീൎന്നു. ഒരവസരത്തിൽ അച്ഛൻ കുഞ്ഞപ്പുവിനു് ഒരെഴുത്തെഴുതി. മദ്രാസ്സിൽ അച്ഛൻെറ സ്നേഹിതനും ധൎമ്മിഷ്ഠനുമായ ഒരു ഹൈക്കോടതി ജഡ്ജി ഉണ്ടു്. അദ്ദേഹത്തെ കണ്ടു വിവരം പറയണം. ഫീസ് കൊടുക്കുന്നതിനു എന്തെങ്കിലും സഹാ

യം ചെയ്യും എന്നായിരുന്നു കത്തിലെ സാരം. കുഞ്ഞപ്പുവിനു അതുചിന്തിക്കാൻ പോലും വയ്യാത്ത ഒരു കാര്യമായിരുന്നു. പണത്തിനുവേണ്ടി കെഞ്ചുകയോ ! ഒരിക്കലും അങ്ങനെ ഉണ്ടാവാത്ത ഒരു സംഗതിയായിരുന്നു. കുഞ്ഞപ്പു അച്ഛനു് മറുപടി അയച്ചു— തനിയ്ക്കു ജഡ്ജിയെ കാണാനൊന്നും സാധിക്കയില്ല. അങ്ങനെ പണസഹായം അപേക്ഷിക്കേണ്ട നിലയിലല്ലല്ലോ താൻ വളൎന്നുവന്നതു്. അതു് സാദ്ധ്യമല്ല. പണമില്ലെങ്കിൽ പഠിക്കേണ്ട എന്നുവെച്ചാലും വേണ്ടില്ല. എന്നായിരുന്നു ആ മറുപടിയുടെ സാരം. അതു് അച്ഛനെ വല്ലാതെ കോപിപ്പിച്ചിരിക്കണം. ഏതായാലും സിങ്കപ്പൂരിൽ ജോലി നോക്കിയിരുന്ന ഒരു ജ്യേഷ്ഠന്റെ സഹായം ഉണ്ടായിരുന്നതിനാൽ ബി. എ. പാസ്സാകുന്നതു് വളരെ പ്രയാസം കൂടാതെ കഴിഞ്ഞു. മനസ്സിനും ശരീരത്തിനും സുഖമില്ലാതെയാണു് പ്രസിഡൻസി കോളേജുകാലം കഴിച്ചുകൂട്ടിയതെങ്കിലും പഠിപ്പിൽ ഒരിക്കലും അശ്രദ്ധ കാണിച്ചില്ല. പരീക്ഷ കഴിഞ്ഞപ്പോൾ പാസ്സാകുമെന്നു് തനിയ്ക്കു് നിശ്ചയമുണ്ടായിരുന്നു. പരീക്ഷയുടെ ഫലം പുറത്തായാൽ കമ്പിഅടിക്കാമെന്നു ഒരു സ്നേഹിതൻ പറഞ്ഞപ്പോൾ കുഞ്ഞപ്പു പറഞ്ഞതു് കമ്പി ഒന്നും ആവശ്യമില്ല; വിവരം പത്രത്തിൽ വരുമല്ലൊ എന്നായിരുന്നു. പരീക്ഷയിൽ പാസ്സാവുമെന്നു് അത്രത്തോളം ധൈൎയ്യമായിരുന്നു. പക്ഷേ ആശിച്ചതുപോലെ ഡിസ്റ്റിങ്ഷൻ (Distinction) കിട്ടുവാൻ സാധിച്ചില്ല. കോളേജിലെ പഠനകാലത്തു വേണ്ട നിൎദ്ദേശങ്ങൾ ശരിയായി ലഭിക്കാത്തതുകൊണ്ടും സ്വയമായി പഠിക്കേണ്ടതു് പഠിക്കാനറിയാത്തതിനാലും അങ്ങനെ വന്നുപോയതായിരിക്കും.

മദ്രാസ്സിൽ പഠിക്കുന്ന കാലത്തു് സ്പെൻസർ കമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്ന സി. എൻ. മേനോൻ ഒരു ജ്യേഷ്ഠൻെറ (കസിൻ) കൂടെയാണു് താമസിച്ചിരുന്നതു്. ആ കമ്പനിയിലെ ട്രേഡ് യൂണിയൻ ക്ലബ്ബിൻെറ വാർഷികോത്സവത്തിനു് മേനോൻ കുഞ്ഞപ്പുവിനേയും ഒരു അതിഥിയായി കൂട്ടിക്കൊണ്ടുപോയി. സ്പെൻസർ കമ്പനിയിലെ അനേകം ജോലിക്കാരും, ഉദ്യോഗസ്ഥന്മാരും അതിഥികളും ഒരു വലിയ ഹാളിൽ കൂടിയിരുന്നു. ചായസൽക്കാരം കഴിഞ്ഞു ഒരു പദനിമ്മാണമത്സരം (word building) മാനേജരുടെ വകയായി ഉണ്ടായിരുന്നു. ട്രേഡ് യൂണിയൻ ക്ലബ്ബ് (Trade Union Club) എന്ന ഇംഗ്ലീഷ് വാക്കുകളിലെ അക്ഷരങ്ങൾ ഉപയോഗിച്ചു് ഏററവും ദീഘമുള്ള വാക്കുണ്ടാക്കുന്ന ആൾക്കു് ഒരു സമ്മാനമുണ്ടായിരിക്കുന്നതാണെന്നു് പ്രഖ്യാപിക്കപ്പെട്ടു. വാക്കുണ്ടാക്കുന്നതിനു 10 മിനുട്ടു് സമയവും അനുവദിച്ചു. കുഞ്ഞപ്പു ലൂബ്രിക്കേഷൻ (Lubrication) എന്ന വാക്കാണു് എഴുതി കൊടുത്തതു്. ആ വാക്കിനു സമ്മാനം ലഭിക്കയും ചെയ്തു. ആ മഹാസദസ്സിലെ യോഗ്യന്മാരായ മുതിന്നവരെയെല്ലാം തോല്പിച്ചു് ഒരു വിദ്യാത്ഥി സമ്മാനം കരസ്ഥമാക്കി.

മദ്രാസ്സിൽ താമസിക്കുന്ന കാലത്തു് അതേ വീട്ടിൽ തന്നെ സി. എൻ. മേനോനോടുകൂടി ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു. മേനോൻെറ ഭാൎയ്യയുടെ ജ്യേഷ്ഠത്തിയുടെ മകൾ. ആ കുട്ടിയുമായി കുഞ്ഞപ്പു സംസാരിക്കുകപോലും ഉണ്ടായിട്ടില്ലെന്നു പറയാം. പക്ഷേ ആ കുട്ടിയുടെ രൂപം കുഞ്ഞപ്പുവിൻെറ ഹൃദയത്തിൽ പതിയുകയും അതു് മൂന്നു നാലുകൊല്ലങ്ങൾക്കുശേഷം വിവാഹത്തിനു കാരണമായി തീരുകയും ചെയ്തു.

## സ്വഭാവ രൂപീകരണം

ക്ഷേത്രാരാധനയിൽ കുഞ്ഞപ്പു ചെറുപ്പംമുതൽ വലിയ വിശ്വാസിയും താല്പര്യമുള്ളവനും ആയിരുന്നു. സൌകര്യമുള്ള ദിവസങ്ങളിലെല്ലാം കാലത്തു കുളികഴിഞ്ഞു നനഞ്ഞ വസ്ത്രങ്ങളുടുത്തു് ക്ഷേത്രദർശനം നടത്തുക ഒരു പതിവായിരുന്നു. കൂടെ ചില സ്നേഹിതന്മാരും ഉണ്ടായിരിക്കും. തൃശ്ശിവപേരൂരിലുള്ള വടക്കുന്നാഥ ക്ഷേത്രത്തിലാണു് സാധാരണ പോവുക. അവിടെ തൊഴുന്നതിനു് ചില ചിട്ടയും നിയമവുമുണ്ടു്. ആദ്യം വടക്കേ ആൽത്തറയിൽ വട്ടമിട്ടു് അകത്തു കടന്നു് ശിവനെ ദർശിച്ചു, ഗണപതി, പാർവ്വതി, ശ്രീരാമൻ ഇങ്ങനെ മുറയ്ക്കു രണ്ടുമൂന്നു വട്ടം തൊഴുതു് പുറത്തു വന്നു് കൃഷ്ണൻ മുതലായ മററു ദേവന്മാരേയും കണ്ടു് പ്രദക്ഷിണം കഴിച്ചു് പുറത്തിറങ്ങി തെക്കേ ആൽത്തറയിൽ മൂന്നു ചുററു് ചുററി അവസാനിപ്പിക്കും. അന്നത്തെ ചടങ്ങുകൾ മുഴുവൻ ഇപ്പോൾ ശരിയായി ഓർമ്മയില്ല. പക്ഷേ അറിഞ്ഞിരുന്ന പ്രകാരം എല്ലാം കൃത്യമായി ആചരിച്ചിരുന്നു.

പടിഞ്ഞാറെച്ചിറയ്ക്കു് സമീപം ഒരു ശിവക്ഷേത്രമുള്ളതിലും സാധാരണ പോകും. തൃശ്ശൂർ പട്ടണത്തിനു പടിഞ്ഞാറായി തൃക്കുമാരൻകുടം എന്ന സുബ്രഹ്മണ്യക്ഷേത്രവും ശങ്കരംകുളങ്ങര എന്ന ഭഗവതിക്ഷേത്രവും സാധാരണ പോയിരുന്ന മററു ക്ഷേത്രങ്ങളായിരുന്നു. കുഞ്ഞപ്പുവിൻെറ ജന്മസ്ഥലം ഗുരുവായൂരാണു്. അതുകൊണ്ടു് ആ കുടുംബത്തിലുള്ളവരുടെയെല്ലാം കുലദൈവം ഗുരുവായൂരപ്പനായ ശ്രീകൃഷ്ണഭഗവാനാണു്. ശ്രീകൃഷ്ണനു കുഞ്ഞപ്പുവിൻെറ നിത്യസാധനയിൽ ഒരു പ്രധാന സ്ഥാനം ഉണ്ടായിരുന്നു.

ഏതു പ്രയാസത്തിലും അവസാനം ശരണം പ്രാപിക്കുക ശ്രീകൃഷ്ണനെയായിരിക്കും. സ്കൂളിൽ പഠിക്കുന്ന കാലത്തു് ശ്രീകൃഷ്ണദശ്നത്തിനായി തൃശ്ശിവപേരൂരിൽ നിന്നും പതിനാറു നാഴികയോളം കാൽനടയായി രണ്ടുമൂന്നു തവണ ഗുരുവായൂക്കു് പോയിട്ടുണ്ടു്. അവിടെ ഒന്നോ രണ്ടോ ദിവസം താമസിച്ചു് കാൽനടയായി മടങ്ങുകയും ചെയ്തിരുന്നു.

പൂജയിലും, വിഗ്രഹാരാധനയിലും, നാമജപത്തിലും, പ്രാത്ഥനയിലും, വഴിപാടുകളിലും പൂണ്ണവിശ്വാസത്തോടുകൂടിയാണു് കുഞ്ഞപ്പ വളന്നതു്. വീട്ടിൽ വല്ല പൂജയും ഉണ്ടായാൽ കുഞ്ഞപ്പുവായിരിക്കും പൂജാരി. ഓണത്തിനു് തൃക്കാക്കരപ്പനെ ഇരുത്തി പൂജിക്കുന്നതു് അന്നു ഒഴിച്ചുകൂടാത്ത ഒരു ചടങ്ങായിരുന്നു. ദിവസവും രണ്ടുനേരം മണിമുട്ടി പൂജിക്കുന്ന ചുമതല കുഞ്ഞപ്പുവിനാണു്. കൊല്ലംതോറും പെൺകുട്ടികളെ ഗണപതിക്കിരുത്തുക എന്നൊരു കമ്മം ഉണ്ടായിരുന്നു. അന്നും കുഞ്ഞപ്പ പ്രധാന പൂജാരിയായി അഭിനയിക്കും.

അച്ഛന്റെ ജീവിതത്തിലെ അവസാന ഘട്ടത്തിൽ അച്ഛനും ജ്യേഷ്ഠനും കുഞ്ഞപ്പുവും തിയോസഫിക്കാരായി എന്നു പറഞ്ഞല്ലോ. അതിന്നുശേഷം ചടങ്ങുപ്രകാരമുള്ള ക്ഷേത്രാരാധനയിലുള്ള അന്ധവിശ്വാസം കുറെ കുറഞ്ഞു. വ്യക്തിപരമായ ധ്യാനത്തിലും, മതപഠനത്തിലും, പ്രാത്ഥനയിലും കൂടുതൽ താല്പര്യമായി. എന്നുമാത്രമല്ല ക്രിസ്തുമതം മുതലായ മററു മതങ്ങളും പഠിക്കുവാൻ ഇടയായി. പ്രത്യേകിച്ചും ക്രിസ്തുവാണു് ലോകഗുരുവെന്നു ധരിക്കാൻ

ഇടയായി. പക്ഷെ ആ ക്രിസ്തുതന്നെയാണ് കൃഷ്ണനേയും ബുദ്ധനേയുംകാരം മുമ്പ് ജനിച്ചതെന്നും മററും വിചാരിച്ചു. ഏതായാലും ദിനംപ്രതിയുള്ള പ്രാൎത്ഥനയിൽ ക്രിസ്തുവും ആരാദ്ധ്യനായിത്തീൎന്നു.

ജാതി വ്യത്യാസം തെററാണെന്നുള്ള ബോധവും ശക്തിപ്പെട്ടു. തീണ്ടൽ ആചരിക്കുവാൻ കൂട്ടാക്കാതെയായി. തിയോസഫി പ്രസംഗിക്കുകയും തീണ്ടൽ ആചരിക്കുകയും ചെയ്യുന്നവരോട്ട് കുഞ്ഞപ്പുവിനു വിരോധമായിത്തുടങ്ങി. ആ കാര്യത്തിൽ കുഞ്ഞപ്പുവിൻെറ മനസ്സിൽ തൻെറ അച്ഛനോടും വിരോധമായിരുന്നു. കാമക്രോധാദികരം പാടില്ലെന്നു അച്ഛൻ വളരെ ഭംഗിയായി വീണ്ടും വീണ്ടും പ്രസംഗിക്കാറുണ്ടായിരുന്നു. എങ്കിലും അച്ഛൻ വലിയ കോപിയായിരുന്നു. വലിയ ശാസനക്കാരനും ആയിരുന്നു. സ്വന്തം കുട്ടികളോടുപോലും സ്നേഹം പ്രകടിപ്പിക്കയില്ല. പഴയ കാരണവന്മാരെപോലെ അവരെ ശാസിച്ചു നടത്തുക എന്നല്ലാതെ ഒരച്ഛനെപ്പോലെ സ്നേഹിച്ചു വളൎത്തുക എന്ന സ്വഭാവം അക്കാലത്തുണ്ടായിരുന്നില്ല. അച്ഛൻ അക്കാര്യത്തിൽ ഒരു ഉഗ്രശാസനക്കാരനും കോപിയുമായിരുന്നു. അതു കുഞ്ഞപ്പുവിനു വളരെ വിരോധവും ദുഃഖവുമുളവാക്കി. സ്കൂളിൽ പോകാൻ തുടങ്ങുന്നതിന്നു മുൻപു തന്നെ അച്ഛൻെറ ശാസന വളരെ കഠിനമായി കുഞ്ഞപ്പുവിനു തോന്നിയിരുന്നു. ചിലപ്പോരം മനപ്പൂൎവ്വം ശാസന അനുസരിക്കാതിരിക്കും. അപ്പോരം നല്ല ചുട്ട അടി കിട്ടും. കുറച്ചുകൂടി പ്രായമായപ്പോരം അച്ഛൻ ദ്വേഷ്യപ്പെട്ടു ശാസിച്ചാൽ അതു് അനുസരിക്കയില്ലെന്നു് ഒരു നിശ്ചയം ചിലപ്പോരം ചെയ്യിട്ടുണ്ടു്. സ്നേഹത്തോടുകൂടി പറഞ്ഞാൽ എന്തും ചെയ്യാമല്ലൊ. പിന്നെ എന്തിനു കോ

പിക്കയും ശാസിക്കയും ചെയ്യുന്ന എന്ന് കുട്ടിയായിരിക്കു മ്പോഠംതന്നെ കുഞ്ഞപ്പു പലപ്പോഴും വിചാരിച്ചിട്ടുണ്ട്. കളിക്കുന്നതും ചിരിക്കുന്നതും ഒന്നും അച്ഛന് ഇഷ്ടമല്ല. അതെല്ലാം അച്ഛൻ കേഠക്കാതെയും കാണാതെയും ചെയ്യണം.

ഏററവും ചെറിയ സഹോദരിമാർ കുട്ടികളായിരുന്നപ്പോഠ അവരെ കളിപ്പിക്കുന്നതിലും പഠിപ്പിക്കുന്നതിലും കുഞ്ഞപ്പുവിന് വളരെ സന്തോഷമായിരുന്നു. അവക്കും അതു സന്തോഷമായിരുന്നു. എന്നാൽ അവരുമായി കളിയ്ക്കുന്നതുപോലും അച്ഛൻ പലപ്പോഴും വിരോധിക്കാറുണ്ടായിരുന്നു. വീടിന്നു വെളിയിൽപോയി കളിക്കുന്ന പതിവു കുഞ്ഞപ്പുവിന് ഉണ്ടായിരുന്നതുമില്ല. അങ്ങനെ ചിരിയും കളിയും സ്നേഹവുമില്ലാത്ത ഒരു അന്തരീക്ഷത്തിലാണ് കുഞ്ഞപ്പു വളന്നതു്. അച്ഛനെ സദാ ഭയപ്പെട്ടുകൊണ്ടുള്ള ഒരു നിലയിൽ.

കുഞ്ഞപ്പുവിൻെറ ഒരു ജ്യേഷ്ഠനും ഒരനുജനും അച്ഛൻെറ ശാസനയിൽ നില്ക്കുവാൻ സാധിക്കാത്ത വികൃതികളായിരുന്നു. അവരെ അച്ഛൻ ദിവസവും ശകാരിക്കുകയും പലപ്പോഴും കഠിനമായി ശിക്ഷിക്കുകയും ചെയ്യുമായിരുന്നു. എന്നാലും അവർ വളരെ സമയം പുറത്തുപോയി ചങ്ങാതിമാരുമായി നടന്നു കളിക്കാതിരിക്കയില്ല. അച്ഛൻെറ ശിക്ഷയൊന്നും അവരെ നിയന്ത്രിക്കാൻ പര്യാപ്തമായില്ല. അക്കാലത്തു് സൈക്കിഠ ഓടിക്കുന്നതു് വലിയ തെററാണ്. മത്സര കളികളിൽ ചേരുന്നതു കുററമാണ്. ചങ്ങാതിമാരുമായി മററു വീടുകളിൽ പോകുന്നതു് കുററമാണ്. കടകളിൽ പോയി പലഹാരം തിന്നുന്നതു കുററമാണ്. ശീട്ടുകളി തെററാണ്. മേൽപറഞ്ഞ ജ്യേഷ്ഠനും അനുജനും

ഇതെല്ലാം ചെയ്യും. അവരെ അച്ഛൻ നിർദ്ദയമായി ശിക്ഷിക്കുകയും ചെയ്യും. അതെല്ലാം ഇപ്പോഠം ഓക്കുമ്പോഠം കുഞ്ഞപ്പുവിന്റെ കണ്ണുനിറയാറുണ്ട്. എന്നും ഭയങ്കരമായ ശാസന; അശേഷം സ്നേഹമില്ലാത്ത ഒരന്തരീക്ഷം.

അമ്മയോടുള്ള പെരുമാററത്തിലും അച്ഛൻ നിർദ്ദയനായിരുന്നു എന്നാണു് കുഞ്ഞപ്പുവിന്നു തോന്നിയതു്. എന്നാൽ അന്നത്തെ കാലത്തു് അതെല്ലാമാണു് മര്യാദ. കുഞ്ഞപ്പു ഒരു നല്ല കുട്ടിയായിരുന്നതിനാൽ അച്ഛന്നു് കുഞ്ഞപ്പുവിനോടു് പ്രത്യേകം സ്നേഹമുണ്ടായിരുന്നു. പക്ഷ സ്നേഹം കാണിക്കുകയോ പറയുകയോ ചെയ്യുന്നതു് അക്കാലത്തു് നിഷിദ്ധമായിരുന്നിരിക്കാം. കുട്ടിയായിരുന്നപ്പോഠംതന്നെ കുഞ്ഞപ്പുവിന്നു് വിരോധം അച്ഛന്റെ ഈ ശാസനയിലും കോപത്തിലുമായിരുന്നു.

ചെറുപ്പത്തിലേ കുഞ്ഞപ്പു ഒരു ദുരഭിമാനിയാണു്. കുഞ്ഞപ്പുവിന്നു് എട്ടോ ഒമ്പതോ വയസ്സായപ്പോഠം അച്ഛൻ ഒരു കേസു് സംബന്ധിച്ചു കുന്നൂരിൽ പോകയുണ്ടായി. അന്നത്തെ സർവ്വാധികാര്യക്കാരെ കണ്ടു് ഒരു കാര്യം വാദിക്കാനായിട്ടാണു് പോയതു്. അപ്പോഠം കുഞ്ഞപ്പുവിനേയും കൂടെ കൊണ്ടുപോയി. തീവണ്ടി കയറിയപ്പോഠം അച്ഛൻ രണ്ടാംക്ലാസു മുറിയിൽ കയറി; കുഞ്ഞപ്പുവിനെ സർവ്വന്റിന്റെ മുറിയിൽ ഇരുത്തി. ഒരു സ്റ്റേഷനിൽ എത്തിയപ്പോഠം ഗാർഡുവന്നു് ഈ കുട്ടി ആരാണെന്നു് അച്ഛനോടു് ചോദിച്ചു. അപ്പോഴാണു് താൻ സർവ്വന്റ്സ് മുറിയിലാണു് ഇരിക്കുന്നതെന്നു കുഞ്ഞപ്പുവിന്നു് മനസ്സിലായതു്. അതു് വലിയ ലജ്ജയായി തോന്നി. തന്നെ വേലക്കാരുടെ മുറിയിൽ കയററിയല്ലോ എന്നു വിചാരിച്ചു് കുഞ്ഞപ്പു

വളരെ ദുഃഖിക്കയും കോപിക്കയും ചെയ്തു. പക്ഷേ ഒരക്ഷരം മിണ്ടാതെ എല്ലാം ഉള്ളിൽവെച്ചു.

മറെറാരവസരത്തിൽ കുഞ്ഞപ്പുവിനെ അച്ഛൻ കോഴിക്കോട്ടു കൊണ്ടുപോയി. ഡോക്ടർ വാരിയരുടെ വീട്ടിലാണു് താമസിച്ചതു്. അവിടെ ചെറിയ രണ്ടു പെൺകുട്ടികളുണ്ടായിരുന്നു. കുഞ്ഞപ്പുവും ആ ചെറിയ കുട്ടികളുംകൂടി വളരെ ലോഹ്യമായി വീട്ടിനുള്ളിലിരുന്നു കളിക്കയായിരുന്നു. അപ്പോഴതാ അച്ഛൻ കോപിച്ചു് കല്പനയാക്കി, കളിക്കാതെ മിണ്ടാതിരിക്കണമെന്നു്. ഇങ്ങനെ അച്ഛനുള്ളപ്പോഠം ഒരിടത്തും കളിക്കാനും ചിരിക്കാനും അനുവാദമുണ്ടായിരുന്നില്ല.

ഈ അനുഭവം കുഞ്ഞപ്പുവിനേയും ഒരു മുൻകോപിയാക്കിത്തീർത്തു. കുഞ്ഞപ്പു ഒരു ശുണ്ഠിക്കാരനും, ശാസനക്കാരനും ആയിത്തീൎന്നു. കോപം വന്നാൽ തൻെറ താഴെയുള്ള കുട്ടികളെ കഠിനമായി ശിക്ഷിക്കുവാൻ തുടങ്ങി. ആരോടും ഉള്ളഴിഞ്ഞ സ്നേഹം ഇല്ലാതെയായി. സ്നേഹം കാണിക്കുന്നതു് തെററാണെന്ന ബോധം മനസ്സിലുറച്ചു. നിൎവ്വികാരനായി, രാഗദ്വേഷമില്ലാതെ ജീവിക്കണമെന്നുള്ള ഗീതയിലെ ഉപദേശം കുഞ്ഞപ്പുവിൻെറ ഈ സ്വഭാവത്തെ ശക്തിപ്പെടുത്തി. അമ്മയോടുപോലും സ്നേഹമായി പെരുമാറുന്ന സ്വഭാവം ഇല്ലാതെയായി. എന്നാൽ ആരോടും വിരോധവുമില്ല. ആരെയും അനുസരിക്കുവാൻ മനസ്സില്ലാതെയായി. എന്നാൽ എല്ലാ ചട്ടങ്ങളും, നിയമങ്ങളും, മൎയ്യാദകളും കണിശമായി പാലിക്കയും ചെയ്യും. ഒന്നിലും ശരിയായ ആഹ്ലാദമോ, ചിരിയോ സാധിക്കാതെയായിത്തീൎന്നു. എല്ലാം നിൎവ്വികാരനായി അനുഭവിക്കുക എന്ന ഒരു

കഠിന മനഃസ്ഥിതി കുഞ്ഞപ്പുവിന്റെ സ്വഭാവമായി. എന്നാൽ ആരെങ്കിലും തനിയ്ക്കിഷ്ടമില്ലാത്തതു പ്രവർത്തിച്ചാൽ കുഞ്ഞപ്പുവിനു വലിയ കോപമാണ്. അച്ഛനെപ്പോലെ മുൻകോപിയാണെന്നു അമ്മ പറയാറുണ്ട്. ഒന്നുരണ്ടു തവണ അച്ഛൻ ശിക്ഷിക്കാറുള്ളതുപോലെ കുഞ്ഞപ്പുവും തന്റെ ചെറിയ അനുജനെ കഠിനമായി ശിക്ഷിച്ചിട്ടുണ്ട്. അതു് ഓർക്കുമ്പോൾ കുഞ്ഞപ്പുവിനു കരച്ചിൽ വരാറുണ്ട്. ഇങ്ങനെ ചെയ്യല്ലോ എന്നു് വിചാരിച്ചു പല തവണ വളരെ ദുഃഖിച്ചിട്ടുണ്ട്.

ഏതായാലും എല്ലാ സൽഗ്ഗുണങ്ങളും തികഞ്ഞിരുന്ന ഒരു വിദ്യാർത്ഥിയായിരുന്ന കുഞ്ഞപ്പുവിന്റെ സ്വഭാവത്തിൽ ഭയങ്കരമായ ചില പുഴക്കുത്തുകൾ ഉണ്ടായിരുന്നു. സ്നേഹവും ചിരിയും കളിയുമില്ലാത്ത ഒരന്തരീക്ഷത്തിൽ വളരുകയും രാഗദ്വേഷമില്ലാതെ നിസ്സംഗനായി ജീവിക്കണമെന്നുള്ള വേദാന്തതത്വം പഠിക്കയും കോപിയായ ഒരച്ഛന്റെ ഭരണത്തിനു് ഭയത്താൽ നിശ്ശബ്ദനായി കീഴടങ്ങി വർത്തിക്കയും ചെയ്യതിന്റെയും ചെറുപ്പം മുതൽ ബലക്കുറവുള്ള ദേഹപ്രകൃതിക്കാരനായിരുന്നതിനാലും, ആദർശത്തിനുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതു് ഏററവും വലിയ ധർമ്മമായി സ്വീകരിച്ചിരുന്നതിനാലും, കുഞ്ഞപ്പുവിന്റെ ജീവിതത്തിൽ നേരായ ചിരിയോ, കളിയോ, ആഹ്ലാദമോ, സ്നേഹമോ, സന്തോഷമോ ഉണ്ടായിരുന്നില്ല. ചെറുപ്പത്തിൽതന്നെ കുഞ്ഞപ്പു ഒരു വൈരാഗിയായിത്തീന്നു.

ആ പാവപ്പെട്ട അമ്മ കുഞ്ഞപ്പുവിനോടു് ഒരിക്കലെങ്കിലും കോപിച്ചിട്ടില്ല. എന്നാൽ അമ്മയും വലിയ സ്നേഹമൊന്നും കാണിക്കയോ പറയുകയോ പതിവില്ല. ഏതായാലും കുഞ്ഞപ്പുവിനോടു് ഒരിക്കലും കോപിക്കാത്ത ആ അമ്മയെപ്പോലും സ്നേഹിക്കുവാൻ കുഞ്ഞപ്പുവിനു്

അറിയില്ലായിരുന്നു. കുഞ്ഞപ്പുവിന്റെ ചില വിദ്യാൎത്ഥി സ്നേഹിതന്മാൎക്ക് കുഞ്ഞപ്പുവിനോടു വളരെ സ്നേഹമായിരുന്നു. അവർ എപ്പോഴും കുഞ്ഞപ്പുവിനെ അന്വേഷിച്ചു വരും. പക്ഷേ അതുപോലെ ഒരു സ്നേഹം ആരോടും കുഞ്ഞപ്പുവിനു് ഉണ്ടായിരുന്നില്ല. സൎക്കസ്സ്, നാടകം മുതലായവയിൽ കുഞ്ഞപ്പുവിനു് വലിയ ആനന്ദം ഒരിക്കലും ഉണ്ടായിട്ടില്ല. ഒന്നോ രണ്ടോ തവണ കണ്ടാൽ ഉടനെ അതിൽ വിരക്തിയായി. തൃശ്ശിവപേരൂർ പൂരത്തിനു് അനേകായിരം ജനങ്ങൾ തിങ്ങിക്കൂടി, കൊട്ടും വാദ്യവും മേളവും വെടിക്കെട്ടും നടന്നുകൊണ്ടിരിക്കുമ്പോൾ കുഞ്ഞപ്പു വീട്ടിൽ കിടന്നു് ഉറങ്ങുന്നതു് സാധാരണയായിരുന്നു. ആ ബഹളങ്ങളിൽ വലിയ രസമുണ്ടായിരുന്നില്ല. മതപരമായ ഗ്രന്ഥപാരായണത്തിൽ നിമഗ്നനായിരിക്കുന്നതായിരുന്നു കുഞ്ഞപ്പുവിന്റെ ഇഷ്ടം. അങ്ങനെ ബി. ഏ. പാസ്സായപ്പോൾ കുഞ്ഞപ്പു ഒരു യഥാൎത്ഥ സന്യാസിജീവിതത്തിനു വേണ്ടതായ എല്ലാ ലക്ഷണവും തികഞ്ഞവനായിത്തീൎന്നു. വൈരാഗി, രാഗദ്വേഷവിമുക്തൻ, ലോകമോഹമില്ലാത്തവൻ, ത്യാഗി, ബലഹീനൻ, ആത്മനിയന്ത്രണം ശീലിച്ചവൻ, നിസ്സംശയൻ ഇതെല്ലാമായിരുന്നു. അതോടുകൂടി മുൻകോപി, ശാഠ്യക്കാരൻ, ആരുടെ കീഴടങ്ങാത്തവൻ, വാശിക്കാരൻ, എല്ലാം അറിയാമെന്നു് അഹങ്കരിക്കുന്നവൻ, ആദൎശവാദി, വാഗ്മി, ഹൃദയത്തിൽ സ്നേഹമാൎദ്ദവമില്ലാത്തവൻ, ലോകനയവും ലോകമിടുക്കും അശേഷം ഇല്ലാത്തവൻ — ഇതൊക്കെയും കുഞ്ഞപ്പുവിന്റെ സമ്പാദ്യമായിരുന്നു. എന്നാൽ ലജ്ജിപ്പിക്കുന്നതോ, കുററബോധം ഉണ്ടാക്കുന്നതോ ആയ ദോഷങ്ങളോ തെററുകളോ വിരോധങ്ങളോ ദ്വേഷബുദ്ധിയോ ഒന്നും ഉണ്ടായിരുന്നതുമില്ല. ആകപ്പാടെ സ്വൎഗ്ഗത്തിലുമല്ല ഭൂമിയിലുമല്ല എന്ന നിലയിൽ കുഞ്ഞപ്പു തനിയ്ക്കുതന്നെ ഒരു കുഴഞ്ഞ പ്രശ്നമായിത്തീൎന്നു.

# ബന്ധങ്ങൾ, ബന്ധനങ്ങൾ

ആദ്ധ്യാത്മിക രംഗത്തിൽ പയററുന്നവക്കു രാഷ്ട്രീയം അരോചകമായി തോന്നുന്നതു് സാധാരണമാണല്ലൊ. കുഞ്ഞപ്പുവിൻെറ പഠിപ്പു കഴിഞ്ഞശേഷം രാഷ്ട്രീയത്തിൽ ഒന്നുരണ്ടു തവണ പ്രവേശിക്കാൻ ശ്രമിച്ചതല്ലാതെ ശരിയായ് പയററ് നടത്തിയിട്ടില്ല. എന്നാൽ മദ്രാസ്സിൽ പഠിക്കുന്ന കാലത്തു് കുഞ്ഞപ്പു ആനിബസൻഡമ്മയുടെ ഒരു ആരാധകനായിരുന്നു. രാഷ്ട്രീയത്തിൽ മഹാത്മാ ഗാന്ധിയേക്കാരം ആനിബസൻഡിനെയാണു് അനുകരിച്ചതു്. അവരുടെ പ്രവൎത്തനങ്ങളെ പത്രങ്ങരംവഴി സൂക്ഷിച്ചു് പഠിക്കയും ചെയ്തിരുന്നു. എങ്കിലും പുറത്തിറങ്ങി പ്രവൎത്തിക്കയുണ്ടായിട്ടില്ല. ആനിബസണ്ടു് ഹോംറൂം (Home Rule) പ്രക്ഷോഭണം തുടങ്ങിയപ്പോരം കുഞ്ഞപ്പുവിനും ഒരു ലഹരി പിടിച്ചു. ആ പ്രക്ഷോഭണങ്ങളിൽ അല്പാല്പം പങ്കെടുത്തു. പക്ഷേ അധികം കഴിയുന്നതിനു മുമ്പു് ആനിബസൻഡിനെ ഗവമ്മെണ്ടു് അറസ്ററു ചെയ്തു നീലഗിരിയിൽ ബന്ധനസ്ഥയാക്കി.

അതിൻെറ സ്മാരകമായി ഒരുറുപ്പിക വിലയ്ക്കുള്ള ഒരു വെള്ളിമെഡൽ മദ്രാസ്സിൽ പ്രചരിപ്പിച്ചിരുന്നു. കുഞ്ഞപ്പുവും ഒന്നു വാങ്ങിയിരുന്നു. കുഞ്ഞപ്പു ബി. എ. പാസ്സായി ബിരുദപത്രം വാങ്ങാനായി മദിരാശിയിൽ വന്നിരിക്കയാണ്. ഗവർണ്ണറുടെ അദ്ധ്യക്ഷതയിലാണ് യോഗം നടക്കുന്നതു്. ഹോംറൂം മെഡൽ ധരിക്കുന്നതു് അക്കാലത്തു് ഭയത്തോടുകൂടി വേണം. പോലീസ്സുകാർ അന്വേഷണം തുടങ്ങും. ഏതായാലും ആ മെഡൽ ധരിച്ചുകൊണ്ടു് കോൺവെക്കേഷനു പോകുവാൻതന്നെ കുഞ്ഞപ്പു തീർച്ചയാക്കി. കൂടെയുള്ള സ്നേഹിതന്മാർ അതിനു് എതിരഭിപ്രായക്കാരായിരുന്നു. കുഞ്ഞപ്പു അതൊന്നും കൂട്ടാക്കിയില്ല. മെഡൽ ധരിച്ചുകൊണ്ടുതന്നെ ബിരുദദാനയോഗത്തിലേയ്ക്കു് പോയി. ഹാളിൻെറ പ്രവേശനദ്വാരത്തിൽ എത്തിയപ്പോൾ കുഞ്ഞപ്പുവിനെ പ്രത്യേകം ഒരു പരീക്ഷ നടത്തി ടിക്കററും മററും മുറയ്ക്കുണ്ടോ എന്നു് നോക്കിയാണ് അകത്തേക്കു് പ്രവേശിപ്പിച്ചതു്. ഗവർണ്ണർ കാണത്തക്കവണ്ണം മെഡൽ ധരിച്ചുകൊണ്ടുതന്നെ കുഞ്ഞപ്പു ബി. എ. ബിരുദപത്രം കൈപ്പററി. യോഗം കഴിഞ്ഞു് മടങ്ങിവരുമ്പോഴാണ് അല്പം പ്രയാസമുണ്ടായതു്. ഒരു സാധാരണ മനുഷ്യൻ പിന്നാലെ കൂടി കുഞ്ഞപ്പുവിൻെറ അരികത്തിരുന്നു. ഒരു സി. ഐ. ഡി. ആയിരിക്കണമെന്നു കുഞ്ഞപ്പു തീർച്ചയാക്കി. അയാൾ കുഞ്ഞപ്പുവിനെപ്പററി പലതും ചോദിച്ചു. ജന്മസ്ഥലം, വാസം, ജോലി, അച്ഛനമ്മമാർ, വയസ്സ് ഇതെല്ലാം ചോദിച്ചു മനസ്സിലാക്കി. എല്ലാ സംഗതികളും കുഞ്ഞപ്പു ഒന്നും മറച്ചുവെക്കാതെ പറഞ്ഞു. അതിലും ഒരു കളങ്കം ഉണ്ടായിരുന്നില്ല. സി. ഐ. ഡി. ക്കുതന്നെ ആ കാര്യം ബോദ്ധ്യമായി. അയാൾ സലാം പറഞ്ഞു് ഇറ

ങ്ങിപ്പോയി. കുഞ്ഞപ്പ ഹോംറൂം മെഡൽ ധരിച്ചിരുന്നു വെങ്കിലും ഒരു പാവവും നിരുപദ്രവിയുമാണെന്നു അയാരം മനസ്സിലാക്കി.

## രാജകൊട്ടാരത്തിൽ

ബി. എ. പാസ്സായി അധികം താമസിയാതെ എറണാകുളത്തു് ദിവാൻെറ ആപ്പീസ്സിൽ കുഞ്ഞപ്പുവിനു് ഗുമസ്തൻെറ ജോലി കിട്ടി. അച്ഛനും അന്നത്തെ ദിവാനായിരുന്ന ഭോറും തമ്മിൽ വളരെ സ്നേഹത്തിലായിരുന്നു. അതുകൊണ്ടു് ജോലികിട്ടാൻ പ്രയാസമുണ്ടായില്ല. പക്ഷെ അവിടെ കുറച്ചുമാസങ്ങരം മാത്രമെ ഇരുന്നുള്ളു. ഒരു മതോപദേഷ്ടാവ് എന്ന നിലയിൽ അച്ഛനു് അന്നത്തെ മഹാരാജാവിനോട്ടു് വളരെ അടുപ്പം ഉണ്ടായിരുന്നു. അതുകൊണ്ടു് കുഞ്ഞപ്പു മഹാരാജാവിൻെറ കൊട്ടാരത്തിൽ ഹെഡ് ഗുമസ്ഥനായി നിശ്ചയിക്കപ്പെട്ടു. കൊട്ടാരത്തിൽതന്നെ താമസമാക്കി. ആ ജോലിയിൽ രണ്ടര കൊല്ലത്തോളം ഇരുന്നിരിക്കണം. അന്നാണു് ഗവമ്മെണ്ടു് ഉദ്യോഗം ഒരു ബന്ധനമാണെന്നു് വിചാരിക്കാൻ തുടങ്ങിയതു്. കുഞ്ഞപ്പുവിൻെറ ചെറുപ്പകാലത്തു് മുഴവൻ ഒരു പ്രമാണിയായി പൊതുകാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടും യോഗങ്ങളിൽ പ്രസംഗിച്ചുകൊണ്ടുമാണു് കഴിഞ്ഞതു്. പൊതുപ്രവത്തനങ്ങരം ഒന്നും ഇല്ലാതെ ജീവിക്കുന്നതു് പ്രയാസമായി ത്തോന്നി. ഉദ്യോഗജീവിതം ജയിൽവാസം പോലെയാണു് തോന്നിയതു്. ക്രിസ്തുവിനെപ്പോലെ മററുള്ളവക്കു വേണ്ടി തൻെറ ജീവിതകാലം മുഴവൻ വേലചെയ്യുവാൻ അനുഗ്രഹിയ്ക്കണമേ എന്നു് പ്രാത്ഥനയിൽ പറഞ്ഞിരു

ന്നതു് ആ കാലങ്ങളിൽ കുഞ്ഞപ്പു തന്നെത്തന്നെ ഓർമ്മപ്പെടു ത്തി. അങ്ങനെ പ്രാർത്ഥിച്ചിരുന്നവൻ ഇപ്പോൾ കൊട്ടാര ത്തിൽ സുഖമായി താമസിച്ചു് ആപ്പീസ് ജോലി നോക്കു ന്നു. യാതൊരാൾക്കും ഒരു പ്രയോജനവുമില്ലാത്ത ഒരു ജീ വിതം. സ്വാതന്ത്ര്യം അശേഷമില്ല; ജാതിവിചാരങ്ങളുടെ കേന്ദ്രം—ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ടിരുന്നു. പക്ഷെ തന്നെക്കാൾ എത്രയോ പഴക്കംചെന്ന ബി. എ. ക്കാർ ആ ജോലി കിട്ടാൻ പ്രാർത്ഥിക്കയായിരുന്നു. രാജാവിൻെറ ആപ്പീസ്സിൽ പ്രധാന ഉദ്യോഗസ്ഥനാകുന്നതു് രാജ്യത്തി ൻെറ ഭരണകേന്ദ്രങ്ങളിലുള്ള ഒരു അഭികാമ്യമായ പദവി യായിരുന്നു. പക്ഷെ കുഞ്ഞപ്പു അതെല്ലാം മറന്നുതുടങ്ങി.

അവിടെ ഇരിക്കുമ്പോഴാണു് കല്യാണാലോചന തുടങ്ങിയതു്. അച്ഛൻ അതിനെപ്പററി ഒരെഴുത്തെഴുതി. അച്ഛനു് എന്തോ ചില ആലോചനകൾ ഉണ്ടായിരുന്നു. പക്ഷെ അതൊന്നും അറിയാൻ ശ്രമിക്കാതെ കുഞ്ഞപ്പു തൻെറ ഉള്ളിൽ താൻ അറിയാതെ കുടികൊണ്ടിരുന്ന ആ പെൺകുട്ടിയെ ഓർത്തു. മദ്രാസിൽ പഠിക്കുമ്പോൾ തന്നോടു കൂടി അതേ വീട്ടിൽ താമസിച്ചിരുന്ന ആ കുട്ടിയെപ്പററി ചിന്തിച്ചു. മദ്രാസ് വിട്ടതിനുശേഷം അവരെപ്പററി യാ തൊരറിവും ഉണ്ടായിരുന്നില്ല. അവിടെ ഇരിക്കുമ്പോൾ തന്നെ തമ്മിൽ സംസാരിച്ചിട്ടില്ല. എങ്കിലും ആ കുട്ടി മതിയെന്നു കുഞ്ഞപ്പു തീർച്ചയാക്കി അന്വേഷണം നടത്തി. അവൾക്കും സമ്മതമായപ്പോൾ വിവരം അച്ഛനെ അറിയിച്ചു. ഇങ്ങനെ ഈ കാര്യത്തിലും തന്നിഷ്ടം പോലെ പ്രവർത്തി ക്കയാണുണ്ടായതു്. പക്ഷെ ആൾക്കും ഒരാക്ഷേപത്തിനും വഴിയുണ്ടായിരുന്നില്ല. എല്ലാംകൊണ്ടും അതു് വിരോധ

മില്ലാത്ത ഒരു നല്ല ബന്ധമായിട്ടാണ പ്രത്യക്ഷപ്പെട്ടതു്. താമസിയാതെ കല്യാണവും നടന്നു.

പണത്തിൻെറ ആവശ്യവും മററുള്ളവരെപ്പററിയുള്ള ചുമതലാബോധവും കല്യാണത്തിനുശേഷമാണു് കുഞ്ഞപ്പു അറിയുന്നതു്. അതുവരെ ഒരു ആദശ്വാദിയായി ഒരു പ്രയാസവും അറിയാതെ വിചാരിച്ചതെല്ലാം സാധിച്ചു കൊണ്ടു് മഹാസ്വതന്ത്രനായി ജീവിച്ചിരുന്ന കുഞ്ഞപ്പുവിനു കല്യാണം ഒരു വലിയ ചിന്താവിഷയമായിത്തീൎന്നു. കൊട്ടാരത്തിലെ ഉദ്യോഗത്തിൽനിന്നു കിട്ടിയിരുന്ന വരുമാനം അശേഷം പോരെന്നായി. ശമ്പളം കൂട്ടിക്കിട്ടുവാൻ കുറെ ശ്രമിച്ചു. പക്ഷെ അതൊന്നും നടക്കുമെന്നു് തോന്നിയില്ല. സക്കാർ ജോലിയുടെ ബന്ധനത്തിൽ നിന്നും ഒഴിയണമെന്നും ആദ്യമേ ആഗ്രഹമായിരുന്നല്ലോ. പണത്തിൻെറ ആവശ്യംകൂടി വന്നപ്പോ൦ വേറെ വഴിനോക്കാൻ തന്നെ തീർച്ചയാക്കി. വക്കീൽ പണിക്കു പോകണം. അച്ഛനെപ്പോലെ ഒരു നല്ല വക്കീലായിത്തീരണം. അതായിരുന്നു മോഹം. വക്കീലായാൽ സ്വതന്ത്രനാവും. ജോലി നോക്കിക്കഴിഞ്ഞ ശേഷമുള്ള സമയം പൊതുകാൎയ്യങ്ങളിൽ ഏപ്പെടാം. മനുഷ്യനു കൊള്ളാവുന്ന എന്തെങ്കിലും ജോലികൾ ചെയ്യാം. ആരേയും സേവിക്കാതെ ഉപജീവനമാൎഗ്ഗം ഉണ്ടാകയും ചെയ്യും. എല്ലാംകൊണ്ടും വക്കീൽപണി തനിയ്ക്കുചേൎന്ന ഒരു ജോലിയായി തോന്നി. അതിനുവേണ്ടി പഠിക്കാൻ തന്നെ തീച്ചയാക്കി.

## ഏടുത്തുചാട്ടം തുടങ്ങുന്നു

ഒരു കാൎയ്യം ചിന്തിച്ചുറച്ചാൽ പിന്നെ അതു് ചെയ്യുന്ന കാര്യത്തിൽ മറെറാരാളുടെ ഇഷ്ടം നോക്കുന്ന സ്വഭാവം

അന്നും ഉണ്ടായിരുന്നില്ല. വക്കീൽ പരീക്ഷയ്ക്കു പോകണ മെന്നു് തീച്ചയാക്കിയ വിവരം ആരോടും പറഞ്ഞില്ല. ഭായ്യയെ അറിയിച്ചില്ല. അച്ഛനമ്മമാരെ അറിയിച്ചില്ല. ആരുടേയും സഹായം കൂടാതെ സ്വതന്ത്രനായി പഠിച്ചു കൊള്ളാമെന്നു മനസ്സിലുറച്ചു. ബോംബെ ലോ കോളേജി ലേയ്ക്കു് കമ്പിയടിച്ചു് പ്രവേശനം ലഭിക്കുമോ എന്നു് അന്വേഷിച്ചു. ലഭിക്കുമെന്നു മറുപടി കിട്ടി. ഉടനെ പുറപ്പെടണം. പഠിക്കുവാൻ പോകുന്നതിനു് അവധിയ്ക്കപേക്ഷിച്ചുകൊണ്ടു് ഒരു ഹർജി സവ്വാധികായ്യക്കാരുടെ കൈവശം കൊടുത്തു. തൻെറ ഉദ്യോഗം സ്ഥിരമായിരുന്നില്ല. അവധിയ്ക്കു തനിക്കവകാശമില്ല. ഇതെല്ലാം അറിയാം. മഹാരാജാവിൻെറ ഇഷ്ടംപോലെ ചെയ്യട്ടെ എന്നു് വിചാരിച്ചു് അപേക്ഷ കൊടുത്തു. അന്നുതന്നെ മഹാരാജാവിനെ നേരിട്ടു കണ്ടു വിവരം ബോധിപ്പിച്ചു. ''ഉദ്യോഗം കളഞ്ഞു് പോകുന്നതു് നല്ലതാണോ'' എന്നു് തിരുമേനി ചോദിച്ചു. അപ്പോഠം കുഞ്ഞപ്പു പറഞ്ഞതു് ''തലയിലെഴുത്തുപോലെ വരട്ടെ'' എന്നായിരുന്നു. യാത്ര പറഞ്ഞു പിരിഞ്ഞു.

വക്കീൽപണി പഠിക്കാൻ ബോംബെയിലേക്കു പോകുന്നു എന്നു് ഭാര്യയ്ക്കും വീട്ടിലേയ്ക്കും ഓരോ എഴുത്തെഴുതി. തീവണ്ടി കയറി. ഭാവിയെപ്പററി ഒരു ചിന്തയുമില്ല. ഭാര്യ എന്തു ചെയ്യണം, എവിടെ താമസിക്കണം, ആർ നോക്കും, ആർ ചിലവിനു കൊടുക്കും, എന്നൊന്നും ചിന്തിച്ചില്ല. അവർ വീട്ടിൽ അച്ഛനമ്മമാരോടുകൂടി താമസിക്കട്ടെ. ബോംബെയിൽ പോയാൽ ഉദ്യോഗം കിട്ടും; പണം അയച്ചുകൊടുക്കാമെന്നുമാത്രം ഉള്ളിലുറച്ചു. കൊട്ടാര

ത്തിലെ ഉദ്യോഗം വലിച്ചെറിഞ്ഞു് കുഞ്ഞപ്പ ബോംബെ യിൽ എത്തിച്ചേർന്നു.

## ബോംബെയിൽ പഠനം

ബോംബെയിലെ വിക്ടോറിയ ടെർമിനസ്സിൽ ചെന്നിറങ്ങി. ഒരാളെയും അവിടെ അറിയിച്ചിട്ടില്ല. പരിചയമുള്ളവരുമില്ല. നേരിട്ട ഒരു ഹോട്ടലിലേയ്ക്കു പോയി. ഒരു മുറി വാടകയ്ക്കെടുത്തു സാമാനങ്ങൾ അവിടെവെച്ചു. ''എംപയർ ഹോട്ടൽ'' (Empire Hotel). ആഹാരവും കുളിയും കഴിച്ചു് ഒരു ട്രൌസറും കോട്ടും ഷൂസും വാങ്ങി ധരിച്ചു. അന്നുവരെ മുണ്ടുടുക്കുകയല്ലാതെ ട്രൌസർ ധരിച്ചിട്ടില്ല. ഷൂസ് ഇട്ടിട്ടില്ല. ബോംബെയിൽ ഉദ്യോഗം കിട്ടണമെങ്കിൽ അതെല്ലാം വേണമെന്നു ധരിച്ചിരുന്നു. ഹോൺബി റോഡിലുള്ള കമ്പനികളിൽ ഓരോന്നായി കയറി ഇറങ്ങി. ഉദ്യോഗം ഒഴിവുണ്ടോ എന്നു് അന്വേഷിച്ചുകൊണ്ടു്. നേരം നാലുമണിയായപ്പോൾ ടാററാ ഇൻഡസ്ട്രിയൽ ബാങ്കിൽ (Tata Industrial Bank) ചെന്നു. സെക്രട്ടറിയായ സായ്പിനെ കണ്ടു വിവരം പറഞ്ഞു. അദ്ദേഹം ഉടനെ കുഞ്ഞപ്പവിനെ ഒരു ക്ലാക്കായി നിശ്ചയിച്ചു. പിറെറ ദിവസം മുതൽ ആഫീസിൽ ചെല്ലുവാൻ പറഞ്ഞു. ലോ കോളേജിൽ പോയി പണമടച്ചു് അവിടേയും പ്രവേശനം സമ്പാദിച്ചു. അങ്ങനെ ചെന്ന ദിവസം തന്നെ കാര്യമെല്ലാം ശരിപ്പെട്ടു. കുഞ്ഞപ്പ ധൈര്യമായി ഒരു പുതിയ ജീവിതം തുടങ്ങി. ആഫീസ് ജോലികഴിഞ്ഞ ശേഷം കോളേജിൽ പോയി പഠിക്കും. ചിലപ്പോൾ ക്ലാസ്സുകൾ രാവിലേയും ഉണ്ടായിരുന്നു. രാവിലേയും

വൈകുന്നേരവും ഉണ്ടായിരുന്നോ എന്നിപ്പോറം ഓക്കുന്നില്ല. ഏതായാലും ഉദ്യോഗത്തിനു് തടസ്സം കൂടാതെ പഠിപ്പും തുടങ്ങി. ഹോട്ടലിൽ താമസം സ്വല്പദിവസത്തേയ്ക്കു മാത്രമായിരുന്നു. അവിടത്തെ വാടകയും ആഹാരച്ചിലവും താങ്ങുവാൻ സാധിക്കയില്ല. അതുകൊണ്ടു് പുതിയ താമസസ്ഥലം കണ്ടുപിടിക്കണം. അതായിരുന്നു ഒരു വലിയ പ്രശ്നം.

കുഞ്ഞപ്പുവിൻെറ ഭാര്യയുടെ അമ്മാവൻ ബോംബെയിൽ ബി. കോമിനു പഠിച്ചിരുന്നു. അയാളെ ചെന്നു കണ്ടു. അയാറം തൃശ്ശൂർക്കാരനായ എം. ആർ. മേനോനോടു് എൻെറ വിവരം പറഞ്ഞു. കൂടെ താമസിക്കാൻ വിരോധമില്ലെന്നു് എം. ആർ. മേനോൻ ഉടനെ സമ്മതിച്ചു. തൊപ്പിവല കെട്ടിടത്തിൽ ഒരു പത്തടി സമചതുരത്തിലുള്ളൊരു കൊച്ചുമുറിയിൽ എം. ആർ. മേനോനോടുകൂടി താമസം തുടങ്ങി. അതിനുശേഷമാണു് ബോംബെയിലെ പ്രയാസങ്ങറം കുഞ്ഞപ്പ മനസ്സിലാക്കിയതു്.

കമ്പനി ബൂം നടക്കുന്ന കാലമാണു്. അനേകം പുതിയ കമ്പനികറം ആരംഭിക്കപ്പെടുന്നുണ്ടു്. അവയിൽ ജോലി അന്വേഷിച്ചുകൊണ്ടു് തെക്കെ ഇന്ത്യയിൽ നിന്നും മററു പ്രദേശങ്ങളിൽനിന്നും അനേകായിരം ഉദ്യോഗാത്ഥികറം ബോംബെയിൽ ചെന്നു താമസിച്ചിരുന്നു. മലയാളത്തിൽ നിന്നുതന്നെ അനേകം പേർ വന്നു ഹോട്ടലുകളിൽ താമസിക്കുന്നുണ്ടായിരുന്നു. രണ്ടും മൂന്നും മാസമായി ഒരു ജോലിയും കിട്ടാതെ അസംഖ്യം യുവാക്കന്മാർ നട്ടംതിരിയുന്നുണ്ടായിരുന്നു. അന്നത്തെ ഹോട്ടൽ ഭക്ഷണം ഒരു മലയാളിക്കും സഹിക്കാൻ സാധിക്കയില്ല. ചപ്പാത്തിയും

പരിപ്പും അശേഷം വൃത്തിയില്ലാത്ത ഹോട്ടലുകളിൽ മൂക്കു പിടിച്ചു കഴിക്കണം. അതുതന്നെ കിട്ടുവാൻ കാത്തിരിക്കണം. മേശയും, തട്ടും ഒഴിയാതെ എങ്ങനെ ആഹാരം കിട്ടും. അത്ര തിരക്കായിരുന്നു രാവിലെ സമയങ്ങളിൽ. നെയ്യുടെ പേരിൽ വിളമ്പുന്ന എണ്ണ അകത്തു ചെല്ലുവാൻ വളരെ പ്രയാസമാണു്. എന്തൊക്കെ മണമോ ദുസ്വാദോ ഉള്ളതുപോലെ തോന്നും. ഹോട്ടലിൻെറ ഉള്ളിൽ പ്രവേശിക്കുമ്പോൾ തന്നെ മൂക്കു് പൊത്തിപ്പിടിക്കേണ്ടിയിരുന്നു. സാധാരണക്കാരൻെറ ഹോട്ടലുകൾ ഇങ്ങനെയുള്ളവയായിരുന്നു. വെള്ളക്ഷാമവും അതുപോലെ. പൈപ്പിൽ കുറച്ചു സമയം വെള്ളം കിട്ടും. അതു വീടുകളിൽ താമസിക്കുന്ന സ്ത്രീകൾ വന്നു പാത്രം നിറച്ചെടുക്കും. കുളിക്കാനും മററും വളരെ പ്രയാസം ആയിരുന്നു. ബോംബെയിൽ എവിടെ താമസിച്ചാലും കൊതുകും മലമ്പനിയും ഉണ്ടു്. മാസത്തിൽ ഒരിക്കലെങ്കിലും പനിയില്ലാത്തവർ അപൂർവ്വമാണു്. ആഫീസ്സിൽ ചെല്ലാതിരുന്നാൽ പനിയെന്നു തീർച്ച്യയാക്കിക്കൊള്ളണം. പിന്നെ പനി മാറിയിട്ടാണു് ചിലപ്പോൾ വിവരം ആഫീസ്സിൽ അറിയുക. എല്ലാവരുടെ കൈവശവും കൊയിനാ ഗുളിക ഉണ്ടായിരിക്കും. ഇതെല്ലാം കേട്ടപ്പോൾ കുഞ്ഞപ്പു ഭയന്നുപോയി. പക്ഷെ ചെന്ന അന്നുതന്നെ ഉദ്യോഗം ലഭിച്ചതു് ഒരു അത്ഭുതംതന്നെയായിരുന്നു. അതു് കേട്ടവർക്കും വിശ്വസിക്കാൻ സാധിച്ചില്ല. താമസിക്കാൻ സ്ഥലം കിട്ടിയതും അതുപോലെ ഒരു അത്ഭുതമായിരുന്നു. (ഏതായാലും കുഞ്ഞപ്പു തൻെറ അച്ഛനെ കൈവിട്ടില്ല.) അവൻെറ ആഗ്രഹം എല്ലാം തന്നെ വിചാരിച്ചപോലെ സാധിച്ചുകൊണ്ടിരുന്നു.

കുഞ്ഞപ്പു ചായ കാപ്പി തുടങ്ങിയവ കുടിക്കയോ മററു അനാവശ്യ ഭക്ഷണങ്ങരം കഴിക്കയോ ചെയ്യാതിരുന്നതിനാലും ജീവിതത്തിൻ ഭക്തിയും വിശ്വാസവും നിയന്ത്രണവും പരിശീലിച്ചിരുന്നതിനാലും മലമ്പനി വലിയ കാര്യമായി കുഞ്ഞപ്പുവിനെ ബാധിച്ചില്ല. രണ്ടു കൊല്ലങ്ങരംക്കുള്ളിൽ മൂന്നുനാലുപ്രാവശ്യം പനി ഉണ്ടായിരിക്കണം. ഏതായാലും വലിയ പ്രയാസംകൂടാതെ പഠിപ്പു മുറയ്ക്കു നടന്നു. ഭാര്യയ്ക്കു ആവശ്യമായ പണം അയക്കാനും സാധിച്ചിരുന്നു. ശരീരം സ്വതവെ ദുർബ്ബലമായിരുന്നതുകൊണ്ടുണ്ടായ പ്രയാസമല്ലാതെ മററൊന്നും കുഞ്ഞപ്പുവിനെ കഷ്ടപ്പെടുത്തിയിരുന്നില്ല. ബോംബെയിലും ചില പൊതുപ്രവത്തനങ്ങരം ആരംഭിച്ചു. ഒരു ''കേരളസമാജം'' സ്ഥാപിച്ചു. കുഞ്ഞപ്പു അതിൻെറ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ ബോംബെയിലും സ്വജനങ്ങളുടെ ഇടയിൽ ഒരു നേതാവായിത്തീൎന്നു. ടാററാ ബാങ്ക് വിട്ടു വേറെ രണ്ടു കമ്പനികളിൽക്കൂടി കുഞ്ഞപ്പു ജോലിനോക്കി. ഏതായാലും പഠിപ്പ് കഴിയുന്നതുവരെ പണത്തിനു പ്രയാസമുണ്ടായില്ല.

ലാ കോളേജിൽ പോകുന്നതു ഒരു നാമമാത്രമായ ചടങ്ങായിരുന്നു. അവിടെ മുടങ്ങാതെ പോയി പ്രസംഗങ്ങരം കേരംക്കും. പക്ഷേ അതിനേക്കാരം പ്രധാനമായി കുഞ്ഞപ്പു തന്നെ എല്ലാ ടെക്സ്ററുകളും വായിച്ചു ഓരോന്നിനും സ്വന്തം നോട്ടുകരം എഴുതിവെച്ചിരുന്നു എന്നുള്ളതായിരുന്നു. അങ്ങനെ പഠനത്തിലും ഒരാളുടേയും സഹായം തേടാതെയാണ് മുന്നോട്ടു പോയിരുന്നത്. പരീക്ഷക്കു സമയമായപ്പോരം കുഞ്ഞപ്പുവിൻെറ നോട്ടുകരം മാത്രം വായിച്ചാൽ മതിയായിരുന്നു. പരീക്ഷയിൽ തോൽക്കുമെന്നു

ഭയമുണ്ടായിരുന്നില്ല. അങ്ങനെ കഷ്ടപ്പെട്ട പഠിച്ചിരുന്നു. കുഞ്ഞപ്പു പരീക്ഷയ്ക്കു എഴുതുമ്പോൾ 45 വയസ്സ് കഴിഞ്ഞിരുന്ന ഒരു ക്ലാക്ക് അയാളുടെ പത്താമത്തെ തവണ പരീക്ഷയ്ക്കു എഴുതുന്നുണ്ടായിരുന്നു. ആദ്യത്തെ തവണ ജയിക്കുന്നവരുടെ എണ്ണം വളരെ കുറവായിരുന്നു. ഏതായാലും കുഞ്ഞപ്പുവിനു് പരീക്ഷയിൽ ഒന്നിലും പരാജയം ഉണ്ടായില്ല. മുറയ്ക്കു പാസ്സായി ബോംബെ ജീവിതം അവസാനിപ്പിച്ച വക്കീൽജോലി തുടങ്ങുവാൻ നാട്ടിലേയ്ക്കു മടങ്ങി.

ബോംബെയിലെ താമസക്കാലത്താണ് കുഞ്ഞപ്പുവിൻെറ ജീവിതഗതിയെ എന്നന്നേയ്ക്കുമായി മാററുന്ന ചില സംഭവങ്ങൾ ഉണ്ടായതു്. അതുവരെ ദുഃഖമൊ, കഷ്ടമൊ, പരാജയമോ അനുഭവിക്കാതെ വിചാരിച്ചതെല്ലാം സാധിച്ചുകൊണ്ടു് മുന്നോട്ടു് പോയിരുന്ന കുഞ്ഞപ്പുവിൻെറ ജീവിതം ഇരുളും കോളും നിറഞ്ഞ ഒരു സമരമാക്കിത്തീക്കുന്ന സംഭവങ്ങളായിരുന്നു അവ. അവയെപ്പററി അടുത്ത അദ്ധ്യായത്തിൽ പറയാം. ബോംബെയിൽവച്ചു് കുഞ്ഞപ്പുവിനെ അഭിമുഖീകരിച്ച മറെറാരു പ്രശ്നം രാഷ്ട്രീയമായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനപ്രകാരം വിദ്യാത്ഥികൾ പഠിപ്പുമുടക്കി സത്യാഗ്രഹത്തിനു ചേരുന്ന കാലമായിരുന്നു. ചെറുപ്പം മുതൽ പൊതുക്കാൎയ്യപ്രസക്തനെന്ന നിലയിൽ കുഞ്ഞപ്പുവിനു ഒന്നും ചെയ്യാതെയിരിക്കാൻ നിവൃത്തിയില്ലാതായി. ലാകോളേജിൽ പഠിച്ചിരുന്ന ചില പ്രമുഖ വിദ്യാത്ഥികൾ പഠിപ്പുമുടക്കിപോയി. അക്കൂട്ടത്തിൽ നമ്മുടെ കേളപ്പനും ഉണ്ടായിരുന്നു. കുഞ്ഞപ്പുവും പഠിപ്പുമുടക്കുവാൻ ആലോചിച്ചു. ഏതായാലും അങ്ങനെ ചെയ്യുവാൻ കോൺഗ്രസ്സിൻെറ പേരിൽ ആഹ്വാനം ചെയ്ത രാഷ്ട്രീയനേതാവിനെ കണ്ടു് ചോദിച്ചശേഷം ആവാമെന്നു തീച്ച്

യാക്കി. ആ നേതാവ് ആരായിരുന്നു എന്നു് ഇപ്പോഠം ഓക്കുന്നില്ല. ഏതായാലും കുഞ്ഞപ്പു ആളെ ചെന്നുകണ്ടു. കോളേജ് വിട്ടിറങ്ങിയാൽ പിന്നെ എന്തുചെയ്യണം-വല്ല പരിപാടിയും ഉണ്ടോ എന്നു് കുഞ്ഞപ്പു ചോദിച്ചു. ഒരു പരിപാടിയും ഇല്ല, അവരവർ അതു നോക്കിക്കൊള്ളണം. ഇപ്പോഠം ഞങ്ങഠംക്കൊന്നും വേറെ ഏപ്പാടില്ല. എന്നു് അദ്ദേഹം പറഞ്ഞു. എന്നാൽ കോളേജ് വിടുന്നില്ല എന്നു് കുഞ്ഞപ്പു തീർച്ചയാക്കുകയും പഠനം പൂർത്തിയാക്കുകയും ചെയ്തു.

ബോംബെയിൽവച്ചുണ്ടായ മററൊരു അനുഭവം ഇപ്പോഠം മറക്കാനാവാതെ മനസ്സിലുണ്ടു്. ആദ്യം താമസിച്ചിരുന്ന കൊച്ചുമുറിയിൽനിന്നു് താമസംമാററി. ഞാനും എം. ആറും വേറെ രണ്ടുപേരും ചേന്നു ഒരു ചെറിയ കെട്ടിടത്തിൻെറ മുകഠംത്തട്ട് വാടകക്കെടുത്തു താമസമാക്കി. ആകൃതിയിലും പ്രകൃതിയിലും അതു കുറെക്കൂടി മെച്ചമായ ഒരു സ്ഥലമായിരുന്നു. പക്ഷെ രാത്രിയായാൽ കെട്ടിടത്തിൻെറ നാനാഭാഗത്തുനിന്നും തട്ടിൻെറ മുകളിൽനിന്നും മൂട്ടകഠം കൂട്ടംകൂട്ടമായി ഇറങ്ങിവന്നു് മനുഷ്യൻെറ രക്തമെല്ലാം കുടിച്ചു വററിക്കുന്ന ഒരു സ്ഥലമായിരുന്നു അതു്. കിടക്കുന്നതിനുചുററും മണ്ണെണ്ണയോ മറേറാ പുരട്ടിയിരുന്നാൽ മൂട്ടകഠം തട്ടിൽനിന്നും നേരെ കിടക്കയിലേയ്ക്കു ചാടും. അങ്ങിനെ അവിടെ കഴിച്ചുകൂട്ടിയ ദിവസങ്ങഠം ഓക്കുമ്പോഠം ഒരു നരകംപോലെ ഭയാനകമായിത്തോന്നാറുണ്ടു്. അതിനുശേഷം മൂട്ടയുള്ള സ്ഥലമോ ഇരിപ്പിടമോ ആണെന്നറിഞ്ഞാൽ അവിടെയെങ്ങും ഇരിക്കുകയോ കിടക്കുകയോ ചെയ്യുന്നതു വലിയ ഭയമായിത്തീന്നു. എന്നുമാത്രമല്ല മൂട്ട

ശരീരത്തിൽ അരിച്ചാൽ അവിടെയെല്ലാം തടിച്ചു പൊങ്ങു വാനും തുടങ്ങി. അങ്ങനെ മൂട്ടഭയവും മൂട്ടവിഷവും കുഞ്ഞപ്പുവിൻെറ ശരീരസുഖത്തെ വളരെ ക്ഷീണിപ്പിച്ചു. താമസസ്ഥലത്തുനിന്നു് കോളേജിലേക്കുള്ള മടക്കയാത്ര ദിവസവും കാൽനടയായിട്ടായിരുന്നു. ആ മൂന്നു നാഴിക പല തെരുവുകളിൽ നടന്നു് കഷ്ടപ്പെടുന്നതു് അന്നത്തെ ഒരു പരിശീലനമായിരുന്നു. ദിവസവും ഓരോ പുതിയ വഴിയിൽക്കൂടി സഞ്ചരിക്കും. അങ്ങനെ ബോംബെയിലെ അനവധി സ്ഥലങ്ങൾ നേരിട്ടു കാണ്മാൻ കുഞ്ഞപ്പുവിനു് സാധിച്ചു. പക്ഷേ ആ സമയമെല്ലാം ഹൃദയത്തെ കരണ്ടു തിന്നിരുന്ന ഒരു ദുഃഖവും കുഞ്ഞപ്പുവിനെ പിടികൂടിയിരുന്നു.

## രണ്ടാമത്തെ കരച്ചിൽ

കുട്ടിക്കാലത്തു് എല്ലാ കുഞ്ഞുങ്ങളേയുംപോലെ കുഞ്ഞപ്പു കരഞ്ഞിട്ടുണ്ടു്. എന്നാൽ കഠിനമായ ദുഃഖം കൊണ്ടു കരയുക എന്നതു് സ്കൂളിൽ ചേൎന്ന ഒന്നാമത്തെ വൎഷം പരീക്ഷയിൽ തോററപ്പോഴാണു് ആദ്യമായി ഉണ്ടായതു്. അന്നു പത്തു വയസ്സായിരിക്കും. പിന്നീടു് പതിനഞ്ചു വൎഷങ്ങൾ എല്ലാ ആഗ്രഹങ്ങളും സാധിച്ചുകൊണ്ടു ദുഃഖം അറിയാതെ, ലോകത്തെ വകവയ്ക്കാതെ, ലോകസ്വഭാവം അറിയാതെ കുഞ്ഞപ്പു ജയലാളിതനായി ജീവിതത്തിൽ പുരോഗമിച്ചുകൊണ്ടിരുന്നു. ഇരുപത്തിയാറാമത്തെ വയസ്സിൽ ലോകം അതിൻെറ നിർദ്ദയമായ കഠാരി കുഞ്ഞപ്പുവിൻെറ ഹൃദയത്തിൽ കുത്തിക്കയററി. മുമ്പൊരിക്കലും അനുഭവിക്കാത്തതായ ഒരു ദുഃഖവും നിരാശയും കുഞ്ഞപ്പുവിൻെറ ജീവിതത്തെ അന്ധകാരത്തിൽ താഴ്ത്തി. ഒരു

ദിവസം ബോംബെയിലെ ആഫീസിൽ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോൾ അച്ഛൻ അയച്ച ഒരു കമ്പി കുഞ്ഞപ്പു വിനു കിട്ടി. 'ഉടനെ ചെല്ലണം — ഭാര്യ ദുർനടപ്പുകാരിയായിരിക്കുന്നു.' കുഞ്ഞപ്പുവിൻെറ ഹൃദയം വരണ്ടു. കണ്ണുകൾ നിറഞ്ഞു. ധാരധാരയായി ബാഷ്പം മുഖത്തിൽക്കൂടി ഒഴുകി. ശ്വാസംമുട്ടൽ ഉണ്ടായതുപോലെതോന്നി. ആരും കാണാത്ത ഒരു മൂലയിൽ പോയിനിന്നു കരഞ്ഞു. ധൈര്യം അവലംബിച്ച് ആഫീസിൽ മടങ്ങിവന്ന് അവധിക്കുള്ള അപേക്ഷ എഴുതിക്കൊടുത്തു. പിറേറ ദിവസം വിവരമായ ഒരെഴുത്തും അച്ഛൻെറ പക്കൽനിന്നും കിട്ടി. ഭാര്യയെ ഉപേക്ഷിക്കുകയാണ് ഉത്തമം എന്ന് ഉപദേശം നല്കപ്പെട്ടിരുന്നു. അച്ഛൻ അസത്യം പറയുമെന്നു ഒരു സംശയം ഒരു കാലത്തും കുഞ്ഞപ്പുവിനുണ്ടായിട്ടില്ല. കുഞ്ഞപ്പുവും അസത്യം പറഞ്ഞിട്ടില്ല. അതുകൊണ്ടു എഴുത്തിൽ കണ്ടതെല്ലാം അപ്പടി വിശ്വസിച്ചു. ഭാര്യ തനിക്കു യോജിച്ചവളല്ല, അവളെ ഉപേക്ഷിക്കണം എന്ന് അച്ഛൻ കാരണസഹിതം എഴുതിയിരുന്നു. എന്തായാലും താമസിയാതെ നാട്ടിലേക്കു പുറപ്പെട്ടു. ചെന്ന് അച്ഛനെ കണ്ടു എഴുത്തിലുള്ളതെല്ലാം ശരിയാണെന്ന് ബോദ്ധ്യമായി. അച്ഛനും അമ്മയ്ക്കും തോന്നിയ സംശയങ്ങളെല്ലാം മകനും ഉണ്ടായി. അവരുടെ ഉപദേശം കേട്ട് ഭാര്യയുടെ വീട്ടിൽപോകാതെ മടങ്ങിപ്പോകുവാൻ തീർച്ചയാക്കി മദ്രാസ്സിൽവന്നു. അവിടെ പഠിക്കുന്ന കാലത്ത് താമസിച്ചിരുന്ന വീട്ടിൽ സി. എൻ. മേനോനെ കണ്ട് വിവരങ്ങൾ തുറന്നു പറഞ്ഞു. ഇനി ഭാര്യയുടെ അടുക്കൽ പോകുന്നില്ലെന്നു പറഞ്ഞു. എന്നാൽ ആ വിവരം കാണിച്ചു ഭാര്യയുടെ വലിയച്ഛന് എഴുതുവാൻ അദ്ദേഹം ഉപദേശിച്ച പ്രകാരം ഒരു ദീർഘമായ

കത്തെഴുതി റജിസ്റ്റർ ചെയ്തയച്ചു. അതിനുശേഷവും ദുഃഖ ഭാരം സഹിക്കാൻ വയ്യാതെ കുഞ്ഞപ്പു അടയാറിൽപോയി വളരെനേരം പ്രാത്ഥനയിൽ കഴിച്ചു. അവിടെവച്ച് ഒരു പുതിയ നിശ്ചയം എടുക്കുവാൻ ശക്തനായിത്തീൎന്നു. ഭാൎയ്യ തെററുചെയ്താലും അവളെ ഉപേക്ഷിക്കരുത്. വീണ്ടും സ്നേ ഹിച്ചു അവളെ നല്ലവളാക്കിത്തീൎക്കണം. അതാണു പുരുഷ ധമ്മം എന്നായിരുന്നു ആ നിശ്ചയം. ഈ നിശ്ചയമനുസ രിച്ചു പ്രവത്തിക്കാൻതന്നെ തീൎച്ചയാക്കി. മദ്രാസിൽനിന്നു ഭാൎയ്യ താമസിച്ചിരുന്ന സ്ഥലത്തേയ്ക്കു മടങ്ങിപ്പോയി. അ വിടെ രണ്ടു ദിവസം കഴിച്ചശേഷം ബോംബെയിലേക്കു മടങ്ങി. അങ്ങനെ തൻെറ പ്രവൃത്തിമൂലം ഭാൎയ്യ ഉപേക്ഷിയ്ക്ക പ്പെടരുത് എന്നു തീൎച്ചയാക്കി വീണ്ടും ബോംബെയിലെ ജീവിതം ആരംഭിച്ചു. പക്ഷേ സംശയവും ദുഃഖവും ഉള്ളിൽ കിടന്നു എരിഞ്ഞുകൊണ്ടിരുന്നു. ബോംബെയിൽ പഠനം കഴിഞ്ഞ്, പരീക്ഷയും പാസ്സായി വീട്ടിലേയ്ക്കു മടങ്ങി താ മസിയാതെ വക്കീൽപണി ആരംഭിച്ചു. ഭാൎയ്യയുമായുള്ള തെററിദ്ധാരണകൾ മനസ്സിൽ കിടന്നു പുകഞ്ഞു വദ്ധിക്ക യല്ലാതെ കുറഞ്ഞില്ല. ഇങ്ങനെ ഒരാപത്തിൽചെന്നു വീ ണല്ലോ എന്നു വിചാരിക്കാൻ തുടങ്ങി. അപ്പോഴാണ് ചെറുപ്പകാലത്തു പ്രാത്ഥനയിൽ പറഞ്ഞിരുന്ന ചില സംഗ തികൾ ഓമ്മയിൽ വന്നത്. തൻെറ ജീവിതം മുഴുവൻ ക്രിസ്തുവിനെപ്പോലെ പാവങ്ങൾക്കായി ചിലവഴിക്കണ മെന്നു് പ്രാത്ഥിച്ചിരുന്ന സംഗതി വീണ്ടും ഓത്തുതുടങ്ങി. ഇതാ അതിൽനിന്നെല്ലാം തെററി ഭാൎയ്യാസമേതം സുഖമാ യി ജീവിക്കുവാൻ ആഗ്രഹിച്ചുകൊണ്ടു് ലോകത്തിലെ ആദായമാർഗ്ഗങ്ങൾ അന്വേഷിച്ചു മററുള്ളവരെപ്പോലെ വെറും ഒരു സ്വാത്ഥപരനായി, സുഖദുഃഖങ്ങളിൽ മുങ്ങിയും

പൊങ്ങിയും ജീവിച്ചിരിക്കവാൻ ആരംഭിച്ചിരിക്കുന്നു. വിവാഹം കഴിഞ്ഞശേഷം തനിയ്ക്കു സംഭവിച്ച മാററത്തെപ്പററി ചിന്തിച്ചുനോക്കി. അതിനു മുമ്പുണ്ടായിരുന്ന ആദർശങ്ങൾ എല്ലാം മങ്ങിപ്പോയിരുന്നു. പണത്തിൽ മോഹം അതിയായി വദ്ധിച്ചിരുന്നു. ഭാൎയ്യയുമായി ഒരുമിച്ചുകഴിച്ചിട്ടുള്ള സ്വല്പം ദിവസങ്ങളിൽ വെറും ജഡമോഹത്തിനു അടിമയായിരുന്നു എന്നു ബോദ്ധ്യമായി. വെറും മൃഗത്തെപ്പോലെ ജഡസംതൃപ്തിക്കായി താൻ സദാ ആഗ്രഹിച്ചുകൊണ്ടിരുന്നതായി പ്രത്യക്ഷപ്പെട്ടു. ഭാൎയ്യയെപ്പററിയല്ലാതെ മററാരെപ്പററിയും ചിന്തയുമില്ലാതെയായി. അമ്മ, സഹോദരിമാർ മുതലായവരും കണ്ണിൽനിന്നു് മറഞ്ഞതുപോലെയായി. ഉൽകൃഷ്ടമായ ആദർശശിഖരത്തിൽനിന്നു് നികൃഷ്ടമായ ഒരു അന്ധകാരത്തിലേയ്ക്കു പതിച്ചതുപോലെ കുഞ്ഞപ്പുവിനു് തോന്നി. ഭാൎയ്യയെ ഉപേക്ഷിക്കാൻ മനസ്സില്ല. ആകെക്കൂടി ഒരു സമാധാനവുമില്ല. വക്കീൽ ജോലി ആരംഭിച്ചകാലത്തെ ദാരിദ്ര്യദുഃഖവും ഈ നിരാശയ്ക്കു ശക്തി കൂട്ടിയിരിക്കണം. എന്നാൽ കുഞ്ഞപ്പു മനസ്സാലെ ഭാൎയ്യയെ ഉപേക്ഷിക്കയില്ല. അതു് ശരിയല്ല. പക്ഷേ വല്ലവിധത്തിൽ ആ ബന്ധത്തിൽനിന്നു രക്ഷകിട്ടുകയും വേണം. ഇങ്ങനെയുള്ള ഒരു അസാദ്ധ്യമായ നിലയിൽ വളരെ മാസങ്ങൾ കഴിഞ്ഞു. ഭാൎയ്യാഭൎത്താക്കന്മാർ കാണാതെ അവരവരുടെ വീടുകളിൽ താമസിച്ചു. അന്യോന്യം എഴുത്തുകളും അയച്ചില്ല. ഭാൎയ്യയും കുഞ്ഞപ്പുവിനെപ്പോലെ വാശിപിടിച്ചിരുന്നിരിക്കണം. അങ്ങനെ കൊല്ലങ്ങൾ മൂന്നു നാലു കഴിഞ്ഞു. വക്കീലായിരുന്നെങ്കിലും കുഞ്ഞപ്പു ഒരു സന്യാസിയായിരുന്നു. ഒരു വൈരാഗിയായിരുന്നു. ആഹാരാദികൾ വളരെ കുറച്ചു്–ആറുമാസക്കാലം ഉപ്പുകൂട്ടാതെ കഴിച്ചു

നോക്കി_ഒരു ഗ്രാമപ്രദേശത്തു് താമസമാക്കി. അവിടെ മുൻസിഫ് കോർട്ടിൽ വക്കീലായി വേലചെയ്തു. വീട്ടിൽ നിന്നും പ്രിയപ്പെട്ട ജനങ്ങളിൽനിന്നും മാറിപ്പോയി തനി യെ ഒരു ഗ്രാമപ്രദേശത്തായിരുന്നു താമസം. അങ്ങനെ രണ്ടുമൂന്നു വഷ്ങ്ങരം കഴിഞ്ഞപ്പോരം ഭായ്യയുടെ ജനങ്ങരം വിവാഹമോചനത്തിനു് ആവശ്യപ്പെട്ടു. കുഞ്ഞപ്പ ആദ്യം വിസമ്മതിച്ചുവെങ്കിലും അവസാനം വഴിപ്പെടുകയും ഭായ്യ യും ഭത്താവും രജിസ്റ്റ്രാധാരപ്രകാരം വിവാഹബന്ധം വേർ പെടുത്തുകയും ചെയ്തു. കുഞ്ഞപ്പ വീണ്ടും സ്വതന്ത്രനായി. വൈരാഗ്യജീവിതത്തിനു് തയ്യാറായി. പൊതുകായ്യങ്ങ ളിൽ താല്പയ്യം വദ്ധിച്ചു.

# സന്ന്യാസത്തിൻെറ പാതയിൽ

ബോംബെ എൽ. എൽ. ബി. പാസ്സായയവക്ക് ഉടൻ തന്നെ കൊച്ചിയിലെ ചീഫ് കോർട്ടിൽ (അന്നത്തെ ഹൈക്കോടതിയിൽ) ജോലി ആരംഭിക്കാമായിരുന്നു. അതുകൊണ്ടു് പ്രായോഗികമായ യാതൊരു പരിശീലനം കൂടാതെയും പഴക്കംചെന്ന വക്കീലന്മാരുടെ നേതൃത്വമില്ലാതെയും സ്വതന്ത്രമായി തൊഴിൽ ആരംഭിച്ചു. രണ്ടുമൂന്നു കൊല്ലം കോടതി നടപടികൾ കണ്ടുകൊണ്ടിരിക്കുക എന്നല്ലാതെ കൂടുതലൊന്നും സാധിച്ചില്ല. മററുവിധത്തിൽ തൻെറ സമയത്തെ ഫലപ്രദമായി ഉപയോഗിക്കാതെ ജീവിക്കുന്നതു് അസഹനീയമായിത്തീൎന്നു. അതുകൊണ്ടു താൻ തൃശ്ശിവപേരൂർ ആരംഭിച്ച ഭജനമഠത്തിൻെറ ഭരണച്ചുമതല ഏറെറടുത്തു് ചില വ്യവസ്ഥകൾ ചെയ്യുകയും അതിൻെറ പ്രവൎത്തനങ്ങൾ ഊൎജ്ജിതപ്പെടുത്തുകയും ചെയ്തു. വിദ്യാൎത്ഥികൾ എഴുതിയ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനും സ്റ്റുഡൻറ്സ് ഓൺ മാഗസിൻ (Students' own Magazine) എന്ന ഒരു മാസിക ആരംഭിച്ചു നടത്തിവന്നു.

നായർ സമാജം സ്ഥാപിച്ച് സ്വസമുദായത്തിൻെറ പുരോ ഗതിക്കായി ശ്രമിച്ചുനോക്കി. തൻെറ പിതാവ് ശേഖരി ച്ചിരുന്ന പുസ്തകങ്ങരം ഒരു പൊതുസ്ഥലത്ത് സ്ഥാപിച്ചു ഒരു വായനശാല ഏൎപ്പെടുത്തി. രാമകൃഷ്ണമിഷ്യൻെറ തൃശ്ശിവപേരൂർ പ്രവൎത്തനങ്ങളിൽ സജീവമായി പങ്കെടു ത്തു. ഒരു ഇംഗ്ലീഷ് വാരികയുടെ പത്രാധിപരുടെ ജോലി യിൽ സൗജന്യമായി സഹായിച്ചുവന്നു. കാട്ടിൽനിന്നും മുളയും മററും കൊണ്ടുവന്നു ഉപജീവനം കഴിച്ചിരുന്ന ഹരി ജനങ്ങളുടെ സഹായത്തിനായി ഒരു സംഘം സ്ഥാപിച്ചു. തൃശ്ശിവപേരൂർ മുനിസിപ്പാലിററിയിലെ ഒരു തെരഞ്ഞെടു ക്കപ്പെട്ട മെമ്പറായി ഉത്സാഹിച്ചുവന്നു. നാരായണഗ്ഗുരു സ്വാമികളുടെ 'ഒരു ജാതി ഒരു മതം ഒരു ദൈവം' എന്ന ആദൎശത്തെ പ്രചരിപ്പിക്കുന്നതിനു് 'സ്നേഹിതൻ' എന്ന ഒരു പ്രതിപക്ഷപത്രം സ്വന്തമായി ആരംഭിച്ചു നടത്തി. പൊതുയോഗങ്ങളിൽ പ്രസംഗിക്കുക, പത്രങ്ങളിലേക്കു എഴു തുക, ചില ഗ്രന്ഥങ്ങരം രചിക്കുക മുതലായ സേവനപര മായ പ്രവൎത്തനങ്ങളും ഉണ്ടായിരുന്നു. വള്ളത്തോരം കലാ നിലയം വക ഒരച്ചുകൂടം ഏറെറടുത്ത് കുറച്ചുകാലം നടത്തി യിരുന്നതും ഓൎക്കുന്നുണ്ട്.

വിസ്മരിക്കാനാവാത്ത ഒരു തിരഞ്ഞെടുപ്പു മത്സരത്തി ൻെറ കഥ രസാവഹമാണ്. കുഞ്ഞപ്പു ഒരു യുവവക്കീൽ മാത്രം. വയസ്സുകൊണ്ടും ഉദ്യോഗയോഗ്യതകൊണ്ടും, സ്വാ ധീനശക്തിയിലും വക്കീലന്മാരിൽ അഗ്രഗണ്യനായ അന ന്തരാമയ്യർ തൃശ്ശിവപേരൂർ മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചിരുന്ന അതേ വാൎഡിൽത്തന്നെ കുഞ്ഞപ്പുവും മത്സ രിക്കാൻ നിന്നു. തിരഞ്ഞെടുപ്പു കമ്മിററിയും പണവും മററു

സൗകര്യങ്ങളും അനന്തരാമയ്യക്കുണ്ടായിരുന്നു. കുഞ്ഞപ്പു ഇതൊന്നും കൂടാതെയാണു സമരത്തിൽ ചേൎന്നതു്. ഒരു കാൎയ്യം മാത്രം ചെയ്തു. തനിയ്ക്കുവേണ്ടി വോട്ടുചെയ്യണമെന്നു് അപേക്ഷിച്ചുകൊണ്ടു് വാർഡിലെ ഓരോ വോട്ടർക്കും ഓരോ കാർഡയച്ചു. തിരഞ്ഞെടുപ്പുദിവസം വന്നു. അനന്തരാമയ്യരുടെ ഏജൻറുമാരും മോട്ടോർ വാഹനങ്ങളും വാശിയോടെ ശ്രമം തുടങ്ങി. കുഞ്ഞപ്പു ദൃഢനിശ്ചയം ചെയ്തിരുന്നു. ഒരുവിധത്തിലുള്ള പ്രേരണയും കൂടാതെ വോട്ടർമാർ തിരഞ്ഞെടുക്കണം. അല്ലെങ്കിൽ ആ ചുമതല തനിയ്ക്കു് വേണ്ട എന്നായിരുന്നു നിശ്ചയം. നേരം മദ്ധ്യാഹ്നമായതോടുകൂടി അനന്തരാമയ്യരുടെ ഏജൻറുമാർ സമരത്തിൽനിന്നു വിരമിച്ചു. കുഞ്ഞപ്പു വലിയ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുക്കപ്പെട്ടു.

## സന്യാസി

വടക്കാഞ്ചേരിയ്ക്കുസമീപം പർളിക്കാട്ടു് ഈഴവരുടെ ഒരു ക്ഷേത്രത്തിനു ഗവമ്മെണ്ടിൽനിന്നും സ്ഥലം അനുവദിച്ചു കിട്ടുവാൻ കുഞ്ഞപ്പു പരിശ്രമിക്കുകയും കാൎയ്യം സാധിപ്പിച്ചുകൊടുക്കയും ചെയ്തു. ക്ഷേത്രപ്പണി തീൎന്നു. പ്രതിഷ്ഠയ്ക്കു നാരായണഗുരുസ്വാമികളേയും മററു ശിഷ്യന്മാരേയും ജനങ്ങൾ ക്ഷണിച്ചുവരുത്തി. അവരുടെ ക്ഷണം സ്വീകരിച്ചു കുഞ്ഞപ്പുവും ആ ദിവസം ക്ഷേത്രത്തിൽ ചെന്നിരുന്നു. നാരായണഗുരുസ്വാമികളുമായി അവിടെവെച്ചാണു് ആദ്യമായി സംസാരിച്ചതു്. സന്ധ്യയായപ്പോൾ സ്വാമികൾ ശിഷ്യന്മാരെ വിളിച്ചു പ്രതിഷ്ഠ ബോധാനന്ദൻ നടത്തിയാൽ മതി, താൻ കുഞ്ഞപ്പുവിൻെറ വസതിയിലേയ്ക്കു് പോകയാണെന്നു പറഞ്ഞു. അപ്രകാരം സ്വാമിയും രണ്ടു

അനുയായികളും കൂടെ വടക്കാഞ്ചേരിയിൽ തന്റെ വസതിയിലേയ്ക്കുവന്നു. അന്നു രാത്രി അവിടെ താമസിച്ചു; പിറേറന്നു് സ്വാമിജി അതിരാവിലെ യാത്രതിരിക്കുമ്പോൾ 'എന്താ പഞ്ചാഗ്നിയുടെ മദ്ധ്യത്തിലിരുന്നു കഷ്ടപ്പെടുകയാണല്ലേ? ഇതൊന്നും വേണ്ടെന്നു തോന്നിയാൽ ശിവഗിരിയിലേയ്ക്കു് വരാം' എന്നു പറഞ്ഞു് മടങ്ങിപ്പോകയും ചെയ്തു. കുഞ്ഞപ്പ വാസ്തവത്തിൽ അക്കാലത്തു് വളരെ മനോദുഃഖം അനുഭവിക്കയായിരുന്നു. സത്യനിഷ്ഠയോടുകൂടിയും കൈക്കൂലി കൊടുക്കാതെയും തൊഴിൽനോക്കുന്നതു് അസാദ്ധ്യമായിക്കണ്ടു. അങ്ങിനെയുള്ള ജീവിതത്തേക്കാൾ നല്ലതു സന്യാസമാണെന്നു തോന്നിയിരുന്നു. പണത്തിനുവേണ്ടിയുള്ള മത്സരത്തിൽനിന്നും അസത്യജീവിതത്തിൽനിന്നും മോക്ഷം പ്രാപിക്കുവാൻ ആഗ്രഹിച്ചിരുന്നു. ഇതൊന്നും താൻ ആരോടും പറഞ്ഞിരുന്നില്ല. ഗുരുസ്വാമി ഈ പ്രയാസം മനസ്സിലാക്കിയതുപോലെയാണു് യാത്രാസമയം തന്നോടു സംസാരിച്ചതു്. അതു് അത്യത്ഭുതമായി കുഞ്ഞപ്പവിനുതോന്നി. അഞ്ചാറുമാസത്തിനുള്ളിൽ ഗുരുസ്വാമിയുടെ ആശ്രമത്തിൽ ചേരുവാനുള്ള നിശ്ചയം ചെയ്തുകഴിഞ്ഞു. നേരെ വർക്കലയിൽ എത്തി സ്വാമിജിയെക്കണ്ടു നമസ്കരിച്ചു. ശിവഗിരി മഠത്തിൽ താമസമാക്കി. രണ്ടു മൂന്നു മാസങ്ങൾ കഴിഞ്ഞപ്പോൾ കുഞ്ഞപ്പവിനെ സ്വാമിയുടെ പേരിലുള്ള എല്ലാ സ്വത്തുക്കളുടേയും സ്ഥാപനങ്ങളുടേയും മാനേജരായി സ്വാമിജി നിയമിച്ചു.

അക്കാലത്തു് സ്വാമിജിയുടെ ആശ്രമത്തിനോ സ്ഥാപനങ്ങൾക്കോ വ്യക്തമായ ഒരു ഭരണക്രമം ഉണ്ടായിരുന്നില്ല. തന്റെ സന്യാസിശിഷ്യന്മാർ ആരെല്ലാമെന്നോ അവരുടെ ചുമതലയും അവകാശങ്ങളും എന്തെന്നോ ആർക്കും

നിശ്ചയമില്ലായിരുന്നു. സ്ഥാപനങ്ങളുടെ സ്ഥായിയായ സ്വഭാവവും ഉദ്ദേശവും എന്തെന്നും അജ്ഞാതമായിരുന്നു. സ്വത്തുക്കളും സ്ഥാപനങ്ങളും പലരായി സ്വാമിജിയുടെ പേരിൽ എഴുതിവെച്ചിരുന്നെങ്കിലും അവയെല്ലാം അതാതു സ്ഥലത്തുള്ളവർതന്നെ ആരോടും ഉത്തരവാദമില്ലാതെ കൈകാര്യം ചെയ്തുവന്നു. ഇങ്ങനെയായാൽ വേഗത്തിൽ സകലവും നഷ്ടമായിപ്പോകുമെന്നും സ്വാമിജിയുടെ കാലശേഷം വലിയ കുഴപ്പങ്ങളുണ്ടാകുമെന്നും വ്യക്തമായിരുന്നു. തന്റെ അനന്തരഗാമിയായി നിശ്ചയിച്ചിരുന്ന ബോധാനന്ദസ്വാമിക്ക് ആ ചുമതല വഹിക്കുവാൻ അശേഷം മനസ്സില്ലാതെയായി. സ്വാമിജിയുടെ കാലശേഷം താൻ എല്ലാം വിട്ടു വടക്കോട്ടു പോകുമെന്നു തീർത്തു് പറയുമായിരുന്നു. എസ്. എൻ. ഡി. പി. യോഗക്കാർ സ്വാമിയുടെ വിൽപത്രവും ബോധാനന്ദസ്വാമിയുടെ പിൻഗാമിത്വവും എതിർത്തു് അവ റദ്ദ്ചെയ്തു കിട്ടുവാൻ ആവതെല്ലാം ശ്രമിച്ചു നോക്കി. സ്വാമിജി തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. ഈ ഘട്ടത്തിലാണ് കുഞ്ഞപ്പ ആശ്രമത്തിൽ ചേർന്നതും മാനേജരായി നിശ്ചയിക്കപ്പെട്ടതും. ഒട്ടും താമസിയാതെ കാര്യങ്ങൾ ശരിപ്പെടുത്തുന്നതിനു സ്വാമിജിയുടെ അനുവാദത്തോടുകൂടി അദ്ദേഹം ശ്രമങ്ങൾ തുടങ്ങി. സ്വാമിജിയുടെ സന്യാസി ശിഷ്യപരമ്പരയെ ഒരു വ്യവസ്ഥാപിത സംഘമായി രൂപീകരിച്ച് ശ്രീനാരായണ ധർമ്മസംഘം എന്നപേരിൽ നിയമപ്രകാരം റജിസ്റ്റർചെയ്തു. ആരംഭത്തിൽ പന്ത്രണ്ടു ശിഷ്യന്മാർ ഉണ്ടായിരുന്നു. തൃശ്ശിവപേരൂർ അദ്വൈതാശ്രമത്തിൽവെച്ചാണ് ഈ കൃത്യം നിർവ്വഹിക്കപ്പെട്ടതു്. പിന്നീട് അനന്തരഗാമിയും മുക്ത്യാർദാരുമായ ബോധാനന്ദ സ്വാമിയെക്കൊണ്ടു എല്ലാ ഭരണാധികാരവും ധർമ്മസംഘത്തിലേയ്ക്കു കൈമാററം ചെയ്യിപ്പിച്ച്

സംഘത്തിൻെറ പേരിൽ സ്ഥാപനങ്ങളുടെ ഭരണം തുടങ്ങി. എല്ലാ സ്വത്തുക്കളുടേയും പ്രമാണങ്ങളും കണക്കുകളും ശരിപ്പെടുത്തുവാൻ ആവതെല്ലാംചെയ്തു. സംഘസ്ഥാപനശേഷം ഗുരുസ്വാമിയിൽനിന്നു കുഞ്ഞപ്പു സന്യാസവും ധർമ്മതീർത്ഥർ എന്ന പുതിയ പേരും സ്വീകരിച്ചു. സ്വാമിയുടെ ആരോഗ്യനില മോശമായി. ഈ അവസാന കൃത്യം നിറവേററുവാൻ ഗുരുജി കാത്തിരിക്കുകയായിരുന്നു എന്നുതോന്നി. എന്തായാലും കുറെ മാസങ്ങൾക്കുള്ളിൽ ഗുരുജി 1928-ൽ സമാധിയായി.

സമാധിയ്ക്കു ശേഷമുണ്ടായ വലുതായ പ്രയാസങ്ങളും പ്രശ്നങ്ങളും ധർമ്മതീർത്ഥസ്വാമിയുടെ മനസ്സിനെ വ്യാകുലപ്പെടുത്തിക്കൊണ്ടിരുന്നു. ഒരു വലുതായ സമുദായം ധർമ്മസംഘത്തിനും അതിൻെറ ഭരണത്തിനും വിരോധമായി വ്യവഹാരവും മററു വിധത്തിലുള്ള ഭീഷണികളും ആരംഭിച്ചു. സന്യാസി ശിഷ്യന്മാർ ഭരണം നടത്തുന്നതിനും ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും അപ്രാപ്തരായി കാണപ്പെട്ടു. സ്ഥാപനങ്ങളുടേയും സ്വത്തുക്കളുടേയും നിലനില്പിനു ഇനിയും ചിലതെല്ലാം ചെയ്താലേ മതിയാകയുള്ളു എന്നു പ്രത്യക്ഷമായി. ഒരു ധർമ്മസ്ഥാപനട്രസ്റ്റ് സ്ഥാപിക്കുന്നതിനു് നിയമപരമായ നടപടികൾ ആരംഭിച്ചു. അതിൻെറ ഫലം സകലരുടേയും വിരോധവും എതിർപ്പും ജീവൻപോലും അപായത്തിലാകുമെന്നുള്ള ഭീഷണിയും ആയിരുന്നു. പക്ഷെ അതിനൊന്നും ധർമ്മതീർത്ഥർ വഴങ്ങിക്കൊടുത്തില്ല. തീവ്രമായ വൈരാഗ്യത്തോടുകൂടി എന്തുവന്നാലുംസഹിക്കുവാൻ ഒരുങ്ങി. ദൈവത്തിലും ഗുരുവിലുമുള്ള വിശ്വാസവും അതിൽനിന്നുണ്ടായ ധൈര്യവും തന്നെ ശക്തിപ്പെടുത്തി. ഗുരുസ്വാമിയുടെ സമാധി കഴിഞ്ഞു

മൂന്നാം ദിവസംതന്നെ അനന്തരഗാമി ബോധാനന്ദസ്വാമിയും സമാധിയായി. എല്ലാം ഉപേക്ഷിച്ച് വടക്കോട്ട് പോകാനുള്ള നിശ്ചയത്തോടുകൂടിയാണ് ബോധാനന്ദൻ ആലുവാ എത്തിയിരുന്നതു്. ഗുരുസ്വാമി അപ്പോഠം വക്കലയിൽ രോഗശയ്യയിലാണ്. ബോധാനന്ദന് യാത്ര ചെയ്യുവാൻ സാധിക്കാത്തവിധം നെഞ്ചിൽ വേദനയും പൃഷ്ഠത്തിൽ ഒരു പരുവും തുടങ്ങി. ഉടനെ അദ്ദേഹം ശിവഗിരിക്കുതന്നെ മടങ്ങിവന്നു. അതിനുശേഷം രോഗശയ്യയിൽനിന്നും എണീററിട്ടില്ല. ഗുരുസ്വാമി സമാധിയായി, മൂന്നാംദിവസം ബോധാനന്ദനും. അതുകൊണ്ടു് കാഞ്ചീപുരത്തു താമസിച്ചിരുന്ന ഗോവിന്ദാനന്ദസ്വാമി സന്യാസിസംഘത്തിൻെറ അദ്ധ്യക്ഷനായി വാഴിക്കപ്പെട്ടു. എസ്. എൻ. ഡി. പി. യോഗവും ധമ്മസംഘവും തമ്മിൽ സ്ഥാപനങ്ങളെ സംബന്ധിച്ച് സിവിലും ക്രിമിനലും ആയ കേസുകഠം ആരംഭിച്ചു. അതെല്ലാം നടത്തേണ്ടതായ ചുമതലയും ധർമ്മതീർത്ഥന് വന്നുചേർന്നു. അതു് വലിയ ഭാരമായി തീർന്നു. രണ്ടുമൂന്നു വർഷത്തിനുള്ളിൽ ഗോവിന്ദാനന്ദനും സമാധിയായി. അപ്പോഠം അച്യുതാനന്ദസ്വാമി ധർമ്മസംഘാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. വ്യവഹാരങ്ങളും ഭരണത്തിൻെറ പ്രയാസങ്ങളും വദ്ധിച്ചു. സന്യാസിമാരുടെ അപ്രാപ്തിമൂലം സ്ഥാപനങ്ങഠം മുടിഞ്ഞുപോകാനിടയുണ്ടെന്നു ബോദ്ധ്യമായപ്പോഠം ധമ്മതീത്ഥർ രണ്ടു സ്നേഹിതന്മാരെ പ്രേരിപ്പിച്ച് ഒരു ധമ്മസ്ഥാപന ട്രസ്റ്റ് സ്ഥാപിച്ചുകിട്ടുവാൻ കോടതിയിൽ കേസ്സ് കൊടുപ്പിച്ചു അവരെ സഹായിച്ചുവന്നു. കുറെ കൊല്ലങ്ങഠം കഴിഞ്ഞിട്ടും കേസ്സുവിധിയാകുന്ന ലക്ഷണമൊന്നും കണ്ടില്ല. തിരുവിതാംകൂറിൽ സർ സി. പി. യുടെ ദിവാൻ

ഭരണം വലിയ എതിപ്പിനും ബഹളങ്ങൾക്കും കാരണമാക്കി. ഇവയുടെ മദ്ധ്യത്തിൽ ഒരു സന്യാസി എന്ന നിലയിൽ വിരക്തജീവിതം നയിക്കുന്നതു് അസാദ്ധ്യമായി കണ്ടതിനാൽ ധർമ്മതീർത്ഥർ ലൌകികമായ എല്ലാ സ്വത്തുക്കളും സ്ഥാപനങ്ങളും വിട്ടു് ഒരു തനി അവധൂതനായി ദൈവകൃപയിൽ മാത്രം ആശ്രയമർപ്പിച്ചു ജീവിക്കുവാൻ തീർച്ചയാക്കി.

## രണ്ടാമത്തെ സന്യാസം

തൊഴിലും കുടുംബവും ഉപേക്ഷിച്ചു ശ്രീനാരായണ ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ചതു ആദ്യത്തെ സന്യാസമാണെന്നു വിചാരിച്ചാൽ ആശ്രമത്തിലെ ജീവിതവും സൌകര്യങ്ങളും സ്വത്തുക്കളോടുള്ള ബന്ധവും ഉപേക്ഷിച്ചു ഒന്നുമില്ലാത്ത ഒരു ഭിക്ഷുവായി സഞ്ചരിക്കുവാൻ തീർച്ചയാക്കിയതു് രണ്ടാമത്തെ സന്യാസമാണെന്നു പറയാം. 1937-ലാണിതു്. ഇതിന്നു കാരണമായിത്തീർന്ന പ്രധാന സംഗതികൾ എന്തെല്ലാമായിരുന്നു എന്നു ചുരുക്കിപ്പറയാം. 1) ആശ്രമസ്ഥാപനങ്ങളും സ്വത്തുക്കളും ഭരിക്കുന്നതിൽ നേരിട്ട പ്രയാസങ്ങൾ. 2) ഗുരുസ്വാമികളുടെ ''ഒരു ജാതി ഒരു മതം ഒരു ദൈവം'' എന്ന ആദർശം പുലർത്തുന്നതിന്നു ഗുരുസ്വാമികളുടെ ആശ്രമം മൂലം സാധിക്കയില്ലെന്നു ബോദ്ധ്യമായതു്. 3) ധർമ്മസ്ഥാപന ട്രസ്റ്റ് സ്ഥാപിക്കുവാൻ എടുത്ത നിയമപരമായ നടപടികൾ കൈകാര്യം ചെയ്യുന്നതിൽ കോടതികൾ പോലും വലിയ ഉപേക്ഷ കാണിക്കുന്നതായി തോന്നിയതു്. 4) മേൽപ്രകാരമുള്ള കാരണങ്ങളാൽ തന്റെ സ്വന്തം ആത്മീയ ജീവിതം കളങ്കപ്പെടുകയും സന്യാസത്തിനു് അർത്ഥമില്ലാതാകയും ചെയ്യുന്നു എന്നു

ണ്ടായ സ്വാനുഭവം. 5) തൻെറ വിശ്വാസ ജീവിതത്തെ പരിപൂർണ്ണമായ സമർപ്പണത്തിലേയ്ക്കും ത്യാഗത്തിലേയ്ക്കും നയിക്കണമെന്ന തീവ്രമായ നിശ്ചയം. 6) ഇന്ത്യയിലെല്ലാം സഞ്ചരിച്ച് ഗുരുസ്വാമിയുടെ ആദർശങ്ങൾ പ്രസംഗിച്ച് ഹൈന്ദവരുടെ ഇടയിലെ ജാതിവിചാരം മുതലായ അന്ധവിശ്വാസങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ സാധിക്കുമെന്ന പ്രത്യാശ.

ആശ്രമജീവിതം ഉപേക്ഷിച്ച് ഒന്നുമില്ലാത്ത ഒരു ഭിക്ഷുവായി സഞ്ചരിക്കുവാൻ തുടങ്ങി. തിരുവനന്തപുരത്തിനു സമീപമുള്ള ചെമ്പഴന്തിയിൽനിന്നാണ് യാത്രപുറപ്പെട്ടത്. ചെമ്പഴന്തിയിൽ താമസിച്ച മൂന്നുനാലു സംവത്സരങ്ങളിൽ ആ സ്ഥലത്ത് ഗണ്യമായ പല പ്രവർത്തനങ്ങളും ആരംഭിച്ചിരുന്നു. ഗുരുസ്വാമികൾ ജനിച്ച വീടും പറമ്പും വിലയ്ക്കുവാങ്ങി ഒരു ഗുരുകുലം ആരംഭിച്ചു. കുട്ടികളെ പഠിപ്പിച്ചു. ഗുരുവിൻെറ പ്രവർത്തനങ്ങളെ കാണിക്കുന്ന മായാദീപ പടങ്ങൾ തയ്യാർ ചെയ്ത് പ്രദർശനങ്ങൾ നടത്തുവാനും പ്രസംഗിക്കുവാനുമായി കേരളത്തിൽ ഉടനീളം സഞ്ചരിച്ചു. ചെമ്പഴന്തി മണക്കൽ കോവിലിലെ കാളിവിഗ്രഹം മാററി പകരം ഗുരുവിൻെറ പടം ആരാധനയ്ക്കായി സ്ഥാപിച്ചു. വർഷംതോറും ഗുരുവിൻെറ ജന്മനാൾ ആഘോഷിച്ചു തുടങ്ങി. തിരുവചനങ്ങൾ മുതലായ ലഘുഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇംഗ്ലീഷിൽ Prophet of Peace എന്ന പേരിൽ ഗുരുവിൻെറ ഒരു ജീവചരിത്ര-പഠനഗ്രന്ഥം പ്രസിദ്ധപ്പെടുത്തി. മണക്കൽ 'ഗുരുദേവൻ കോവിലി'ൽ ഹരിജനങ്ങളെ പ്രവേശിപ്പിച്ചത് ഒരു ബുദ്ധിശൂന്യനായ യുവാവിൻെറ അക്രമത്തിനും അടികലശലിനും കാരണമാ

യിത്തീൎന്നു. ''ചെമ്പഴന്തിയിൽ പോയി നോക്കണം, പാവങ്ങളാണു്'' എന്നു് ഗുരുസ്വാമി പറഞ്ഞതിനെ ഓൎത്താണു് ധൎമ്മതീൎത്ഥൻ അവിടെ പോയി പ്രയാസങ്ങളെ ഗണ്യമാക്കാതെ ജനങ്ങളോടു ഹൃദയപൂൎവ്വം സഹകരിച്ചു് സസന്തോഷം സേവനം അനുഷ്ഠിച്ചിരുന്നതു്. മനസ്സില്ലാമനസ്സോടെ ആ സ്ഥലംവിട്ടു് ഒരു ഭിക്ഷക്കാരനെപ്പോലെയുള്ള ജീവിതം ആരംഭിച്ചു. കാൽനടയായി യാത്ര തുടങ്ങി.

# ഭിക്ഷു എന്ന നിലയിൽ

ഒന്നാമതായി പോയതു് കന്യാകുമാരിക്കായിരുന്നു. ചെമ്പഴന്തിയിൽ താമസിച്ചിരുന്നപ്പോൾ ധർമ്മതീർത്ഥന്റെ പതിവായ ആഹാരം തവിടുകളയാത്ത പച്ചരിച്ചോറായിരുന്നു. ഭിക്ഷയെടുത്താൽ അതു കിട്ടുമോ ? ഏതായാലും തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു് വൈകുന്നേരം ആറു മണിയോടുകൂടി നെയ്യാററിൻകരയിലെത്തി. വഴിയിൽ എവിടെയും ആഹാരം ലഭിച്ചില്ല. യാചിക്കുവാൻ പരിചയമില്ലാത്തതിനാൽ ലജ്ജിച്ചു മൌനമായി നടന്നു. നെയ്യാററിൻകര തന്നെ അറിയുന്ന പല ജനങ്ങൾ ഉള്ളതുകൊണ്ടു് അവർ കാണാതെ പോകണമെന്നു വിചാരിച്ചു റോഡു് വിട്ടു് ഒരു ഇടവഴിയിൽക്കൂടി നടന്നു. ഇടിഞ്ഞുപൊളിഞ്ഞുകിടന്നിരുന്ന ഒരു ചെറിയ ക്ഷേത്രം കണ്ടു. രാത്രി

അതിനുള്ളിൽ കഴിക്കാമെന്നു വിചാരിച്ചു. അതിൽ കടന്നു നിലത്തു മുണ്ടുവിരിച്ചു് കിടന്നു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. രാത്രി ഉദ്ദേശം എട്ടുമണിയായപ്പോൾ വെളുത്തു തടിച്ച ഒരു ഭക്തൻ കയ്യിൽ ഒരു റാന്തൽ വിളക്കുമായി അവിടെ വന്നു. ''എന്താ സ്വാമി ഇവിടെ കിടക്കുന്നതു്. ഊണു് കഴിച്ചുവോ '' എന്നു് ചോദിച്ചു. ഇല്ലെന്നു് പറഞ്ഞപ്പോൾ അയാൾ ധൎമ്മതീൎത്ഥനെ തൻെറ ഗൃഹത്തിലേക്കു ക്ഷണിച്ചു കൂട്ടികൊണ്ടു പോയി പൂമുഖത്തു് ഇരുത്തി. ഭാര്യ ചോറു കൊണ്ടുവന്നു ധൎമ്മതീൎത്ഥൻെറ മുന്നിൽവെച്ചു. തവിടുകളയാത്ത പച്ചരിച്ചോറുതന്നെ. എന്തൊരത്ഭുതം ! ആദ്യത്തെ ദിവസംതന്നെ ദൈവം തൻെറ കൃപയാൽ ധൎമ്മതീർത്ഥനെ ഭക്തിപരവശനാക്കി. രാത്രി അവിടെ കിടന്നു്, വെളിച്ചമാകുന്നതിനു മുമ്പ് എണീററ് യാത്രയാരംഭിച്ചു. കന്യാകുമാരി കടൽത്തീരത്തു എത്തി. കൊച്ചി മഹാരാജാവിൻെറ മകളും ഭൎത്താവും അവിടെ നടന്നു കാററുകൊള്ളുന്നതു ദൂരെനിന്നു കണ്ടു. അവർ പഴയ പരിചയക്കാരാണു്. തന്നെ പിച്ചക്കാരൻെറ വേഷത്തിൽ കണ്ടാൽ അവർ എന്തു പറയും? അവർ കാണാതെ അവിടംവിട്ടു് രാത്രി ഒരു സന്യാസിയുടെ കുടിലിൽ കഴിച്ചുകൂട്ടി. അടുത്ത ദിവസം കാശിയിലേയ്ക്കു യാത്ര തുടന്നു.

നാഗർകോവിൽ വഴി തിരുനെൽവേലിക്കുള്ള റോഡിൽക്കൂടി നടന്നു. മദ്ധ്യാഹ്നമായപ്പോൾ ഒരു വലിയ മാവിൻതോപ്പിൻെറ സമീപം എത്തി. അടുത്തു വീടുകൾ ഒന്നും ഇല്ല. തോപ്പിലെ കുളക്കിണററിൽ ഇറങ്ങിക്കുളിക്കുവാൻ സൌകര്യം കിട്ടുമോ എന്നു നോക്കുവാൻ തോപ്പിലേയ്ക്കു ചെന്നപ്പോൾ അതിൻെറ സൂക്ഷിപ്പുകാരനായ ഒരു പാ

വപ്പെട്ട പറയൻ കുളിക്കുവാൻ സൌകര്യവും രണ്ടു മാമ്പഴവും തന്നു. താമസിയാതെ അവൻെറ ഭാര്യ ഒരു കലത്തിൽ റാഗിക്കഞ്ഞിയുമായി വന്നു. അതിൻെറ ഒരു ഓഹരിയും ധമ്മതീർത്ഥനു ലഭിച്ചു. അല്പം വിശ്രമിച്ച ശേഷം യാത്ര തുടൎന്നു. സന്ധ്യവരെ നടന്നിട്ടും ഒരു ഗ്രാമപ്രദേശത്തിലോ പട്ടണത്തിലോ എത്തിയില്ല. റോഡിൻെറ ഇരുവശവും കണ്ണെത്താത്ത ദൂരം കൃഷിഭൂമിതന്നെ. എവിടെ രാത്രി കഴിക്കാമെന്നു് ആലോചിച്ചു് വിഷമിക്കുമ്പോഠം ഏകദേശം അരമൈൽ ദൂരെ വയലുകളുടെ മദ്ധ്യത്തിൽ ഒരു വിളക്കു് പ്രകാശിക്കുന്നതു കണ്ടു. അങ്ങോട്ടു നടന്നു. ചെന്നു കയറിയതു വീണ്ടും ഒരു പറയകൃഷ്കൻെറ കുടിലിൽതന്നെ. അവിടെ കിഴവിയായ ഒരു സ്ത്രീ സുഖമില്ലാതെ കിടക്കുന്നു. ശുശ്രൂഷിക്കാൻ മററൊരു സ്ത്രീയും ഉണ്ടു്. പുരുഷൻ വേല കഴിഞ്ഞു മടങ്ങിയിട്ടില്ല. അവിടെ പുകയുന്ന ഒരു ചിമ്മിനി വിളക്കിൻെറ നിഴലിൽ ഇരുന്നു. അവർ തന്ന ആഹാരം ഒരുവിധം അകത്താക്കി. കിടക്കുവാൻ സ്ഥലം ഉണ്ടായിരുന്നില്ല. പുറത്തു ഒരു വലിയ കാളവണ്ടിക്കൂടു് കിടന്നിരുന്നു. രാത്രി അതിനുള്ളിൽ സുഖമായി കിടന്നുറങ്ങി. അതിരാവിലെ വീണ്ടും പുറപ്പെട്ടു. പാളയം കോട്ട, തിരുനെൽവേലി മുതലായ സ്ഥലങ്ങളിൽ ഓരോ ദിവസം കഴിച്ചുകൂട്ടി.

## മധുരയിൽ

മധുരക്ഷേത്രം അതിനുമുമ്പു് പലപ്പോഴും സന്ദശിച്ചിട്ടുണ്ടായിരുന്നു. എന്നാൽ രാത്രി അതിനുള്ളിൽ കഴിച്ചുകൂട്ടിയിട്ടില്ല. ഇത്തവണ ഒരു ഭിക്ഷുവായി സഞ്ചരിച്ചിരുന്നതിനാൽ ക്ഷേത്രപരിസരങ്ങളിൽ തന്നെ കിടക്കാമെന്നു സ

കല്പിച്ച അവിടെ ഒരു ഒഴിഞ്ഞ സ്ഥലത്തു് ഇരുന്നു. ആരും കാണാതെ ഒളിഞ്ഞു കിടക്കുവാനും ഇരിക്കുവാനും മററും ധാരാളം സൌകര്യം അവിടെ ഉണ്ടു്. സന്ധ്യയായപ്പോഠം ഒരു കാവല്ക്കാരൻ വന്നു പറഞ്ഞു: ഇവിടെ കിടക്കണ്ട, വളരെ വഴക്കുകളും ദുർനടപ്പുകളും ഇവിടെ നടക്കാറുണ്ടു്. സഞ്ചാരികളായ സ്ത്രീപുരുഷന്മാർ ഈ സ്ഥലങ്ങളിൽ കിടന്നു പല കുഴപ്പങ്ങഠം സൃഷ്ടിക്കാറുണ്ടു്. അതുകൊണ്ടു് ഇപ്പോഠം രാത്രികാലങ്ങളിൽ ആരെയും കിടക്കുവാൻ അനുവദിക്കുന്നില്ല. എന്നാലും പലരും സൂത്രത്തിൽ വന്നുകൂടാറുണ്ടു്. അവരെ പിടിച്ചു പുറത്താക്കും. അതിനു് ഇടയാക്കണ്ട എന്നു പറഞ്ഞു. അല്ലാ, പ്രസിദ്ധപ്പെട്ട മധുര ക്ഷേത്രത്തിലും ഇതെല്ലാം നടക്കുന്നുവോ? ഭയങ്കരം! ധമ്മതീത്ഥൻ ക്ഷേത്രത്തിൽനിന്നു ഒന്നു രണ്ടു മൈൽ ദൂരെയുള്ള ഒരു വീട്ടിൽ രാത്രി കഴിച്ചു. അവിടെ ഒരു മലയാളി ചെറുപ്പക്കാരനെ കണ്ടു. അയാളുടെ ചരിത്രം അന്വേഷിച്ചപ്പോഠം അയാഠം ദരിദ്രനും നിസ്സഹായനും ആയ ഒരു ക്രിസ്ത്യാനി പയ്യനാണെന്നും ജീവിതമാഗ്ഗം അന്വേഷിച്ചു മധുരയിൽ വന്നു ക്ഷേത്രത്തിൽ ചില വേലകഠം ചെയ്തും ശേഷം സമയം ഒരു ബ്രാഹ്മണൻെറ വീട്ടിൽ വേലചെയ്തും കഴിഞ്ഞു കൂടുകയാണെന്നും മനസ്സിലാക്കി.

## തൃശ്ശിനാപ്പള്ളിയിൽ

മധുരയിൽനിന്നും തൃശ്ശിനാപ്പള്ളിയിലേക്കു് പുറപ്പെട്ടു. ഒരു സായാഹ്നം ഒരു ചെറിയ ഗ്രാമത്തിൽ ചെന്നുചേൻ്റു. വഴിയരുകിൽ ഒരു ചെറിയ പോലീസ് സ്റ്റേഷനുണ്ടു്. അടുത്തുതന്നെ ഒരു ഒററമുറി ക്ഷേത്രവും. ആ ക്ഷേത്രത്തിൻെറ തിണ്ണയിൽ ചെന്നുകിടന്നു. ഒരു യൌവ്വനയുക്തനായ

മനുഷ്യൻ വന്നു ധർമ്മതീർത്ഥനെ ക്ഷണിച്ചുകൊണ്ടുപോയി ഒരു വീട്ടിൽ എത്തിച്ചു. അവിടെ രണ്ടുമൂന്നു സ്ത്രീകൾ മാത്രം ഉണ്ടായിരുന്നു. അവർ ധർമ്മതീർത്ഥരെ വളരെ ഭക്തിയോടു കൂടി സ്വീകരിച്ച്, കുളിക്കുവാൻ നടുമുററത്തു വെള്ളം തന്നു. ഒരു സ്ത്രീ വന്നു കുളിപ്പിക്കട്ടെയോ എന്നു ചോദിച്ചപ്പോൾ വേണ്ട എന്നു പറഞ്ഞു മടക്കി. ഇതെന്തൊരു സല്ക്കാരം! ഒരു സഞ്ചാരിയായ സന്യാസിയെ സ്വീകരിച്ച്, അയാളെ കുളിപ്പിക്കാമെന്നു വീട്ടുടമസ്ഥയായ സ്ത്രീ പറയുന്നു. അതു മുമ്പൊരിക്കലും കേട്ടിട്ടില്ലാത്ത ഒരു സമ്പ്രദായമായിരുന്നു. കാര്യം മനസ്സിലായതുമില്ല. അവർ തന്ന ആഹാരം കഴിച്ചു ക്ഷേത്രത്തിണ്ണയിൽ വന്നു കിടപ്പായി. അപ്പോൾ ഒരു പോലീസുകാരൻ അടുത്തുവന്നു ചിലതെല്ലാം ചോദിക്കയും പറയുകയും ചെയ്തു. അപ്പോഴാണ് ധർമ്മതീർത്ഥന് സംഭവത്തിൻെറ രഹസ്യം വെളിവായതു്. അതു് വ്യഭിചാരികളുടെ ഒരു കുഗ്രാമമായിരുന്നതിനാലാണ് പോലീസുകാവൽ എപ്പോഴും ഉണ്ടായിരുന്നതു്. പ്രഭാതത്തിൽ വീണ്ടും യാത്ര ആരംഭിച്ചു. കാലത്തു് അഞ്ചോ പത്തോ മൈൽ നടക്കും. വൈകുന്നേരവും അങ്ങനെതന്നെ. ഇങ്ങിനെ നടന്നു തൃശ്ശിനാപ്പള്ളി ക്ഷേത്രത്തിനു് സമീപം എത്തി. ഒരു വീട്ടിൽ കയറി അവിടെ കണ്ട യുവാവിനോടു സംഭാഷണം ചെയ്തു. കുറെ പഠിപ്പുള്ള ഒരു ചെറുപ്പക്കാരനായിരുന്നതിനാൽ സധൈര്യം വിഷയങ്ങൾ തുറന്നു പറഞ്ഞു. ആ കുടുംബവും അടുത്തുള്ള കുടുംബങ്ങളും ക്ഷേത്രത്തിലെ ദേവദാസി വർഗ്ഗത്തിൽ പെട്ടവരുടെയായിരുന്നു. അവരുടെ ജീവിതരീതിയെപ്പററി പലതും ഗ്രഹിച്ചു. അതു ധർമ്മതീർത്ഥൻെറ ഹൃദയത്തെ കഠിനമായി വേദനിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്തു. ദേവാലയങ്ങൾ മൂലം മനുഷ്യർ ഈ വിധം ലജ്ജാ

വഹമായ ജീവിതം നയിക്കുവാൻ ഇടയാകുന്നുവല്ലോ എന്നു വിചാരിച്ച് വ്യാകുലപ്പെട്ടു. പിന്നീടു പുറപ്പെട്ടതു് തൃശ്ശിനാപ്പള്ളിയ്ക്കായിരുന്നു. പോകുന്ന വഴിക്കു അനേക ഗ്രാമങ്ങളിൽ താമസിക്കയും ക്ഷേത്രങ്ങളിൽ ആരാധിക്കയും തീർത്ഥങ്ങളിൽ കുളിക്കയും, ജനങ്ങളുടെ ജീവിതരീതികളും വിശ്വാസങ്ങളും കണ്ടും കേട്ടും മനസ്സിലാക്കുകയും ചെയ്തു. സാധാരണ ജനങ്ങളുടെ അജ്ഞതയും അന്ധവിശ്വാസങ്ങളും ദാരിദ്ര്യവും ജാതിവിചാരങ്ങളും വിഗ്രഹാരാധനയുടെ നാനാവിധത്തിലുള്ള മ്ലേച്ഛതകളും ചൂഷണങ്ങളും പുരോഹിത വർഗ്ഗത്തിൻെറ നികൃഷ്ടജീവിതവും ഇവയ്ക്കെല്ലാം ധനവും സമയവും ചെലവുചെയ്തു മൂഢജനങ്ങൾ തങ്ങൾക്കുതന്നെ നഷ്ടവും അപമാനവും സഹിച്ചു കൊണ്ടിരിക്കുന്നതും ഒരു സ്വതന്ത്ര ജനതയ്ക്കു യോജിക്കാത്തതായ മററനേകം സംഗതികളും ധർമ്മതീർത്ഥനെ ചിന്താകുലനാക്കി. ഏതു കാലത്തു് ഈ ജനം സ്വാതന്ത്ര്യത്തിനു യോഗ്യരാവും? ഏതു കാലത്തു് ഇന്ത്യയിലെ ജനങ്ങൾ ഒരു ഐക്യസമുദായമായിത്തീരും? അവരുടെ ദാരിദ്ര്യത്തിനും രോഗങ്ങൾക്കും എന്നു് ശമനം കണ്ടെത്തും? സാധാരണ ജനങ്ങളെ അധഃപതിപ്പിച്ച് ചൂഷണം ചെയ്തു് സ്വാർത്ഥതല്പരരായി ജീവിക്കുന്ന പുരോഹിതന്മാരും ധനവാന്മാരും ജന്മിമാരും ഏതു കാലത്തു് സ്വരാജ്യസ്നേഹമുള്ളവരായിത്തീരും? താൻ ജനങ്ങളുടെ ഉദ്ധാരണത്തിനായി സകലവും ത്യജിച്ച് സന്യാസിയായി ജീവിച്ചിട്ടു് എന്തു പ്രയോജനം— ഇങ്ങനെയുള്ള ചിന്തകൾ ധർമ്മതീർത്ഥനെ മ്ലാനമുഖനാക്കി.

ദിവസങ്ങൾ കുറെ കഴിഞ്ഞപ്പോൾ തിരുപ്പതിയിൽ ചെന്നുചേർന്നു. ക്ഷേത്രത്തിലെത്തുവാൻ അഞ്ചു മൈലോളം ദൂരം അനേകശതം പടികൾ ചവുട്ടിക്കയറണം എന്നു

കേട്ടപ്പോഗം ഒട്ടുംതന്നെ ഭയപ്പെട്ടില്ല. ക്ഷീണിച്ച പരവശനായ ധമ്മതീത്ഥൻ ഒരൊററ ആക്കത്തിൽതന്നെ പടികഠം കയറി മലമുകളിൽ എത്തി. വഴി നീളെ കണ്ട ദയനീയമായ കാഴ്ച എന്നും മറക്കാത്തവിധം മനസ്സിൽ പതിഞ്ഞു. വഴിയുടെ ഇരുവശവും നൂറുകണക്കിനു ഭിക്ഷക്കാർ നിലത്തു മുണ്ടു വിരിച്ചു തീത്ഥാടകരിൽ നിന്നു എന്തെങ്കിലും കിട്ടുവാൻ കാത്തിരിക്കുന്നു. സ്ത്രീകഠം, പുരുഷന്മാർ, കുട്ടികഠം, കുഷ്ഠരോഗികഠം, ഭക്തന്മാർ, മുടന്തന്മാർ, കുരുടന്മാർ, അംഗഹീനർ, യാചിക്കുന്നതു തൊഴിലായി സ്വീകരിച്ചവർ ഇങ്ങനെ സമുദായത്തിലെ ഏററവും നിർഭാഗ്യവാന്മാരായവർ ഭിക്ഷയിരന്നുകൊണ്ടു കാത്തിരിക്കുന്നു. തീർത്ഥാടകർ ഒരു വലിയ പ്രവാഹംപോലെ വരുകയും പോകയും ചെയ്യുന്നുണ്ടു്. ഓരോരുത്തരും അല്പാല്പമായി ശേഖരിച്ചുവെച്ചിട്ടുള്ള നാണയങ്ങഠം ദേവനു കൊടുക്കാനായി കിഴികെട്ടിക്കൊണ്ടു വരുന്നുണ്ടു്. ദരിദ്രരുടെ രോദനം കേട്ടു വല്ലതും കൊടുക്കുവാൻ അവരിൽ പത്തു ശതമാനത്തിനുപോലും മനസ്സില്ല. കൊടുക്കുവാൻ ദയവുതോന്നുന്നവരോ ഒരു പൈസയ്ക്കു പത്തോ പതിനഞ്ചോ കിട്ടുന്ന കവടി (Sea Shell) ആണു് വിരിച്ചിരിക്കുന്ന തുണിയിലേക്കു എറിഞ്ഞുകൊടുക്കുന്നതു്. ഇരുവശവും കഷ്ടങ്ങളാലും വേദനകളാലും ഹൃദയം മരവിച്ച ഭിക്ഷക്കാർ; അവരുടെ മദ്ധ്യത്തിൽ കൂടി കടന്നുപോകുന്നതു് അന്ധവിശ്വാസം മൂലം മനുഷ്യസ്നേഹം ഇല്ലാതെയായ കഠിനഹൃദയന്മാർ. ഒഴുകിക്കൊണ്ടിരിക്കുന്ന ജനസമൂഹം. ഇതൊ മതം ? ഇതൊ ഭക്തി? സഹോദരജനങ്ങഠം കിടന്നു പൊരിയട്ടെ, നമുക്കെന്തു്; നമ്മുടെ പൈസ ക്ഷേത്രത്തിലെ ദേവനുള്ളതു് എന്നു് ആത്മാർത്ഥമായി വിശ്വസിക്കുന്നവരാണു് അധികവും.

ദാരിദ്ര്യവും രോഗവും ദുഃഖവും മുജ്ജന്മപാപങ്ങളുടെ ഫല മാകയാൽ അനുഭവിച്ചേ മതിയാകൂ. സഹായിക്കാനും രക്ഷിക്കാനും വിചാരിച്ചിട്ട് ഒരാവശ്യവുമില്ല. ഇതാണ് പാരമ്പര്യമായ വിശ്വാസം.

ധമ്മതീത്ഥൻ ക്ഷേത്രത്തിൽ എത്തി. മുമ്പ് എവിടേ യും കണ്ടിട്ടില്ലാത്ത വലുപ്പമുള്ള ഒരു പിത്തള കുട്ടകം നടയിൽ വെച്ചിരുന്നു. അതിനുള്ളിൽ ഒരാൾ നിന്നാൽ തല പുറത്തു കാണുകയില്ല. അത്ര ഉയരവും അതിനൊത്ത വണ്ണവുമുണ്ട്. ഒരു കുട്ടിക്കിണർ പോലെ തോന്നി. തീ ത്ഥാടകർ കൊണ്ടുചെല്ലുന്ന കാണിക്കപ്പണമെല്ലാം ആ കുട്ട കത്തിൽ അവർ നിക്ഷേപിക്കുന്നു. ആയിരക്കണക്കിന് ജനങ്ങൾ ദിവസവും വന്നുകൊണ്ടിരിക്കുന്നു. ക്ഷേത്രത്തിൽ പലവിധത്തിലുള്ള പലഹാരങ്ങളും മിഠായികളും അട ങ്ങിയ നിവേദ്യങ്ങൾ ദിവസവും പല ആവത്തി ദേവന് കൊടുക്കപ്പെടുന്നു. ജനങ്ങളുടെ കൂട്ടമായുള്ള വരവും, തുരു തുരെ നടക്കുന്ന പണപ്പിരിവും മനുഷ്യരെ ആകർഷിക്കുന്ന തിനു ഏർപ്പെടുത്തിയിരുന്ന പലവിധത്തിലുള്ള മന്ത്രതന്ത്ര ങ്ങൾ, ഭോജ്യങ്ങൾ, ആഘോഷങ്ങൾ, അലങ്കാരങ്ങൾ ഇതെല്ലാം കണ്ടപ്പോൾ ധമ്മതീത്ഥൻെറ വിശ്വാസം തക ന്നുപോയി. ഇതാണോ മതം ! ഇതാണോ ദൈവം !

ഒരു രാത്രി മലയുടെ കീഴ്‌വശം കഴിച്ചുകൂട്ടി യാത്ര തുടന്നു. പല ഗ്രാമങ്ങളും ക്ഷേത്രങ്ങളും കടന്നുപോയി. ബസവാടയിൽ നടന്ന ഒരു സംഭവം ഓമ്മ വരുന്നുണ്ട്. രണ്ടാംലോക മഹായുദ്ധം തുടങ്ങിക്കഴിഞ്ഞിരുന്നു. സന്യാ സവേഷം കെട്ടി നടക്കുന്നവരെപ്പററി പോലീസുകാർക്കു വലിയ സംശയമായിരുന്നു. അഞ്ചാംപത്തിക്കാരും ശത്രു

വിനെ അനുകൂലിക്കുന്നവരും ബ്രിട്ടീഷ് കോയ്മയ്ക്കു എതിരായി പ്രവൎത്തിക്കുന്ന ദേശാഭിമാനികളും സന്യാസി വേഷത്തിൽ സഞ്ചരിക്കുന്നുണ്ടെന്നു അവർ വിചാരിച്ചിരുന്നു. ധൎമ്മതീൎത്ഥനെ പോലീസുകാർ പിടിച്ചു പോലീസ് സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി ഒരുദ്യോഗസ്ഥൻെറ മുമ്പിൽ നിൎത്തി. അതേവരെ ഒരാളോടും തൻെറ നിലയേയോ, പഠിപ്പിനേയോ പററി പറയാതെ ഒരു സാധാരണ പിച്ചക്കാരനെപ്പോലെ നടന്നിരുന്ന ധൎമ്മതീർത്ഥൻെറ സ്വഭാവം പോലീസ്സ്റ്റേഷനിൽ എത്തിയപ്പോഠം ആകെ മാറി. പോലീസ് ഉദ്യോഗസ്ഥൻെറ മുമ്പിൽ ഉണ്ടായിരുന്ന ഒരു കസേരയിൽ താൻ ഇരുന്നു. ഇതു ആ ഉദ്യോഗസ്ഥനെ അല്പം കോപിപ്പിച്ചു.

പോലീസ്: നിങ്ങഠം എവിടെയാണ് വന്നിരിക്കുന്നതെന്നു് അറിയാമോ? ഇതിനുമുമ്പു് സ്റ്റേഷനിൽ പോയിട്ടുണ്ടോ ?

ധർമ്മതീർത്ഥൻ: ഉവ്വ്; പലതവണ പോയിട്ടുണ്ടു്. ഇതുപോലെ ഇരുന്നു് എൻെറ കക്ഷികഠംക്കുവേണ്ടി കേസ്സുകഠം വാദിച്ചിട്ടുണ്ടു്.

ഉദ്യോഗസ്ഥൻെറ കോപം ശമിച്ചു. ശാന്തമായി പലതും ചോദിച്ചു തുടങ്ങി.

ഉദ്യോ: സ്വദേശമായ കേരളത്തിലെ പോലീസുമേധാവിയെ അറിയാമോ ? അദ്ദേഹത്തിനു നിങ്ങളെ അറിയാമോ ?

ധമ്മ: നേരിട്ട് പരിചയമില്ല. ദിവാനായ സർ സി. പി. യെ അറിയാം. അദ്ദേഹം എന്നെയും നേരിട്ടറിയും. ഞാൻ ഏതു ആശ്രമത്തിലുള്ള ആളെന്നെല്ലാം അദ്ദേഹം അറിയുന്നു. എഴുതിച്ചോദിക്കാൻ വിരോധമില്ല.

പ്രയാസം കൂടാതെ പോലീസ് സ്റ്റേഷൻ വിട്ടു ധമ്മതീർത്ഥൻ യാത്ര തുടൎന്നു.

നെല്ലൂരെത്തിയപ്പോൾ വിസ്മരിക്കാനാവാത്ത പല സംഭവങ്ങൾ ഉണ്ടായി. നടന്നു ക്ഷീണിച്ചും ആഹാരക്കുറവുമൂലവും ധമ്മതീർത്ഥൻ വളരെ ശോഷിച്ചു എല്ലും തൊലിയുമായിരുന്നു. മേലാസകലം ചെറിയ തരത്തിൽ ചൊറിച്ചിൽ ഉണ്ടായിരുന്നു. ശരിയായി കുളിക്കാൻ സാധിച്ചിട്ടുതന്നെ പല ദിവസങ്ങളായിരുന്നു. കൃഷ്ണാനദിയിൽ കുളിച്ചു നാലഞ്ചു ദിവസം വിശ്രമിച്ചാൽ കൊള്ളാമെന്നു ആഗ്രഹം തോന്നി. ചെറുനാരങ്ങാനീരു ശരീരത്തിൽ തേച്ചു് കുളിച്ചാൽ ചൊറിയുന്നതു് മാറും എന്നു വിചാരിച്ചു. പക്ഷേ നെല്ലൂരിൽ എവിടെ വസിക്കും. ഭാഷ തെലുങ്ക്, ഒരക്ഷരം ധമ്മതീർത്ഥനു അറിഞ്ഞുകൂട. ഇംഗ്ലീഷ് അറിയാമെന്നു ആരോടും പറയാറുമില്ല. ഇങ്ങനെ പലതും വിചാരിച്ചു വിഷണ്ണനായി ഒരു പഴയ ക്ഷേത്രത്തിൻെറ തിണ്ണയിൽ ധമ്മതീർത്ഥൻ ഇരിക്കുന്നു. നേരം ഉച്ചയായിരിക്കും— ആഹാരം കഴിച്ചിട്ടില്ല. നല്ല വിശപ്പുണ്ടു്. അങ്ങനെയിരിക്കുമ്പോൾ ഒരു മനുഷ്യൻ അടുത്തു വന്നു സ്വാമി എവിടെ പോകുന്നു എന്നു ചോദിച്ചു. ഏകദേശം അൎത്ഥം ഗ്രഹിച്ചെങ്കിലും തെലുങ്കിൽ മറുപടി പറയാൻ സാധിച്ചില്ല: അതുകൊണ്ടു് കാശിയ്ക്കു പോകുന്നു എന്നു മലയാള

ത്തിൽ പറഞ്ഞു. അപ്പോഠം ആ മനുഷ്യൻ ഇംഗ്ലീഷ് അറിയുമോ എന്നു ഇംഗ്ലീഷിൽ ചോദിച്ചു. ധർമ്മതീർത്ഥനു് ധർമ്മസങ്കടമായി. ഇല്ലെന്നു പറയുന്നതു അസത്യമായിരിക്കും. അറിയുമെന്നു പറഞ്ഞാൽ തന്റെ സ്വഭാവം പുറത്താവും. സത്യം പറയുവാൻതന്നെ തീച്ചയാക്കി ഇംഗ്ലീഷിൽ സംസാരിച്ചു. അഞ്ചു നിമിഷത്തോളം പലതും സംസാരിച്ച ശേഷം ആ സ്നേഹിതൻ രാമമൂർത്തി (ഒരു വക്കീൽ) അടുത്തുള്ള ഒരു ഇരുനിലക്കെട്ടിടത്തിലേക്കു ചൂണ്ടിക്കാണിച്ചു പറഞ്ഞു. '' അതു് എന്റെ വീടാണു്. മുകഠംത്തട്ടു് മുഴുവൻ ഒഴിഞ്ഞു കിടക്കുകയാണു്. എത്ര ദിവസം വേണമെങ്കിലും അവിടെ താമസിക്കാം. നദി അടുത്തുണ്ടു്. ദിവസവും സുഖമായി കുളിക്കാം. ആഹാരമെല്ലാം ഞങ്ങഠം തരും. ഒന്നിനും പ്രയാസപ്പെടേണ്ട.'' ക്ഷണം സ്വീകരിച്ചു ധമ്മതീർത്ഥൻ രാമമൂർത്തിയുടെ വീട്ടിൽ താമസമാക്കി. ദിവസവും നാലുനേരം ആഹാരം മുടങ്ങാതെ തന്നു. കുളിയും ശരിയായി നടന്നു. രാമമൂർത്തിയുടെ ഒരു മകഠം കുടുംബത്തിൽ ഒരു വലിയ പ്രശ്നമായിരുന്നു. അച്ഛൻ പറയുന്നതൊന്നും അനുസരിക്കുകയില്ല. അച്ഛനു് അവളോടു് എപ്പോഴും കോപമാണു്. അവളെ കാണുന്നതു തന്നെ കോപം ! ഇതെല്ലാം ആ മകളെ മുന്നിൽ നിത്തി എന്നോടു പറഞ്ഞു. ഒരു അച്ഛൻ മകളോടു ഇത്ര നിർദ്ദയം പെരുമാറിയാൽ അവഠംക്കു ലോകത്തിൽ എന്താശ്രയം ! അവഠം എങ്ങനെ നന്നാവും ! ഭ്രാന്തു് പിടിക്കുമല്ലോ ! ഇങ്ങനെ പറയുന്നതും വിചാരിക്കുന്നതും ആദ്യം അവസാനിപ്പിക്കുക. ഒരു മകളെന്ന നിലയിൽ അർഹിക്കുന്ന സ്നേഹവും ദയയും കാണിക്കുക. ദിവസവും ദൈവസന്നിധിയിൽ എല്ലാവരും ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുക. കോപ

വും കോപവാക്കുകളും പരിത്യജിക്കണം എന്നെല്ലാം ചില ഉപദേശങ്ങരം കൊടുത്തു. മൂന്നുദിവസം കഴിഞ്ഞു. പരിവ്രാജകനായ ഒരു സന്യാസി മൂന്നു ദിവസത്തിലധികം ഒരു വീട്ടിൽ താമസിക്കരുതെന്നുള്ള ഉപദേശം ഓമ്മവന്നു. അടുത്തദിവസം നെല്ലൂർ വിടുവാൻ നിശ്ചയിച്ചു. വിവരം രാമമൂർത്തിയോടു പറഞ്ഞു. യാത്രയുടെ ക്ഷീണം ഒരുവിധം തീന്നിരുന്നു. പക്ഷേ ചെറുനാരങ്ങാനീരു തേച്ചു കുളിക്കുന്ന കാര്യം തീരെ മറന്നുപോയി. യാത്ര പുറപ്പെട്ടപ്പോഴാണു് അതു് ഓർത്തതു്. ഇനി എന്തുചെയ്യുമെന്നു വിചാരിച്ചു വിഷണ്ണനായി യാത്ര തുടന്നു. കൃഷ്ണാ നദിയുടെ മദ്ധ്യത്തിൽ മാത്രമേ അല്പം വെള്ളമുണ്ടായിരുന്നുള്ളു. ഇരുവശവും മണലാരണ്യം നിരന്നു കിടക്കുന്നു. ഉച്ചയ്ക്കുള്ള വെയിൽകൊണ്ടു മണ്ണിൽക്കൂടി നടക്കുന്നതു അടിയിലും മുടിയിലും തീവെച്ചതുപോലെ പ്രയാസമായിത്തോന്നി. മണലാരണ്യത്തിൽ ഒരു പഴയ ക്ഷേത്രത്തിൻെറ അവശിഷ്ടമായ മതിലുകരം നിന്നിരുന്നു. അതിൻെറ തണലിൽ അല്പനേരം വിശ്രമിക്കാനായി അവിടെ ചെന്നിരുന്നു. മുമ്പിൽ കണ്ടതു എന്തൊരത്ഭുതം ? മൂന്നു ചെറുനാരങ്ങകരം ഒരുമിച്ചു വെച്ചിരിക്കുന്നു വിജനമായ മണപ്പുറത്തു്. ഇതു ദൈവദത്തംതന്നെ എന്നു വിചാരിച്ചു്, ഒരു നാരങ്ങാ സൂക്ഷിച്ചുവെച്ചു് രണ്ടെണ്ണം പൊളിച്ചു് മേലെല്ലാം തേച്ചു് ഒരു നല്ല കുളികഴിച്ചു. തീത്ഥാടനം വീണ്ടും തുടന്നു.

കൃഷ്ണാനദിയുടെ മറുകരയിലോ അതോ ഗോദാവരിയുടെ തീരത്തോ നല്ല ഓമ്മയില്ല, മറെറാരു ഞെട്ടിപ്പിക്കുന്ന അനുഭവം ഉണ്ടായി. നദിക്കു സമീപം ഒരു ജീർണ്ണിച്ച കൊച്ചു ക്ഷേത്രം. പൂജയൊന്നും ഇല്ലാത്ത ഒരു പഴയ കെട്ടിടമാണു്. അതിൻെറ മുൻവശം തറയിൽ

ഒരു മനുഷ്യൻ ഒരു ചാക്കു് വിരിച്ചു് അതിൽ കിടക്കുന്നു. എല്ലും തൊലിയും മാത്രമായിരുന്നു. അയാറം അത്ര അധികം ക്ഷീണിച്ചിരുന്നു. ദയനീയമായ ഒരു ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ശ്വാസം വിടുന്നുണ്ടു്. ആസ്ത്ത്മ രോഗമോ മറേറാ ആണെന്നു ധർമ്മതീർത്ഥൻ സംശയിച്ചു. ചിലപ്പോറം ചില സന്ദർശകർ വന്നു നോക്കിപ്പോകുന്നുണ്ടു്. അടുത്തു് ഒരു ആശ്രമം ഉണ്ടായിരുന്നു. തെലുങ്കുനാട്ടിലെ രണ്ടു് ആശ്രമങ്ങളിൽ ധർമ്മതീർത്ഥൻ പോകുകയുണ്ടായി. ഒന്നു് ഒരു ഗൌരംഗ ആശ്രമവും മററൊന്നു് രാമകൃഷ്ണ ആശ്രമവും ആയിരുന്നു. ഇതു് ഏതെന്നു് ഓക്കുന്നില്ല. ഏതായാലും അവിടെയുണ്ടായിരുന്ന ആശ്രമവാസികളോടു ചാക്കിൽ കിടക്കുന്ന ആളെപ്പററി ചോദിച്ചു. രണ്ടോ മൂന്നോ വഷങ്ങളായി അയാറം അവിടെ കിടക്കുന്നു എന്നും, ആരെങ്കിലും ആഹാരം കൊണ്ടുചെന്നു കൊടുത്താൽമാത്രം കഴിക്കുമെന്നും, രാത്രി എണീററു് മലമൂത്രവിസർജ്ജനങ്ങറം നടത്തുമെന്നും, അല്ലാതെ മററൊരിടത്തും പോകാറില്ലെന്നും മററും മനസ്സിലായി. എന്തൊരു മനുഷ്യനാണു്! എന്തിനായി ഇങ്ങനെ മഴയും വെയിലും സഹിച്ചു പട്ടിണികിടന്നു ശരീരം ക്ലേശിപ്പിച്ചു രോഗിയെപ്പോലെ ശ്വാസംവിട്ടും കിടക്കുന്നു എന്നു് ആക്കും അറിഞ്ഞുകൂടായിരുന്നു. എന്തായാലും അല്പംകൂടി ആ മനുഷ്യനെപ്പററി അറിയണമെന്നു വിചാരിച്ചു ധർമ്മതീർത്ഥൻ അയാറം കിടന്നിരുന്നതിനു് അല്പം ദൂരെയായി ഇരുന്നു. നാലഞ്ചു സ്ത്രീപുരുഷന്മാരും കുട്ടികളും ഒരു താലത്തിൽ പഴങ്ങളോടുകൂടി വന്നു് ആ മനുഷ്യനെ വന്ദിച്ചുകൊണ്ടുനിന്നു. അപ്പോറം അയാറം മലയാളത്തിൽ പറഞ്ഞു: 'പുലയാടിമക്കറം—ബുദ്ധിമുട്ടിക്കാൻ വന്നിരിക്കുന്നു.' മലയാളം തെലുങ്കുകാക്കു് അറിയായ്കയാൽ അയാറം പറഞ്ഞ പുലഭ്യം

അവർ ഗ്രഹിക്കയില്ലെന്നു് അറിഞ്ഞു് സംസാരിച്ചതായിരിക്കണം. ഏതായാലും ജനങ്ങരം കൊണ്ടുവന്ന ഫലങ്ങരം സ്വീകരിച്ചു് അവരെ അയച്ചു. അല്പം കഴിഞ്ഞപ്പോരം ധമ്മതീത്ഥൻ ചാക്കിൽ കിടക്കുന്ന മനുഷ്യൻെറ അടുത്തു ചെന്നു ചോദിച്ചു: 'ഇതു തുടങ്ങിയിട്ടു് എത്ര കാലമായി ?' രണ്ടു് അത്ഥത്തിലാണു് ചോദിച്ചതു്. രോഗമാണെങ്കിൽ രോഗം തുടങ്ങിയിട്ടു്, എന്തെങ്കിലും തപസ്സാണെങ്കിൽ അതു് തുടങ്ങിയിട്ടു് എത്ര കാലമായി എന്നാണു് ഉദ്ദേശിച്ചിരുന്നതു്. ഇതുകേട്ടപ്പോരം അയാരം കോപിച്ചു. 'എന്താ, വൈദ്യനാണോ ? മരുന്നു കൊണ്ടുവന്നിട്ടുണ്ടോ ?' എന്നും മററും പുലമ്പി. നിങ്ങരം കോപിക്കേണ്ട, ഞാൻ ഇതാ പോകുന്നു എന്നു പറഞ്ഞു ധമ്മതീത്ഥൻ സ്ഥലംവിട്ടു. തപസ്സുചെയ്യുന്ന ഒരു യതിയെപ്പോലെ ദേവാലയത്തിനു മുൻപിൽ കിടന്നു ജീവനെപ്പോലും ഗണ്യമാക്കാതെ ക്ലേശം സഹിക്കുന്ന ഒരു മനുഷ്യൻെറ വായിൽനിന്നും ആദ്യംകേട്ട 'പുലഭ്യം' ധമ്മതീത്ഥനെ ദുഃഖിതനാക്കി. ഈ കഠിന തപസ്സിൻെറ എല്ലാം ഗുണം എന്തു്? ആ മനുഷ്യനു് സാധാരണ മനുഷ്യരുടെ മയ്യാദയോ, ഹൃദയശുദ്ധിയോ, കാരുണ്യമോ ഇല്ലല്ലോ! ഇതാണോ തപസ്സിൻെറ ഫലം ! അയാരം ഒരു മൃഗതുല്യനായി അവിടെ തിന്നു കിടക്കുന്നതു് എന്തിനു്? ആക്കുവേണ്ടി? വഷങ്ങരം കുറെ കഴിഞ്ഞശേഷം ധമ്മതീത്ഥൻ അറിഞ്ഞു, ശബ്ദത്തോടുകൂടിയ പ്രാണായാമവും, സർവ്വസംഗത്യാഗിയായി ശരീരത്തെ ക്ലേശിപ്പിക്കുന്നതും മററും സിദ്ധവൈദ്യക്കാർ എന്നു പറയുന്നവരുടെ അഭ്യാസമുറയിൽ പെട്ടതാണെന്നു്. അശ്ലീലമായ ചിന്തയും വാക്കും അതിൽ പെടുമോ എന്നു പിന്നെയും ഒരു സംശയം അവശേഷിച്ചു. ഇതെന്തൊരു മതം, എന്തൊരു തപ

സ്സ്, എന്തൊരു അഭ്യാസം! സിദ്ധവേദാഭ്യാസമായിരിക്കയില്ല. ഇഷ്ടപ്പെടുമ്പോഠം ശിരസ്സിൽക്കൂടി പ്രാണൻ വിട്ടു പോകാൻ സാധിക്കും എന്നും മററുമാണ് ഉപദേശം. അവരുടെ ആശ്രമങ്ങളിൽ ആണും പെണ്ണും ഒരുമിച്ച് പൂണ്ണനഗ്നരായി ജീവിക്കുന്ന സമ്പ്രദായവും ഉണ്ടെന്നു അറിയുന്നു. അതെല്ലാം മനുഷ്യൻെറ ജഡത്തെയും അതിൻെറ വാസനകളേയും ജയിക്കുവാനും അവകഠംക്കു് അതീതനാകുവാനുമാണത്രെ.

പിന്നെയും പല ഗ്രാമങ്ങളും ക്ഷേത്രങ്ങളും കടന്നു് ധമ്മതീത്ഥൻ രാജമന്ദ്രിയിൽ എത്തി. ഒരു കാലത്തും മറക്കാത്തതായ സ്മരണകളെ ഉണത്തുന്ന പല മാസങ്ങഠം രാജമന്ദ്രിയിൽ കഴിച്ചു. ഏഡ്ഗ്ള രാമദാസ് എന്ന ഒരു ആശ്രമം അടുത്തുണ്ടെന്നും അവിടെ യാത്രക്കാരായ സന്യാസിമാക്കു് ദിവസവും ആഹാരം കൊടുക്കുന്നെന്നും കേട്ടു് അങ്ങോട്ടു ചെന്നു. ടൌണിൽനിന്നും അല്പം ദൂരമാണു് ആ സ്ഥലം. നട്ടുച്ചയ്ക്കു് അവിടെ ചെന്നപ്പോഠം ആഹാരം കൊടുത്തു തുടങ്ങിയിരിക്കുന്നു. ധമ്മതീത്ഥനും ഭക്ഷണം കഴിച്ചു. അവിടെവെച്ചു സിദ്ധേശ്വരൻ എന്ന ഒരു തമിഴൻ സാധുവുമായി പരിചയപ്പെട്ടു. ധമ്മതീർത്ഥൻ മലയാളിയാണെന്നു കേട്ടപ്പോഠം അദ്ദേഹം അത്ഭുതത്തോടുകൂടി 'മലയാളസ്വാമിയെ അറിയുമോ' എന്നു ചോദിച്ചു. ഒരു പ്രസിദ്ധപ്പെട്ട ആശ്രമം സ്ഥാപിച്ച് അനേകം തെലുങ്കരെ ശിഷ്യഗണങ്ങളാക്കി പ്രസിദ്ധിയാജ്ജിച്ചിരുന്ന മലയാളസ്വാമി ഒരുവിധത്തിൽ നാരായണഗുരുസ്വാമിയുടെ അനുയായിയായിരുന്നതിനാൽ അറിയും എന്നു തുറന്നു പറയേണ്ടിവന്നു. എന്നുമാത്രമല്ല, വരുന്നവഴിയ്ക്കു ഏപ്പേടിൽ പോയി മലയാളസ്വാമിയുടെ ആശ്ര

മത്തിൽ ഒരു ദിവസം താമസിക്കുകയും ചെയ്തിരുന്നു. രാജമന്ദ്രിയിലെ എഡ്ഡ്ളരാമദാസ് മഠക്കാരും ആ സ്ഥലത്തെ മററ് അനേകം ഭക്തജനങ്ങളും മലയാളസ്വാമിയെ അവരുടെ ഗുരുവായി കരുതിയിരുന്നു. മലയാളസ്വാമിയും ധർമ്മതീർത്ഥനും ഒരു ഗുരുവിൻെറ ശിഷ്യരാണെന്നു കേട്ടപ്പോൾ ധർമ്മതീർത്ഥൻ എഡ്ഡ്ളാ രാമദാസ്മഠത്തിൽ താമസിക്കണമെന്നു അവിടെ ഉണ്ടായിരുന്നവരെല്ലാം വളരെ സ്നേഹപൂർവ്വം നിർബ്ബന്ധിച്ചു. ധർമ്മതീർത്ഥർ സമ്മതിക്കുകയും ചെയ്തു.

എഡ്ഡ്ള രാമദാസ് മഠത്തിനെപ്പററി ചില സംഗതികൾ പറയട്ടെ. രാമദാസ് ഒരു ഭക്തനായിരുന്നു. അദ്ദേഹം മരിച്ചപ്പോൾ വിധവയാണ് അദ്ദേഹത്തിൻെറ പേരിൽ ഈ മഠം സ്ഥാപിച്ച് അവിടെ താമസിച്ചിരുന്നതു്. മഠത്തിനു ചുററും വിശാലമായ സ്ഥലത്തു പാറ പൊളിച്ചു റോഡിനു ചല്ലിയായും, കല്ലായും, ഉരലായും മററും വില്ക്കുന്നതു് ആ വിധവയുടെ വ്യാപാരമായിരുന്നു. ദിവസവും അമ്പതിലധികം കൂലിക്കാർ ഈ വേലയിൽ ഏർപ്പെട്ടിരുന്നു. ഈ വ്യവസായത്തിൽ നിന്നുള്ള ആദായം മുഴവൻതന്നെ അവർ ധർമ്മകാര്യങ്ങൾക്കായി ചെലവുചെയ്തുവന്നു. തൻെറ വീട്ടുകാരിൽ നിർദ്ധനരായ ചിലർ കൂടെ താമസിച്ചിരുന്നു. അടുത്തുതന്നെയുള്ള ക്ഷയരോഗകേന്ദ്രത്തിൽ ചികിത്സക്കായി വന്നിരുന്നവർക്കു താമസിക്കുവാൻ വാടകക്കുകൊടുക്കുന്നതിനും സൌജന്യമായി കൊടുക്കുന്നതിനുമായി കുറെ ചെറിയ വീടുകൾ പണി കഴിപ്പിച്ചിരുന്നു. ദിവസവും ഉച്ചയ്ക്കു് മഠത്തിൽ ചെല്ലുന്ന വഴിയാത്രക്കാർക്കെല്ലാം ആഹാരം കൊടുത്തിരുന്നു. ഓരോ ദിവസവും പതിനഞ്ചു് ഇരുപതുപേർ വരുമായിരുന്നു. സന്യാ

സിയായി താമസിക്കുന്ന ഒരാറംക്ക വസിക്കുവാൻ കൊള്ളാവുന്ന ഒരു പ്രത്യേക ആശ്രമക്കെട്ടിടം കുറെ ദൂരെയായി ഉണ്ടായിരുന്നു. പകൽ മുഴവൻ വിധവ വേലസ്ഥലങ്ങളിലായിരിക്കും. കൃഷിയും ആവശ്യത്തിനു് ഉണ്ടായിരുന്നു. കാവമ്മ എന്നാണു് അവരുടെ പേരു്. അവരുടെ മകളുടെ മകളായി സാവിത്രിയെന്ന ഒരു കുട്ടിയുണ്ടായിരുന്നു. ധർമ്മതീർത്ഥന്റെ ഒരു മരുമകളുടെ പേർ സാവിത്രിയെന്നായിരുന്നതിനാൽ ആ പേർ ഓക്കുന്നതാണു്. മററുള്ളവരുടെ പേരൊന്നും ഓക്കുന്നില്ല. സന്യാസിക്കുള്ള പ്രത്യേക ആശ്രമത്തിൽ താമസിക്കണമെന്നു കാവമ്മയും കൂട്ടരും നിർബ്ബന്ധിച്ചപ്പോറം ധർമ്മതീർത്ഥൻ ചില വ്യവസ്ഥകറം ചെയ്തു. എല്ലാ ചിലവുകളും അവർ വഹിക്കുന്നതിനു പുറമേ രാജമന്ദ്രിയിലെ ഗ്രന്ഥശാലയിൽനിന്നു ആവശ്യമനുസരിച്ചു് ഗ്രന്ഥങ്ങറം വായിക്കുവാൻ കൊണ്ടുവരുന്നതിന്നു് ഒരാളെ ഏപ്പെടുത്തണം. വെറുതെ ഇരിക്കാനല്ല ധർമ്മതീർത്ഥൻ പുറപ്പെട്ടതു്. വഴിനീളെ ഉണ്ടായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഗവേഷണം നടത്തി ഹിന്ദുമതം എന്താണെന്നു സത്യമായി അറിയുവാനും ഒരു പുസ്തകം എഴുതുവാനും താൻ ആഗ്രഹിക്കുന്നു എന്നും അതു കഴിയുന്നതുവരെ ആശ്രമത്തിൽ താമസിക്കാമെന്നും ആയിരുന്നു വ്യവസ്ഥകറം. എല്ലാം അവർ സമ്മതിച്ചു. എന്തൊരു ഭക്തി, എന്തൊരു ത്യാഗം, എന്തൊരു വിനയം! പക്ഷെ എല്ലാം ദുർബലരും പാപികളുമായ മനുഷ്യഗുരുക്കന്മാരോടാണു്. അവരുടെ കാൽതൊട്ടു് നമസ്കരിക്കും, കാൽ ചുംബിക്കും, അവക്കു ധനം കണക്കില്ലാതെ കൊടുക്കും, അവരുടെ ഉപദേശങ്ങളിൽ കണ്ണടച്ചു വിശ്വസിക്കും ഇതെല്ലാം കാവമ്മ ചെയ്തിരുന്നു. അനേകം ഗുരുക്കന്മാരും പുരോഹിതന്മാരും അവരുടെ ഭക്തിയെ ആദായമാർഗ്ഗമാക്കിയിരുന്നു.

രാജമന്ത്രിയിൽ എഡ്ഡ്‌ള രാമദാസ് മഠത്തിൽ താമസിച്ച ഒന്നു് ഒന്നരക്കൊല്ലം മുഴവൻ ഒരു തീവ്രമായ പഠനവും ഗവേഷണവും ആയിരുന്നു. ആഹാരാദികൾക്കുള്ള സമയം കഴിച്ചാൽ പകൽ ശേഷം സമയമെല്ലാം ഏകാഗ്രതയോടു കൂടിയ വായനയും ചിന്തയും എഴുത്തും തന്നെ. ഏഴുമാസത്തോളം അതൊരു ഉഗ്രതപസ്സായിരുന്നു. Menace of Hindu Imperialism എന്ന പുസ്തകത്തിൻെറ ആദ്യത്തെ കയ്യെഴുത്തു് പ്രതി തയ്യാറാക്കി കഴിഞ്ഞു. ലാഹോറിലെ ഒരു കോളേജ് പ്രൊഫസറായിരുന്ന ഡോ. ലൂക്കാസ് എന്ന അമേരിക്കൻ പണ്ഡിതൻ പുസ്തകം വായിച്ചുനോക്കി, അതു് എഴുതിത്തീക്കാൻ എത്ര സമയമെടുത്തു എന്നു് ചോദിച്ചപ്പോൾ ഏഴുമാസം എന്നു കേട്ടിട്ടു് അദ്ദേഹം പറഞ്ഞു ''ഞങ്ങളാണെങ്കിൽ ആറു കൊല്ലം എടുക്കും. സ്വന്തം അനുഭവവും അറിവും ഉള്ളതായിരിക്കാം ഇത്ര ക്ഷണത്തിൽ തീക്കാൻ സഹായിച്ചതു്''. പിന്നീടു് ധമ്മതീത്ഥൻ തന്നെ അതിനെപ്പററി ചിന്തിച്ചു് അത്ഭുതപ്പെടാറുണ്ടു്. ഏതായാലും കുറെ മാസങ്ങൾ കൂടി അവിടെ താമസിച്ചു്, എഴുതിയതെല്ലാം ടൈപ്പുചെയ്തു് ശരിയാക്കി.

രാജമന്ദ്‌രിവാസകാലത്തെ ചില സംഭവങ്ങൾ രസാവഹങ്ങളാണു്. മലയാളസ്വാമിയുടെ ശിഷ്യകളായ സ്ത്രീകളുടെ ഒരു ആശ്രമം ഉണ്ടായിരുന്നതിൽ പോയി പ്രസംഗിച്ചിട്ടുണ്ടു്. കോളേജിലും ചില പൊതുയോഗങ്ങളിലും പ്രസംഗിച്ചിട്ടുണ്ടു്. വളരെദൂരം നടന്നു് പതിവായി ഗോദാവരി നദിയിൽ കുളിച്ചുവന്നു. അടുത്തുണ്ടായിരുന്ന ക്ഷയരോഗാശുപത്രിയിലെ രോഗികളിൽ ചിലരെ സന്ദശിച്ചു് അവരുടെ സംശയത്തിനും ഭയത്തിനും പരിഹാരം വരുത്തിയിരുന്നു. എഡ്ഡ്‌ള രാമദാസ് മഠത്തിൽവന്ന രണ്ടു സന്യാ

സികളെപ്പററി പറയാതെ തരമില്ല. ഒരാം ഒരു മുപ്പതു കാരൻ യുവാവായിരുന്നു. ലങ്കോട്ടി മാത്രമാണു് ഉടുപ്പു്. സ്വന്തം കൈകൊണ്ടു് അയാം ആഹാരം കഴിക്കയില്ല. വേറെ ആരെങ്കിലും ഉരുള ഉരുട്ടി വായിൽ കൊടുക്കണം. അല്ലെങ്കിൽ ഒരു പാത്രത്തിൽ ചോറു് വിളമ്പിവെച്ചാൽ നായ്ക്കം തിന്നുന്നതുപോലെ കപ്പിത്തിന്നും. എന്നാൽ സാധാരണയായി ഉരുള ഉരുട്ടിക്കൊടുക്കാൻ ഭക്തരായ സ്ത്രീകളെ എവിടെയും ലഭിക്കമായിരുന്നു. അതാണു് അതിലുണ്ടായിരുന്ന സന്തോഷം. പിന്നെ ഒരു സൂത്രക്കാരി സന്യാസിനിയെക്കണ്ടു. അവർ രണ്ടു മൂന്നു ശിഷ്യകളോടുകൂടി രാമദാസ് മഠത്തിൽ വന്നു. സമാധിയിൽ കിടക്കാൻ പോകയാണെന്നും ആ ദിവസങ്ങളിൽ തനിയ്ക്കു് എപ്പോഴും ഒരു സ്വപ്നാവസ്ഥ പോലെയാകയാൽ പ്രജ്ഞയുണ്ടായിരിക്കയില്ലെന്നും ശരീരത്തിനു വേണ്ടതെല്ലാം ശിഷ്യകാം അതാതു സമയം തയ്യാർ ചെയ്തു് വായിൽ കൊടുത്തുകൊള്ളണമെന്നും പറഞ്ഞു് കാവമ്മയുമായി ഏർപ്പാടുചെയ്തു. എന്നിട്ടു് സമാധിയിൽ കിടപ്പു് ആരംഭിച്ചു. ആവശ്യമുള്ള ആഹാരം ശിഷ്യകാം വായിൽ കൊടുക്കും. മലമൂത്രാദികാംക്കു് ശിഷ്യകാം കൈപിടിച്ചു നടത്തും. പ്രജ്ഞയില്ലാത്തതിനാൽ കണ്ണുകാണുകയില്ലെന്നാണു് വയ്പു്. പലരും സന്ദർശനത്തിനായി വന്നു വണങ്ങി പോയിരുന്നു. അങ്ങിനെ സമാധി നാളുകാം മുഴുവൻ കഴിച്ചു. സമാധി കഴിഞ്ഞശേഷം അവർ അന്വേഷിച്ചറിഞ്ഞു ധമ്മതീത്ഥൻ ആ നാളുകളിൽ സന്ദർശനത്തിനു് ചെന്നിരുന്നില്ലെന്നു്. അതു് അവക്കു് വലിയ അനിഷ്ടത്തിനു കാരണമായിത്തീന്നു.

ഈ അവസരത്തിൽ വിട്ടുപോയ ഒരു കഥ പറയട്ടെ. തമിഴ്നാട്ടിൽ സഞ്ചരിച്ചപ്പോാം ഒരു പ്രസിദ്ധപ്പെട്ട ഗ്രാമ

ത്തിൽ രണ്ടുദിവസം താമസിച്ചു. അവിടത്തെ സ്വാമി ഈശ്വരസാക്ഷാല്ക്കാരം സിദ്ധിച്ച തപോധനൻ ആണെന്നു് ഇൻഡ്യ ഒട്ടാകെയും മററു രാജ്യങ്ങളിലും ഘോഷിക്കപ്പെട്ടിരുന്നു. കൌപീനധാരിയായ സ്വാമിയുടെ ദർശനത്തിനും സംഭാഷണം ശ്രദ്ധിക്കുന്നതിനും ദിവസവും അനേകർ വന്നുകൊണ്ടിരുന്നു. സ്വാമിയുടെ ചരിത്രം അറിവുള്ളവർ പറഞ്ഞുകേട്ടു ഗ്രഹിച്ചതും കണ്ടതും കേട്ടതും ധമ്മതീത്ഥൻ ഓർത്തിരുന്നു .സ്വാമി ചെറുപ്പത്തിൽ ത്യാഗിയായി മലമുകളിൽ വസിച്ചു. ചില ശിഷ്യന്മാർ ചുററുംകൂടി ഭിക്ഷയെടുത്തു് ആഹാരം കഴിച്ചുവന്നു. അനേകർ ദശ്നത്തിനു് വന്നുതുടങ്ങിയപ്പോഠം ആശ്രമം സ്ഥാപിക്കാൻ സാധിച്ചു, ക്രമേണ വരവു വദ്ധിച്ചു. വലിയ കെട്ടിടങ്ങളും മററും ആയി. ജനങ്ങളുടെ വരവും അതോടൊപ്പം പണത്തിൻെറ വരവും പ്രശസ്തിയും വർദ്ധിച്ചുകൊണ്ടിരുന്നു. അപ്പോഠം ശിഷ്യന്മാരെ അടുത്തുനിന്നു മാററി. തൻെറ സ്വന്തം അമ്മ, സഹോദരന്മാർ മുതലായവരെ വരുത്തി കാൎയ്യങ്ങഠം അവരെ ഏല്പിച്ചു. അതു് കേസ്സിനു് കാരണമായിത്തീർന്നു. അപ്പോഠം താൻ സന്യാസിയല്ലെന്നും മററും സ്വാമി മൊഴികൊടുത്തു ശിഷ്യന്മാരെ തോൽപിച്ചു. ധനവും സ്വത്തും വദ്ധിച്ചു അമ്മ മരിച്ചപ്പോഠം ആ സ്ഥലത്തു് ഒരു സമാധിക്ഷേത്രം സ്ഥാപിച്ചു പൂജാദികഠം തുടങ്ങി. പത്രങ്ങളിൽ ആഴ്ചതോറും സ്വാമിയെപ്പററി കഥകളും പരസ്യങ്ങളും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. വിദേശസഞ്ചാരികഠം ദശ്നത്തിനു വന്നുതുടങ്ങി. അവരിൽ ചിലരെക്കൊണ്ടു് പുസ്തകങ്ങഠം എഴുതിപ്പിച്ചു, കഥകഠം പ്രചരിപ്പിച്ചു. സ്വാമി ഈശ്വരസാക്ഷാൽക്കാരം സിദ്ധിച്ച ആളായി. പക്ഷെ സാധാരണ മനുഷ്യനെപ്പോലെ ഊണുമുറക്കവും ശരിയായി

വേണം; രോഗം ഉണ്ടാകുമ്പോൾ മരുന്നു ചികിത്സയും ആവശ്യമായിരുന്നു. ധാരാളം പണവും വന്നുകൂടിയിരുന്നു. ഇതു നല്ല സാക്ഷാല്ക്കാരമാണല്ലോ എന്നു ധർമ്മതീർത്ഥൻ വിചാരിച്ചു.

ഇന്ത്യയിലെ യോഗേശ്വരന്മാരും, നേതാക്കന്മാരും, സാധാരണ അങ്ങനെയാണല്ലൊ എന്നു വിചാരിച്ചു സമാധാനപ്പെട്ടു. നേതാക്കന്മാർ ഉപ്പുപോലെ അലിഞ്ഞുപോകണം എന്നു ക്രിസ്തുവാണു് പറഞ്ഞതു്. അതു ഈ രാജ്യത്തിൻെറ പ്രമാണമല്ലല്ലൊ. ഇവിടെ അനേക നൂററാണ്ടുകളായി ബഹുമാനിക്കപ്പെട്ടുന്നവർ വെണ്ണപോലെയുള്ളവരാണു്. ചുററുമുള്ള എല്ലാ സ്വത്തും അവർ വലിച്ചെടുത്തു തങ്ങളെത്തന്നെ തടിപ്പിക്കും; മഹത്വപ്പെടുത്തും, ആരാദ്ധ്യന്മാരാകും. എല്ലാവരും അവരെ ശുശ്രൂഷിക്കണം. അവർ ആരെയും ശുശ്രൂഷിക്കരുതു്. ദൈവസാക്ഷാല്ക്കാരം സിദ്ധിച്ചവർ സാധാരണ മനുഷ്യരെ ശുശ്രൂഷിക്കുകയൊ ! അതു നമ്മുടെ സംസ്കാരമല്ല. ധർമ്മതീർത്ഥൻ വേറെ സ്ഥലം അന്വേഷിച്ചു അവിടെനിന്നും രക്ഷപ്പെട്ടു.

## അന്തഃസംഘർഷത്തിൻെറ നാളുകൾ

രാമദാസ് മഠത്തിൽ വെച്ചു് ധർമ്മതീർത്ഥർക്കുണ്ടായ ഒരു ആദർശ മാററത്തെപ്പററി പറയേണ്ടതു ആവശ്യമായിരിക്കുന്നു. ചെറുപ്പത്തിൽതന്നെ താൻ ഒരു വൈരാഗിയുടെ സ്വഭാവമുള്ളവനായിരുന്നു. അതായതു് ലൌകിക കാര്യങ്ങളിൽ വിരക്തിയും ആത്മീയകാര്യങ്ങൾക്കു വേണ്ടിയുള്ള ത്യാഗവും തൻെറ സ്വഭാവമായിരുന്നു. സന്യാസിയായതോടുകൂടി അതു ശക്തിപ്പെട്ടു. അതിനുശേഷം സർവ്വസംഗപരിത്യാഗിയായി രാഗദ്വേഷമുക്തനായിത്തീരുവാനായി

ന്നു ശ്രമമെല്ലാം. ഹൃദയത്തിൽ ആരോടും മാത്സര്യവിചാരങ്ങൾ ഇല്ലാതെയായിക്കഴിഞ്ഞിരുന്നു. സ്നേഹിക്കുന്നതു തെററാണെന്നുതന്നെ തീച്ചയാക്കിയിരുന്നു. അങ്ങനെയുള്ള നിലയിലാണു് രാമദാസ്മഠത്തിൽവന്നു താമസമാക്കിയതു്. അവിടെ താമസിച്ചിരുന്ന കാലത്തു് കിഴവിയായ ഒരു വിധവയും അവരുടെ കൂട്ടുകാരും, തൻെറ ഭാഷപോലും അറിയാത്തവർ, തന്നെക്കൊണ്ടു യാതൊരു ഉപകാരവും ഉണ്ടാകാതിരുന്നാലും, ശ്രദ്ധയോടും സ്നേഹത്തോടും കൂടി തന്നെ സ്വീകരിച്ചു് തനിയ്ക്കു വേണ്ടതെല്ലാം തരികയും, തനിയ്ക്കുവേണ്ടി പണം വ്യയം ചെയ്യുന്നതിനു പുറമെ തൻെറ കാൽക്കൽ വീണു നമസ്കരിക്കയും ചെയ്തുകൊണ്ടിരുന്നു. യാതൊരു പ്രതിഫലവും കാംക്ഷിക്കാത്ത ഭക്തിയും സ്നേഹവും! താൻ എന്തിനു് സന്യാസിയായി. ഒരു മനുഷ്യനോടും സ്നേഹമില്ലാതെ ആക്കും ഉപകാരമില്ലാതെ, തന്നിൽതന്നെ സമാധാനമില്ലാതെ ജീവിക്കുന്നു! തൻെറ ഹൃദയകാഠിന്യം എത്ര ഭയങ്കരമാണു്. ഇതു മതി, മനുഷ്യനോടു സ്നേഹമില്ലാത്ത ജീവിതം ഇനി വേണ്ട. മനുഷ്യക്കുവേണ്ടി സൽപ്രവൃത്തികൾ ചെയ്യാതെയുള്ള ആത്മീയ ജീവിതവും മതിയാക്കണം. 'Menace of Hindu Imperialism' എന്ന പുസ്തകം എഴുതിത്തീന്നപ്പോൾ തന്നെ ഈ രാജ്യത്തിലെ പാരമ്പര്യമനുസരിച്ചുള്ള മതാചാരങ്ങളിൽ വിശ്വാസം കുറഞ്ഞിരുന്നു. അതിൻെറ പ്രകാശത്തിൽ തൻെറ സ്വന്തം സ്വഭാവത്തേയും ജീവിതത്തേയും പരിശോധിക്കാൻ ദൈവഗത്യാ ഇടയായിത്തീന്നു. അപ്പോൾ മററു സന്യാസിമാർ, ആശ്രമങ്ങൾ, ക്ഷേത്രങ്ങൾ, വിഗ്രഹാരാധന, മന്ത്രതന്ത്രങ്ങൾ, ജാതിവിചാരം ഇവയിലെല്ലാം കണ്ടതായ അസത്യവും അധമ്മവും തന്നിലും ഉണ്ടെന്നു ബോദ്ധ്യമായി.

അങ്ങനെ ധർമ്മതീർത്ഥൻ തീവ്രമായ ഒരു ആത്മപരിശോധനയ്ക്കു വിധേയനാകുകയും പല ദിവസങ്ങൾ ദുഃഖിതനായി കഴിയുകയും ചെയ്തു. രാത്രിയിൽ ഉറക്കം കുറഞ്ഞു. ശരീരത്തിൽ ചൂടു വർദ്ധിച്ചു, കത്തിക്കാളുന്നതുപോലെ തോന്നി. ഹൃദയത്തിൽ നിലവിളിച്ചുകൊണ്ടു സ്നേഹമില്ലാത്ത ജീവിതം വേണ്ടാ വേണ്ടാ എന്നു് പ്രാർത്ഥിക്കുക പതിവായിത്തീൎന്നു. ലോകത്തോടുള്ള വിരക്തി വർദ്ധിക്കുകയല്ലാതെ കുറഞ്ഞില്ല; പക്ഷേ സ്നേഹമില്ലാതെ ജീവിതത്തിൽ ഒരു സുഖവും കാണുന്നതുമില്ല. രണ്ടുംകൂടി എങ്ങനെ സാദ്ധ്യമാകും. വിരക്തിയോടും സ്നേഹത്തോടും കൂടിയ ലോകസേവനം സാധിക്കുമോ? സാധിക്കണം! അല്ലെങ്കിൽ ജീവിച്ചിട്ടു ഫലമെന്തു്? ആൎക്കും നന്മ ചെയ്യാതെയും ആരെയും സ്നേഹിക്കാതെയും ജനങ്ങളുടെ ശുശ്രൂഷയും സ്നേഹവും സ്വീകരിച്ചുകൊണ്ടു നടക്കുന്ന ത്യാഗജീവിതം വേണ്ട എന്നു തീൎച്ചയാക്കി. ശരീരവും മനസ്സും ഒരുപോലെ കത്തിക്കാളുന്നതുപോലെ തോന്നി. തന്റെ ആത്മപരിശോധനയുടെ ഫലം പൂൎണ്ണമായും ആത്മീയം മാത്രമല്ലായിരുന്നു എന്നും, ശക്തിയായ ജഡമോഹങ്ങളും അന്നുണ്ടായിരുന്നു എന്നും തനിക്കു് ബോദ്ധ്യമായിരുന്നു. പ്രകൃത്യാ സൌമ്യനും സ്നേഹസ്വഭാവിയുമായിരുന്ന ഒരു കുട്ടിയാണു് മതവിചാരങ്ങൾ മൂലം കഠിനഹൃദയനായ ഒരു യുവാവായി, തീവ്രവൈരാഗിയായി, ഒരു സന്യാസിയായതു്. തന്റെ യഥാർത്ഥസ്വഭാവം അതേവരെ മൎദ്ദിക്കപ്പെട്ടു് ഒളിച്ചുകിടക്കുകയായിരുന്നു. അതു് എല്ലാ പ്രതിബന്ധങ്ങളും തകൎത്തു പുറത്തുചാടി. സ്നേഹവും അന്യൎക്കു ഉപകാരവും ഇല്ലാത്ത ജീവിതം വിശിഷ്ടമായി തനിക്കു് വേണ്ടാ എന്നു് നിലവിളിച്ചു തുടങ്ങി. ധൎമ്മതീൎത്ഥൻ തന്റെ ആത്മനിർബ്ബന്ധത്തിനു് വഴങ്ങി

ക്കൊടുത്തു. ഇനി അങ്ങനെയുള്ള ജീവിതം കണ്ടുപിടിക്കാനും രാമദാസ് മഠം വിടുവാനും തീച്ച്യയാക്കി. നടന്നുപോകരുതു്, ട്രെയിൻ കയറി പോകണമെന്നുപറഞ്ഞു് കാവമ്മയും കൂട്ടരും ധാരാളം പണവും തന്നു. ധമ്മതീത്ഥൻ രാജമന്ദ്രി വിട്ടു് കാശിയിലേയ്ക്കു യാത്ര തുടൻ.

അവിടെനിന്നു പിന്നീടു ചെന്നു താമസിച്ച സ്ഥലം ഏതെന്നു വ്യക്തമാക്കുന്നില്ല. എന്തുകൊണ്ടെന്നു വായനക്കാക്കു് ഊഹിക്കാൻ സാധിക്കും. അതിൻെറ സംഭവകഥമാത്രം പറയാം. മനോഹരമായ ഒരു പുതിയ പട്ടണത്തിലെ ഒരു വിശാലമായ റോഡിന്നരികെ ഭിക്ഷക്കാരൻെറ വേഷത്തിൽ ധമ്മതീത്ഥൻ നില്ക്കുന്നു. മോട്ടോർകാറുകൾ അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ടു്. മനോഹരമായ കെട്ടിടങ്ങൾ റോഡിൻെറ ഇരുവശവും കാണ്മാനുണ്ടു്. നല്ലൊരു കുടുംബം, നല്ലൊരു വിദ്യാത്ഥി, നല്ലൊരു വാഗ്മി, നല്ലൊരു ഉദ്യോഗസ്ഥൻ, നല്ലൊരു വക്കീൽ, നല്ലൊരു എഴുത്തുകാരൻ, നല്ലൊരു സമുദായ സേവകൻ, ആയിരുന്ന ധമ്മതീത്ഥൻ ഇതാ ആക്കും ഒന്നിനും കൊള്ളാത്തവനായി, ഒന്നുമില്ലാത്തവനായി പകച്ചുനോക്കി ദുഃഖിച്ചുകൊണ്ടു് നില്ക്കുന്നു. തനിയ്ക്കും വേണമെങ്കിൽ ഒരു കാറും വീടും മററും സമ്പാദിക്കുവാൻ പ്രയാസമില്ലായിരുന്നു— എന്തൊരു ഭ്രാന്താണു് തനിയ്ക്കു പററിയതു് ! അതെ ഈ വിധം ഒരു പിച്ചക്കാരനെപ്പോലെ തെണ്ടിത്തിരിയുന്നതു് ഭ്രാന്തുതന്നെ. ഇങ്ങനെ മനം കലങ്ങി ചിന്തിച്ചു തീൎന്ന ഉടനെ ഒരു മോട്ടോർകാർ വന്നു തൻെറ മുമ്പിൽ നിന്നു. ഒരു ഹിന്ദുസന്ന്യാസി ഇറങ്ങി അടുത്തുള്ള വീട്ടിലേയ്ക്കു് പോയി — കൂടെയുണ്ടായിരുന്ന ഒരു വെള്ളക്കാരി സ്ത്രീ കാറിൽതന്നെ ഇരുന്നു. അവർ ധമ്മതീത്ഥനെ സൂക്ഷിച്ചുനോക്കി. കൈയ്യിൽ ഒരു പുസ്തകക്കെ

ട്ട് കണ്ടിട്ട് അതെന്താണ് എന്നു് സ്ത്രീ ചോദിച്ചു. താൻ എഴുതി ടൈപ്പ്ചെയ്തു സൂക്ഷിച്ചിരുന്ന പുസ്തകം എടുത്തു് അവരുടെ കൈയിൽ കൊടുത്തു. അതു് അവർ ഒന്നുരണ്ടു വശം വായിച്ചു നോക്കിയശേഷം ധർമ്മതീർത്ഥനെ നോക്കി ഇംഗ്ലീഷിൽ പറഞ്ഞു: ''നിങ്ങൾക്കു് ഭ്രാന്തുണ്ടോ — ഇത്ര നല്ലപോലെ എഴുതുവാൻ സാധിക്കുന്ന ഒരാൾ ഭിക്ഷക്കാര നെപ്പോലെ നടക്കുന്നതെന്തിനു്? ഇങ്ങനെ നടക്കേണ്ട. ഞങ്ങളുടെ കൂടെ ആശ്രമത്തിലേക്കു വരൂ. ഒരു കുടിൽ നി ങ്ങൾക്കായി പ്രത്യേകം തരാം. കാറിൽ കയറൂ.'' തൻെറ സ്വന്തം മനസ്സിൽ വിചാരിച്ചതുതന്നെ ആ സ്ത്രീ ചോദിച്ചു. 'എന്താ ഭ്രാന്തുണ്ടോ' എന്നു്. ധർമ്മതീർത്ഥൻ കാറിനും മററും മോഹിച്ചതു ഉടനെ സാദ്ധ്യമായി. ഹിന്ദുസന്യാസി മട ങ്ങിവന്നു കാറിൽ കയറി. ധർമ്മതീർത്ഥനും കയറിയിരുന്നു. അവരുടെ കൂടെ ആശ്രമത്തിൽ ചെന്നു. ഒരു പ്രത്യേക കുടി ലിൽ താമസം തുടങ്ങി. മൂന്നു മാസത്തോളം അവിടെ താ മസിച്ചു. സാധുക്കൾക്കു് കുറെ വൈദ്യസഹായം അവിടെ നടന്നിരുന്നു. ഇടയ്ക്കൊരു ചെറിയ ഇംഗ്ലീഷുമാസിക പ്രസി ദ്ധപ്പെടുത്തിയിരുന്നു. കൂടെ കുറെ വേലക്കാരായ പിള്ളേരും ഉണ്ടായിരുന്നു. അല്ലാതെ വിശേഷിച്ചൊരു വേലയും അ വിടെ ഇല്ലായിരുന്നു. സന്യാസിക്കു് കുറെ സ്വത്തു് വേ റൊരിടത്തുണ്ടായിരുന്നു. വെള്ളക്കാരിക്കു് അവരുടെ സ്വ ദേശത്തുനിന്നും സംഭാവനകൾ ലഭിച്ചിരുന്നു. മതത്തി ൻേറയും സേവനത്തിൻേറയും പേരിൽ ചില പിരിവുകളും നടന്നിരുന്നു. അങ്ങനെ സന്യാസി ഒരു ഗുരുവും വെള്ളക്കാ രി ഒരു ശിഷ്യയുമായിട്ടാണു് പുറമേ അറിയപ്പെട്ടതു്. അ വർ ഭാര്യാഭർത്താക്കന്മാർ എന്നു പറയുന്നതു് ഒരു പക്ഷെ കൂടു തൽ യഥാർത്ഥമായിരുന്നു. ഇതെല്ലാം ഗ്രഹിക്കുവാൻ ധർമ്മ

തീൎത്ഥൻ കുറെ സമയമെടുത്തു. താനും ആ കൂട്ടുകെട്ടിൽ അകപ്പെട്ടുപോകുമായിരുന്നു. താൻ ആഗ്രഹിച്ച മോട്ടോർകാറും സേവനത്തിനുള്ള കുറെ സൗകര്യവും അവിടെ ഉണ്ടായിരുന്നു. തൻെറ ജഡീയമായ സ്നേഹത്തിനും അവസരം ഇല്ലാതിരുന്നില്ല. അതൊന്നുംകൊണ്ടു് തൻെറ മനസ്സിനു സമാധാനം കിട്ടിയില്ല. ഭയങ്കരമായ ദുഃഖം ഉണ്ടാകുയുംചെയ്തു. മൂന്നു മാസം കഴിഞ്ഞപ്പോൾ കണ്ണീരോടുകൂടി ആ സ്ഥലം വിട്ടു. ധൎമ്മതീൎത്ഥൻ ലാഹോറിലേക്കു യാത്രയായി. താൻ കേരളത്തിൽനിന്നു വിട്ടതു ഭാരതത്തിലെ ജനങ്ങളെ അവരുടെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും സ്വതന്ത്രരാക്കാൻ എന്തുചെയ്യാം എന്നു നോക്കാനായിരുന്നു; ഒരു മതം ഒരു ദൈവം എന്ന സന്ദേശം പ്രചരിപ്പിക്കാനായിരുന്നു. അതിനാണു് പുസ്തകം എഴുതിയതു്. ആ പുസ്തകം ഏതു വിധമെങ്കിലും പ്രസിദ്ധപ്പെടുത്തണം. അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കാമെന്നു ലാഹോറിൽ നിന്നു് ചില സ്നേഹിതന്മാർ എഴുതിയതനുസരിച്ചാണു് അങ്ങോട്ടു തിരിച്ചതു്. പദയാത്ര അവസാനിപ്പിച്ചു്, ട്രെയിൻ വഴിയായി ലാഹോറിൽ എത്തി.

## ലാഹോറിൽ

ജാതിനാശിനി സംഘ (ജാത്പാത്തൊടക്മണ്ഡൽ)ത്തിൻെറ പ്രവൎത്തകനായിരുന്ന ഹർ ഭഗവാൻ ശെട്ടി ധൎമ്മതീർത്ഥരെ സ്വീകരിച്ചു താമസത്തിനു സ്ഥലവും മററും ഒരുക്കി. ലാഹോറിൽ താമസിച്ച അഞ്ചാറു വൎഷം മുഴുവൻ ഹർ ഭഗവാനാണു് സകല കാര്യങ്ങളും നിർവ്വഹിച്ചുകൊണ്ടിരുന്നതു്. പുസ്തകങ്ങൾ അച്ചടിപ്പിച്ചതും, വിററതും പുതിയ പ്രവൎത്തനങ്ങൾ ധൎമ്മതീൎത്ഥരുടെ നിർദ്ദേശപ്രകാരം

ത്തുടങ്ങി നടത്തിയതും, പ്രചരണയോഗങ്ങൾ വിളിച്ചുകൂട്ടിയതും, അങ്ങനെ സകലതിനും മുമ്പിട്ടുനിന്നതു് അദ്ദേഹമാണ്. ധർമ്മതീർത്ഥൻ എഴുത്ത്, പ്രസംഗം മുതലായ വേലകൾക്ക് സകല സമയവും വിനിയോഗിച്ചുകൊണ്ടിരുന്നു. ആര്യസമാജക്കാരും ബ്രഹ്മസമാജക്കാരുമായി വളരെ അടുത്തു അവരുടെ ആരാധനായോഗങ്ങളിൽ പങ്കെടുത്തുകൊണ്ടിരുന്നു. Menace of Hindu Imperialism എന്ന പുസ്തകത്തിനു പുറമെ, Yoga for All, Secret of Hindu Sanghatan, Yoga of Happy Home, മുതലായ പുസ്തകങ്ങൾ അവിടെ വെച്ചു എഴുതി പ്രസിദ്ധീകരിക്കപ്പെട്ടു. ഹിന്ദു കോൺഗ്രസ്സ് എന്നൊരു പ്രസ്ഥാനം ഹിന്ദു സമുദായത്തിൻെറ സ്വാതന്ത്ര്യത്തേയും പുരോഗമനത്തേയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ടായിരുന്നു. അതു് ഭേദഗതി ചെയ്ത് ഇന്ത്യൻ സോഷ്യൽ കോൺഗ്രസ്സ് എന്നപേരിൽ ഇന്ത്യയിലെ സകല സമുദായങ്ങളുടേയും ഐക്യത്തിനുവേണ്ടി പ്രവർത്തിക്കാൻ ഒരു പ്രസ്ഥാനം ആരംഭിച്ചു. കുറെക്കാലം സഫലമായി നടന്നുകൊണ്ടിരുന്നു. അതിൽക്കൂടി പല മുസ്ലീം നേതാക്കളും ക്രൈസ്തവ നേതാക്കളുമായും ആര്യസമാജക്കാർ, ബ്രഹ്മസമാജക്കാർ മുതലായവരുമായും സഹകരിച്ചു പ്രവർത്തിക്കുവാൻ സൌകര്യം കിട്ടിക്കൊണ്ടിരുന്നു. എല്ലാ നേതാക്കന്മാരുമായി പരിചയപ്പെടുവാനും സഹകരിക്കുവാനും ഇടയായി. ജിന്നാസാഹിബ്ബിനെ രണ്ടുമൂന്നു തവണ കണ്ടു പല കാര്യങ്ങൾ സംസാരിച്ചു. ഡോക്ടർ അംബദ്ക്കറുമായി അടുത്തു പരിചയപ്പെട്ടു. കൂടാതെ സിക്കുനേതാവായ താരാസിങ്ങുമായും പരിചയപ്പെട്ടു. സാമുദായികവും രാഷ്ട്രീയവുമായ സകല പ്രശ്നങ്ങളും എല്ലാവരേയും ചിന്തിപ്പിച്ചുകൊണ്ടിരുന്ന ഒരു ഗുരുതരമായ കാലഘട്ട

ത്തിലാണു് ധമ്മതീത്ഥൻ അവിടെ താമസിച്ചിരുന്നതു്. അവയെപ്പററി എഴുതുവാനും സംസാരിക്കുവാനും പല സൌകര്യങ്ങഠം ലഭിച്ചുകൊണ്ടിരുന്നു. കുടുംബജീവിതത്തെപ്പററി ശാസ്ത്രീയമായ പഠനത്തിനു ഒരു ഹാപ്പി ഹോം ഇൻസ്റ്റിററ്യൂട്ട് (Happy Home Institute) ആരംഭിക്കാതിരുന്നില്ല. മൂന്നു പ്രധാന പരിപാടികളാണു ധമ്മതീർത്ഥർ ആവിഷ്കരിച്ചതു്. ഒന്നു് ഹൈന്ദവ കുടുംബങ്ങഠം ശാസ്ത്രീയ സംസ്കാരത്തിനും ആധുനിക ലോകത്തിനും ഒത്തതാക്കണം. രണ്ടു് ഹിന്ദുസമുദായത്തിനു് ക്രിസ്ത്യാനികഠം, മുസ്ലീമുകഠം, സിക്കുകാർ എന്നിവരെപ്പോലെ ഐകമത്യവും, സ്വാതന്ത്ര്യവും, സമത്വവും എല്ലാ മതസ്ഥാപനങ്ങളുടെ ഭരണത്തിലും പൂണ്ണസ്വാതന്ത്ര്യവും ഉണ്ടാകണം. മൂന്നാമത്തു് ഇൻഡ്യയിലെ എല്ലാ സമുദായങ്ങളും പരസ്പരസ്നേഹത്തിലും സഹകരണത്തിലും ജീവിക്കുവാൻ പഠിക്കണം. ഇന്ത്യൻ സോഷ്യൽ കോൺഗ്രസ്സിൻെറ പ്രവത്തനങ്ങളിൽ ആശിച്ചപോലെ ഫലമൊന്നും ഉണ്ടാകാത്തതിനാൽ ധമ്മതീത്ഥൻ നിരാശപ്പെട്ടുപോയി. ഈ വഴിയ്ക്കൊന്നും ഹിന്ദുക്കളെ രക്ഷിയ്ക്കുവാൻ സാദ്ധ്യമല്ലെന്നു് അനുഭവമായി.

ഒരവസരത്തിൽ പഞ്ചാബിലെ രാഷ്ട്രീയത്തിൽ ധമ്മതീത്ഥൻ സഫലമായ സമ്മദ്ദം ചെലുത്തി. പഞ്ചാബിലെ സകല ഹൈന്ദവക്ഷേത്രങ്ങളും മഠങ്ങളും ഹൈന്ദവരുടെ ഒരു കമ്മററിയിൻ കീഴിൽ കൊണ്ടുവരുന്നതിനു് സനാതനി ഹിന്ദുനേതാക്കന്മാരുടെ പ്രേരണയാൽ ഒരു ഹിന്ദുമന്ത്രി ഒരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചിരുന്നു. അതിൻെറ ഒരു പ്രധാനലക്ഷ്യം ആയ്യസമാജം, ബ്രഹ്മസമാജം എന്ന രണ്ടു പുരോഗമനശക്തികഠംക്കും എതിരായി ആ സംഘങ്ങളിൽ ചേരാതെ അവശേഷിച്ചിരുന്ന ഹൈന്ദവരെ

സംഘടിപ്പിക്കുകയായിരുന്നു. അതിനുവേണ്ടി ബില്ലിൽ നിർദ്ദേശിച്ചിരുന്ന വ്യവസ്ഥകൾ പ്രകാരം സകല ഹിന്ദുക്കളും ചാതുർവർണ്ണ്യവ്യവസ്ഥകൾ സ്വീകരിക്കേണ്ടിയിരുന്നു. അവർ പുരാണാദികളിൽ വിശ്വസിക്കുന്നതു നിർബ്ബന്ധമായിരുന്നു. വിഗ്രഹാരാധനയിലും വിശ്വാസമുള്ളവരായിരിക്കണം. അങ്ങനെയായാൽ ബ്രാഹ്മണർക്കു നഷ്ടമായിരുന്ന നേതൃത്വവും ഹിന്ദുക്കളുടെയെല്ലാം മേൽ മേധാവിത്വവും തിരിച്ചുകിട്ടും. മററു ഹിന്ദുക്കൾ ജാതിവ്യവസ്ഥകൾക്ക് എന്നേയ്ക്കും അടിമപ്പെടും. അങ്ങനെയല്ലാത്തവർക്ക് ക്ഷേത്രത്തിലും മഠത്തിലും അവകാശസ്ഥാനം ഇല്ലാതാകും. ക്ഷേത്രങ്ങളിലേയും മഠങ്ങളിലേയും അദ്ധ്യക്ഷന്മാർ മിക്കവരും എല്ലാംതന്നെ അബ്രാഹ്മണരായിരുന്നു. അവരെല്ലാം ബ്രാഹ്മണർക്കു കീഴ്പ്പെടും. ഈ സ്ഥാപനങ്ങളുടെയെല്ലാം സ്വത്തുക്കൾ ബ്രാഹ്മണരുടെ അധീനത്തിലാകും. ഈ ധനവും അധികാരവും ഉപയോഗിച്ച് സകല ഹിന്ദുക്കളെയും ബ്രാഹ്മണൻെറ ചൊൽപ്പടിയിൽ ആക്കാമെന്നും ആര്യസമാജത്തിൻേറയും ബ്രഹ്മസമാജത്തിൻേറയും സിക്കുകാരുടേയും വളർച്ചയ്ക്ക് ഒരു വിരാമമിടാമെന്നും കരുതിയാണ് ചില ബ്രാഹ്മണനേതാക്കൾ ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളതെന്നും ഹിന്ദുസമുദായമോ ആര്യസമാജമോ ശരിക്ക് മനസ്സിലാക്കിയിരുന്നില്ല. അവർ വിചാരിച്ചതു് ബിൽ സനാതന ഹിന്ദുക്കളുടെ നന്മയ്ക്കും അവരെ മാത്രം ബാധിയ്ക്കുന്നതും ആണെന്നായിരുന്നു. ധർമ്മതീർത്ഥൻ ബില്ലിനെ ശരിയായി പഠിച്ചു. അതുകൊണ്ട് സകലർക്കും വരുവാൻപോകുന്ന അധഃപതനത്തെ വിവരിച്ചുകൊണ്ടു A Crawling Order for Hindus എന്നൊരു വിമർശനം പ്രസിദ്ധപ്പെടുത്തി. അബ്രാഹ്മണരായ ഹിന്ദുനേതാക്കളും, ആര്യസമാജക്കാരും

സത്യം മനസ്സിലാക്കി. ചില പൊതുയോഗങ്ങഠം കൂടി ബില്ലിനെ എതിത്ത്ു് നിശ്ചയങ്ങഠം പാസ്സാക്കി ഗവണ്മെൻറിനു് അയച്ചു. അങ്ങനെ ആ ബില്ലു് പാസ്സാക്കാതെ ഉപേക്ഷിക്കുവാൻ ചുമതലപ്പെട്ട മന്ത്രി സമ്മതിച്ചു. ബിൽ ഉപേക്ഷിയ്ക്കപ്പെടുകയും ചെയ്തു. അതല്ലെങ്കിൽ ആ നിയമം എന്നെന്നേയ്ക്കും പഞ്ചാബി ഹിന്ദുക്കഠംക്കു് ഒരു ശാപമായി ത്തീരുമായിരുന്നു.

## ഹിമാലയത്തിൽ

ഒരു കൊല്ലം ഉഷ്ണകാലത്തു് ധമ്മതീത്ഥൻ ഒരു ഡോക്ടർ സ്നേഹിതനോടുകൂടി പാലമ്പൂർ (ഹിമാലയത്തിൽ) ഒരു മാസം താമസിച്ചു. അവിടെവെച്ചു് പഴയ മലേറിയ കഠിനമായി ആവത്തിച്ചു. രോഗങ്ങഠം വന്നാൽ ഉപവാസമായിരുന്നു തൻെറ മാമൂൽ ചികിത്സ. പാലമ്പൂരിൽവെച്ചും മലമ്പനി വന്നപ്പോഠം അല്പാല്പം ഓറഞ്ചുനീരും മുന്തിരിപ്പഴവും ജലവുമല്ലാതെ മററൊന്നും ഭക്ഷിയ്ക്കാതെ കിടന്നു. നാലാം ദിവസം ഹിമാലയത്തിൽനിന്നു് ഒലിച്ചുവരുന്ന അരുവിയിലെ മഞ്ഞുപോലെ തണുത്ത വെള്ളത്തിൽ കുളിക്കയും ചെയ്തു. ഈ സാഹസം ചെയ്തതിനു് ഡോക്ടർ ധമ്മതീത്ഥരെ ശാസിച്ചു. പക്ഷെ രോഗം മാറി താൻ പൂവ്വാധികം ഉന്മേഷവാനായി സാഹിത്യവേലയിൽ ഏപ്പെട്ടു. ലാഹോർ, പാലമ്പൂർ, കാശി, ഡെൽഹി മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്ന കാലത്തു് ഏതു് തണുപ്പിലും ധമ്മതീത്ഥൻ കുളിച്ചിരുന്നതു് പച്ചവെള്ളത്തിലായിരുന്നു. വെള്ളം തലയിൽ വീഴുമ്പോഠം തലയോടുകൂടി ചുങ്ങി വേദനയുണ്ടാകുന്നതുപോലെ തോന്നുമായിരുന്നു. അതൊന്നും ഗൌനിയ്ക്കാതെ തൻെറ പതിവുപോലെ

എപ്പോഴും തണുത്ത വെള്ളത്തിൽ തന്നെ കുളിച്ചുവന്നു. ആഹാരം ഉത്തരദേശത്തുള്ളവർ ഭക്ഷിച്ചിരുന്ന ഗോതമ്പ ല്ലാതെ പ്രത്യേകം അരി ആഹാരമൊന്നും ആവശ്യപ്പെട്ടി ല്ല—അലോപ്പതി മരുന്നുകഠം കഴിക്കുന്നതു് തനിയ്ക്കു് ചെറു പ്പത്തിലേ വലിയ വിരോധമായിരുന്നു. അതുകൊണ്ടു് തൻെറ അത്യാവശ്യത്തിനുവേണ്ട ആയുർവ്വേദ ചികിത്സകഠം പഠിച്ചുവെച്ചിരുന്നു. ലാഹോറിൽവെച്ചു് ചില ആയുർ വ്വേദ മരുന്നുകളുടെ ഉപയോഗം നല്ലപോലെ പഠിക്കു കയും പ്രയോഗിച്ചു നോക്കുകയും ചെയ്തു. ആ ചികിത്സ യിൽ ഒരു കൊച്ചു വിദഗ്ദ്ധനായി അനേകരെ സഹായി ച്ചുകൊണ്ടിരുന്നു. തൻെറ പ്രയാസങ്ങളിലും അതു വളരെ നല്ല ഒരു ചികിത്സയായി അനുഭവപ്പെട്ടു. രാജമന്ദ്രിയിൽ വെച്ചു് കൈരേഖാശാസ്ത്രം (palmistry) കുറെ പഠിച്ചിരുന്ന തിനാൽ മാനസികമായ രോഗകാരണങ്ങഠം കണ്ടുപിടിക്കു ന്നതിനും, സ്വഭാവഗുണങ്ങളെയും ദോഷങ്ങളേയും ഗ്രഹിച്ചു പ്രതിവിധി മാർഗ്ഗങ്ങഠം നിർദ്ദേശിക്കുന്നതിനും ഏറെക്കുറെ സാധിച്ചിരുന്നു. അതുകൊണ്ടു് ഏതു പരിതസ്ഥിതികളി ലും ഭയപ്പെടാതെ തൻെറ രോഗങ്ങളെ ഡോക്ടറുടെ സഹാ യം കൂടാതെ താൻതന്നെ നേരിടുന്നതും സ്നേഹിതരെ ആ വിഷയത്തിൽ സഹായിക്കുന്നതും പതിവായിരുന്നു. ദൽ ഹിയിൽ താമസിക്കുമ്പോഠം ആ സിററിയിൽ ഭയങ്കര മായ മലേറിയാവ്യാധി പരന്നുപിടിച്ചു. സാധാരണ മാ തിരി മലേറിയ അല്ലായിരുന്നു. മഹാമാരിപോലെ അതു വ്യാപിക്കുകയും അനേകർ മരിക്കുകയും ചെയ്തു. അക്കു ട്ടത്തിൽ ധർമ്മതീർത്ഥനും മലേറിയ പിടിപെട്ടു. പതിവു പോലെ ഉപവാസം മാത്രമല്ലാതെ മരുന്നൊന്നും ഉപയോ ഗിച്ചില്ല. പതിവുപോലെ നാലഞ്ചു ദിവസത്തിനകം

കുളിച്ചു സ്വസ്ഥനായി പുറത്തു വന്നപ്പോഴാണ് ലാഹോറി ലെ സ്നേഹിതൻ ഡോക്ടർ അക്കൊല്ലത്തെ മലേറിയ എത്ര ഭയങ്കരമായിരുന്നു എന്നു പറഞ്ഞതു്. ഇങ്ങനെയുള്ള ത്യാഗവും അഭ്യാസങ്ങളും പൂർണ്ണമായും ദൈവവിശ്വാസത്താലാണ് സാധിച്ചതു്. തൻെറ ജീവൻെറ ആധാരം മുഴുവൻ ദൈവവിശ്വാസമായിരുന്നു. ആ വിശ്വാസം എപ്പോഴും തനിയ്ക്കു ഒരു താങ്ങും തണലുമായി അനുഭവപ്പെട്ടു.

## രാംഗോപാൽ മോഹത്ത

ഒരു മാസത്തോളം അലഹബാദിൽ ഒരു സ്നേഹിതനോടുകൂടി താമസിക്കുവാൻ സൌകര്യം ലഭിച്ചു. ത്രിവേണിയിൽ കുളിക്കുന്നതു് വളരെ സുഖമായി തോന്നിയിരുന്നു. അലഹബാദിൽവെച്ചു് ഡോക്ടർ ഖുൻസ്രു മുതലായ രാഷ്ട്രീയ നേതാക്കളുമായി പരിചയപ്പെടുവാൻ സാധിച്ചു. ലാഹോറിൽ താമസിക്കുന്ന കാലത്താണ് ധർമ്മതീർത്ഥൻെറ ഏററവും പ്രിയപ്പെട്ട ഒരു സുഹൃത്തായിത്തീൎന്ന രാംഗോപാൽ മോഹത്ത എന്ന ധനാഢ്യനുമായി പരിചയപ്പെട്ടതു്. അദ്ദേഹമാണ് ധർമ്മതീർത്ഥൻെറ പല പുസ്തകങ്ങളുടേയും പ്രസിദ്ധീകരണത്തിനു് ധനസഹായം ചെയ്തതു്. ബിക്കാനീരിലുള്ള ഒരു കോടീശ്വരനായ വ്യവസായിയായിരുന്നു മോഹത്ത. പ്രായമായപ്പോറം ലൌകിക കാര്യങ്ങളെല്ലാം സഹോദരന്മാരെ ഏല്പിച്ചു രാംഗോപാൽ. ആത്മീയ കാര്യങ്ങളിലും കൊല്ലംതോറും നീക്കിവെച്ചിരുന്ന ധമ്മഫണ്ടിൻെറ വിനിയോഗത്തിലും തൻെറ സ്വന്തം സാഹിത്യ പരിശ്രമങ്ങളിലും പ്രസംഗങ്ങളിലും മുഴുവൻസമയം ചെലവുചെയ്തിരുന്ന ഒരു വാനപ്രസ്ഥ പണ്ഡിതനായിരുന്നു അദ്ദേഹം. ഉല്പതിഷ്ണുക്ക

ളിൽ ഉല്പതിഷ്ണവും ഏതു പുരോഗമനപരമായ പ്രസ്ഥാനത്തേയും സഹായിക്കാൻ സന്മനസ്സുള്ള വിശാലഹൃദയനും ആയിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ ബിക്കാനീർ ഗൃഹത്തിലും ദെൽഹി ഗൃഹത്തിലും ഹരിദ്വാർ ഗൃഹത്തിലും ധർമ്മതീർത്ഥൻ അതിഥിയായി താമസിച്ചിട്ടുണ്ട്. അദ്ദേഹത്തോടുകൂടി ഋഷികേശത്തുള്ള ഗുരുകുലത്തിൽ പോയി വിദ്യാർത്ഥികളോടു ധർമ്മതീർത്ഥൻ പ്രസംഗിക്കയും ചെയ്തിട്ടുണ്ട്. ധർമ്മതീർത്ഥൻ ഡൽഹിയിൽ താമസിച്ചിരുന്നപ്പോൾ ഗണ്യമായ ധനസഹായം അദ്ദേഹം ചെയ്തിരുന്നു. ക്രിസ്ത്യാനിയായ ശേഷവും ഡൽഹിയിൽവെച്ച് അദ്ദേഹത്തെ കാണുകയും അന്നും വളരെ സൌഹാർദ്ദമായി പെരുമാറുകയും ചെയ്തു. അദ്ദേഹത്തിൻെറ ഔദാര്യം അനുഭവിച്ചുകൊണ്ടു ജീവിച്ചിരുന്ന കാലത്ത് ഒരവസരത്തിൽ അദ്ദേഹം ആവശ്യപ്പെട്ട ഒരു കാര്യം ധർമ്മതീർത്ഥൻ ചെയ്യുകയുണ്ടായില്ല. മററൊരു പ്രവർത്തകനെ തൻെറ കൂടെ താമസിക്കുവാൻ എടുക്കണമെന്നായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടതു്. ധർമ്മതീർത്ഥൻ അതു ചെയ്തില്ല. എന്നാലും അതിനെപ്പററി എന്തെങ്കിലും അനിഷ്ടം പറയുകയോ, പ്രദർശിപ്പിക്കുകയോ ചെയ്യാതെ മോഹത്ത അവസാനം വരെ ധർമ്മതീർത്ഥൻെറ ഒരു ഉത്തമ സുഹൃത്തായി വർത്തിച്ചു. 1963_ൽ സർവ്വോദയ ഡിമോക്രസി എന്ന പുസ്തകത്തിൻെറ ഒരു പ്രതി അദ്ദേഹത്തിനു അയച്ചുകൊടുത്തു. പ്രായാധിക്യത്തിലും അതെല്ലാം വായിച്ചുനോക്കി. അതു് ഇന്ത്യയിലെ ഉദ്യോഗസ്ഥന്മാരും നേതാക്കന്മാരും വായിക്കേണ്ട ഒരു പുസ്തകമാണു്; ഡൽഹിയിലെ ചില നേതാക്കന്മാർക്കു കൊടുക്കുവാൻ 20 പുസ്തകങ്ങൾ ഉടനെ അയയ്ക്കണമെന്നായിരുന്നു ധർമ്മതീർത്ഥനു കിട്ടിയ

മറുപടി. അപ്രകാരം അയച്ചുകൊടുക്കുകയും ചെയ്തു. മാസങ്ങൾ അധികം കഴിയുന്നതിന്നുമുമ്പ് വയോവൃദ്ധനും ജ്ഞാനവൃദ്ധനുമായ ആ നല്ല സുഹൃത്ത് നിര്യാതനായി എന്ന വിവരമാണ് പിന്നെ ധർമ്മതീർത്ഥനു ലഭിച്ചതു്. ധർമ്മതീർത്ഥനെപ്പോലെ മററനേകം പൊതുകാര്യ പ്രവർത്തകർ അദ്ദേഹത്തിൻെറ ഔദാര്യത്തണലിൽ വളൎന്നിട്ടുണ്ടു്. അദ്ദേഹത്തിൻെറ നിസ്സ്വാർത്ഥമായ ധനസഹായം അനേകം പ്രസ്ഥാനങ്ങളേയും സ്ഥാപനങ്ങളേയും താങ്ങി പുലത്തിയിട്ടുണ്ടു്. അധൎമ്മം പെരുകിയിരിക്കുന്ന കാലത്തും ഇന്ത്യയിൽ അദ്ദേഹത്തെപ്പോലെയുള്ള മനുഷ്യരത്നങ്ങൾ ഉണ്ടല്ലോ എന്നു ചിന്തിക്കുന്നതു് ആക്കും ആശ്വാസപ്രദം തന്നെ.

അലഹബാദിൽ നിന്നു ധൎമ്മതീൎത്ഥർ ഒരിക്കൽ കാശി സന്ദർശിക്കുകയുണ്ടായി. ഗംഗാനദിയിൽ കുളിക്കുവാൻ ചെന്നു. ഷർട്ടും മുണ്ടും അഴിച്ചു ചുരുട്ടി ഒരു സ്ഥലത്തുവച്ചു് വെള്ളത്തിലേയ്ക്കു് ഇറങ്ങി. സ്വല്പനേരം നദീജലത്തിൽ നീന്തിക്കളിച്ചശേഷം കുളികഴിഞ്ഞു, മുണ്ടും ഷർട്ടും എടുത്തു. ഷർട്ടിൻെറ പാഖ്കററിൽ ഉണ്ടായിരുന്ന മണിപേഴ്സ് മുപ്പതിലധികം ഉറുപ്പികയോടുകൂടി ആരോ കൊണ്ടുപോയിരുന്നു. ധൎമ്മതീൎത്ഥൻ അമ്പരന്നുപോയി. കാശിയിൽ പരിചയക്കാർ ആരുമില്ല. കയ്യിലുള്ള പണമെല്ലാം നഷ്ടമായി. ഇനി എന്തുചെയ്യും. മടങ്ങി അലഹബാദിൽ എത്തുവാൻകൂടി സാദ്ധ്യമല്ലല്ലോ. കാശിയിലെ രാമകൃഷ്ണമിഷനെപ്പററി കേട്ടിട്ടുണ്ടായിരുന്നതിനാൽ അവിടേയ്ക്കു തിരിച്ചു. ഒരു സ്വാമിയെ കണ്ടു വായ്പയായി മുന്നുറപ്പിക വാങ്ങി മടങ്ങിപ്പോന്നു. കളവുപോലെയുള്ള സംഭവങ്ങൾ ഗംഗാതീരത്തു് ദിവസവും നടക്കുന്നുണ്ടെന്നും ദൂരസ്ഥലങ്ങ

ളിൽ നിന്നു വരുന്ന ഭക്തജനങ്ങളുടെ പണം അപഹരിക്കു വാൻ കാത്തുകെട്ടികിടക്കുന്ന പോക്കിരികൾ ധാരാളമുണ്ടെ ന്നും ആശ്രമത്തിലുള്ളവർ പറഞ്ഞപ്പോഴാണ് ധർമ്മതീർത്ഥൻ തനിക്കു പിണഞ്ഞ ബുദ്ധിമോശത്തെപ്പററി ചിന്തിച്ചതു്. പരിശുദ്ധമായ ഗംഗാതീരത്തു് ഇങ്ങനെയും ചിലതെല്ലാം നടക്കുമെന്നു് ശുദ്ധഗതിക്കാരനായ ധർമ്മതീർത്ഥൻ അല്പം പോലും സംശയിച്ചിരുന്നില്ല.

ലാഹോറിൽ താമസിക്കുന്ന കാലത്തു് ധർമ്മതീർത്ഥൻെറ ചിന്താഗതിയിൽ ഒരു വലിയ മാററം വന്നു. ഹിന്ദുമത ത്തെപ്പററി അറിയേണ്ടതെല്ലാം പഠിച്ചും അനുഭവിച്ചും അ റിഞ്ഞുകൊണ്ടിരുന്നു. ഹൈന്ദവരുടെ നന്മയ്ക്കുവേണ്ടി സാ ധിച്ചതെല്ലാം ചെയ്തുണ്ടാക്കി. അതുകൊണ്ടൊന്നും പറയ ത്തക്ക ഫലം ഉള്ളതായി കണ്ടില്ല. Menace of Hindu Imperialism എന്ന പുസ്തകത്തിൽ ഹൈന്ദവ പ്രസ്ഥാനങ്ങ ളും പ്രമാണങ്ങളുമെല്ലാം ഓരോന്നായി എടുത്തു വിമർശിച്ചു തള്ളിക്കളഞ്ഞതിനാൽ ഹിന്ദുക്കളോടു പ്രസംഗിക്കുവാൻ ഇനി എന്തുണ്ടു് എന്നു വിചാരം തുടങ്ങി. എല്ലാവർക്കും നന്മ ചെയ്യുന്നതായി ലോകത്തിനു കാണിച്ചുകൊടുക്കുവാൻ നമു ക്കു് ഒരു പ്രമാണഗ്രന്ഥവും ഒരു മതവിശ്വാസവും ഇല്ലാതി രിക്കുമോ എന്നു ആലോചിച്ചു. സൃഷ്ടിപരമായ ഒരു സന്ദേ ശം കൊടുക്കുവാൻ സാധിക്കാതെ ഒരാൾക്കു് എല്ലാം ഖണ്ഡി ച്ചുകൊണ്ടും ചിന്താക്കുഴപ്പം ഉണ്ടാക്കിക്കൊണ്ടും സമുദായസേ വനം ചെയ്യുവാൻ എങ്ങിനെ സാധിക്കും? ഹിന്ദുമതം ഇതാ ണു് എന്നു പറഞ്ഞു് ലോകത്തിൽ ഉയർത്തിപ്പിടിക്കുവാൻ യോഗ്യമായ എന്തുണ്ടു് എന്നാലോചിച്ചു നോക്കി. അപ്പോ ഴാണു് ഭഗവദ്ഗീതയുടെ പ്രാധാന്യം ഓർത്തതു്. അതിനുമു മ്പു് ഗീത പലപ്പോഴും പഠിച്ചിരുന്നെങ്കിലും സാർവ്വത്രികമാ

യ ഒരു മതത്തിൻെറ അടിസ്ഥാന ഗ്രന്ഥമായിരിപ്പാൻ എത്രത്തോളം അതിന്നു സാധിക്കും എന്നുള്ള നോട്ടത്തോടുകൂടി അതിനെ ഒന്നു വായിച്ചു ധ്യാനിക്കുവാൻ തീച്ച്യാക്കി. അതിൻെറ ഫലമായിട്ടാണു് 'Yoga for All' എന്ന ഗീതാമതസാരം എഴുതിയതു്. ഒരു മതക്കാക്കും വിരോധമില്ലാത്തതും, ഏററവും ഉല്പതിഷ്ണുക്കളായ ഇന്ത്യക്കാരനും ജാതി വ്യത്യാസം, വിഗ്രഹാരാധന, ബ്രാഹ്മണമേധാവിത്വം പുരോഹിത തന്ത്രങ്ങൾ മുതലായവയെ വിരോധിക്കുന്ന പരിഷ്കൃത ആശയന്മാക്കും സമ്മതമായതുമായ ഒരു മതവും തത്വചിന്തയും ഗീതയിലുണ്ടെന്നുള്ള നിഗമനത്തിൽ എത്തിയശേഷമാണു് ഈ ചെറുഗ്രന്ഥം എഴുതിയതു്. ഇനിമേൽ പ്രസംഗിക്കുന്നതെല്ലാം ഗീതയെ അടിസ്ഥാനമാക്കിയായിരിക്കണമെന്നും നിശ്ചയിച്ചു. വിചാരിച്ചപോലെതന്നെ ഈ ചെറു പുസ്തകം സവ്വസമ്മതമായ ഒരു ഗീതാപ്രഭാഷണമായി എല്ലാ മതവിഭാഗത്തിൽ പെട്ടവരും സ്വാഗതം ചെയ്യുകയുംചെയ്തു. ഈ ഗീതാമതത്തെ പ്രമാണമാക്കി ഹിന്ദുമതത്തെ പരിഷ്കരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിന്നായി ധമ്മതീത്ഥൻ അദ്ധ്യക്ഷനായി ഹിന്ദു മിഷണറി സൊസൈററി എന്നൊരു പ്രസ്ഥാനം ആരംഭിക്കയുംചെയ്തു. ഇത്രത്തോളമായപ്പോഴാണു് ഡെൽഹിയിൽനിന്നു് ഒരു മാന്യൻ ധമ്മതീത്ഥരെ അങ്ങോട്ടു ക്ഷണിച്ചതു്. താമസിക്കുവാൻ സ്ഥലവും വേലയ്ക്കാവശ്യമായ മററു സഹായ സഹകരണങ്ങളും തരാമെന്നു അദ്ദേഹം പറഞ്ഞു. ആളൊരൊന്നാന്തരം ഹിന്ദു എഴുത്തുകാരനും, സ്വതന്ത്ര ചിന്തകനും, ഒരു അച്ചുകൂടത്തിൻെറ ഉടമസ്ഥനും ഒരു സിനിമാ ഫിലിം വിതരണക്കാരനും മററുമായിരുന്നു. വളരെ താല്പയ്യത്തോടുകൂടിയ ആ ക്ഷണം ധമ്മതീത്ഥനും സിക്രട്ടറിയായ ഹർ ഭഗവാനും സ്വീകരിക്കയും രണ്ടുപേരും ഡെൽഹിയിൽ താമസമാ

രംഭിക്കുകയും ചെയ്തു. ദര്യാഗഞ്ചിൽ ഒരു കെട്ടിടം വാടകയ്ക്കെടുത്തു. ഹാപ്പി ഹോം ഇൻസ്റ്റിററ്യൂട്ടിൻെറയും, ഹിന്ദു മിഷണറി സൊസൈററിയുടേയും പ്രവർത്തനങ്ങളുടെ കേന്ദ്രം അവിടെയാക്കി. ഹർ ഭഗവാൻ ഇടയ്ക്കിടയ്ക്ക് ലാഹോറിൽ നിന്നു് വന്നുപോകുമായിരുന്നു. സാഹിത്യമേഖലയിൽ ധർമ്മതീർത്ഥനെ സഹായിക്കാനായി രാംഗോപാൽ മൊഹത്തയുടെ ധനസഹായം തുടർന്നുകൊണ്ടുമിരുന്നു.

ഡെൽഹിയിലെ ജീവിതകാലത്തു് പല പ്രധാന സംഭവങ്ങളും അനുഭവങ്ങളുമുണ്ടായി. അവയിൽ ചിലതു് വിവരിക്കുന്നതു് രസാവഹമായിരിയ്ക്കും. ഒന്നാമതായി ഡെൽഹിയിലേയ്ക്കു് ക്ഷണിച്ച മാന്യൻെറ കഥ പറയട്ടെ: അദ്ദേഹം ഹിന്ദു മിഷ്യനറി സംഘത്തിൻെറ ഒരു ജീവപര്യന്ത അംഗമായി മുന്നൂററുപ്പിക അടച്ചും മററുവിധത്തിലും സജീവ പ്രവർത്തനങ്ങളിൽ പങ്കെടുത്തുവന്നു. ധർമ്മതീർത്ഥൻ പലപ്പോഴും അദ്ദേഹത്തിൻെറ വീട്ടിൽ പോകുമായിരുന്നു. അങ്ങനെയാണു് ചരിത്രം മുഴുവൻ മനസ്സിലായതു്. ഒരു ധനിക ദത്തുപുത്രൻ എന്ന നിലയിൽ ഭാഗ്യവാനായിത്തീർന്ന ഒരു പാവപ്പെട്ട കുട്ടിയായിരുന്നു അയാൾ. പിതാവു മരിച്ചു് സ്വത്തിനവകാശിയും, പൂർണ്ണസ്വാതന്ത്ര്യനുമായപ്പോൾ അയാളുടെ ദുർവാസനകൾ തിളച്ചു പൊങ്ങിക്കൊണ്ടിരുന്നു. നല്ല കുടുംബത്തിൽനിന്നു് ഒരു ഭാര്യയും അതിൽ രണ്ടുമൂന്നു കുട്ടികളും ഉണ്ടായിരുന്നിട്ടും തൃപ്തിപ്പെടാതെ ഒരു വ്യഭിചാരിസ്ത്രീയെക്കൂടി സ്വന്തമാക്കി പ്രത്യേകം ഒരു വീട്ടിൽ താമസിപ്പിച്ചിരുന്നു. അതുമൂലം കുടുംബജീവിതം ദുഃഖകരമായിത്തീർന്നു. അനേകരുടെ ഹൃദയങ്ങളെ അതു് വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. ധർമ്മതീർത്ഥൻ ഒരു സ്വത

ന്ത്രചിന്തകൻ എന്ന നിലയിൽ ഈ ദ്വിഭാര്യാസമ്പ്രദായത്തിനു് അനുവദിക്കുമെന്നും അതിനെ സാധൂകരിച്ചു പറയുമെന്നും അയാളാശിച്ചു. അങ്ങിനെ ഉണ്ടായില്ല. അതിൽ അയാൾ നിരാശപ്പെട്ടുപോയി. അപ്പോൾ ധർമ്മതീർത്ഥനെ തൻെറ പൂർണ്ണമായ അധീനത്തിലാക്കുവാൻ ചില ഉപായങ്ങൾ പ്രയോഗിച്ചു. ഈശ്വരാനുഭൂതി ലഭിച്ച ഒരു ഋഷീശ്വരനെപ്പോലെ ധർമ്മതീർത്ഥൻ ഒരു ചെറിയ ആശ്രമത്തിൽ താമസിക്കണം. പുറത്തുവന്നു സാധാരണ ജനങ്ങളുമായി ഇടപെടരുതു്. എഴുതുന്നതെല്ലാം അച്ചടിച്ചു പ്രചരിപ്പിക്കുന്ന ചുമതല മുഴുവനയാൾ വഹിക്കും എന്നും മററും അയാൾ അഭിപ്രായപ്പെട്ടു. ധർമ്മതീർത്ഥൻ സമ്മതിച്ചില്ല. കുറെ കഴിഞ്ഞപ്പോൾ ഒരു ദിവസം അയാളുടെ മുദ്രവെച്ചു രചിച്ച ഒരു എഴുത്തു് ധർമ്മതീർത്ഥനു് കിട്ടി. അതിരഹസ്യമായി അതിൽ ഒരു സംഗതി പറഞ്ഞിരുന്നു. ''തലേദിവസം രാത്രി അയാൾക്കു് ഒരു അത്ഭുതദർശനമുണ്ടായി. ആകാശത്തിൽനിന്നു് ഒരു ചൈതന്യപ്രവാഹം ഇറങ്ങിവരുന്നതായി കാണപ്പെട്ടു. അതു് അടുത്തുവന്നപ്പോൾ അതിൻെറ മദ്ധ്യത്തിൽ ധർമ്മതീർത്ഥൻ ഉണ്ടായിരുന്നു. ആ പ്രഭാപൂരം അയാളുടെ ഹൃദയത്തിലേയ്ക്കു പ്രവേശിച്ചു. ധർമ്മതീർത്ഥൻ അയാളുടെ ഉള്ളിൽ വസിക്കുവാൻ തുടങ്ങിയതായി അയാൾ കണ്ടു. ഇതായിരുന്നു ദർശനം. അതുകൊണ്ടു ധർമ്മതീർത്ഥൻ അയാളുടെ ദിവ്യഗുരുവും അയാൾ ശിഷ്യനുമായിത്തീർന്നിരിക്കുന്നു''വെന്നു് എഴുത്തിൽ അവകാശപ്പെട്ടിരുന്നു. ഈ സൂത്രങ്ങളൊന്നിലും അകപ്പെടാതെ ധർമ്മതീർത്ഥൻ അയാളിൽനിന്നു് മാറിനിന്നു. അപ്പോളയാൾ ഹിന്ദു മിഷ്യനറി സംഘത്തിലടച്ച പണമെല്ലാം മടക്കിക്കിട്ടണമെന്നു ആവശ്യപ്പെടുകയും, ധർമ്മതീർത്ഥൻ മടക്കിക്കൊടുക്കയും ചെയ്തു.

കുറെ മാസങ്ങരം കഴിഞ്ഞപ്പോരം അയാരം വീണ്ടും ധർമ്മ തീർത്ഥനെ തന്റെ വീട്ടിലേയ്ക്ക് ക്ഷണിച്ചുകൊണ്ടുപോയി മൂന്നുമാസങ്ങളിലായി മടക്കിവാങ്ങിയ മുന്നൂറുറുപ്പികയും ധർമ്മതീർത്ഥനെ ഏല്പിച്ചു. അയാളുടെ ജീവിതത്തിലെ ദുരിതം ദിവസംപ്രതി വദ്ധിച്ചുവരികയായിരുന്നു. അതിനു വല്ല പരിഹാരവും കിട്ടുമെന്നാശിച്ചാണ് ഇങ്ങനെയെല്ലാം ചെയ്തിരുന്നതു്. വ്യഭിചാരിയെ ഉപേക്ഷിയ്ക്കുവാനയാരം ഒരുക്കമില്ലായിരുന്നു. ആ പാപത്തിൽനിന്നും ഉയരുവാൻ സാധിയ്ക്കാത്തവിധം അയാരം വീണുപോയിരുന്നു. അതിന്റെ ഫലമായി ഈ ലോകജീവിതംതന്നെ അയാരംക്കു് ഒരു നരകമായിത്തീൻു. എല്ലാം നശിപ്പിച്ചു്, നഷ്ടമാക്കി ഭ്രാന്തനെപ്പോലെ ജീവിക്കുന്നു എന്ന വാത്തയാണു് ധർമ്മതീത്ഥനു് കുറെ വഷങ്ങരംക്കുശേഷം ലഭിച്ചതു്.

ധമ്മതീത്ഥന്റെ ഉററമിത്രമായിരുന്ന മറെറാരു മാന്യനുണ്ടായിരുന്നു: പെൻഷൻ പററിയ ഒരു ഹൈക്കോർട്ടു ജഡ്ജി. ഭായ്യ ഒരു വിദുഷിയും പൊതുകായ്യതല്പരയുമായിരുന്നു. മൂത്ത മകളാകട്ടെ എം. ബി. ബി. എസ്. പാസ്സായി ഗവമ്മെണ്ടുദ്യോഗം വഹിച്ചിരുന്ന യൗവ്വനയുക്തയും സുന്ദരിയുമായ സ്ത്രീ. അവരുടെ ഭത്താവു ധനവാനായ ഒരു വ്യവസായി. അവക്കു് പൊൻകട്ട പോലെയിരുന്ന ഒരു കൊച്ചുമകളും. ഒന്നിനും അവക്കു കുറവുണ്ടായിരുന്നില്ല. പദവി, ധനം, വിദ്യ, സൗന്ദയ്യം, ഉദ്യോഗം, യോഗ്യരായ ബന്ധുക്കരം, പൊതുകായ്യ തല്പരത, സ്വഭാവഗുണം, എല്ലാം ഒത്തുചേൻു. ഒരു ദുഷ്ടൻ കാരണം ആ കുടുംബത്തിൽ തീരാദുഃഖം വന്നുചേൻു. മകളുടെ ഭത്താവായ വ്യവസായി ഒരു വെപ്പാട്ടിയോടുകൂടി താമസമായി. മകരം ഭത്താവിന്റെ അടുക്കൽ

പോകാതെ സ്വതന്ത്രയായി ജീവിക്കുവാൻ നിർബ്ബന്ധിത യായി. ഇതു് എല്ലാവക്കും തീരാദുഃഖത്തിനു കാരണമായി ത്തീൎന്നു. വിവരങ്ങളെല്ലാം അറിഞ്ഞപ്പോഠം ഹൈക്കോർട്ടു ജഡ്ജിയായിരുന്ന തൻെറ സുഹൃത്തിനോടു് എന്തുകൊണ്ടു് മകളുടെ വിവാഹം വേർപെടുത്തി വീണ്ടും വിവാഹം ചെയ്യുന്നില്ലെന്നു് ധർമ്മതീർത്ഥൻ ചോദിച്ചു. ഹിന്ദുനിയമ പ്രകാരം ഇങ്ങനെ ചെയ്യുവാൻ പുരുഷനു് അധികാരമുണ്ടെ ന്നും, സ്ത്രീക്കു് ഒരു രക്ഷാവഴിയുമില്ലെന്നും, വേണമെങ്കിൽ പുരുഷനു് തൻെറ ഭാൎയ്യയെ നിർബ്ബന്ധമായി പിടിച്ചുകൊ ണ്ടുപോയി തൻെറ വെപ്പാട്ടിയോടുകൂടി താമസിപ്പിക്കാൻ കഴിയുമെന്നും ആക്കും തടയുവാനാവില്ലെന്നും മററും ആ സ്നേഹിതൻ മറുപടി പറഞ്ഞു. സ്വാതന്ത്ര്യത്തിനുശേഷം ഹിന്ദുമതത്തിൻെറ അടിമത്തം ഇരുപതാം നൂററാണ്ടിലും ഇത്ര ഭയങ്കരമായിരിക്കുന്നുവല്ലൊ എന്നു വിചാരിച്ചു് ധമ്മ തീർത്ഥൻ വളരെ ദുഃഖിച്ചു. (ഇപ്പോഠം സ്ത്രീകഠംക്കു് ഇങ്ങ നെയുള്ള അടിമത്തത്തിൽനിന്നു് പൂൎണ്ണസ്വാതന്ത്ര്യം ലഭി ച്ചിട്ടുള്ളതു് രാജ്യത്തിനൊട്ടാകെ ഒരു വലിയ നേട്ടംതന്നെ യാകുന്നു).

## അംബേദ്ക്കറുമായുള്ള കൂടിക്കാഴ്ച

അക്കാലത്തു് ഡോ: അംബേദ്ക്കർ വൈസ്രോയി യുടെ കൌൺസിലിൽ ഒരു മെമ്പറായിരുന്നു. ഒരു ദിവ സം അദ്ദേഹം കാറു കൊടുത്തയച്ചു് ധമ്മതീത്ഥനെ തൻെറ വീട്ടിലേക്കു കൊണ്ടുപോയി പല കാര്യങ്ങളെപ്പററിയും സംസാരിച്ചു. ധമ്മതീത്ഥൻെറ Menace of Hindu Imperialism അദ്ദേഹത്തെ അത്യധികം സംതൃപ്തനാക്കിയിരുന്നു. അദ്ദേഹത്തിൻെറ അനുയായികളായിരുന്ന അനേകലക്ഷം

വരുന്ന ജനങ്ങരം ആയിരക്കണക്കിനു് കൊല്ലങ്ങളായി ഇന്ത്യയിലെ ഹിന്ദുമതത്തിൽ ഉരംപ്പെട്ടവരായിരുന്നുവെ ങ്കിലും അന്നുവരെ ചെളിമണ്ണിൽനിന്നു ഒരു ഇഞ്ചുപോലും ഉയരുവാൻ അവക്കു സാധിച്ചിട്ടില്ല. ഹിന്ദുമതം അവരെ അനുവദിച്ചിട്ടില്ല. അങ്ങനെയുള്ള മതത്തിലും സമുദായത്തിലും നിന്നു പുറത്തു് ചാടണമെന്നു് അവർ തീച്ച്യയാക്കിയിരിക്കയാണു്. ഏതു മതമാണു് സ്വീകരിക്കേണ്ടതു് എന്നവർ ആലോചിച്ചുകൊണ്ടിരിക്കുന്നു. സിക്കകാരും ബുദ്ധമതക്കാരും മുസ്ലീമങ്ങളും മററും അവരെ വിളിക്കുന്നുണ്ടു്. ധമ്മതീത്ഥൻ ഒരു ഹിന്ദുമിഷ്യനറി സംഘത്തിൻെറ പ്രസിഡണ്ടാണല്ലോ. എന്താണു് അഭിപ്രായം എന്നു് അറിയുവാനാണു് ക്ഷണിച്ചു വരുത്തിയതെന്നു് അംബേദ്കർ പറഞ്ഞു. 'നിങ്ങളെല്ലാവരും ക്രിസ്തുമതം സ്വീകരിക്കുന്നതായിരിക്കും ഏററവും നല്ലതെന്നു' ധമ്മതീത്ഥൻ ഉടനെ മറുപടി പറഞ്ഞു അദ്ദേഹം വളരെ അത്ഭുതപ്പെട്ടുപോയി. ഒരു ഹിന്ദുമിഷ്യനറി ഇങ്ങനെ പറയുന്നതെന്തു് എന്നു് അദ്ദേഹം ചോദിച്ചു. രണ്ടു കാരണങ്ങളുണ്ടെന്നു് ധമ്മതീത്ഥൻ പറഞ്ഞു. ഒന്നു്, ഇന്ത്യയിലെ ഹരിജനങ്ങളുടെ ആവശ്യം പലതാണു്— പൂണ്ണസ്വാതന്ത്ര്യവും സമത്വവും, വിദ്യാഭ്യാസത്തിന്നു ആവശ്യമായ സ്കൂളുകരം, നിസ്വാത്ഥമായി അവരെ സഹായിക്കുന്ന നേതാക്കന്മാർ, ആരോഗ്യത്തിനു അത്യാവശ്യമായ വൈദ്യസഹായവും ഉപദേശവും, സാമ്പത്തിക ഉന്നമനത്തിനുവേണ്ട സംഘടനകരം, വ്യവസായങ്ങരം, ഇങ്ങനെ എല്ലാവിധത്തിലും അവരെ സഹായിക്കുവാൻ ആളുകരം വേണം. അതിന്നു ക്രൈസ്തവലോകത്തിനല്ലാതെ മററാക്കും മനസ്സോ പ്രാപ്തിയോ ഇല്ല. രണ്ടു്, ഹിന്ദുമതത്തിൽനിന്നും പുറത്തു ചാടണമെന്നാണ

ല്ലോ നിങ്ങരം ആഗ്രഹിക്കുന്നതു്. പുറത്തുചാടിയിട്ടു് പിന്നെയും അതിലെ ജാതിവ്യവസ്ഥയും അന്ധവിശ്വാസങ്ങളും അവരെ പിടികൂടുകയാണെങ്കിൽ പുറത്തുപോയതുകൊണ്ടു പ്രയോജനമില്ലാതെയാകും. ജാതിയിൽനിന്നു് എന്നെന്നേയ്ക്കുമായി മോചനം ലഭിയ്ക്കണം. ഒരു പുതിയ വിശ്വാസവും, ജീവിതലക്ഷ്യവും, സ്വഭാവവും സമ്പാദിയ്ക്കുവാനവക്കു സാധിക്കയും, മാനസികവും ആത്മീയവും ലൌകികവുമായ എല്ലാ അടിമത്തങ്ങളും മാറി പൂണ്ണമായി സ്വതന്ത്രരാകുകയും വേണം. അതിനു ക്രിസ്തുമതത്തിൽ ചേന്നാൽ സാധിക്കുമെന്നു കേരളത്തിലെ ഹരിജനങ്ങരം പ്രത്യക്ഷമാക്കിയിട്ടുണ്ടെന്നു ധമ്മതീത്ഥൻ സധൈയ്യം പറഞ്ഞു. അംബേദ്കർ അതു തലകുലുക്കി സമ്മതിച്ചു. പക്ഷേ തനിയ്ക്കു അതു സാധിക്കുമെങ്കിൽ തൻെറ അനുയായികരംക്കു് അതു സാധ്യമായിരിക്കയില്ലെന്നും അവക്കതിനു ധൈയ്യമില്ലെന്നും അത്രവലിയ ഒരു ചാട്ടം ചാടുവാൻ അവർ ഒരുക്കമില്ലെന്നും, അതുകൊണ്ടു ബുദ്ധമതം സ്വീകരിക്കുവാനാണു് അവർ ആലോചിച്ചു വരുന്നതെന്നും അങ്ങനെ ചെയ്യുന്നതു് വീട്ടിലെ ഒരു മുറിയിൽനിന്നും മറെറാരു മുറിയിലേയ്ക്കു പോകുന്നതുപോലെ മാത്രമേ തോന്നുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു. അപ്രകാരം അദ്ദേഹവും അനുയായികളും പിന്നീടു് ബുദ്ധമതം സ്വീകരിക്കുകയും ചെയ്തു. അംബേദ്കരുമായി കൂടിക്കാഴ്ച കഴിഞ്ഞു പുറത്തിറങ്ങിയപ്പോരം നേരം സന്ധ്യയായിരുന്നു. വഴിയിൽവെച്ചു സുപ്രസിദ്ധ പത്രപ്രവത്തകനായ പോത്തൻ ജോസഫിനെ കണ്ടു നടന്ന സംഗതികളെല്ലാം അദ്ദേഹത്തോടു പറഞ്ഞു. ധർമ്മതീത്ഥൻെറ അഭിപ്രായം കേട്ടപ്പോരം അദ്ദേഹവും അത്ഭുതപ്പെട്ടുപോയി. ഒരു ഹിന്ദു സന്യാസിയും നേതാവും ഇങ്ങനെ അഭിപ്രായപ്പെട്ടതായി

രുന്നു അദ്ദേഹത്തെ വിസ്മയിപ്പിച്ചതു. ഈ അഭിപ്രായം പരസ്യപ്പെടുത്തുവാൻ ധമ്മതീർത്ഥൻ ഒരുക്കമൊണോ എന്നു ചോദിച്ചപ്പോഠം ഒരു വിരോധവുമില്ല; പരസ്യമാക്കാം എന്നു ധമ്മതീത്ഥൻ പറഞ്ഞു. എന്നാൽ ആ സമയം അംബേദ്ക്കറോട് ഇങ്ങനെ പറഞ്ഞതും, ധൈയ്യമായി നിന്നതും എന്തുകൊണ്ടായിരുന്നു എന്നു ധർമ്മതീത്ഥന്നു തന്നെ പിന്നീട് അത്ഭുതത്തിനു കാരണമായിട്ടുണ്ട്. ഹരിജനങ്ങളുടെ യഥാർത്ഥമായ നന്മ എന്നല്ലാതെ മററൊരു ചിന്തയും അപ്പോഠം ഇല്ലായിരുന്നു. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നുള്ള തൻെറ ഗുരുവിൻെറ ഉപദേശവും തൻെറ ഹൃദയത്തിൽ പ്രവത്തിച്ചിരിക്കണം. ഇപ്പോഠം ആരെങ്കിലും ചോദിക്കുന്നതായാൽ അന്നു ക്രിസ്തുതന്നെ തന്നെക്കൊണ്ടു് അങ്ങിനെ പറയിച്ചതാണെന്നു് ധമ്മതീത്ഥൻ പറയും. ഏതായാലും പൂണ്ണമായ വിശ്വസ്തതയോടും നിഷ്കളങ്കതയോടും മററു യാതൊരു ഉദ്ദേശവും കൂടാതേയും തനിയ്ക്കു അപ്പോഠം വെളിപെട്ട ഒരു സത്യം ധൈയ്യമായി പറയുകമാത്രമാണു് ധർമ്മതീർത്ഥൻ ചെയ്തതു്.

സത്യത്തിനും ധർമ്മത്തിനും വേണ്ടി സധൈയ്യം പ്രവത്തിച്ചിരുന്നതുപോലെ അസത്യവും അധർമ്മവും കാണുമ്പോഠം നിർദ്ദയമായി ശാസിക്കുന്ന സ്വഭാവം തനിക്കുണ്ടായിരുന്നു. തൻെറ സ്വന്തം കഷ്ടനഷ്ടങ്ങളെ അഗണ്യമാക്കി പ്രവർത്തിച്ചിരുന്നതുപോലെ പലപ്പോഴും മററുള്ളവരുടെ കഷ്ടനഷ്ടങ്ങളെപ്പററി അശേഷം ആലോചിക്കാതെ നീതിക്കുവേണ്ടി പോരാടുന്നതും അപൂർവ്വമല്ലായിരുന്നു. ഡെൽഹിയിൽതാമസിക്കുവാൻ ഒരു സൗകര്യമായ സ്ഥലം കിട്ടുന്നതു അക്കാലത്തും വളരെ പ്രയാസമായിരുന്നു. സ്നേഹിതന്മാർ

ശ്രമിച്ചിട്ട സാധിച്ചില്ല. ഒരു ദിവസം പ്രഭാതത്തിൽ ധർമ്മതീർത്ഥൻതന്നെ വീട്ട് അന്വേഷിച്ച പുറപ്പെട്ടു. അൻസാരി പാക്കിന്റെ സമീപം എത്തിയപ്പോൾ തീരെ അപരിചിതനായ ഒരു യുവാവു അടുത്തുവന്നു സംഭാഷണം തുടങ്ങി. അയാൾക്ക് ഒരു വീട്ട് വാടകയ്ക്കു കൊടുക്കുവാനുണ്ടായിരുന്നു. വാടകയും അധികമല്ലായിരുന്നു. ഉടനെ ആ കാര്യം തീർപ്പാക്കി ധർമ്മതീർത്ഥൻ ദര്യാഗഞ്ചിൽ താമസമാക്കി. തൻെറ ആവശ്യം കഴിഞ്ഞു ഒരു മുറി അധികമുണ്ടായിരുന്നതിനാൽ ഒരു സ്നേഹിതൻെറ പ്രേരണയ്ക്കു വഴിപ്പെട്ടു ആ മുറി മററൊരു സ്നേഹിതനു താമസത്തിനു കൊടുത്തു. അയാൾ ഇന്ത്യാ ഗവണ്മെൻറിൻെറ ഒരു ചെറിയ ഉദ്യോഗസ്ഥനായിരുന്നു. ധർമ്മതീർത്ഥരുടെ ഒരു ഉററമിത്രത്തിൻെറ സഹോദരനുമായിരുന്നു. ഒരു തല്ക്കാലതാമസക്കാരൻ (Lodger) എന്ന നിലയിലല്ലാതെ ഒരു വാടകക്കാരൻ എന്ന നിലയിലല്ല താൻ താമസിക്കുന്നതെന്നു അയാളിൽ നിന്നു ഒരു ഉറപ്പും എഴുതി വാങ്ങിയിരുന്നു. മാസങ്ങൾ കുറെ കഴിഞ്ഞു ആ ലോഡ്ജർ മാസംതോറുമുള്ള വാടക തരാതെയായി. അതു് ആവശ്യപ്പെട്ടപ്പോൾ അസഭ്യങ്ങൾ പറഞ്ഞുകൊണ്ടു് ഒരു കത്താണു് ധർമ്മതീർത്ഥനു കിട്ടിയതു്. ഒരു ചുമതലപ്പെട്ട ഗവമ്മെണ്ടുദ്യോഗസ്ഥൻ, ഒരു മാന്യനായ സുഹൃത്തിൻെറ സഹോദരൻ, മററൊരു മാന്യൻെറ ശുപാശ്പ്രകാരം താമസത്തിനു് വന്ന ആൾ, ഇങ്ങനെയെല്ലാം അഭ്യസ്തവിദ്യനായ യുവാവു് ഈ രീതിയിൽ പ്രവത്തിക്കുന്നതു് ധർമ്മതീർത്ഥനു സഹിക്കുവാനാവാത്ത ഒരു മര്യാദകേടും ധിക്കാരവുമായി തോന്നി. അയാളെ ഒരു പാഠം പഠിപ്പിക്കണമെന്നു തീച്ചയാക്കി. തനിക്കു് എന്തു പ്രയാസവും നഷ്ടവും നേരിട്ടാലും ഈ നെറിയില്ലാത്ത മനു

ഷ്യനോട്ട് ദയ കാണിക്കരുതെന്നു തോന്നി. ഒരു ദിവസം അയാഠം ആഫീസിൽ പോയ സമയത്തു്, ധമ്മതീത്ഥൻ വീട്ടടമസ്ഥനെ വിളിച്ച് വീടുമുഴവൻ അയാഠംക്ക് ഒഴിഞ്ഞുകൊടുത്തു. ലോഡ്ജറുടെ സാധനങ്ങഠം എല്ലാം പുറത്തെടുത്തു് വീട്ടടമസ്ഥൻെറ ചുമതലയിൽ ഒരു കാർഷെഡ്ഡിൽ സൂക്ഷിച്ചു. ധർമ്മതീർത്ഥൻ ആ വീടുവിട്ടു മററൊരു സ്ഥലത്തു താമസമാക്കി. ലോഡ്ജർ സ്നേഹിതൻ ആഫീസ്സിൽ നിന്നു മടങ്ങിയപ്പോഠം കണ്ട കാഴ്ച അയാളെ അമ്പരപ്പിച്ചു. അയാളുടെ മുറിയിൽ മററുചിലർ താമസിക്കുന്നു. സാമാനങ്ങളെല്ലാം വേറൊരു സ്ഥലത്തേക്കു നീക്കപ്പെട്ടിരുന്നു. അയാഠം ഒരു ഗവണ്മെൻറുദ്യോഗസ്ഥൻ എന്ന ധിക്കാരത്തോടുകൂടി പോലീസ്സിൽ പരാതിപ്പെട്ടു. ധർമ്മതീത്ഥൻ തൻെറ മുറി കുത്തിത്തുറന്നു സാമാനങ്ങഠം എടുത്തിരിക്കുന്നു എന്നായിരുന്നു ആക്ഷേപം. ധർമ്മതീർത്ഥൻ നിയമജ്ഞനായ ഒരു സുഹൃത്തിൻെറ ഉപദേശം ചോദിച്ചു. എങ്ങനെയെങ്കിലും പറഞ്ഞു തീക്കുകയാണു നല്ലതെന്നു അദ്ദേഹം ഉപദേശിച്ചു. ധർമ്മതീത്ഥൻെറ നില അതല്ലായിരുന്നു. താൻ നിയമവിരുദ്ധമായോ രഹസ്യമായോ തെററ് ചെയ്യിട്ടില്ലെന്നും, തെററുചെയ്യിട്ടുണ്ടെങ്കിൽ അതിൻെറ ശിക്ഷയിൽനിന്നു ഒഴിഞ്ഞുമാറുവാൻ ആഗ്രഹിക്കുന്നില്ല എന്നുമായിരുന്നു തൻെറ തീരുമാനം. അതുകൊണ്ട് പോലീസ് സൂപ്രണ്ടിൻെറ ആഫീസ്സിൽ നേരിട്ടു ഹാജരായി ഉണ്ടായ സംഗതിയെല്ലാം അദ്ദേഹത്തോടു പറഞ്ഞു. ലോഡ്ജർ സ്നേഹിതൻെറ വാദം അയാഠം ഒരു വാടകക്കാരനായിരുന്നു എന്നും അയാളെ ഒഴിപ്പിയ്ക്കുവാൻ വീട്ടുവാടക നിയമപ്രകാരം ധമ്മതീത്ഥനു് അധികാരമില്ലെന്നും ധമ്മതീത്ഥൻ ഭവനഭേദനകുററം ചെയ്യിരിക്കുന്നുവെന്നും മററുമായിരുന്നു. ഉട

നെ ധർമ്മതീർത്ഥൻ ലോഡ്സ്റ്ററുടെ കൈയ്യിൽനിന്നും വാങ്ങിയിരുന്ന എഴുത്തെടുത്തു സൂപ്രണ്ടിനു കൊടുത്തു. ഒരു വാടകക്കാരനല്ലെന്നു ഉറപ്പുകൊടുത്തശേഷം അതിന്നു വിരോധമായി ഇപ്പോൾ താൻ വാടകക്കാരനാണെന്നു് കാണിച്ചു് കള്ളക്കേസ്സു് കൊണ്ടുവന്നതിനു സൂപ്രണ്ടു് ലോഡ്സ്റ്ററെ കഠിനമായി കുററപ്പെടുത്തി. ധർമ്മതീർത്ഥരോടു് വെറുതേ പൊയ്ക്കൊള്ളുവാൻ പറയുകയും ചെയ്തു. അതിന്നുശേഷം ലോഡ്സ്റ്റർമാന്യൻ പ്രയാസപ്പെട്ടു പോലീസ്സുകാരുടെ കയ്യിൽ നിന്നു രക്ഷപ്പെടേണ്ടിവന്നു. ഇങ്ങനെ നിർദ്ദയമായി ശാസിക്കുന്നതു് ശരിയാണെന്നായിരുന്നു അന്നത്തെ ധർമ്മതീർത്ഥൻ വിശ്വസിച്ചതു്. താൻ ഒരു നിയമജ്ഞനായതിനാൽ എല്ലാ സന്ദർഭങ്ങളിലും നിയമത്തിൻെറ പരിധിക്കുള്ളിൽ വാശിയോടെ ഉറച്ചുനില്ക്കുന്നതു് ഒരു ധർമ്മമാണെന്നുകൂടി പൂർണ്ണമായി വിശ്വസിച്ചു. ഈ നിലപാടുമൂലം ധർമ്മതീർത്ഥൻ പലപ്പോഴും പലരുമായി എതിരിടുവാൻ ഇടയായിട്ടുണ്ടു്. അപ്രധാനവും പ്രധാനവുമായ കാര്യങ്ങളിൽ വകതിരിവില്ലാതെ നിയമത്തെ മാത്രം പ്രമാണമാക്കി കൎക്കശമായി പ്രവർത്തിക്കുന്നതു് മനുഷ്യസ്നേഹമില്ലായ്മയായി ചിലപ്പോൾ പരിണമിക്കുമെന്നു മനസ്സിലാക്കുവാൻ ധർമ്മതീർത്ഥൻ പിന്നെയും വളരെ വർഷങ്ങളും വഴക്കുകളും തരണം ചെയ്യേണ്ടിയിരുന്നു. യാത്രയ്ക്കിടയിൽ തൻെറ സാമാനങ്ങൾ ചുമന്നതിന്നു പറഞ്ഞുഒത്തതിലും അധികം കിട്ടുവാൻ കൂലിപ്പിള്ളേർ വാശിപിടിക്കുമ്പോൾ എത്രതവണ ധർമ്മതീർത്ഥൻ അവരുമായി ശണ്ഠകൂടിയിട്ടുണ്ടു്! പറഞ്ഞു ഒത്തതിൽ കൂടുതൽ ചോദിക്കുന്നതു വളരെ മര്യാദകേടല്ലെ എന്നായിരുന്നു രാഗദ്വേഷവിരക്തനായിരുന്ന ധർമ്മതീർത്ഥൻെറ കഠിനമനസ്സിൻെറ ചിന്താഗതി.

സൗഭാഗ്യ കുടുംബജീവിതത്തെപ്പററി ശാസ്ത്രീയമായ പഠനത്തിനാണ് ഹാപ്പി ഹോം ഇൻസ്റ്റിററ്യൂട്ട് (Happy Home Institute) എന്ന പേരിൽ യുവതീയുവാക്കന്മാക്കായി ക്ലാസ്സുകരം നടത്തിയിരുന്നതു്. അതിൻെറ ഒരു മാസം നീണ്ടുനിന്ന ഒരു ക്ലാസ്സ് ഡെൽഹിയിൽ വെച്ച് നടത്തുകയുണ്ടായി. ക്ലാസ്സുകരംക്കുവേണ്ടി ധർമ്മതീർത്ഥൻ തയ്യാറാക്കിയ ലേഖനങ്ങളാണ് യോഗ ഓഫ് ഹാപ്പി ഹോം, സീക്രററ് ഓഫ് ഹാപ്പി ഹോം ലൈഫ് (Yoga of the Happy Home, Secret of Happy Home Life) എന്ന രണ്ടു പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. അതിൽ സീക്രററ് ഓഫ് ഹാപ്പി ഹോം ലൈഫ് (Secret of Happy Home Life) എന്ന പുസ്തകത്തിൻെറ രണ്ടാം ഭാഗം ഇന്നും അച്ചടിക്കാതെ കിടക്കുന്നുണ്ടു്.

പഞ്ചാബിൽ ഹിന്ദുമുസ്ലീം സംഘട്ടനങ്ങരം ആരംഭിച്ചപ്പോരം വടക്കേ ഇൻഡ്യയിലെ ജീവിതം അവസാനിപ്പിക്കാൻതന്നെ ധർമ്മതീർത്ഥൻ തീച്ചയാക്കി. 1937 മുതൽ 47 വരെയുള്ള ജീവിതം പലവിധത്തിലുള്ള നിരന്തര പരിശ്രമങ്ങളുടെ കാലമായിരുന്നു. ഹൈന്ദവസമുദായത്തെ ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്ന സത്യത്തിലേയ്ക്കു നടത്തുവാൻ സാധിക്കുമെന്നായിരുന്നു പ്രത്യാശ. ആ പ്രത്യാശ സാധിക്കുവാനുള്ള യാതൊരു ലക്ഷണങ്ങളും കാണാതാകയും, കേരളത്തിൽ തന്നെ അതു പരാജയപ്പെട്ടുപോയതായി തോന്നുകയും ചെയ്കതിനാൽ വടക്കേ ഇന്ത്യവിട്ടു കേരളത്തിലേയ്ക്കു മടങ്ങി. നാരായണഗുരുവിൻെറ ജന്മസ്ഥലമായ ചെമ്പഴന്തിയിൽ താമസമാക്കി. ആദശം പ്രസംഗിച്ചതുകൊണ്ടുമാത്രം ജീവിതത്തിൽ ഒരു സംതൃപ്തിയും കാണാതെ

പാവപ്പെട്ടവക്കുവേണ്ടി യഥാർത്ഥമായ എന്തെങ്കിലും സേവനപ്രവത്തനങ്ങരം ആരംഭിയ്ക്കണമെന്നു് തീർച്ചയാക്കി. ചെറിയ തോതിൽ ഒരു വൈദ്യശാല കുറെക്കാലം നടത്തി. പാവപ്പെട്ട കുട്ടികരംക്കു് വിതരണം ചെയ്യുവാനായി ഗവണ്മെൻറു നല്കിയിരുന്ന പാൽപ്പൊടി, ബിസ്കറ്റ്, വൈററമിൻ ഗുളിക മുതലായവ കൊണ്ടുവന്നു സൂക്ഷിച്ചു ദിവസവും വിതരണം ചെയ്യുവാൻ തുടങ്ങി. അനേക ലക്ഷം ഉറുപ്പിക വിലവരുന്ന സ്ഥാവരസ്വത്തുക്കരം ശ്രീനാരായണൻെറ പേരിൽ സമ്പാദിച്ചിട്ടുണ്ടു്. അവയെല്ലാം അനേക ലക്ഷം സാധുക്കളായ ജനങ്ങരം കൊടുത്ത സംഭാവനകളുടെ ഫലമാണു്. എന്നാൽ ഇവയിൽ ഒന്നിലും സാധുക്കളുടെ സഹായത്തിനായി ഒന്നുമില്ലല്ലോ. സാധുക്കളിൽനിന്നു് പണം പിരിക്കുന്ന വേലയാണു് എവിടെയും നടക്കുന്നതു്. അവക്കു് എന്തെങ്കിലും കൊടുക്കുന്നതിനായി ഒരു ധമ്മസ്ഥാപനം വേണമെന്നു് ധമ്മതീർത്ഥൻ തീവ്രമായി ആഗ്രഹിച്ചു. അതിനു് ഒരു സ്ഥലമായി തൻെറ കയ്യിലുണ്ടായിരുന്ന പണമെല്ലാം ചെലവുചെയ്തു ഒരു ചെറിയ പുരയിടവും പുരയും വിലയ്ക്കുവാങ്ങി അവിടെ താമസം തുടങ്ങി. പക്ഷേ വിഗ്രഹാരാധന, മനുഷ്യാരാധന, മന്ത്രതന്ത്രങ്ങരം, പൂജാദികർമ്മങ്ങരം മുതലായവയിൽ അശേഷം വിശ്വാസമില്ലാതായിത്തീന്നിരുന്നതിനാൽ ഗുരുവിൻെറ സ്ഥാപനങ്ങളും അതിലെ പ്രവത്തകരുമായി ഹൃദയപൂവ്വം സഹകരിച്ചുപോകുന്നതു് സാദ്ധ്യമല്ലായിരുന്നു. 1947 മുതൽ 1949 വരെ ഒരു കപടജീവിതമായിരുന്നു എന്നു പറയാം. അതു് തൻെറ സ്വഭാവത്തെയും അറിയാതെ ദൂഷിപ്പിച്ചുകൊണ്ടിരുന്നു. ദൈവകൃപയാൽ ആ പ്രയാസത്തിൽനിന്നു് വേഗം മോചനം കിട്ടി. ആശ്രമാധികാരികരം ധമ്മതീർത്ഥനു യാ

തൊരു സഹായവും സൌകര്യവും കൊടുക്കണ്ടേ എന്നു തീച്ച് യാക്കി. ഇനി അവിടെ താമസിച്ചിട്ട് ഫലമില്ലെന്നും, തൻെറ വിശ്വാസമനുസരിച്ച് വേറെ എവിടെയെങ്കിലും പോകുകയാണ് നല്ലതെന്നും വ്യക്തമായി. ഈ വിവരം ചില കൃസ്ത്യൻ സ്നേഹിതന്മാരോട് തുറന്നു പറഞ്ഞപ്പോഠം അവർ ധമ്മതീർത്ഥനെ തിരുപ്പത്തൂരിലുള്ള ക്രിസ്തുകുലാശ്രമത്തിലേയ്ക്കു ക്ഷണിക്കുകയും അവിടെ കുറച്ചുകാലം സമാധാനമായി താമസിക്കയും പഠിക്കയും ചെയ്തശേഷം സ്നാനമേല്ക്കണമോ എന്നു തീച്ച്യാക്കിയാൽ മതിയെന്നു പറയുകയും ചെയ്തു. ആ ക്ഷണം ധമ്മതീർത്ഥൻ സ്വീകരിച്ചു. തിരുപ്പത്തൂർ ആശ്രമത്തിൽ ചെന്നു ഒന്നുരണ്ടുമാസം താമസിച്ചു. അവിടെ ആശ്രമജീവിതത്തിൽ പങ്കെടുക്കാൻ അനുവദിച്ചതല്ലാതെ ആരും ഏതെങ്കിലും വിധത്തിൽ തന്നെ പ്രേരിപ്പിക്കയുണ്ടായില്ല. വായനയിലും, ചിന്തയിലും പ്രാർത്ഥനയിലും അധികസമയം കഴിച്ചുവന്നു. ഒരു ദിവസം ഉച്ചസമയം താൻ ആശ്രമത്തിലെ ആരാധനാസ്ഥലത്തു ധ്യാനത്തിൽ ഇരിയ്ക്കുയായിരുന്നു. വേറെ ആരും അവിടെ ഉണ്ടായിരുന്നില്ല. സ്നാനം ഏല്ക്കണമോ വേണ്ടയോ എന്നു് തീച്ച്യാക്കണമല്ലോ. ദൈവഹിതം അറിയുവാനെന്തു ചെയ്യണം? ഹിന്ദുയുവാവായിരുന്ന കാലത്തു് രാമായണം, ഭാരതം മുതലായ ഗ്രന്ഥങ്ങഠം പകുത്തുനോക്കി ദൈവഹിതം അറിയുന്ന ശീലം ഉണ്ടായിരുന്നു. അതുപോലെ ക്രിസ്ത്യാനികളുടെ വേദപുസ്തകം എടുത്തു പകുത്തുനോക്കാമെന്നു വിചാരിച്ചു. ആരാധനാസ്ഥലത്തു് അനേകം വേദപുസ്തകപ്രതികഠം നിരത്തിവെച്ചിരുന്നു. അതിലൊന്നെടുത്തു കയ്യിൽവെച്ച് കണ്ണടച്ചു പ്രാർത്ഥിച്ചു. നാൽപതോളം കൊല്ലങ്ങഠംക്കുമുമ്പ് സി. എം. എസ്. സ്കൂളിൽ

പഠിക്കുന്ന സമയം വായിച്ചതല്ലാതെ പിന്നീട് ബൈബിൾ വായിച്ചതായി ഓർമ്മയില്ല. ഏതായാലും എവിടെ നോക്കണം, എവിടെ വായിക്കണം എന്നു യാതൊരു ബോധവുമില്ലാതെയാണു പ്രാർത്ഥിച്ച് കണ്ണടച്ചു പുസ്തകം പകുത്തു തുറന്നതു്. ആദ്യം കാഴ്ചയിൽപെട്ട വചനം വായിച്ചു. അതു് മാർക്കോസ് 16 : 16 ആയിരുന്നു. വിശ്വസിക്കുകയും ജ്ഞാനസ്നാനമേല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടുമെന്നു് വായിച്ചു. ധർമ്മതീർത്ഥൻെറ സകല സംശയങ്ങളും തീർന്നു. ദൈവഹിതം എന്താണെന്നു വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ സംഗതി അപ്പോൾ ആരോടും പറഞ്ഞില്ല. സ്വന്തം ആത്മീയ അനുഭവങ്ങളെ വളരെ രഹസ്യമായി സൂക്ഷിക്കുകയല്ലാതെ മററുള്ളവരോടു പറയുന്നതു് ഹിന്ദുക്കളുടെ സമ്പ്രദായമല്ല. ഏതായാലും ധർമ്മതീർത്ഥനു് അതു് അചിന്ത്യമായിരുന്നു. അതുകൊണ്ടു് അല്പദിവസത്തിനുള്ളിൽ തിരുപ്പത്തൂർ വിട്ടു് തിരുവനന്തപുരത്തുവന്നു് 1949 ഏപ്രിൽ മാസത്തിൽ ക്രൈസ്റ്റ് ചർച്ചിൽ സ്നാനമേററു.

## ക്രൈസ്തവാശ്രമ ജീവിതം

സ്നാനം കഴിഞ്ഞ ഉടനെ തിരുവനന്തപുരത്തിനു സമീപമുള്ള ചെമ്പഴന്തിയിൽ തനിക്കുണ്ടായിരുന്ന വീടുവിററു് വക്കലെ ശ്രീനാരായണ ധർമ്മസംഘത്തിൽനിന്നു രാജിവെച്ചുകൊണ്ടു ഒരു പ്രസ്താവന അച്ചടിച്ചു സ്നേഹിതന്മാരുടെ ഇടയിൽ വിതരണം ചെയ്തു. അല്പദിവസത്തിനുള്ളിൽ കോട്ടയത്തു് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ പോയി താമസം തുടങ്ങി. അഞ്ചുകൊല്ലത്തോളം സ്ഥിരമായി ആശ്രമത്തിൽ താമസിച്ചു. തൻെറ ഭാവിജീവിതത്തിനു് ആവ

ശ്യമായ വിജ്ഞാനവും പരിശീലനവും അനുഭവവും സമ്പാദിക്കുന്നതിനു് ആ കാലം എല്ലാവിധത്തിലും അനുഗ്രഹപ്രദമായിരുന്നു. വളരെ ഹൃദയപൂർവ്വമായ സ്വീകരണവും സ്നേഹപൂർണ്ണമായ കൂട്ടായ്മയും, പഠിക്കാനും പ്രാർത്ഥിക്കാനും ആത്മീയവളർച്ചയ്ക്കും ആവശ്യമായ സൌകര്യങ്ങളും, താൻ കാംക്ഷിച്ചിരുന്ന പ്രകാരം സാധുക്കൾക്കുവേണ്ടിയുള്ള ശുശ്രൂഷയിൽ പങ്കെടുക്കുവാനുള്ള അവസരങ്ങളും, ശാന്തമായ ജീവിതത്തിനു് ആവശ്യമായ പ്രശാന്ത പരിസരങ്ങളും—ഇങ്ങനെ തനിയ്ക്കാവശ്യമായിരുന്നതെല്ലാം അവിടെ ലഭിച്ചുകൊണ്ടിരുന്നു. പക്ഷേ ആശ്രമമായി ആരംഭിച്ച ആ സ്ഥാപനം കാലക്രമത്തിൽ ഗൃഹസ്ഥരുടെ കൂട്ടായ്മയായിത്തീരുകയും അതുമൂലം പല തെററിദ്ധാരണകളും തക്കങ്ങളും ഉത്ഭവിക്കയും ചെയ്കതിനാൽ അവിടെയുള്ള ജീവിതം ഉപേക്ഷിക്കേണ്ടതായി വന്നു. ഒരു സ്വതന്ത്ര സുവിശേഷകൻ അഥവാ മിഷ്യനറിയെന്ന നിലയിലുള്ള പ്രവത്തനം ആരംഭിച്ചു.

ആശ്രമത്തിൽവച്ചുതന്നെ ക്രിസ്തു, ക്രൈസ്തവ ആശ്രമം (Christ, Christian Ashram) എന്നീ ലഘു ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലെഴുതി പ്രസിദ്ധപ്പെടുത്തിയിരുന്നു. ക്രിസ്ത്യൻ സ്കൂൾ ഓഫ് കൾച്ചർ, ഹോം ലൈഫ് ആൻറ് സോഷ്യൽ സ്റ്റഡീസ് (Christian School of Culture, Home Life and Social Studies) എന്ന ഒരു പ്രസ്ഥാനം ആരംഭിച്ച് ഒരു മാസം നീണ്ടുനിന്ന ക്ലാസ്സ് യുവജനരക്ഷയ്ക്കുവേണ്ടി നടത്തിയതു് എല്ലാവരുടേയും അഭിനന്ദനത്തിനു പാത്രമായി. സുവിശേഷ പ്രചരണത്തിനു് ഇങ്ങനെ ഒരു പുതിയ രീതി കൂടി ഇന്ത്യയിൽ ആവിഷ്കരിക്കേണ്ടതാണെന്നു് ധമ്മതീത്ഥൻ ശക്തിയായി വാദിച്ചുകൊണ്ടിരുന്നു. അതായതു്

ശൈശവം മുതൽ വാർദ്ധക്യം വരെയുള്ള മനുഷ്യജീവിതത്തിൽ ഗൃഹത്തിലും അതിനു പുറത്തും സാമുദായികം, സാമ്പത്തികം, ദേശീയം, രാഷ്ട്രീയം, മുതലായ എല്ലാ രംഗങ്ങളിലും ഒരു യഥാർത്ഥ ക്രിസ്ത്യാനി എങ്ങനെയുള്ളവനായിരിക്കണം എന്നു ഉൽബോധിപ്പിക്കുന്ന ഒരു പഠനപദ്ധതി പ്രചരിപ്പിക്കയും അതിൽ ക്രൈസ്തവരോടൊപ്പം പഠിക്കാനും ചിന്തിക്കാനും അക്രൈസ്തവരായ യുവജനങ്ങൾക്കു സൌകര്യം കൊടുക്കുകയും ചെയ്യുന്നതു് സ്വതന്ത്ര ഇന്ത്യയിൽ സുവിശേഷ പ്രചരണത്തിനു് അത്യാവശ്യമാണെന്നായിരുന്നു ധർമ്മതീർത്ഥൻെറ ചിന്താഗതി. ആ അഭിപ്രായം തനിയ്ക്കു അവസാനം വരെ ഉണ്ടായിരുന്നു. അങ്ങനെ ഒരു പ്രസ്ഥാനം ആരംഭിക്കാൻ കഴിയാത്തതിൽ താൻ വളരെ ഖേദിക്കുകയും ചെയ്തു.

ആശ്രമം വിടുവാൻ ആലോചിച്ചു തുടങ്ങിയപ്പോഴാണു കുഴിത്തുറ താമസിച്ചിരുന്ന പോൾവക്കീൽ എന്ന ഒരു ക്രിസ്ത്യൻ നേതാവു് തന്നെ അങ്ങോട്ടു ക്ഷണിച്ചതു്. ആ ക്ഷണം സ്വീകരിച്ച ധർമ്മതീർത്ഥൻ കുഴിത്തുറയിൽ പോൾ വക്കീലിൻെറ ഗൃഹത്തിൽ താമസം തുടങ്ങി. പല സ്ഥലങ്ങളിൽ പ്രസംഗങ്ങൾ ചെയ്യുന്നതിന്നു പുറമെ സാഹിത്യപരിശ്രമവും തുടർന്നുകൊണ്ടിരുന്നു. അവിടെ ഇരിക്കുമ്പോഴാണു് ക്രിസ്തുയോഗം എന്ന പുസ്തകം എഴുതിയതു്. ആദ്യം ഇംഗ്ലീഷിൽ എഴുതി സ്വന്തമായി പ്രസിദ്ധപ്പെടുത്തി. പിന്നീടു മലയാളത്തിൽ എഴുതിയതു തിരുവല്ലയിലെ ക്രൈസ്തവസാഹിത്യസംഘം പ്രസിദ്ധീകരിച്ചു. ക്രിസ്തുവിൻെറ ഗിരിപ്രഭാഷണത്തിലെ ആദ്യത്തെ പത്തുപതിനഞ്ചു വാക്യങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന ആത്മീയസത്യ

ങ്ങളും പരിശീലനമുറയും വിവരിച്ചുകൊണ്ടു തന്റെ സ്വാത
ന്ത്ര്യചിന്തയുടെ ഫലമായി എഴുതിയ ആ ചെറിയ ഗ്രന്ഥ
ത്തിനു താൻ വിചാരിച്ചതിലും കവിഞ്ഞ പ്രശംസ വേദ
പണ്ഡിതന്മാരിൽനിന്നും ലഭിക്കുകയുണ്ടായി. പക്ഷേ ഇ
ങ്ങനെയുള്ള ആത്മീയചിന്തകളിൽ ഇന്ത്യൻ ക്രിസ്ത്യാനി
കാം വലിയ താല്പര്യമൊന്നും പ്രദശിപ്പിച്ചില്ല. ധർമ്മ
തീർത്ഥൻ പോയ പ്രദേശങ്ങളിലെല്ലാം യാതൊരു പ്രയാ
സവും കൂടാതെ ആരെങ്കിലും ഒരാം തനിയ്ക്കുവേണ്ട എല്ലാ
സൌകര്യ്യവും ചെയ്യുകൊടുക്കുവാൻ മുന്നോട്ടു വന്നിരുന്നു.
ദൈവം എല്ലാം ഒരുക്കിവെച്ചിട്ടുള്ളതുപോലെ പലപ്പോഴും
അനുഭവപ്പെട്ടു. താൻ ആശിച്ചതിലും കൂടുതൽ സുഖസൌ
കര്യ്യങ്ങളും പ്രവത്തനരംഗങ്ങളും ലഭിച്ചു. കുഴിത്തുറ താമ
സിക്കുന്ന കാലത്തു് തിരുനെൽവേലി മുതൽ കുഴിത്തുറ
വരെയുള്ള പ്രധാനപ്പെട്ട സഭകളിൽ പ്രസംഗിയ്ക്കുവാൻ
ക്ഷണം ലഭിച്ചുകൊണ്ടിരുന്നു.

1953-ൽ വീണ്ടും ഒരു സ്ഥലം മാററമുണ്ടായി. താൻ
വീടുവിട്ടു് സന്യാസിയായി ഇറങ്ങിയതു് 1926-ലായിരു
ന്നു. അതിനുശേഷം ഒന്നോ രണ്ടോ പ്രാവശ്യം അവിടെ
ച്ചെന്നു് എല്ലാവരേയും കണ്ടുപോരുകയല്ലാതെ അവിടെ
താമസിച്ചിട്ടില്ല. ജാതി ലംഘിച്ചു് ഈഴവഗുരുവിന്റെ
ശിഷ്യനായതുമുതൽ വീട്ടിൽ ചെല്ലുന്നതു് പ്രയാസമായി
തോന്നിയിരുന്നു. എന്നാൽ ഇപ്പോം ക്രിസ്ത്യാനിയായ
പ്പോം അതിലും വലിയൊരന്തരം താനും വീട്ടിലുള്ളവരും
തമ്മിലുണ്ടായിരിക്കുന്നു. ഇനിമേൽ അവരുമായി അടുക്കു
വാൻ ഒരിക്കലും മാഗ്ഗമില്ലെന്നു് ധമ്മതീത്ഥൻ വിചാരിച്ചു.
പക്ഷേ 1953-ൽ തന്റെ വീട്ടിൽനിന്നു് ഒരെഴുത്തുകിട്ടി.

കുടുംബത്തലവനായ ജ്യേഷ്ഠസഹോദരന് ആരോഗ്യമില്ല. ധർമ്മതീർത്ഥൻ വന്നു ചുമതല വഹിയ്ക്കണമെന്നായിരുന്നു അതിലെ താല്പര്യം. അതനുസരിച്ചു താൻ തൃശ്ശിവപേരൂരിലുള്ള സ്വഗൃഹത്തിൽ ചെന്ന് അവിടെ താമസം തുടങ്ങി. സ്വഗൃഹം എന്നു പറഞ്ഞുകൂടാ. സന്യാസിയായപ്പോഠം തനിയ്ക്ക് കുടുംബവുമായി യാതൊരു ബന്ധവുമില്ലെന്നും സ്വത്തിലുള്ള അവകാശമെല്ലാം താൻ പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്നു എന്നും പ്രമാണമെഴുതി രജിസ്റ്ററാക്കി കൊടുത്തിരുന്നതിനാൽ തൻെറ പഴയ വീട്ടിൽ ഒരുവിധ അവകാശവും തനിയ്ക്കുണ്ടായിരുന്നില്ല. എങ്കിലും അവിടെയുള്ളവരുടെ വിളി വന്നപ്പോഠം ചെന്ന് സഹായിക്കണമെന്നു തോന്നിയാണ് അങ്ങോട്ടുപോയതു്. പക്ഷേ തൻെറ സഹായം യഥാർത്ഥത്തിൽ ആവശ്യമുണ്ടായിരുന്നില്ലെന്നു പിന്നീടു മനസ്സിലായി. എങ്കിലും വീട്ടിൽ മററുള്ളവരോടുകൂടി പഴയപടി യാതൊരു വ്യത്യാസചിന്തയും കൂടാതെ താമസിച്ചു. ക്രൈസ്തവരോടുചേർന്ന് പ്പള്ളിയിൽ പോയി ആരാധിക്കുന്നതിലും മററും വീട്ടിലുള്ളവർ ഒരു വിരോധവും പ്രദർശിപ്പിച്ചില്ല. അങ്ങനെ അഞ്ചുകൊല്ലത്തോളം വീട്ടിൽ താമസിച്ചു. അക്കാലത്തു് ചില പ്രധാന സംഭവങ്ങഠം നടന്നു. തൃശ്ശിവപേരൂരിൽ മിഷൻ ഓഫ് ഹിന്ദൂസ് (Mission of Hindus) എന്ന ഒരു പ്രസ്ഥാനം ആരംഭിച്ചു പ്രവർത്തിച്ചിരുന്നു. അതു് ശരിപ്പെട്ടില്ലെങ്കിലും അതിൻെറ പേരിൽ ധർമ്മതീർത്ഥൻ തൻെറ വേലകഠം നടത്തിവന്നു. 'ഹിന്ദുമതവും ക്രിസ്തുമതവും' എന്ന പുസ്തകം മലയാളത്തിൽ 3000 പ്രതികഠം അച്ചടിച്ചു പ്രചരിപ്പിച്ചു. അതിൻെറ ഇംഗ്ലീഷു പരിഭാഷയും പ്രസിദ്ധപ്പെടുത്തി. സുവിശേഷപരമായ ലഘുലേഖകളും എഴുതിക്കൊണ്ടിരുന്നു. ഒരു ഹിന്ദു

വിൻെറ ഉടമസ്ഥതയിൽ നടക്കുന്ന പത്രത്തിൽ സുവിശേഷപരമായ ലേഖനങ്ങൾ പതിവായി എഴുതിക്കൊണ്ടിരുന്നു. ആ ലേഖനങ്ങളിൽ ചിലതു പിന്നീടു് 1965-ൽ ''ക്രൈസ്തവ സർവ്വോദയം'' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കുവാൻ സാധിച്ചു. സർവ്വോദയ ജനാധിപത്യം (Sarvodaya Democracy) എന്ന പുസ്തകം ഇംഗ്ലീഷിലും മലയാളത്തിലും എഴുതി തയ്യാറാക്കി. അതിൽ ഒന്നാമത്തേതു് 1963-ലും രണ്ടാമത്തേതു് സ്വാതന്ത്ര്യഇന്ത്യ എങ്ങോട്ടു് എന്ന പേരിലും (1966-ൽ) അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി. തൃശ്ശിവപേരൂരിൽ താമസിക്കുമ്പോൾ പലപ്പോഴും തമിഴ് നാട്ടിൽ സഞ്ചരിച്ചു പ്രസംഗിക്കയും ചെയ്തിരുന്നു. അക്കാലത്താണു് മലബാറിലെ ബാസൽ മിഷ്യൻ ബിഷപ്പുമാരുമായും അവർ മുഖാന്തിരം മിഷ്യനറിയായ മെ കൊല്ലെയായും പരിചയപ്പെടുവാൻ ഇടയായതു്. ആ യാദൃശ്ചികമായ പരിചയം ധർമ്മതീർത്ഥൻെറ ജീവിതത്തിലെ ഏററവും വലിയ ദൈവാനുഗ്രഹത്തിനു കാരണമായിത്തീർന്നു.

തൻെറ സുവിശേഷവേലയും ജീവിതരീതിയും മനസ്സിലാക്കിയ മെ കൊല്ലെ ധർമ്മതീർത്ഥനു ഉപജീവനത്തിനു സ്ഥിരമായ വരുമാനം യാതൊന്നുമില്ലെന്നും പ്രസംഗത്തിൽനിന്നും പുസ്തകത്തിൽനിന്നും കിട്ടിയിരുന്ന ചെറിയ പ്രതിഫലംകൊണ്ടുമാത്രം കഴിഞ്ഞുകൂടുകയാണെന്നും കണ്ടിട്ടു് മാസംതോറും ഒരു സൈ്റ്റപ്പൻറ് ലഭിക്കുന്നതിനു ജർമ്മനിയിൽ ഏർപ്പാടുചെയ്തു. മാത്രമല്ല, ധർമ്മതീർത്ഥൻെറ നേതൃത്വത്തിൽ ദക്ഷിണ കേരള മഹായിടവകയോടുചേർത്തു് ഒരു എഡ്യുക്കേഷണൽ ഇൻസ്റ്റിട്യൂട്ടു് ആരംഭിക്കുവാനും അതിനു വേണ്ട സഹായധനം ജർമ്മനിയിൽനിന്നും ലഭിക്കുവാനും

വേണ്ട ഏപ്പാടുകളെല്ലാം ചെയ്തു. അപ്പോഠം ധമ്മതീർത്ഥൻ വീട്ടിൽനിന്നും താമസം മാററി. മിഷ്യൻ കാർട്ടേഴ്സിൽ ഒരു സ്ഥലം വാടകയ്ക്കെടുത്തു. അവിടെ സഹായത്തിന്ന് ഒരു യുവപ്രവത്തകനോടുംകൂടി താമസം തുടങ്ങി. പക്ഷെ സഭാ നേതാക്കന്മാരുടെ ഇടയിലുള്ള കുത്തിത്തിരുപ്പുകാരണം ധർമ്മതീർത്ഥൻ എഡ്യൂക്കേഷണൽ ഫെല്ലോഷിപ്പിന്റെ ഭരണക്കമ്മിററിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാതെയായി. അപ്പോഠം ധമ്മതീത്ഥൻ മിഷ്യൻ ററു ഹിന്ദൂസ് ഒരു പ്രത്യേക സംഘമായി സ്ഥാപിക്കുവാൻ നിശ്ചയിച്ചു. ബിഷപ്പു മുതലായവരുടെ അനുവാദത്തോടുകൂടി പരിശ്രമങ്ങഠം നടത്തി. സഭാ നേതാക്കന്മാർ ആ പരിശ്രമത്തെയും എതിത്തു. അപ്പോഠം ധർമ്മതീർത്ഥൻ ഉത്തരകേരളം വിട്ട് വീണ്ടും തെക്കോട്ടുതന്നെ പോകുവാൻ തീച്ചയാക്കി.

മിഷനറിമാർ സ്വത്തുക്കഠം വാങ്ങി സ്ഥാപനങ്ങഠം ഉണ്ടാക്കി പോകുമ്പോഠം ഇന്ത്യയിലുള്ള പ്രവത്തകരെ ഏല്പിച്ചു. അവക്കു അക്കാലത്തു് കഴിയുന്നതു് അവർ ചെയ്തു. സ്വത്തുക്കളുടെ കൈവശം, ഭരണം, അവകാശം, ഉദ്ദേശം മുതലായവയെപ്പററി നിയമപ്രകാരം വേണ്ട നിശ്ചയങ്ങഠം ചെയ്യുന്നതിനു അവക്കുതോന്നിയില്ല. ഇന്ത്യയിലെ സഭകഠം അതെല്ലാം നോക്കിക്കൊള്ളും എന്നും അവർ വിചാരിച്ചിരിക്കണം. മിഷനറിമാരുടെ ഭരണം അവസാനിച്ചതോടുകൂടി സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടേയും ഭരണത്തിലും വിനിയോഗത്തിലും ഉത്തരവാദരാഹിത്യവും, അഴിമതികളും കടന്നുകൂടിയിരുന്നു. മററു മഹാ ഇടവകകളിലെ പോലെ ഉത്തരകേരള മഹാ ഇടവകയിലും ഈ വക കുഴപ്പങ്ങഠം ഉണ്ടായിരുന്നു. നിയമജ്ഞനായ ധമ്മതീത്ഥൻ ചെല്ലുന്ന

സ്ഥലത്തെല്ലാം ഇങ്ങനെയുള്ള കുഴപ്പങ്ങളെ നേരിടുന്നതും ശരിപ്പെടുത്തുവാൻ ശ്രമിക്കുന്നതും തൻെറ ഒരു സ്വഭാവമാണെന്നതു പരസ്യമായ ഒരു പരമാത്ഥമായിരുന്നു. അതുകൊണ്ടു് അഴിമതികളിൽ പങ്കാളികളായിരുന്ന പ്രവത്തകക്കു് എപ്പോഴും ധമ്മതീർത്ഥൻ ഒരു ഭയങ്കരനായി തോന്നിയിരുന്നതിൽ അത്ഭുതമില്ല. വക്കല, മാങ്ങാനം എന്നീ ആശ്രമങ്ങളിൽ വളരെ ശക്തിയായി പ്രവത്തിച്ചിട്ടുള്ളതു് എല്ലാവക്കും അറിയാമായിരുന്നു. അതുകൊണ്ടുതന്നെയാണു ഉത്തര കേരള ഇടവകയിലെ ചില ആശ്രമക്കാരും സഭാപ്രവത്തകരും ധമ്മതീത്ഥൻെറ സാന്നിദ്ധ്യത്തേയും പ്രവത്തനങ്ങളെയും വിഘ്നപ്പെടുത്തുവാൻ തീച്ച്യയാക്കിയതു്. ഏതായാലും ആ മഹാഇടവകയിലെ തൻെറ പ്രവത്തനങ്ങരം അവസാനിപ്പിച്ചു സ്ഥലം വിടുവാൻ ധമ്മതീർത്ഥൻ തീച്ച്യയാക്കി—എവിടെ പോകണം? തനിക്കു ധനസഹായം ചെയ്യുന്നവക്കു് അതു് ഇഷ്ടമാകുമോ? പോകുന്ന പുതിയ സ്ഥലത്തു് വേണ്ട സൌകര്യങ്ങരം ആർ ചെയ്തുതരും? ഒന്നും അറിയാതെ കത്താവിൽ ആശ്രയിച്ചുകൊണ്ടു് ധർമ്മതീർത്ഥൻ തൃശ്ശിവപേരൂരിലെ തൻെറ വസതിയിൽനിന്നു തെക്കോട്ടു പുറപ്പെട്ടു. കുഴിത്തുറ മുതലായ ചില പഴയ പരിചയമുള്ള സ്ഥലങ്ങരം സന്ദർശിച്ചശേഷം നെയ്യാറിൽ ചെന്നു. അവിടെ ഒരു സ്നേഹിതനെ കണ്ടു തൻെറ ഉദ്ദേശങ്ങളെപ്പററി സംസാരിച്ചു. ധമ്മതീർത്ഥനു് ആവശ്യമായ എല്ലാ സൌകര്യങ്ങളും ചെയ്തുതരാം; ഒരു പ്രത്യേക വീടു് ലഘുവായ കൂലിക്കു കിട്ടും; സഹായത്തിനു് അടുത്തുതന്നെ ആളുണ്ടു്. വീടു പരിശോധിച്ചു് വേണ്ട പരിഷ്കാരങ്ങളെല്ലാം ചെയ്യുവാൻ സാധിക്കും. അടുത്തുതന്നെയാണു് പള്ളി. ആ സ്നേഹിതനോടുകൂടി മൂലച്ചി എന്ന സ്ഥലത്തു് ചെന്നെല്ലാം

കണ്ടു തൃപ്തിയായി. അവിടെ താമസിക്കുവാൻ നിശ്ചയിച്ചു. ഉദ്ദേശിച്ചിരുന്ന കെട്ടിടത്തിന്ന് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന്ന് പണവും കൊടുത്തു. താൻ തൃശ്ശിവപേരൂരിലേക്കു മടങ്ങി.

1962 അവസാനത്തോടുകൂടി മൂലച്ചയിൽ വി. ജി. പോൾ എന്ന സ്നേഹിതന്റെ മനോഹരമായ കെട്ടിടത്തിൽ താമസം തുടങ്ങി. അപ്പോൾ മാത്രമാണു മാങ്ങാനം ആശ്രമത്തിലുള്ള താമസം സ്ഥിരമായി അവസാനിപ്പിച്ചതു്. അവിടേയും തൃശ്ശിവപേരൂരും ഉണ്ടായിരുന്ന എല്ലാ സാമാനങ്ങളോടുകൂടി മൂലച്ചയിലേക്കു പോന്നു. ഏപ്പ്പാടുചെയ്തിരുന്ന വീടിന്റെ അററകുററങ്ങൾ എഴനൂറിലധികം രൂപ ചെലവുചെയ്തു പൂർത്തിയാക്കി. അവിടേയ്ക്കു താമസം മാററുവാൻ തയ്യാറായപ്പോൾ പ്രയാസങ്ങൾ പലതും നേരിട്ടു. ആ കെട്ടിടത്തിന്റെ ഒരു ഭാഗത്തു് ഒരു കിഴവിയായ വിധവയും അവരുടെ മകന്റെ വിധവയും ഒരു കുട്ടിയും താമസമുണ്ടായിരുന്നു. അവർ സ്വഭാവത്തിലും സംസ്കാരത്തിലും ജീവിതരീതിയിലും തന്നിൽനിന്നു് വളരെ വ്യത്യസ്തരാണെന്നും, അവിടെയുള്ള ജീവിതം ഇരുകൂട്ടർക്കും അസുഖകരമായിരിക്കുമെന്നും വ്യക്തമായി. വിധവകളായ സ്ത്രീകളുടെ ദാരിദ്ര്യം ചൂഷണംചെയ്തു് അവരുടെ വീടിന്റെ ഒരു ഭാഗം കൈവശമാക്കി അവക്കിഷ്ടമില്ലാതെ അതിൽ താമസിക്കുന്നതു് ഒരു പാപമാണെന്നു ധർമ്മതീർത്ഥനു തോന്നി. ചിലവുചെയ്ത എഴനൂറുറുപ്പിക കിഴവിയായ വിധവയ്ക്കുള്ള സൌജന്യമായി കണക്കാക്കി ധർമ്മതീർത്ഥൻ ആ സ്ഥലം വിട്ടുകൊടുത്തു. ഡോ: വി. ജി. പോളിന്റെ വീട്ടിൽതന്നെ താമസം തുടന്നു. രണ്ടുകൊല്ലത്തോളം അവി

ടെ അവരുടെ പേയിംഗ് ഗസ്റ്റ് (Paying Guest) ആയി താമസിച്ചു. അക്കാലത്തു് തനിയ്ക്കു വേണ്ടതായ എല്ലാ കാര്യങ്ങളും ഡോ: വി. ജി. പോളും കുടുംബാംഗങ്ങളും വളരെ ക്രിസ്തീയ സ്നേഹത്തോടുകൂടി ചെയ്തുതന്നു. കുടുംബ ത്തിലെ ഒരു മൂതിന്ന വലിയപ്പനെപ്പോലെ അവിടെ സുഖ മായി താമസിച്ചു എന്നു മാത്രമല്ല തൻെറ സുവിശേഷ വേലയ്ക്കു ആവശ്യമായ എല്ലാ സഹായ സഹകരണവും പ്രോത്സാഹനവും ഡോ: പോളും, മൂലച്ചിസഭയും, സഭയുടെ നേതാവു് റവ: ദത്തിയും നിർലോഭം തന്നുകൊണ്ടിരുന്നു. തമിഴിലും ഇംഗ്ലീഷിലും പല ലഘുലേഖകരം അച്ചടിച്ചു വിതരണം ചെയ്തു. തമിഴ്നാട്ടിലെ ചില പള്ളികളിൽ പതിവായി പ്രസംഗങ്ങരം നടത്തിവന്നു. ഒരു മായാദീപ വും പടങ്ങളും ശേഖരിച്ചു് അതിൻെറ സഹായത്തോടുകൂടി പ്രസംഗങ്ങരം ആരംഭിച്ചു. സർവ്വോദയ ഡിമോക്രസി (Sarvodaya Democracy) എന്ന ഇംഗ്ലീഷുപുസ്തകം പ്രസി ദ്ധപ്പെടുത്തി. അങ്ങിനെ ഒരു പുതിയ കുടുംബത്തിലെ ജ്യേഷ്ഠസഹോദരനെപ്പോലെ എല്ലാ കാര്യങ്ങളിലും സഹ കരിച്ചു സസന്തോഷം ജീവിക്കുന്ന സമയത്താണു് റവ: കൊല്ലെയും ഒരു ജമ്മൻ സ്നേഹിതനും കൂടി മൂലച്ചിയിൽ വ ന്നു ഒരു രാത്രി ധമ്മതീത്ഥൻെറയും ഡോ: പോളിൻേറയും ആതിഥ്യം സ്വീകരിച്ചതു്. അവിടെനിന്നും ധമ്മതീത്ഥൻ റവ: കൊല്ലെയുമൊത്തു് തിരുവനന്തപുരത്തു് മണക്കാ ട്ടുള്ള ആനന്ദനിലയം ആശ്രമവും അനാഥശാലയും, ചെമ്പ ഴന്തിയിലെ ശ്രീനാരായണ ഗുരുകുലം, വക്കല ശിവഗിരി മഠം എന്നീ മൂന്നു സ്ഥലങ്ങളിൽ പോയി. ധമ്മതീത്ഥൻ ഹിന്ദുസന്യാസിയായിരുന്നപ്പോരം പ്രവത്തിച്ചിരുന്ന പ്ര ധാന കേന്ദ്രങ്ങളാണവ. അവിടെയെല്ലാം റവ: കൊല്ലെ

യ്ക്കും സ്നേഹിതനും ധർമ്മതീർത്ഥനും പഴയ ഹിന്ദുശിഷ്യന്മാരിൽനിന്നും സഹപ്രവർത്തകരിൽനിന്നും സ്നേഹിതന്മാരിൽനിന്നും ഹാർദ്ദമായ സ്വീകരണം ലഭിച്ചു. ധർമ്മതീർത്ഥൻ മതം മാറിയതുകൊണ്ടു ഹിന്ദുക്കളിൽനിന്നു് ഒരിക്കലും പ്രയാസം നേരിടുവാൻ ഇടയായിട്ടില്ല. പലപ്പോഴും അവരോടുകൂടി പരസ്യമായി പൊതുയോഗങ്ങളിൽ പങ്കെടുക്കുവാനും സാധിച്ചിട്ടുണ്ടു്. കൊല്ലെയും സ്നേഹിതനും ജർമ്മനിയിലേയ്ക്കു മടങ്ങിയശേഷം ധർമ്മതീർത്ഥൻ ഒരു പുതിയ പരിപാടി ആരംഭിച്ചു.

## തിരുവനന്തപുരത്തെ ലഘുലേഖാപ്രസ്ഥാനം

തിരുവനന്തപുരം മലയാളക്കരയുടെ തലസ്ഥാനമാണു്. തലസ്ഥാനനഗരം എന്ന ഔദ്യോഗിക പ്രാധാന്യം കൊണ്ടു മാത്രമല്ല വിദ്യ, കല, മതം, സംസ്കാരം, വ്യവസായം, രാഷ്ട്രീയ പ്രബുദ്ധത, ബുദ്ധിജീവികളുടെ കേന്ദ്രം, പല സംസ്കാരങ്ങളുടെ സമ്മേളന സ്ഥലം ഇങ്ങനെ അനേക നിലകളിൽ തിരുവനന്തപുരം കേരളത്തിന്റെ തലസ്ഥാനം തന്നെ. അവിടെ ധർമ്മതീർത്ഥൻ സുപരിചിതനായ ഒരു ഹിന്ദു പ്രവർത്തകൻ ആയിരുന്നു. ക്രൈസ്തവനായതിനുശേഷം സുവിശേഷ ദൂതു് വഹിച്ചുകൊണ്ടു് അവിടെത്തന്നെ ഒരു സാക്ഷിയായി നില്ക്കണമെന്നു താൻ ആഗ്രഹിച്ചു. അനേകായിരം ജനങ്ങൾ തന്റെ ദൂതു് അറിയുവാൻ തല്പരരായിട്ടുണ്ടു്. അവർക്കു് രുചിച്ചാലും ഇല്ലെങ്കിലും സുവിശേഷം അവരെ അറിയിക്കേണ്ടതു് തന്റെ ധർമ്മമാണെന്നു ധർമ്മതീർത്ഥൻ തീർച്ചയാക്കി. തിരുവനന്തപുരത്തു് ഒരു കെട്ടിടം വാടകയ്ക്കെടുത്തു അങ്ങോട്ടു്

താമസം മാററി. ഹിന്ദുക്കളെ ഉദ്ദേശിച്ച താൻതന്നെ എഴുതിയിട്ടുള്ള ഒരു ലഘുലേഖ മാസംതോറും പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ഇടയ്ക്കു് ചില ലഘു പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്താതിരുന്നില്ല. അതെല്ലാം ഹിന്ദുക്കളുടെ മദ്ധ്യത്തിൽ സൌജന്യമായി വിതരണം ചെയ്യപ്പെട്ടു. ലളിതമായ ഭാഷയിൽ പാമരൻേറയും പണ്ഡിതൻേറയും ഹൃദയം സ്പർശിക്കുന്ന വിധത്തിൽ അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും ഖണ്ഡിക്കയും സുവിശേഷ സത്യങ്ങളെ ഘോഷിക്കയും ചെയ്തുകൊണ്ടുള്ള ഈ ലഘുലേഖകൾ എവിടേയും ആകാംക്ഷയോടെ സ്വീകരിക്കപ്പെട്ടു. അനേകായിരം പേർ ചിന്തിക്കാനും ആത്മപരിശോധന ചെയ്യുവാനും അവ കാരണമായിത്തീൎന്നു. ഒരു കൊല്ലം മുടങ്ങാതെ ആ പരിശ്രമം നടത്തി. അതിനാവശ്യമായ ധനസഹായം ഒരു പ്രയാസവും കൂടാതെ ലഭിച്ചു. വിതരണത്തിൽ സഹകരിക്കാൻ സുവിശേഷ പ്രവർത്തകർ വന്നുകൊണ്ടിരുന്നു. സ്നേഹവാനായ കർത്താവ് സകലവും ഒരുക്കിത്തന്നു് ആദ്യാവസാനം അനുഗ്രഹിച്ചു നടത്തി.

# ഉപസംഹാരം

സ്വാമി ജോൺ ധർമ്മതീർത്ഥർ എഴുതിയ സ്വന്തം കഥ ഇവിടെ അവസാനിക്കുകയാണ്. കഥയുടെ പൂർണ്ണതയ്ക്കു വേണ്ടി അല്പം വരികൾ കൂടി കുറിച്ചുകൊള്ളട്ടെ.

1972 ആഗസ്റ്റ് മാസം 1-ാം തിയ്യതി സ്വാമികൾ ശ്രീ. സി. ആർ. കേശവൻ വൈദ്യർക്കയച്ച എഴുത്തിൽ ഇങ്ങിനെ പറയുന്നു: ''ഞാനിപ്പോൾ പുറത്തിറങ്ങിയുള്ള യാതൊരു ജോലിയും ചെയ്യുന്നില്ല. ഡ്രസ്സ് ധരിച്ച് ഈ വീട്ടിലിരുന്ന ചെറിയ നിലയിൽ ചിലതു നടത്തുന്നുണ്ട്. പല മാസങ്ങളിൽ ചിലപ്പോൾ ടാക്സിയിൽ പുറത്തിറങ്ങി ഒന്നു സഞ്ചരിക്കും. ഇനിയത്തെ പുറത്തുപോക്ക് 20-ാം തിയ്യതിയാണ്.'' അന്ന് സ്വാമികൾ തിരുവനന്തപുരം ഗൌരീശപട്ടത്തുള്ള 'ഗൌരീശമന്ദിര'ത്തിലായിരുന്നു താമസം. ''ചെറിയ നിലയിൽ ചിലതു്'' ചെയ്യുന്നു എന്നു

പറഞ്ഞതിൻെറ മാതൃക മുൻപറഞ്ഞ എഴുത്തിൽനിന്നു തന്നെ അനുമാനിക്കാൻ കഴിയും. അദ്ദേഹം എഴുതുന്നു: ''കഴിഞ്ഞകൊല്ലം ചതയത്തിനു് ഞാൻ ചെമ്പഴന്തിയിൽ ഒരു പ്രസ്ഥാനം ആരംഭിച്ചു. ഗുരുകുലത്തിനു് ചുററുമുള്ള സാധുക്കളുടെ കുട്ടികൾക്കു് ഓരോ ടിക്കററു സൌജന്യമായി മുൻകൂട്ടി വിതരണം ചെയ്തു. നിശ്ചയിച്ച ദിവസം എല്ലാ ടിക്കററുകാക്കും ഓരോ സമ്മാനം കൊടുത്തു. ഒന്നാം സമ്മാനം 50രൂപ; അവസാന സമ്മാനം 1 രൂപ. ഇക്കൊല്ലവും അതുപോലെ ഗുരുകുലത്തിനുചുററുമുള്ള ഏററവും പാവപ്പെട്ട സ്ത്രീകൾക്കു് ജാതിമതവ്യത്യാസം കൂടാതെ ഒരു ചെറിയ സൌജന്യ ലോട്ടറി ഏപ്പാടു് ചെയ്യുന്നുണ്ടു്. 20-ാം തിയ്യതിയാണു് നിശ്ചയിച്ചിട്ടുള്ളതു്. ഗുരുസ്വാമികളുടെ ഒരു അനന്തിരവൻ പയ്യൻ വാസുദേവൻ എന്ന കുട്ടിയെ ഞാൻ എടുത്തു പഠിപ്പിച്ചിരുന്നു. അയാൾ ഇപ്പോൾ ബോംബെയിൽ നല്ല നിലയിൽ സ്വന്തം തൊഴിൽ നോക്കി അവിടെ സ്ഥിരതാമസക്കാരനായിരിക്കുന്നു. ഈ ലോട്ടറിയ്ക്കു് അയാളിൽനിന്നു മാത്രമാണു് ഞാൻ സംഭാവന സ്വീകരിച്ചിട്ടുള്ളതു്. വൈദ്യക്കുകൂടി ഇതിൽ താല്പര്യമുണ്ടായാൽ നന്നെന്നു് ആഗ്രഹിക്കുന്നു. മണിയോർഡറായോ ചെക്കായോ അയയ്ക്കാം. കിട്ടുന്നതനുസരിച്ചു് സമ്മാനങ്ങളുടെ എണ്ണവും തുകയും ക്രമപ്പെടുത്തും.''

ശ്രീ. കേശവൻവൈദ്യക്കയച്ച കത്തിൽനിന്നു രണ്ടു കാര്യം വ്യക്തമാകുന്നു. ഒന്നു്: സ്വാമികളുടെ ചെമ്പഴന്തിയുമായുള്ള ബന്ധം അവസാന കാലംവരെ നിലനിന്നിരുന്നു. രണ്ടു്: പാവങ്ങളെ സഹായിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്നു കൂടുതൽ താല്പര്യം.

അന്ത്യകാലത്തു് സ്വാമിയുടെ കൂടെയുണ്ടായിരുന്ന നന്തൻകോട്ട് ആനത്തറവീട്ടിലെ ശ്രീ. എൻ. സാമുവൽ പറയുന്നതു് 1965-ൽ തന്നെ തൻെറ സുവിശേഷ പ്രവൎത്ത നങ്ങരം തുടൎന്നു നടത്തേണ്ടതിൻെറ ഒരു രൂപരേഖ തയ്യാറാക്കി ധൎമ്മതീൎത്ഥർ അദ്ദേഹത്തെ ഏല്പിച്ചിരുന്നു എന്നാണു്. ബാങ്കുകളിൽ തൻെറ അക്കൌണ്ടിലുള്ള സംഖ്യ അതിന്നു വേണ്ടി വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. 1976 ജൂൺമാസത്തിൽ എല്ലാ പ്രവൎത്തനങ്ങളുടേയും ചുമതല ശ്രീ. സാമുവലിനെ ഏല്പിച്ചു ജൂലായ്14-ാം തിയ്യതി തനിയ്ക്കു നന്നെ ക്ഷീണം തോന്നുന്നുവെന്നും ആസ്പത്രിയിൽ പോയാൽ കൊള്ളാമെന്നും ധൎമ്മതീൎത്ഥർ പറഞ്ഞു. ആസ്പത്രിയിൽ കൂട്ടിന്നു പററിയ ഒരാരം വേണമല്ലൊ. സി. എം. എസ്. സഭയിലെ ഒരംഗം അതിന്നു മുന്നോട്ടുവന്നു. ചിലവുകരംക്കായി 2000 രൂപയുടെ ഒരു ചെക്കു് ധൎമ്മതീൎത്ഥർ അയാളെ ഏല്പിച്ചു. അടുത്ത ദിവസം വരാമെന്നു പറഞ്ഞു അയാരം പോയി. പക്ഷെ സമാധിക്കു ശേഷമാണയാരം വന്നതു്. 18-ാം തിയ്യതി ഉച്ചയ്ക്കു ശേഷം ശ്രീ. സാമുവലുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോരം സ്വാമിയുടെ വാക്കുകരം ഇടറുന്നതായി കണ്ടു. താമസിയാതെ ബോധരഹിതനായി. ഉടനെ ഡോക്ടറെ കൊണ്ടുവന്നുവെങ്കിലും, ഡോക്ടർ വരുന്നതിന്നു മുമ്പുതന്നെ ജോൺ ധൎമ്മതീൎത്ഥർ അന്തരിച്ചുകഴിഞ്ഞിരുന്നു. ശ്രീ. സാമുവൽ പറയുന്നു: ''സ്വാമിജിയുടെ ശവസംസ്കാരത്തിന്നുവേണ്ടി അദ്ദേഹം സ്ഥാനം എടുത്തിരുന്ന സി. എം. എസ്. സഭയിലെ സെമത്തേരിയിൽ സ്വന്തം ചിലവിൽ സ്വാമിജി തന്നെ ഏൎപ്പാടുകരം ചെയ്തിരുന്നു. ശവസംസ്കാര ശുശ്രൂഷകരം ക്രിസ്തീയ മുറപ്രകാരം നിൎവ്വഹിക്കുകയും കല്ലാ ആർഭാടമൊന്നുമില്ലാതെ നിൎമ്മിക്കുകയും ചെയ്തു.'' □

അനുബന്ധം 1

## സ്വാമി ജോൺ ധമ്മതീത്ഥരുടെ കൃതികൾ

[ഈ ലിസ്റ്റ് പൂണ്ണമാണെന്നു തോന്നുന്നില്ല. ഞങ്ങളുടെ കൈവശമുള്ള ഗ്രന്ഥങ്ങളുടെ പേരുകളാണു് താഴെ ചേക്കുന്നതു്. ]

1. ഗുരുദേവ മാഹാത്മ്യം
2. ശ്രീനാരായണ ഗുരുദേവൻ
3. ശ്രീനാരായണഗുരുവിൻെറ തിരുവചനങ്ങൾ
4. ഹിന്ദുമതം—ക്രിസ്തുമതം
5. സ്വാതന്ത്ര്യ മനുഷ്യരുടെ മതം
6. സ്വാതന്ത്ര്യ ഇന്ത്യ എങ്ങോട്ടു്
7. ക്രൈസ്തവ സർവ്വോദയം
8. The Prophet of Peace
9. Hinduism & Christianity and Religion of Free People
10. The Menace of Hindu Imperialism
11. History of Hindu Imperialism
12. Are all Religions Same ?
13. Yoga of Christ
14. Yoga for All
15. The Secret of Happy Home Life
16. The True Way
17. Hints on Presentation of Gospels

(തൻെറ കൃതികൾക്കു് പ്രത്യേകം പകപ്പവകാശമില്ലെന്നും ആക്കും അച്ചടിച്ചു പ്രസിദ്ധീകരിക്കാവുന്നതാണെന്നും സ്വാമി ധമ്മതീർത്ഥർ പ്രസ്താവിച്ചിട്ടുണ്ടു്.)

## അനുബന്ധം 2

# ബോധാനന്ദ സ്മരണകൾ

ഗുരുദേവന്റെ സന്യാസിശിഷ്യന്മാരിൽ പെട്ടിട്ടുള്ള പലരേയും ഗുരുദേവനുമായി ബന്ധപ്പെടുത്തിയിട്ടുള്ളതു് ശ്രീബോധാനന്ദസ്വാമികളാണു്. ശിഷ്യന്മാരെ ഉണ്ടാക്കുന്നതിലും സന്യാസം കൊടുക്കുന്നതിലും മററും ഗുരുദേവൻ എത്രത്തോളം വിരക്തി കാണിച്ചിരുന്നുവോ അതിൽക്കൂടുതൽ താല്പര്യം ശിഷ്യന്മാരെ ഉണ്ടാക്കുവാനും സന്യാസം കൊടുക്കുവാനും ബോധാനന്ദസ്വാമികൾ പ്രദർശിപ്പിച്ചിരുന്നു. ഞാൻ ഗുരുദേവനുമായി അടുക്കുവാൻ ഇടയായതും ശ്രീബോധാനന്ദസ്വാമികൾ മുഖാന്തരമാണു്. ശിവഗിരി കാണുന്നതിനുമുമ്പുതന്നെ ബോധാനന്ദസ്വാമികളുമായി ഞാൻ സ്നേഹമായിരുന്നു. സ്നേഹിതൻ പത്രം ഞാൻ നടത്തിത്തുടങ്ങിയപ്പോൾ ഈ സ്നേഹം കുറേക്കൂടി ശക്തിപ്പെട്ടു. പലപ്പോഴും സ്വാമികൾ എന്റെ വസതിയിൽ വന്നു് ആതിഥ്യം സ്വീകരിച്ചു് വസിച്ചുവന്നു. ഒരു ത്യാഗിയായി ഉത്തരദേശങ്ങളിലേക്കു് പോകണമെന്നു് എനിക്കു് അന്നേ മനസ്സിൽ വിചാരമുണ്ടായിരുന്നു. സ്വാമികളുമായുള്ള സംസർഗ്ഗം ഈ ആഗ്രഹത്തെ ബലപ്പെടുത്തി. ഉത്തരദേശങ്ങളിലേക്കു് പോകുന്ന കാര്യം സ്വാമികൾക്കു് എപ്പോഴും ചക്കരപോലെ മധുരമായിരുന്നു. സ്വാമികളും കൂടെ പോരാം, ധർമ്മസ്ഥാപനങ്ങൾക്കുവേണ്ടി പണം പിരിക്കാം, രാജ്യമൊട്ടുക്കു് പ്രസംഗിച്ചു നടക്കാം, അനേകായിരംപേരെ ശ്രീനാരായണമതത്തിൽ ചേർക്കാം എന്നിങ്ങനെയുള്ള അനവധി ഗംഭീരങ്ങളായ പ്ലാനുകളും ഞങ്ങൾ സംസാരിക്കുക പതിവായി. അതിന്നിടയ്ക്കു് ഗുരുദേവനെ

എൻെറ വസതിയിൽ സ്വീകരിച്ച് ഉപചരിക്കുവാനും എനിക്ക് ഭാഗ്യം ഉണ്ടായി. ആ സംഭവം എൻെറ സംശയങ്ങൾ എല്ലാം തീൎത്തു. എല്ലാം ഉപേക്ഷിക്കുവാൻതന്നെ തീൎച്ചയാക്കി. അനന്തരഗാമിത്വവും സ്ഥാപനങ്ങളുടെ ഭരണവും ഒന്നും തനിക്ക് വേണ്ട, ഉത്തരദേശങ്ങളിലേക്ക് പോകാം, പിന്നെ ഇങ്ങോട്ടു് മടങ്ങിവരുകയില്ല എന്നു് ബോധാനന്ദസ്വാമികളും ഉറച്ചുതുടങ്ങി. 1102-ൽ സ്വാമികൾ യാത്രപുറപ്പെട്ടു് നീലഗിരിയിൽ എത്തി. ഞാൻ അവിടെച്ചെന്നു് സ്വാമിയോടുകൂടിച്ചേൎന്നു. യാത്രയ്ക്കു് ഒരുക്കമായി. ഇനി മലയാളത്തിലേക്ക് വരികയില്ലെന്നാണു് സ്വാമിയുടെ നിശ്ചയം. എൻെറ അന്നത്തെ മനഃസ്ഥിതി എന്തായിരുന്നു എന്നു് ഇപ്പോൾ ഓൎമ്മതോന്നുന്നില്ല. ത്യാഗിയായി ഇറങ്ങുവാൻ തീൎച്ചയാക്കി എന്നല്ലാതെ പിന്നീടുള്ള ഏൎപ്പാടുകളെപ്പററി എനിക്ക് ഒരു ചിന്തയും ഉണ്ടായിരുന്നില്ല. രണ്ടുദിവസം കഴിഞ്ഞപ്പോൾ എനിക്ക് ഒരു വിചാരം ഉണ്ടായി. ദേശാടനത്തിനു് പോകുന്നതിന്നു മുമ്പു് ഗുരുദേവനെക്കണ്ടു അനുഗ്രഹംവാങ്ങി പോകുന്നതല്ലെ നല്ലതെന്നു് ഞാൻ ബോധാനന്ദസ്വാമികളോടു ചോദിച്ചു. അങ്ങനെ വേണമെങ്കിൽ വക്കലെപോയി ഗുരുദേവനെ കണ്ടു വരുന്നതുവരെ താൻ നീലഗിരിയിൽതന്നെ ഇരിക്കാമെന്നു സ്വാമികൾ പറഞ്ഞു. ഞാൻ വക്കലെപോയി നമസ്കരിച്ച് യാത്രയ്ക്കു് അനുമതി ചോദിച്ചു. അപ്പോൾ ഗുരുദേവൻെറ അടുക്കൽ ആലുമ്മൂട്ടിൽ ഗോവിന്ദദാസ് ഉണ്ടായിരുന്നു. ''തടി നിൽക്കുമ്പോൾ കൊമ്പുകളിൽച്ചെന്നു് തൂങ്ങുന്നതു് നന്നല്ല. വേല കിടക്കുന്നതു് ഇവിടെയാണു്. ഇവിടെയാണു് വക്കീലിനെപ്പോലുള്ളവരുടെ ആവശ്യം'' എന്നു് പരേതനായ ദാസ് എന്നോടായിട്ടു തൃപ്പാദങ്ങളുടെ മുമ്പിൽ വെച്ചു പറഞ്ഞു. അപ്പോൾ ഗുരുദേവൻ, അതു് ശരിയാണു്,

ഇവിടെ നമുക്കു് ആളില്ല, ഇവിടെയിരുന്നു വേല ചെയ്യാമോ എന്നു് ചോദിച്ചു. കല്പിക്കുന്നതുപോലെ ചെയ്യാം എന്നു് ഞാൻ മറുപടി പറഞ്ഞു. വീണ്ടും നീലഗിരിയിൽ പോയി ബോധാനന്ദസ്വാമികളെ കൂട്ടിക്കൊണ്ടു മടങ്ങി വരാമെന്നു ഞാൻ പറഞ്ഞപ്പോഠം, ബോധാനന്ദൻ വരുമോ, വിളിച്ചുകൊണ്ടു വരണം, ഇവിടെ ഇരുന്നു് കാര്യങ്ങഠം നോക്കേണ്ടവരല്ലെ എന്നു് തൃപ്പാദങ്ങഠം കല്പിച്ചു. ഞാൻ കല്പനയെ ശിരസാ സ്വീകരിച്ചു് നീലഗിരിയ്ക്കു് മടങ്ങിയ വിവരം ബോധാനന്ദസ്വാമികളെ അറിയിച്ചു. ഞാൻ എന്നും വിട്ടുപോകാതെ സ്വാമികളുടെ കൂടെനിന്നു ചുമതലകഠം ഏറെറടുത്തു നടത്താമെന്നു് വാഗ്ദത്തം ചെയ്താൽ സ്വാമികഠം ശിവഗിരിക്കു് മടങ്ങാമെന്നു് പറയുകയും ഞാൻ അങ്ങനെ വാഗ്ദത്തം ചെയ്യുകയും, രണ്ടാളുംകൂടി ശിവഗിരിക്കു് മടങ്ങുകയും ചെയ്തു. അതിന്നുശേഷവും ചുമതലകഠം വിചാരിച്ചു സ്വാമികഠം പലപ്പോഴും അസ്വാസ്ഥ്യം കാണിക്കാറുണ്ടായിരുന്നു. തൃപ്പാദങ്ങഠം പോയാൽ പിന്നെ തന്നെ ഇവിടെയെങ്ങും കാണുകയില്ല എന്നു് പറയുക പതിവായിരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്വാമിയെ ധൈര്യപ്പെടുത്തിയിരുന്നതു് ശ്രീഗോവിന്ദാനന്ദ സ്വാമികളായിരുന്നു. എന്നു മാത്രമല്ല അവസാന ഘട്ടങ്ങളിൽ ഗുരുദേവനോടുള്ള ഭക്തിയും ഗോവിന്ദാനന്ദസ്വാമികളുടെ നിർബ്ബന്ധവും മാത്രമാണു് ബോധാനന്ദസ്വാമികളെ സ്ഥാനത്തു് നിർത്തിയിരുന്നതു്.

**സ്വാമി ധർമ്മതീർത്ഥർ, ബി.എ., എൽ.എൽ.ബി.**

## സ്വാമി ധർമ്മതീർത്ഥർ
## ആത്മകഥ

---

‘‘ഭക്തികൊണ്ടു വിശുദ്ധമാക്കിയ ജ്ഞാനവും, ജ്ഞാനംകൊണ്ട് വിശിഷ്ടമാക്കിയ ഭക്തിയും സൃഷ്ടിക്കുന്ന സമതുലിതമായ സമീപനം ഗുരുദേവനെ സമഗ്രമായി മനസ്സിലാക്കുവാൻ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

‘‘ഇത്തരത്തിലുള്ള, ശാസ്ത്രീയ മനോഭാവത്തോടു കൂടി, ഗുരുദേവനെ സമീപിച്ച അംഗുലീപരിമിതരായ സംന്യാസിശിഷ്യന്മാരിൽ അഗ്രേസരനായിരുന്നു യശഃശരീരനായ ധർമ്മതീർത്ഥ സ്വാമികൾ. ദർശന മഹിമയുടെ പരിവേഷത്തിൽ ഗുരുദേവന്റെ പരമപാവനമായ ജീവിതത്തെ ദർശിക്കുവാനും ഉൾക്കൊള്ളുവാനും ധർമ്മതീർത്ഥ സ്വാമിയ്ക്കു കഴിഞ്ഞിരുന്നു.

‘‘നിഷ്കാമ ഭക്തൻ, ധർമ്മപ്രചാരകൻ, നിസ്വാർത്ഥസേവകൻ, അനുഗ്രഹീതനായ ഗ്രന്ഥകാരൻ, വശ്യവചസ്സായ പ്രഭാഷകൻ, നിയമജ്ഞൻ, ഭരണാധികാരി എന്നീ നിലകളിൽ ശോഭിച്ചിരുന്ന ബഹുമുഖ പ്രതിഭനായിരുന്നു ധർമ്മതീർത്ഥ സ്വാമികൾ. സ്വാമികളുടെ ആത്മകഥയെ വിസ്മൃതിയുടെ കയത്തിൽനിന്നും മുങ്ങിത്തപ്പിയെടുത്തു, പ്രകാശിപ്പിക്കുവാനുള്ള വൈദ്യരുടെ ശ്രമം അങ്ങേയറ്റം അഭിനന്ദനാർഹമാണ്.

‘‘അയത്നലളിതവും മനോഹരവുമായ ശൈലിയിൽ, ധർമ്മതീർത്ഥ സ്വാമികൾ നിർവ്വഹിച്ചിരിക്കുന്ന ഈ ആത്മകഥാകഥനം, ത്യാഗത്തിന്റേയും ഭക്തിയുടേയും നിശ്ചയദാർഢ്യത്തിന്റേയും വിവേകത്തിന്റേയും സന്ദേശം ഉൾക്കൊള്ളുവാൻ നമുക്കു പ്രചോദനം നൽകട്ടെ.’’

—അവതാരികയിൽ സ്വാമി ശാശ്വതീകാനന്ദ.